Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 16 / PAGES 32
16
ഒക്ടോബർ 2024
ബുധനാഴ്ച
1200 കന്നി 30


www.vachakam.com
news@vachakam.com

01 America | 13 Canada | 14 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

# പ്രചാരണം അവസാന ഘട്ടത്തിലേക്ക്



# ആർക്കൊപ്പം? അമേരിക്ക



വാഷിംഗ്ടൺ: നവംബർ അഞ്ചിന് നടക്കുന്ന യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ പ്രസിഡന്റുമായ ഡൊണാൾഡ് ട്രംപും, നിലവിലെ വൈസ് പ്രസിഡന്റായ കമല ഹാരിസും തമ്മിലുള്ള പോരാട്ടം രൂക്ഷമാകുന്നു. ആർക്ക് കൂടുതൽ പിന്തുണയുണ്ടാകും എന്നത് ഇപ്പോഴും വ്യക്തമല്ല. അതേസമയം, ബുധനാഴ്ച ഫോക്സ് ന്യൂസിന് നൽകിയ അഭിമുഖത്തിൽ, കമല ഹാരിസ്, തന്റെ നാല് വർഷത്തെ ഭരണത്തെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് ഡൊണാൾഡ് ട്രംപിന്റെ പ്രവർത്തനങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതികരണം എന്നോണമാണ് മറുപടി നൽകിയത്.പ്രചാരണം അവസാനപടിയിലേക്ക് കടക്കുമ്പോൾ, ഹാരിസ്

ശേഷം പേജ് 8ൽ

ജനഹൃദയങ്ങളിൽ ഇടം നേടുന്നവർ (സെർജി ആന്റണി എഴുതുന്നു) പേജ് 05

വോട്ട് ബാങ്ക് ലക്ഷ്യംവച്ചുള്ള നയതന്ത്ര ഇടപെടൽ; ട്രൂഡോ ലക്ഷ്യം കാണുമോ? പേജ് 11

'ദിവ്യ'മല്ലാത്ത സ്മാർട്ട്നെസ്; ജീവനെടുത്ത പ്രതികാരം പേജ് 15

പാർട്ടിവക അഴിമതികളുടെ തീ തെയ്യങ്ങൾക്ക് പിന്നിലാര്? പേജ് 22

തമിഴ്നാട് രാഷ്ട്രീയത്തിലും കുടുംബവാഴ്ച മുൻനിരയിലേക്ക് പേജ് 25

## കാർബൺ ബഹിർഗമനം: തടയുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ബൈഡന് അനുമതി

വാഷിംഗ്ടൺ: കൽക്കരിയും പ്രകൃതിവാതകവും ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുത നിലയങ്ങളിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള ബൈഡൻ ഭരണകൂടത്തിന്റെ പുതിയ നിയമം നടപ്പിലാക്കാൻ സുപ്രീം കോടതി അനുമതി നൽകിയിരിക്കുന്നു. എന്നാൽ ഈ അനുമതിക്ക് കാലാവധിയുണ്ട്.വെസ്റ്റ് വിർജീനിയയുടെ നേതൃത്വത്തിൽ റിപ്പബ്ലിക്കൻ സംസ്ഥാനങ്ങളും വിവിധ വ്യവസായ ഗ്രൂപ്പുകളും നിയമം തടയാൻ സമർപ്പിച്ച അടിയന്തര അപേക്ഷകളെ 6-3 ഭൂരിപക്ഷത്തിൽ സുപ്രീം കോടതി തള്ളിക്കളഞ്ഞു. പരിസ്ഥിതി സംരക്ഷണ ഏജൻസി



അറിയിച്ചതനുസരിച്ച്, തെളിയിച്ചതും ചെലവ് കുറഞ്ഞതുമായ സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കിയുള്ള ഈ നിയമം നടപ്പിലാക്കുന്നതിലൂടെ അടുത്ത ഇരുപത് വർഷത്തിനുള്ളിൽ 370 ബില്യൺ ഡോളറിന്റെ കാലാവസ്ഥാ സംരക്ഷണവും പൊതുജനാരോഗ്യ ആനുകൂല്യങ്ങളും ലഭിക്കും.സുപ്രീം കോടതി പലപ്പോഴും പ്രധാന ഏജൻസികളുടെ നടപടികളിൽ സംശയം പ്രകടിപ്പിക്കാറുണ്ടെങ്കിലും, അടുത്ത ദിവസങ്ങളിൽ മീഥേൻ, മെർക്കുറി തുടങ്ങിയ പ്രധാന വായു മലിനീകരണ നിയന്ത്രണങ്ങൾ തടയുന്നതിനുള്ള മൂന്ന് വ്യത്യസ്ത ശ്രമങ്ങളെ നിരസിച്ചു. യാഥാ

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ട്രംപിന് തിരിച്ചടി; വിവാദപരമായ പുതിയ തിരഞ്ഞെടുപ്പ് നിയമങ്ങൾ റദ്ദാക്കി



ജോർജിയയിലെ ഒരു ജഡ്ജി, ഡൊണാൾഡ് ട്രംപിന്റെ സഖ്യകക്ഷികൾക്കനുകൂലമായി പാസാക്കിയ വിവാദപരമായ പുതിയ തിരഞ്ഞെടുപ്പ് നിയമങ്ങൾ റദ്ദാക്കിയതായി റിപ്പോർട്ട്. ഡെമോക്രാറ്റുകൾ പറയുന്നത് അനുസരിച്ചു ഇത് തെരഞ്ഞെടുപ്പിന് ശേഷം പല കുഴപ്പങ്ങളും ഉണ്ടാക്കും എന്ന് വിലയിരുത്തി ആണ് തീരുമാനം.

സംസ്ഥാന നിയമലംഘനം രണ്ടാണ്, അത് കൗണ്ടി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തിരഞ്ഞെടുപ്പ് ഫലങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിന് മുമ്പ് അവയെക്കുറിച്ച് 'ന്യായമായ അന്വേഷണം' നടത്തുകയും 'തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിക്കാൻ അനുവദിക്കുകയും വേണം എന്നാണ് എന്ന് ഫുൾട്ടൺ കൗണ്ടി സുപ്പീരിയർ കോടതി ജഡ്ജി തോമസ് കോക്സ് പറഞ്ഞു.

എന്നാൽ 'ഈ നിയമങ്ങൾ നിയമവിരുദ്ധവും ഭരണഘടനാവിരുദ്ധവും അസാധുവാണെന്ന് കോടതി ഇവിടെ പ്രഖ്യാപിക്കുന്നു,' എന്നും കോക്സ് ബുധനാഴ്ചത്തെ വിധിയിൽ വ്യക്തമാക്കി. അതേസമയം ജോർജിയയിലെ 16 ഇലക്ടറൽ വോട്ടുകൾ ട്രംപിനും ഡെമോക്രാറ്റിക് നോമിനി വൈസ് പ്രസിഡന്റ് കമല ഹാരിസിനും നിർണായകമാണ്.

എന്നാൽ ഓഗസ്റ്റിൽ പാസാക്കിയ രണ്ട് നിയമങ്ങളും ഡെമോക്രാറ്റുകളും മറ്റുള്ളവരും വെല്ലുവിളിച്ചു, പുതിയ ണ് നിയമങ്ങൾ തിരഞ്ഞെടുപ്പ് വഞ്ചനയോ ദുരുപയോഗമോ ആരോപിക്കുന്നതിനായി ഫലങ്ങളുടെ സർട്ടിഫിക്കേഷൻ കാലതാമസം വരുത്താനോ നിരസിക്കാനോ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് വിശാലമായ അധികാരം നൽകുമെന്ന് ഭയപ്പെട്ടു.

അതേസമയം പുതിയ നിയമങ്ങൾ കൗണ്ടി ഉദ്യോഗസ്ഥർക്ക് വിവേചനാധികാരം നൽകുന്നില്ലെന്ന് ജിഒപിനിയന്ത്രിത സംസ്ഥാന തിരഞ്ഞെടുപ്പ് ബോർഡ് അവകാശപ്പെട്ടു, എന്നാൽ 'ന്യായമായ അന്വേഷണം' എന്ന് വോട്ടിംഗ് അവകാശ വാദികളും ഡെമോക്രാറ്റുകളും മറ്റുള്ളവരും നിയമങ്ങളെ വെല്ലുവിളിച്ചു.

# വാതുവെപ്പുകാർ ട്രംപിന് പിന്നിൽ; വിജയസാധ്യത 60% വരെ

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.



വാഷിംഗ്ടൺ: പെൻസിൽവാനിയ പോലെ ശക്തമായ പോരാട്ടം നടക്കുന്ന സ്റ്റേറ്റുകൾ പിടിച്ച് ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിലേക്ക് തിരിച്ചെത്തുമെന്ന് വാതുവെപ്പുകാരുടെ അനുമാനം. വിദേശ വാതുവെപ്പുകാരാണ് ട്രംപിന് പിന്നാലെ അണിനിരന്നിരിക്കുന്നത്. യുഎസിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പ് വാതുവെപ്പ് നിയമപരമായി നടത്താൻ കഴിയില്ല.

പ്രസിഡന്റ് ജോ ബൈഡൻ മത്സരത്തിൽ നിന്ന് പുറത്തായതിന് ശേഷം ആദ്യമായി ക്രിപ്റ്റോ ട്രേഡിംഗ് പ്ലാറ്റ്ഫോമായ പോളിമാർക്കറ്റിൽ ട്രംപിന്റെ വിജയസാധ്യത 60% വരെ എത്തി. യുകെയിലെ ഏറ്റവും വലിയ പിയർ-ടു-പിയർ വാതുവെപ്പ് പ്ലാറ്റ്ഫോമായ ബെറ്റ്ഫെയർ എക്സ്ചേഞ്ച് ബുധനാഴ്ച രാവിലെ ട്രംപ് വിജയിക്കുമെന്ന് പ്രവചിച്ചു.

റിയൽ ക്ലിയർ പൊളിറ്റിക്സ് സമാഹരിച്ച നാഷണൽ പോളിംഗിൽ എന്നാൽ ഇത്തരമൊരു വ്യത്യാസം പ്രകടമല്ല. സെപ്തംബർ 10 ന് കമല ഹാരിസും ട്രംപും തമ്മിൽ നടന്ന പരസ്യ സംവാദത്തിന് ശേഷം ഹാരിസ് ഏകദേശം 2 ശതമാനം പോയിന്റിന് മുന്നിട്ട് നിന്നിരുന്നു.

എന്നാൽ ഒക്ടോബറിലുടനീളം പെൻസിൽവാനിയ അടക്കമുള്ള സ്റ്റേറ്റുകളിൽ ഹാരിസ് പിന്നിലാണെന്ന് പോൾ പറയുന്നു.

## American Diary — 50 Years Ago

### *Forty Years Ago: India-US may be touching a new low over Washington's Pakistan policy*



**India-US Relations**
Relations between India and the United States appeared to be touching a new low over Washington's policy on Pakistan. Harry Barnes, American Ambassador in Delhi was summoned by Foreign Secretary Maharajkrishna Rasgotra and plainly told that India detested the kind of statement his counterpart in Pakistan had made last week projecting India as a potential aggressor.

October 16, 1984



# ഉക്രെയിനിനായി 425 മില്യൺ ഡോളറിന്റെ പുതിയ ആയുധ പാക്കേജ് പ്രഖ്യാപിച്ച് യുഎസ്

വാഷിംഗ്ടൺ: ഉക്രെയിനിനായി 425 മില്യൺ ഡോളറിന്റെ പുതിയ ആയുധ പാക്കേജ് യുഎസ് പ്രഖ്യാപിച്ചു. ഉക്രെയ്നെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി യൂറോപ്യൻ നേതാക്കളുമായി ബെർലിനിൽ ഒരു മീറ്റിംഗിന് മുന്നോടിയായി പ്രസിഡന്റ് വ്ളോഡൈമർ സെലെൻസ്കിയുമായി നടത്തിയ കോളിലാണ് ഇതുസംബന്ധിച്ച തീരുമാനം അറിയിച്ചത്.

യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ബുധനാഴ്ച കീവിനായി 425 മില്യൺ ഡോളറിന്റെ ആയുധ പാക്കേജ് പ്രഖ്യാപിച്ചുവെന്ന വാർത്ത വൈറ്റ് ഹൗസാണ് പുറത്തുവിട്ടത്. പാക്കേജിൽ വ്യോമ പ്രതിരോധവും കവചിത വാഹനങ്ങളും ഉൾപ്പെടുന്നു.

തന്റെ അധികാരത്തിൽ ശേഷിക്കുന്ന കാലയളവിൽ ഉക്രെയ്നിനുള്ള സുരക്ഷാ സഹായം വർദ്ധിപ്പിക്കാനുള്ള തന്റെ ശ്രമങ്ങളെക്കുറിച്ച് ബൈഡൻ സെലെൻസ്കിയോട് വിശദീകരിച്ചുവെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി.

## റീ...പോളിംഗ്




*കേന്ദ്രത്തിന്റെ കടുത്ത നിലപാട് മൂലം നേരിടുന്ന ധന പ്രതിസന്ധി പരിഹരിക്കാൻ നിർബന്ധിത നികുതി പിരിവ്*

# ഷിക്കാഗോ ഗീതാമണ്ഡലത്തിൽ ആദ്യാക്ഷരം കുറിച്ച് കുരുന്നുകൾ



ഷിക്കാഗോ ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ അജ്ഞാനമാകുന്ന അന്ധകാരത്തെ അകറ്റി, വിദ്യയാകുന്ന വെളിച്ചത്തിന്റെ ലോകത്തേക്ക് ആദ്യാക്ഷരം കുറിച്ച് കുരുന്നുകൾ.

സ്ത്രീയെ പെറ്റമ്മയായും ജഗദംബയായും ആരാധിക്കുവാൻ നമ്മെ പഠിപ്പിച്ച ഹൈന്ദവ സംസ്കാരം അടുത്ത തലമുറയിലേക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന ഷിക്കാഗോ ഗീതാമണ്ഡലം, വീണാപാണിനിയും രാഗവിലോലിനിയുമായ സരസ്വതീ ദേവിയുടെ കടാക്ഷത്തിനായി പ്രാർത്ഥിച്ച് കൊണ്ട് മുൻ കാലങ്ങളെക്കാൾ പ്രൗഢമായി വിജയദശമി നാളിൽ വിദ്യാരംഭം ആഘോഷിച്ചു.

അജ്ഞാനാന്ധകാരത്തെ അകറ്റി ജ്ഞാനദീപം മനസ്സിൽ തെളിയുന്ന വിജയ ദിവസമായ വിജയദശമി നാളിൽ മഹാദുർഗ്ഗയുടെയും മഹാലക്ഷ്മിയുടെയും മഹാസരസ്വതിയുടെയും മുന്നിൽ വിദ്യക്കും തൊഴിലിനും ഐശ്വര്യത്തിനും വേണ്ടിയുള്ള വിശേഷാൽ പൂജക്ക് മുഖ്യപുരോഹിതൻ കൃഷ്ണൻ ചെങ്ങണാംപറമ്പിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

വേദമന്ത്ര ധ്വനി മുഖരിതമായ അന്തരീക്ഷത്തിൽ ലോകശാന്തിക്കും സർവ ഐശ്വര്യങ്ങൾക്കും വേണ്ടി വിഘ്ന നിവാരകനായ മഹാഗണപതിക്കും ആദി പരാശക്തിക്കും പ്രത്യേക പൂജകൾ നടന്നു.

തുടർന്ന് നടന്ന ഭജനക്ക് ശേഷം, കുട്ടികളുടെ ഭൗതികവും ആത്മീയവും ആയ വളർച്ചക്ക് അടിസ്ഥാനമാകുന്ന സനാതനമൂല്യങ്ങള് കുട്ടികളിലേക്ക് ചേരുന്ന മഹനീയമായ വിദ്യാരംഭ മുഹൂർത്തത്തിൽ സങ്കല്പപൂജക്കും അഷ്ടോത്തര അർച്ചനകൾക്കും ശേഷം സാരമായ 'സ്വ'ത്തെ പ്രകാശിപ്പിക്കുന്ന ജ്ഞാനദേവതയായ മഹാസരസ്വതി ദേവിക്ക് മുന്നിൽ അക്ഷരങ്ങളുടെയും അറിവിന്റെയും പുതിയ ലോകം പ്രമുഖസാഹിത്യകാരനും സയന്റിസ്റ്റുമായ രാധാകൃഷ്ണൻ നായർ കുരുന്നുകൾക്ക് വിദ്യാരംഭം കുറിച്ചു കൊടുത്തു.

തഥവസരത്തിൽ അപ്പുകുട്ടൻ ശേഖരൻ 'ലോകത്തിന്റെ ആത്മീയ തലസ്ഥാനമായ ഭാരതത്തിന് അഭിമാനിക്കുവാൻ നിരവധി സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുണ്ട് എന്നും സനാതനമായ മഹത്തായ പാരമ്പര്യവും അതിലൂടെ കൈമാറി വന്ന ശ്രേഷ്ഠമായ സംസ്കാരവും അറിവും ഈശ്വരീയമാണ് എന്നും അതുകൊണ്ട് തന്നെയാണ് വിദ്യാരംഭത്തിനും ഗുരുപരമ്പര മഹത്വത്തിനും നാം പ്രാധാന്യം നൽകുന്നത് എന്ന്' അഭിപ്രായപ്പെട്ടു.

തുടർന്ന് ജനറൽ സെക്രട്ടറി ബൈജു മേനോൻ വിദ്യാരംഭത്തിൽ പങ്കെടുത്ത കുടുംബംഗങ്ങൾക്കും കുരുന്നുകൾക്കും വിദ്യാരംഭത്തിന് നേതൃത്വം നൽകിയ രാധാകൃഷ്ണൻ നായർക്കും, പൂജകൾക്ക് നേതൃത്വം നൽകിയ കൃഷ്ണൻ ചെങ്ങണാംപറമ്പിലും, ഈ വർഷത്തെ നവരാത്രി ആഘോഷങ്ങൾ വൻ വിജയമാക്കാൻ പരിശ്രമിച്ച പ്രവർത്തകർക്കും നവരാത്രി ആഘോഷങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു.



അമേരിക്ക വാചകം

മാറുന്ന കാലം 6

# ജനഹൃദയങ്ങളിൽ ഇടം നേടുന്നവർ



സെർജി ആന്റണി

ജീവകാരുണ്യ പ്രവർത്തനങ്ങൾ മനുഷികതയുടെ മുഖമുദ്രയാണ്. സഹജീവികളോടുള്ള കരുണയും കരുതലുമാണ് ഏതു മനുഷ്യനെയും മാനവികത ഉള്ളവനാക്കുന്നത്. ആധുനിക ലോകം സ്വാർഥതയുടെ പര്യായമായി മാറുന്നു എന്ന പരാതി പരക്കേ ഉയരുമ്പോൾ ഉപവിയുടെ ഉദാത്ത മാനങ്ങൾ അവിടവിടെ നക്ഷത്രശോഭ പരത്തി നിലകൊള്ളുന്നു.

രാത്രിയിലെ ഇരുളിലും ഒളിമിന്നുന്ന നക്ഷത്രങ്ങളാണല്ലോ നമുക്ക് ആശ്വാസമേകുന്നതും നമ്മെ ആഹ്ളാദചിത്തരാക്കുന്നതും. ചില മനുഷ്യർ നക്ഷത്രങ്ങളെപ്പോലെയാണ്. മണ്ണോടു ചേർന്നാലും അവർ മാനത്ത് പ്രഭചൊരിഞ്ഞു നിൽക്കും. അത്തരം നിരവധി മനുഷ്യനക്ഷത്രങ്ങൾ ഈ ലോകത്തിൽ ജീവിച്ചു മരിച്ച് അമരത്വം നേടി നീലാകാശത്ത് നക്ഷത്രമായി നിലയുറപ്പിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു നക്ഷത്രം കൂടി സ്ഥാനം പിടിച്ചിരിക്കുന്നു.

അടുത്തിടെ അന്തരിച്ച രത്തൻ ടാറ്റ ചാരിറ്റിയെക്കുറിച്ചു ചില വ്യത്യസ്ത ചിന്തകൾ സമൂഹത്തോടു പങ്കുവച്ചു. രണ്ടു പതിറ്റാണ്ടിലേറെ ടാറ്റാ ഗ്രൂപ്പിന്റെ സാരഥിയായിരുന്നു രത്തൻ ടാറ്റ. 1868ൽ സ്ഥാപിതമായ ഈ കമ്പനിയുടെ തുടക്കക്കാരൻ ജെംഷെഡ്ജി ടാറ്റയാണ്. കിളയ്ക്കാനുപയോഗിക്കുന്ന തൂമ്പ മുതൽ ആധുനിക വാഹനങ്ങളും ഐടി കമ്പനികളുമൊക്കെ ടാറ്റ ഗ്രൂപ്പിന്റെ കീഴിലുണ്ട്.

തികച്ചും തദ്ദേശീയമായ ഈ കമ്പനി രാജ്യത്തിന്റെ വ്യാവസായിക മുന്നേറ്റത്തിൽ മാത്രമല്ല സമഗ്ര വികസനത്തിലും നിർണായക പങ്കുവഹിച്ചിട്ടുണ്ട്. മൂല്യാധിഷ്ഠിത കമ്പനി എന്ന് വിശേഷിപ്പിക്കപ്പെടുന്നു എന്നതാണ് ടാറ്റായുടെ അഭിമാനകരമായ സവിശേഷത. സംരഭകത്വത്തിന്റെ നാൾവഴികളിലൂടെ നേട്ടത്തിന്റെ പടവുകൾ കയറുമ്പോഴും ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ടാറ്റാ ഗ്രൂപ്പിന്റെ നാഴികക്കല്ലുകളായി കണക്കാക്കപ്പെടുന്നത്. വിവിധ ട്രസ്റ്റുകളും ഇതിനായി സ്ഥാപിക്കപ്പെട്ടു.

എന്തുകൊണ്ടാണ് ഒരു വ്യവസായിയുടെ വിയോഗത്തിന് ഇത്രമേൽ പ്രധാന്യം കൈവന്നത്. അത് അദ്ദേഹം 30 ലക്ഷം കോടി രൂപ ആസ്തിയുള്ളൊരു വ്യവസായ സാമ്രാജ്യത്തിന്റെ അധിപനായതുകൊണ്ടു മാത്രമാണോ? അല്ലേയല്ല. രത്തൻ ടാറ്റയുടെ വിയോഗവാർത്തയ്ക്കു ലഭിച്ച അന്താരാഷ്ട്ര കവറേജ് അടുത്തകാലത്തെങ്ങും ഒരു വ്യവസായിക്കു ലഭിച്ചിട്ടില്ല. അടുത്തെങ്ങും ലഭിക്കാനും സാധ്യതയില്ല.

ബ്രൂണെ രാജാവിനെപോലയുള്ള അതിസമ്പന്നർ പലപ്പോഴും വാർത്തകളിൽ നിറയാറുണ്ട്. കൗതുകകരമായ പല കഥകളും അവരെക്കുറിച്ചുണ്ടാവും. പക്ഷേ രത്തൻ ടാറ്റാ അവരിൽനിന്നൊക്കെ വ്യത്യസ്തനാകുന്നത് എന്തുകൊണ്ടാണ്?

ടാറ്റ എന്ന നാമം ഇന്ത്യയുടെ വികസന ചരിത്രവുമായി ഏറെ ബന്ധപ്പെട്ടതാണ്. ടാറ്റ എന്ന നാലരക്ഷരം ഇംഗ്ലീഷിൽ പതിച്ച തൂമ്പകൾ ഇന്നും നമ്മുടെ നാട്ടിലെ ഇരുമ്പുകടകളിൽ കാണാനാവും. മണ്ണ് കിളയ്ക്കാനുള്ള തൂമ്പമുതൽ ഡിജിറ്റൽ യുഗത്തിലെ അത്ഭുതരമായ സാങ്കേതികവിദ്യവരെ ടാറ്റയുടേതായി ഉണ്ട്.

രാജ്യത്തെ ഉദാരവത്കരണ നയം ടാറ്റയുടെ വ്യവസായ മുന്നേറ്റത്തിലും വലിയ വ്യതിയാനങ്ങളുണ്ടാക്കി. അതുവരെ ഇന്ത്യയുടെ അടിസ്ഥാന വികസനത്തിന്റെ രാസത്വരകമായി പ്രവർത്തിച്ചുപോന്ന ടാറ്റയുടെ വ്യവസായസാമ്രാജ്യം ലോകമെമ്പാടും പടർന്നു പന്തലിച്ചു.

ടാറ്റയെ ലോകോത്തര ബ്രാൻഡാക്കി മാറ്റുന്നതിൽ രത്തൻ ടാറ്റ വഹിച്ച പങ്ക് അതുല്യമാണ്. സാങ്കേതികവിദ്യയുടെ പുതിയ പാന്ഥാവിലൂടെ ടാറ്റാ സമ്രാജ്യത്തെ രത്തൻ വഴിതെളിച്ചു. അമേരിക്കയിൽ വിദ്യാഭ്യാസം കഴിഞ്ഞ് അവിടെത്തന്നെ ആർക്കിടെക്റ്റായി ജോലി ചെയ്തിരുന്ന രത്തനെ വീട്ടുകാർ നിർബന്ധിച്ചാണ് കുടുംബവ്യവസായത്തിലേക്കു കൊണ്ടുവന്നത്. 1962ൽ ടാറ്റാ സ്റ്റീലിൽ ട്രെയിനിയായിട്ടായിരുന്നു തുടക്കം.

പല മികച്ച വ്യവസായ ഗ്രൂപ്പുകളും അവരുടെ പിൻതലമുറക്കാരെ താഴേത്തട്ടുമുതൽ പരിശീലിപ്പിച്ചു കൊണ്ടുവരാൻ ശ്രദ്ധിക്കാറുണ്ട്. വായിൽ സ്വർണക്കരണ്ടിയുമായി ജനിച്ച് വിദേശവിദ്യാഭ്യാസം നേടി ഒരു സുപ്രഭാതത്തിൽ തങ്ങളുടെ വ്യവസായ സാമ്രാജ്യത്തിന്റെ തലപ്പത്തേക്ക് അഭിഷേകം ചെയ്യപ്പെട്ട പലരും സ്ഥാപനത്തെത്തന്നെ കെട്ടുകെട്ടിച്ച കഥകളും ധാരാളമുണ്ടല്ലോ. അതിൽനിന്നൊക്കെ തികച്ചും വ്യത്യസ്തമായിരുന്നു ടാറ്റാ ഗ്രൂപ്പ്. അവിടെയും പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടില്ലെന്നല്ല. അതൊക്കെ മറികടക്കാൻ കരുത്തുറ്റ നേതൃത്വം ഉണ്ടായിരുന്നു. ഉന്നതമായ ചില ദർശനങ്ങൾ അവർക്കു മാർഗദീപമായി.

2012ൽ രത്തൻ ടാറ്റാ ടാറ്റാ സൺസിന്റെ ചെയർമാൻ പദവി ഒഴിഞ്ഞതിനെത്തുടർന്നു സ്ഥാനമേറ്റ സൈറസ് മിസ്ത്രി അഭിപ്രായവ്യത്യാസങ്ങളെത്തുർന്നു പുറത്തായപ്പോൾ വീണ്ടും കമ്പനിയുടെ രക്ഷയ്ക്കെത്താൻ രത്തൻ മടിച്ചില്ല. 2016ൽ ഇടക്കാല ചെയർമാനായി തിരിച്ചെത്തിയ രത്തൻ ടാറ്റ അടുത്ത വർഷംതന്നെ എൻ. ചന്ദ്രശേഖരനു പദവി കൈമാറി. പിന്നീടു ടാറ്റയുടെ എമിരിത്തൂസ് ചെയർമാനായി.

2008ലെ മുംബൈ ഭീകരാക്രമണത്തിലും ടാറ്റാ ഗ്രൂപ്പിന് കനത്ത ആഘാതം നേരിടേണ്ടിവന്നു. ടാറ്റയുടെ ഉടമസ്ഥതയിലുള്ള താജ്മഹൽ പാലസ് ഹോട്ടലിൽ നടന്ന ഭീകരാക്രമണത്തിൽ 31 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. ആ ആക്രമണത്തിൽ ടാറ്റാ ഗ്രൂപ്പിന് 400 കോടിരൂപയുടെ നഷ്ടമാണ് ഉണ്ടായത്. ഹോട്ടലിലേക്കു കടന്നു വന്ന ഭീകരർ തലങ്ങും വിലങ്ങും വെടിയുതിർത്തപ്പോൾ ജീവൻ നൽകിയാണ് പല ജീവനക്കാരും അവരുടെ അതിഥികളെ സംരക്ഷിച്ചത്. ടാറ്റയിൽ നിന്നു ലഭിച്ച മൂല്യങ്ങളാകാം അവരെ അതിനു പ്രേരിപ്പിച്ചത്. അന്ന് ജീവനക്കാരെ മാത്രമല്ല, ആക്രമണത്തിന് ഇരയായ മറ്റു നിരവധിപേരെയും ചേർത്തുപിടിച്ചു രത്തൻ ടാറ്റ. അവരുടെ കുടുംബാഗങ്ങളെ കരുതലോടെ കാത്തു. സാമ്പത്തിക സഹായം മാത്രമല്ല മാനസികമായി കരുത്തുപകർന്ന് അവരെ പുനരധിവിസിപ്പിക്കാനും രത്തൻ ടാറ്റയുടെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പാക്കി.

അതിസമ്പന്നതയുടെയും അത്യാഡംബരത്തിന്റെയും ബാല്യം രത്തനെ തെല്ലും അലസനാക്കിയില്ല. അമ്പതോളം ജോലിക്കാരാണ് അന്നു വീട്ടിൽ മാത്രം ഉണ്ടായിരുന്നത്. രത്തനു പത്തു വയസുള്ളപ്പോൾ മാതാപിതാക്കൾ വിവാഹബന്ധം വേർപിരിഞ്ഞിരുന്നു. പിന്നീടു മുത്തശ്ശിയായിരുന്നു പോറ്റമ്മ. ലോസാഞ്ചലസിലെ നഷ്ടപ്രണയവും പൂവിടാത്ത മറ്റു ചില ബന്ധങ്ങളും രത്തന്റെ ജീവിതത്തെ തകിടം മറിച്ചില്ല. വിവാഹജീവിതം വേണ്ടെന്നുവച്ചെങ്കിലും ഉള്ളിൽ ഉറകൂടിയ സ്നേഹവായ്പും കാരുണ്യസ്പർശവും തന്റെ വ്യവസായ സാമ്രാജ്യത്തിലെ ജീവനക്കാർക്കും അശരണരായ പതിനായിരങ്ങൾക്കും ആശ്വാസമേകി. സഹസ്രകോടികളുടെ സാരഥിയായിരുന്നപ്പോഴും കുടുംബജീവിതത്തിന്റെ സൗഭാഗ്യനഷ്ടവും ഒറ്റപ്പെടലിന്റെ നീറ്റലും ചിലപ്പോഴൊക്കെ രത്തൻ ടാറ്റാ തുറന്നു പറഞ്ഞിട്ടുണ്ട്. കൊളാബയിലെ സാധാരണ ഫ്ളാറ്റിലാണ് രത്തൻ ടാറ്റാ വർഷങ്ങളോളം കഴിഞ്ഞിരുന്നത്.

ഇന്നിപ്പോൾ ആറു ഭൂഖണ്ഡങ്ങളിലായി നൂറു രാജ്യങ്ങളിൽ ടാറ്റയുടെ വ്യവസായ സാമ്രാജ്യം പടർന്നു കിടക്കുന്നു. ഊർജ മേഖലയിലും ഉരുക്കു നിർമാണ മേഖലയിലും ടാറ്റാ മുൻനിരയിലാണ്. ലോകത്തെ ഏറ്റവും വലിയ സോഫ്റ്റ്വെയർ കമ്പനികളിലൊന്നാണ് ടിസിഎസ് എന്നറിയപ്പെടുന്ന ടാറ്റാ കൺസൾട്ടൻസി സർവീസ്. തൂമ്പമുതൽ തുമ്പയിലെ ബഹിരാകാശ ഗവേഷണകേന്ദ്രത്തിനാവശ്യമായ വിക്ഷേപണത്തറ വരെ ഒരുക്കുന്ന ടാറ്റാ സംരംഭങ്ങൾ ഇന്ത്യയുടെ നാഡീവ്യൂഹത്തിലെ പ്രധാന ഞരമ്പുകളാണ്.

ഇതൊക്കെയാണെങ്കിലും ഇതര വ്യവസായികളിൽനിന്നു രത്തൻ ടാറ്റ വേറിട്ടുനിൽക്കുന്നത് സമൂഹത്തോടുള്ള കരുതലും വേദനിക്കുന്നവരോടുള്ള സഹാനുഭൂതിയും വാക്കുകളിൽ മാത്രമല്ല ഉദാത്തമായ പ്രവൃത്തികളിലൂടെയും അദ്ദേഹം പകർന്നു നൽകിയതുമൂലമാണ്. പല കമ്പനികളും തങ്ങളുടെ വരുമാനത്തിന്റെ ഒരു പങ്ക് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കാറുണ്ട്.

കമ്പനി ആക്ട് 2013 പ്രകാരം കോർപറേറ്റ് സ്ഥാപനങ്ങൾ തങ്ങളുടെ ലാഭത്തിന്റെ രണ്ടു ശതമാനം സാമൂഹ്യ ഉത്തരവാദിത്വ നിർവഹണത്തിനായി നീക്കിവയ്ക്കേണ്ടതുണ്ട്. ലാഭേച്ഛ ഇല്ലാതെ പ്രവർത്തിക്കുന്ന ജീവകാരുണ്യ സംഘടനകളുടെ പ്രവർത്തനങ്ങൾക്കായി ഈ തുക ചെലവഴിക്കാം. അതാണ് സിഎസ് ആർ ഫണ്ട് എന്ന പേരിൽ അറിയപ്പെടുന്നത്.

രത്തൻ ടാറ്റയുടെ വിയോഗവാർത്തയോടനുബന്ധിച്ചു പുറത്തുവന്ന അദ്ദേഹത്തിന്റെ അത്രയൊന്നും അറിയപ്പെടാത്ത ജീവിതകഥകൾ പലതും അവിശ്വസനീമെന്നു തോന്നിയേക്കാം. പക്ഷേ, അധികമാരും അറിയാതെ അദ്ദേഹം ചെയ്തുതീർത്ത ചില ദൗത്യങ്ങളുണ്ട്. അത് ആയിരക്കണക്കിനാളുകളുടെ ജീവിതത്തെ സ്വാധീനിച്ചു.

പലരുടെയും ജീവിതവഴികളെ സുഗമമാക്കി. ടാറ്റയുടെ കരുതലിന്റെ കരളുരുകുന്ന കഥകൾ പലർക്കും പറയാനുണ്ട്. താജ് ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട മലയാളി വർഗീസ് തോമസിന്റെ കുടുംബം അത് ഏറ്റുപറയും. താജിലെ വസാബി ജാപ്പനീസ് റസ്റ്ററന്റിലെ ക്യാപ്ടനായിരുന്നു വർഗീസ് തോമസ്. ആക്രമണത്തിൽ നിരവധി അതിഥികളെ രക്ഷിക്കാൻ തോമസിനു കഴിഞ്ഞു. പക്ഷേ സ്വന്തം ജീവൻ ബലിയർപ്പിക്കേണ്ടിവന്നു.

ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട താജ് ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ കൂട്ടായ്മയിൽ പങ്കടുത്ത രത്തൻ ടാറ്റ തോമസ് വർഗീസിന്റെ ഭാര്യ സുനു വർഗീസിന്റെ കരം ഗ്രഹിച്ച് പറഞ്ഞ വാക്കുകൾ ഇന്നും ആ സ്ഥാപനം പാലിക്കുന്നു. വീട്ടമ്മയായി കഴിഞ്ഞിരുന്ന സുനുവിന് ടാറ്റാ ട്രസ്റ്റിൽ ജോലി നൽകി. മക്കളുടെ പഠനത്തിനുവേണ്ട എല്ലാ സഹായവും നൽകി. ഭർത്താവ് അവസാനം വാങ്ങിയ ശമ്പളം ഇപ്പോഴും മാസാമാസം സുനുവിന്റെ ബാങ്ക് അക്കൗണ്ടിലും എത്തുന്നു.

വ്യവസായത്തിലും ബിസിനസിലും മൂല്യബോധം പാലിക്കുക അത്ര എളുപ്പമല്ല. എന്നാൽ ധാർമികതയ്ക്കും മൂല്യങ്ങൾക്കും മുഖ്യസ്ഥാനം നൽകിയാണു ടാറ്റയുടെ സ്ഥാപനങ്ങൾ മുന്നോട്ടു പോയത്. മനുഷ്യത്വത്തെ മുൻനിർത്തിയുള്ള ഈ വ്യവസായ ധർമം രാജ്യപുരോഗതിക്കും രാസത്വരകമായി.

എത്രയോ സമ്പന്നർ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഏറെ പണം ചെലവഴിക്കുന്നു. മിക്കവരും അതു നാലു പേര് അറിയണമെന്നു കരുതി വലിയ പ്രചാരണമൊക്കെ നൽകിയാണ് ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നത്. മറ്റുള്ളവർക്കു മാതൃകയാകും എന്നതാണ് ഇതിനു പറയുന്ന ഒരു ന്യായീകരണം.

ചിലർ പിആർ എജൻസികളെപ്പോലും ഏർപ്പാടാക്കാറുണ്ട്. ജീവകാരുണ്യം തർക്കങ്ങൾക്കും വിഭാഗീയതയ്ക്കുമൊന്നും ഇടവരുത്താതിരിക്കട്ടെ. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കുവയ്ക്കുന്ന പണം ദുരുപയോഗിക്കപ്പെടുന്ന സംഭവങ്ങളും വിരളമല്ല.

വലിയ ആസ്തിമൂല്യമുള്ള കമ്പനികളുണ്ടായിട്ടും വൻതുക ലാഭം നേടിയിട്ടും എന്തുകൊണ്ടാണ് രത്തൻ ടാറ്റ ലോകത്തെയോ രാജ്യത്തെത്തന്നയോ അതിസമ്പന്നരുടെ പട്ടികയിൽ വരാതിരുന്നത്? ടാറ്റാ ഗ്രൂപ്പിന്റെ വരുമാനത്തിൽ നല്ലൊരു പങ്ക് വിവിധ ട്രസ്റ്റുകളിലൂടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും മറ്റുമായി ചെലവഴിച്ചതുകൊണ്ടാണിത്. ലോക കോടീശ്വരന്മാരുടെ ഗണത്തിൽ പെടുന്നതിനേക്കാൾ ജനഹൃദയങ്ങളിൽ ചേക്കേറാൻ ടാറ്റാ ഗ്രൂപ്പിനും രണ്ടു ദശാബ്ദത്തിലേറെ ആ വ്യവസായ സാമ്രാജ്യത്തെ നയിച്ച രത്തൻ ടാറ്റയക്കും കഴിഞ്ഞതും അതുകൊണ്ടുതന്നെയാവും.



# കേരളത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കൈകോർത്ത് ഷിക്കാഗോ മലയാളി അസോസിയേഷൻ

ഷിക്കാഗോ: കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവരുന്ന ലഹരി മാഫിയ പ്രവർത്തനങ്ങൾക്കും, കുട്ടികളുടെ ലഹരി ഉപയോഗങ്ങൾക്കുമെതിരെ കേന്ദ്ര,കേരള സർക്കാർ പ്രഖ്യാപിച്ച ബോധവൽക്കരണ പരിപാടികൾക്കൊപ്പം ഷിക്കാഗോ മലയാളി അസോസിയേഷനും പങ്കാളിയാകുന്നു. 2025 ജനുവരിയിൽ 'ലഹരി മുക്തി' ബോധവൽക്കരണ പരിപാടികൾക്ക് തുടക്കമിടുമെന്ന് ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസി റിൻസി അറിയിച്ചു.

സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി ഉപയോഗം തടയുവാനുള്ള ബോധവൽക്കരണ പരിപാടികളാണ് സി.എം.എ ആലോചിക്കുന്നത്. ലഹരി വിരുദ്ധ കാമ്പയിൻ, മോട്ടിവേഷൻ ക്ലാസുകൾ, ലഹരി വിരുദ്ധ പോസ്റ്ററുകൾ നിർമ്മാണവും അവയുടെ പ്രചരണവും, ലഹരി വിരുദ്ധ കവിത, കഥ രചന മത്സരങ്ങൾ തുടങ്ങി നിരവധി പ്രോഗാമുകൾ കേരളത്തിലെ വിവിധ സ്കൂളുകളിൽ സംഘടിപ്പിക്കും.

പ്രസ്തുത പരിപാടിയിൽ അസോസിയേഷന്റെ അംഗങ്ങൾ അതിഥികളായി പങ്കെടുക്കും. ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്ന് സി.എം.എ പ്രസിഡന്റ് ജെസി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോറും അറിയിച്ചു.

കേരളത്തിന്റെ യുവ തലമുറയെ ഇല്ലാതാക്കുന്ന ലഹരി ഉപയോഗത്തിനെതിരെയുള്ള ഈ പദ്ധതിക്ക് പിന്തുണ നൽകാൻ എല്ലാവരേയും ഹാർദ്ദവമായി ക്ഷണിക്കുന്നുവെന്ന് അസോസിയേഷന്റെ മറ്റ് ഭാരവാഹികൾ ആയ ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡന്റ് ഫിലിപ്പ് പുത്തൻപുരയിൽ, ജോ. സെക്രട്ടറി വിവിഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ്, യൂത്ത് പ്രതിനിധികളായ സി.ജെ മാത്യു, സാറാ അനിൽ, വനിതാ പ്രതിനിധികളായ ഷൈനി ഹരിദാസ്, ഷാന മോഹൻ,നിഷ സജി, സീനിയർ പ്രതിനിധികളായ വർഗീസ് ടി. മോനി, തോമസ് വിൻസെന്റ്, ബോർഡ് മെമ്പേഴ്സ് ആയ ആഗ്നസ് മാത്യു, സന്തോഷ് വി. ജോർജ്, സൂസൻ ചാക്കോ, ബോബി ചിറയിൽ, സജി തയ്യിൽ, ജോസ് മണക്കാട്ട്, റോസ് വടകര, പ്രിൻസ് ഈപ്പൻ, ബിജു മുണ്ടയ്ക്കൽ, കിഷോർ കണ്ണാല, ജോഷി പൂവത്തുങ്കൽ, മാത്യു ജെയ്സൺ, സജി മാലിത്തുരുത്തേൽ, എക്സ് ഒഫീഷ്യൽസ് ആയ ജോഷി വള്ളിക്കളം, ലീല ജോസഫ് എന്നിവർ അറിയിച്ചു.

*ബിജു മുണ്ടക്കൽ,പി. ആർ. ഒ*

# ഇന്ത്യ– കാനഡ തർക്കം; വിസ സേവനങ്ങളെ ബാധിക്കുമോ?

ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്ര തർക്കം രൂക്ഷമായതോടെ വിസ അപേക്ഷകർക്കിടയിൽ അനിശ്ചിതത്വം തുടരുകയാണ്. നയതന്ത്ര ഉദ്യോഗസ്ഥർക്കെതിരായ കാനഡയുടെ ആരോപണത്തെത്തുടർന്ന് രാജ്യത്ത് നടപടികൾ സ്വീകരിക്കാനുള്ള അവകാശം നിക്ഷിപ്തമാണ് എന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കുന്നു. വിസ പ്രക്രിയകൾ എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നു എന്നതിൽ ആശങ്കയുണ്ട്. ഇത് മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ വിദ്യാർത്ഥികളെ ബാധിക്കാനും ഇടയുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്. ആറ് കനേഡിയൻ നയതന്ത്രജ്ഞരെ ഇന്ത്യ പുറത്താക്കുകയും ഹൈക്കമ്മീഷണറെയും മറ്റ് ഉദ്യോഗസ്ഥരെയും പിൻവലിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തതോടെ സ്ഥിതി കൂടുതൽ ആശങ്കാജനകമായിരിക്കുകയാണ്. കാനഡയിൽ ഖാലിസ്ഥാൻ ഭീകരൻ ഹർദീപ് നിജ്ജാറിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട തർക്കം രൂക്ഷമാകുന്നതോടെ ഇത് അനുവദിച്ച വിസകളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ ഇടയാകും.

നിജ്ജാറിന്റെ കൊലപാതകത്തിന് പിന്നിൽ ഇന്ത്യൻ ഏജന്റുമാരാണെന്ന പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ ആരോപണത്തെത്തുടർന്ന് കാനഡ ഇതിനകം തന്നെ മൂന്നിൽ രണ്ട് നയതന്ത്ര ഉദ്യോഗസ്ഥരെ പിൻവലിക്കുകയും കഴിഞ്ഞ സെപ്തംബർ മുതൽ തങ്ങളുടെ ദൗത്യങ്ങളിലെ പ്രാദേശിക ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയും ചെയ്തിരുന്നു. ആരോപണങ്ങൾ അസംബന്ധമാണെന്ന് പറഞ്ഞ ഇന്ത്യ,കനേഡിയൻ പൗരന്മാർക്ക് വിസ നൽകുന്നത് ഒരു മാസത്തേക്ക് താൽക്കാലികമായി നിർത്തിവച്ചിരുന്നു. അതിനാൽ, ഒരു കനേഡിയൻ പൗരനും മൂന്നാം രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ വഴി പോലും ഇന്ത്യൻ വിസയ്ക്ക് അപേക്ഷിക്കാൻ കഴിഞ്ഞില്ല. ഈ വിസകളിൽ ഭൂരിഭാഗവും തങ്ങളുടെ കുടുംബങ്ങളെ കാണാൻ ഇന്ത്യയിലേക്ക് വരുന്ന ഇന്ത്യൻ വംശജരായതിനാൽ ഈ നീക്കം പ്രവാസികൾക്ക് കാര്യമായ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു.

എന്നിരുന്നാലും, സാധുവായ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (ഒസിഐ) കാർഡോ അല്ലെങ്കിൽ ഇന്ത്യയിലേക്കുള്ള സാധുതയുള്ള ദീർഘകാല വിസയോ ഉള്ള ഇന്ത്യൻ വംശജരായ കനേഡിയൻമാരെ ബാധിക്കില്ല. ബിസിനസ്,മെഡിക്കൽ വിസകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് 2023 നവംബറിൽ ഇന്ത്യ വിസ സേവനങ്ങൾ ക്രമേണ പുനരാരംഭിച്ചത്. അതേസമയം ബംഗളൂരു, ചണ്ഡീഗഡ്, മുംബൈ എന്നിവിടങ്ങളിലെ വിസയും വ്യക്തിഗത കോൺസുലർ സേവനങ്ങളും കാനഡ താൽക്കാലികമായി നിർത്തിവച്ചിരുന്നു. കൂടാതെ, കോവിഡിന് ശേഷം ഇന്ത്യയും കാനഡയും ഇതുവരെ നേരിട്ടുള്ള എയർ കണക്റ്റിവിറ്റി പുനരാരംഭിച്ചിട്ടില്ല. സ്ഥിര താമസം, വർക്ക് പെർമിറ്റുകൾ, പഠന വിസകൾ എന്നിവയ്ക്കായി പ്രതിവർഷം ആയിരക്കണക്കിന് അപേക്ഷകൾ പ്രോസസ്സ് ചെയ്യപ്പെടുന്ന കാനഡ, ഇന്ത്യൻ കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യസ്ഥാനങ്ങളിലൊന്നായി തുടരുന്നു.

ഈ വർഷം ആദ്യം, കാനഡ അന്താരാഷ്ട്ര വിദ്യാർത്ഥി വിസകളുടെ എണ്ണം രണ്ട് വർഷത്തേക്ക് 360,000 ആയി പരിമിതപ്പെടുത്തിയിരുന്നു. ഇത് 2022 നെ അപേക്ഷിത്ത് 35% കുറവാണ്. രാജ്യത്തെ അന്താരാഷ്ട്ര വിദ്യാർത്ഥി ജനസംഖ്യയുടെ 41% ഇന്ത്യൻ വിദ്യാർത്ഥികളാണ് എന്നതിനാൽ ഈ നീക്കം ഇന്ത്യയെ ഏറ്റവും കൂടുതൽ ബാധിച്ചു. കുറച്ച് വിസകൾ അർത്ഥമാക്കുന്നത് കുറച്ച് ഇന്ത്യൻ വിദ്യാർത്ഥികളാണ് കോളജ് ബിരുദത്തിനായി കാനഡയിലേക്ക് യാത്ര ചെയ്യുന്നത് എന്നാണ്.

# ബെൻസൻവിൽ ഇടവക മെൻസ് & വിമെൻസ് മിനിസ്ട്രി ഫാമിലി ഫോൾ വോക്




ബെൻസൻവിൽ: ഓരോ ഇലയും പൂവായി മാറുന്ന ശരത്കാലത്തിന്റെ മനോഹാരിത അനുഭവിക്കാൻ ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക മെൻസ് & വിമെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫാമിലി ഫോൾ വോക് സംഘടിപ്പിക്കുന്നു.

ഒക്ടോബർ 20 ഞായർ 11.30നുള്ള വി. കുർബാനയ്ക്കു ശേഷം, ഫാമിലി പൊതിച്ചോറുണ്ട്, മക്മോഹൻ വുഡ്സ് പാർക്കിലേക്ക് യാത്ര ആകുന്നു. തുടർന്ന് കുടുംബസമേതം ഫോൾ വോക് സംഘടിപ്പിക്കുന്നു. മെൻസ് & വിമൺസ് മിനിസ്ട്രി എക്സിക്യുട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ ക്രമീകരിക്കുന്നു.



# ബെൻസൻവിൽ ഇടവകയിൽ മിഷൻലീഗിന് നവ നേതൃത്വം

ഷിക്കാഗോ: കത്തോലിക്കാ സഭയിലെ ആഗോള അത്മായ മിഷനറി സംഘടനയായ ചെറുപുഷ്പ മിഷൻ ലീഗിന്റെ അമേരിക്കയിലെ ക്നാനായ റീജിയണൽ ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ മിഷൻലീഗ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

ഹന്ന ഓട്ടപ്പള്ളിൽ(പ്രസിഡന്റ്), ഷോൺ കണ്ടാരപ്പള്ളിൽ (വൈസ് പ്രസിഡന്റ്), അനിറ്റ നന്തികാട്ട് (സെക്രട്ടറി), ജെയ്ക്ക് കോയിത്തറ (ജോയിന്റ് സെക്രട്ടറി), റെബേക്ക മുളയാനിക്കുന്നേൽ (ട്രഷറർ),

റാം താന്നിച്ചുവട്ടിൽ (ജോയിന്റ് ട്രഷറർ) എന്നിവരാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ടത്. ആൻസി ചേലയ്ക്കൽ, ജൂബിൻ പണിക്കശ്ശേരിൽ എന്നിവരെ ഇടവക ഡയറക്ടേഴ്സുമായി തിരഞ്ഞെടുത്തു.

ഫാ. ബിൻസ് ചേത്തലിൽ (റീജിയൻ ഡയറക്ടർ), ഫാ. ജോബി പൂച്ചുകാട്ടിൽ (റീജിയൻ അസിറ്റന്റ് ഡയറക്ടർ), സിസ്റ്റർ സാന്ദ്രാ എസ്.വി.എം (റീജിയൻ ജോയിന്റ് ഡയറക്ടർ), സിജോയ് പറപ്പള്ളിൽ (ജനറൽ ഓർഗനൈസർ), സുജ ഇത്തിത്തറ, ഷീബാ താന്നിച്ചുവട്ടിൽ, ജോഫീസ് മെത്താനത്ത്, അനിതാ വില്ലൂത്തറ (ഓർഗനൈസർമാർ) എന്നിവരാണ് മറ്റു റീജിയണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ.

*ലിൻസ് താന്നിച്ചുവട്ടിൽ, പി. ആർ. ഒ*





# 25–ാമത് ഇന്റർനാഷണൽ 56 കാർഡ് ഗെയിം വൻ വിജയം

ഡിട്രോയിറ്റ്: ഒക്ടോബർ 4, 5, 6 തീയതികളിൽ സൗത്ത്ഫീൽഡിലുള്ള അപ്പച്ചൻ നഗറിൽ വെച്ച് നടന്ന ഇന്റർനാഷണൽ 56 കാർഡ് ഗെയിമും സിൽവർ ജൂബിലി ആഘോഷവും വൻ വിജയമായിരുന്നുവെന്ന് സംഘാടകർ അറിയിച്ചു. ഈ വർഷത്തെ ഇന്റർനാഷണൽ കാർഡ് ഗെയിമിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 90 ടീമുകളാണ് മാറ്റുരച്ചത്.

കാലിഫോർണിയയിലെ സാൻ ഫ്രാൻസിസ്കോയിൽ നിന്നുള്ള മാത്യു ജോസഫ്, ബിജോയ് കുരിയന്നൂർ, തോമസ് വടക്കേകുന്നേൽ എന്നിവരുടെ ടീം ആണ് ഈ വർഷത്തെ ചാമ്പ്യന്മാരായത്. ഷിക്കാഗോയിൽ നിന്നുള്ള കുര്യൻ നെല്ലാമറ്റം, ജോമോൻ തൊടുകയിൽ, ജോസഫ് ആലപ്പാട്ട് എന്നിവർ രണ്ടാം സ്ഥാനവും, ഡാളസിൽ നിന്നുള്ള സണ്ണി വർഗീസ്, തോമസ് വർഗീസ്, ബിനോ കല്ലുങ്കൽ എന്നിവർ മൂന്നാം സ്ഥാനവും, ഷിക്കാഗോയിൽ നിന്നുള്ള ജോയ് നെല്ലാമറ്റം, തോമസ് കടിയൻപള്ളി, കുരിയൻ തോട്ടിച്ചിറ എന്നിവർ നാലാം സ്ഥാനവും കരസ്ഥമാക്കി. ടൂർണമെന്റനോടനുബന്ധിച്ച് നടന്ന റേസ് ഫോർ ഫൺ മത്സരത്തിൽ ഡാളസിൽ നിന്നുള്ള രാജൻ മാത്യു, മാത്യു തോട്ടപ്പുറം, സ്കറിയ തച്ചേട്ട് എന്നിവർ ചാമ്പ്യന്മാരായി. കാനഡയിൽ നിന്നുള്ള ജെയിംസ് താന്നിക്കൽ, ജോസഫ് ജോസഫ്, റോബർട്ട് മാത്യു എന്നിവർ രണ്ടാം സ്ഥാനവും, ടാംബായിൽ നിന്നുള്ള ജേക്കബ് മണിപ്പറമ്പിൽ, റഫേൽ മേനാച്ചേരി, സാജൻ കോരത് എന്നിവർ മൂന്നാം സ്ഥാനവും, കാനഡയിൽ നിന്നുള്ള ജോസ് മത്തായി, ജോളി അഗസ്റ്റിൻ, രാജു തരണിയിൽ എന്നിവർ നാലാം സ്ഥാനവും കരസ്ഥമാക്കി.

1999 ൽ ഡിട്രോറ്റിൽ യശശരീരനായ അപ്പച്ചൻ വലിയപറമ്പിലും സുഹൃത്തുക്കളും കൂടി ആരംഭിച്ച ഇന്റർനാഷണൽ 56 കാർഡ് ഗെയിം ടൂർണമെന്റിൽ അന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 16 ടീമുകൾ ആയിരുന്നു മാറ്റുരച്ചത്. ചീട്ടുകളി മത്സരത്തോടൊപ്പം തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള സുഹൃത്തുക്കൾ തമ്മിൽ ഒത്തു ചേരുവാനുള്ള ഒരു അവസരം കൂടിയാണ് ഈ ഇന്റർനാഷണൽ ടൂർണ്ണമെന്റ് എന്ന് നാഷണൽ കോർഡിനേറ്റേഴ്സ് ചെയർപേഴ്സൺ മാത്യു ചെരുവിൽ അഭിപ്രായപ്പെട്ടു. സൗത്ത് ഫീൽഡിലെ അപ്പച്ചൻ നഗറിൽ വച്ച് നടന്ന ഈ വർഷത്തെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ചെയർമാൻ ജോസ് എബ്രഹാമും വൈസ് ചെയർമാൻ ജോർജ് വന്നിലവും ആണ്. ഫാദർ ജോയി ചക്യൻ, മാത്യു ചെരുവിൽ, സുനിൽ മാത്യു, ജോസ് ഫിലിപ്പ്, സുനൽ മാത്യു, ബിജോയിസ് തോമസ്, മാത്യു ചെമ്പോല എന്നിവർ കമ്മിറ്റി അംഗങ്ങൾ ആയിരുന്നു.

സിൽവർ ജൂബിലി ടൂർണമെന്റിനോടനുബന്ധിച്ച് പുറത്തിറക്കിയ സുവനീർ ഉദ്ഘാടന സമ്മേളനത്തിൽ വച്ച് പ്രകാശനം ചെയ്തു. ജോർജ് വന്നിലം ചീഫ് എഡിറ്റർ ആയ സുവനീർ കമ്മറ്റിയിൽ സൈജൻ കണിയോടിക്കൽ, ജോസ് ഫിലിപ്പ്, മാത്യു ചെരുവിൽ, ജോസ് എബ്രഹാം എന്നിവർ അംഗങ്ങളാണ്. 56 ഇന്റർനാഷണൽ കമ്മിറ്റിയിൽ ചെയർമാനായ മാത്യു ചെരുവിലിനോടൊപ്പം സാം ജെ. മാത്യു (കാനഡ), രാജൻ മാത്യു (ഡാളസ്), കുര്യൻ നെല്ലാമറ്റം (ഷിക്കാഗോ), നിധിൻ ഈപ്പൻ (കണക്ടിക്കട്ട്), ബിനോയ് ശങ്കരത്ത് (വാഷിംഗ്ടൺ ഡിസി), ആൽവിൻ ഷിക്കോർ (ഷിക്കാഗോ) എന്നിവർ പ്രവർത്തിക്കുന്നു. മിസോറിയിലെ സെന്റ് ലൂയിസിൽ വെച്ചായിരിക്കും അടുത്ത വർഷത്തെ മത്സരങ്ങൾ നടക്കുക എന്ന് ഇവർ അറിയിച്ചു.

*സൈജൻ കണിയോടിക്കൽ*

# പത്ത് വർഷത്തെ ഇടവേള! മഞ്ഞുരുകുമോ?



പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം പാക്കിസ്ഥാനിൽ എത്തിയ ഇന്ത്യൻ പ്രതിനിധി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പാക് പ്രധാനമന്ത്രി ഷഹബാസ് ഷെരീഫുമായി ഹ്രസ്വ കൂടിക്കാഴ്ച നടത്തിയിരിക്കുകയാണ്. ഇസ്ലാമാബാദ് ആതിഥേയത്വം വഹിക്കുന്ന ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിക്കായി പാകിസ്ഥാനിലെത്തിയതായിരുന്നു എസ്. ജയശങ്കർ.

ഉച്ചകോടിയിൽ പങ്കെടുക്കുന്നവർക്കായി നടത്തിയ ഔദ്യോഗിക വിരുന്നിൽ പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫുമായി വിദേശകാര്യമന്ത്രി ഹസ്തദാനം നടത്തുന്ന ചിത്രവും പുറത്തുവന്നിട്ടുണ്ട്. എസ്സിഒ നേതാക്കൾക്കുള്ള ഔദ്യോഗിക വിരുന്നിന് ജയശങ്കറിനെ ഷരീഫ് സ്വാഗതം ചെയ്യാനെത്തിയപ്പോഴാണ് ഇരുവരും ഹസ്തദാനം നടത്തിയതും ഇരുപത് സെക്കന്റോളം മാത്രം നീണ്ടുനിന്ന കുശലാന്വേഷണം നടത്തിയതും.

കഴിഞ്ഞ ഒരു പതിറ്റാണ്ടോളമായി വിള്ളൽ വീണ ഇന്ത്യ-പാക് നയതന്ത്ര ബന്ധത്തിന്റെ പുനരുദ്ധാരണത്തിന് ഇത് വെളിച്ചം പകരുമോ എന്നാണ് ഇനി കണ്ടറിയേണ്ടത്. 2015ലും 2016ലും നടന്ന ഭീകരാക്രമണ പരമ്പരയിൽ ഇന്ത്യൻ സൈനിക കേന്ദ്രങ്ങളെ ലക്ഷ്യമിട്ട് പാക്ക് ആസ്ഥാനമായുള്ള ഭീകരർ നടത്തിയ ആക്രമണത്തിന് ശേഷമാണ് ഇരുരാജ്യങ്ങൾക്കും ഇടയിലെ നയതന്ത്ര ബന്ധം പൂർണമായും ഇല്ലാതായത്. അതുകൊണ്ട് തന്നെ ജയശങ്കറിന്റെ പാകിസ്ഥാനിലേക്കുള്ള യാത്ര ഏറെ പ്രാധാന്യമുള്ളതായിരുന്നു. കഴിഞ്ഞ കുറച്ചധികം വർഷങ്ങൾക്ക് ഇടയിൽ പാകിസ്ഥാൻ സന്ദർശിക്കുന്ന ആദ്യ മന്ത്രി കൂടിയാണ് എസ്. ജയശങ്കർ, അതും ഏതാണ്ട് പത്ത് വർഷത്തിന് ശേഷം. അഫ്ഗാനിസ്ഥാനുമായി ബന്ധപ്പെട്ട ഒരു ചർച്ചയിൽ പങ്കെടുക്കാനായി സുഷമ സ്വരാജാണ് അവസാനമായി പാകിസ്ഥാൻ സന്ദർശിച്ച ഇന്ത്യൻ വിദേശകാര്യ മന്ത്രി.

അന്നും ജയശങ്കർ ഒപ്പമുണ്ടായിരുന്നു എന്നതാണ് കൗതുകകരമായ വസ്തുത. അന്ന് സുഷമ സ്വരാജിനൊപ്പം വിദേശകാര്യ സെക്രട്ടറിയുടെ റോളിലായിരുന്നു ജയശങ്കർ ഉണ്ടായിരുന്നത്. ഇതിന് പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇവിടേക്ക് ചെന്നിരുന്നു. എന്നാൽ ഇന്ത്യയുടെ ആത്മാർത്ഥമായ ശ്രമങ്ങൾക്ക് ഇടയിലും നടന്ന തുടർച്ചയായ ഭീകരാക്രമണങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം തകർക്കുകയായിരുന്നു.

ജയശങ്കറിന്റെ ഇത്തവണത്തെ യാത്രയിൽ പക്ഷേ ഇന്ത്യ-പാക് നയതന്ത്ര ബന്ധം പുനസ്ഥാപിക്കുന്നത് അജണ്ടയിൽ ഇല്ലെന്നതാണ് വാസ്തവം. എസ്സിഒ ഉച്ചകോടിയിൽ പങ്കെടുക്കാൻ വേണ്ടി മാത്രമാണ് ഈ യാത്രയെന്നും പാകിസ്ഥാനുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുന്ന കാര്യം പരിഗണനയിൽ ഇല്ലെന്നുമാണ് ജയശങ്കർ ഡൽഹിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കിയത്.

ഇരു രാജ്യങ്ങൾക്കും ഇടയിലെ ഭിന്നതയുടെ മഞ്ഞുരുകുമോ എന്നാണ് ഇനി കണ്ടറിയേണ്ടത്. തീവ്രവാദം പ്രോത്സാഹിപ്പിക്കുന്ന പാകിസ്ഥാന്റെ നടപടിയാണ് ഇന്ത്യയെ കൂടുതൽ ഉഭയകക്ഷി ബന്ധങ്ങളിൽ നിന്നും അകറ്റി നിർത്തുന്നത്. ഈ വിഷയത്തിൽ കടുത്ത നിലപാട് തന്നെ ഇപ്പോഴും വച്ചുപുലർത്തുന്ന സാഹചര്യത്തിൽ പെട്ടെന്നുള്ള പ്രശ്നപരിഹാരം വിഷയത്തിൽ ഉണ്ടാവാൻ സാധ്യതയില്ലെന്നാണ് സൂചന.

# മെറ്റാ ജീവനക്കാരെ പിരിച്ചുവിടുന്നു; കൂടുതലും വാട്ട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം കമ്പനികളിൽ

ന്യൂയോർക്ക്: വാട്ട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം, റിയാലിറ്റി ലാബ്സ് എന്നിവയുൾപ്പെടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലുടനീളമുള്ള ജീവനക്കാരെ മെറ്റാ പിരിച്ചുവിടുന്നുവെന്ന് റിപ്പോർട്ട്. ഇതുമായി ബന്ധപ്പെട്ടവർ തന്നെയാണ് പിരിച്ചുവിടൽ സംബന്ധിച്ച വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത്. കമ്പനിയിലെ കൂട്ട പിരിച്ചുവിടലിനുപകരം, ഈ ചെറിയ വെട്ടിച്ചുരുക്കൽ നിർദ്ദിഷ്ട ടീമുകളുടെ പുനക്രമീകരണം ആകും എന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ചില മെറ്റാ ജീവനക്കാർ തങ്ങളെ പിരിച്ചുവിട്ടതായി പോസ്റ്റ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. 2023 ൽ ത്രെഡ്സ് ടീമിൽ ചേരുന്നതിന് മുമ്പ് ആപ്പുകളിലേക്ക് വരുന്ന അപ്രഖ്യാപിത ഫീച്ചറുകളെകുറിച്ച് റിപ്പോർട്ട് ചെയ്യുന്നതിൽ കുപ്രസിദ്ധി നേടിയ ജെയ്ൻ മഞ്ചുൻ വോങ് അക്കൂട്ടത്തിലുണ്ട്.

ഈ വർഷമാദ്യം കമ്പനിയുടെ റിയാലിറ്റി ലാബ്സ് ഡിവിഷനിൽ ജോലി വെട്ടിക്കുറച്ചിരുന്നു. അതിന് പിന്നാലെയാണ് ഈ പുതിയ റൗണ്ട് പിരിച്ചുവിടലുകൾ. കോവിഡ് പാൻഡെമിക്കിന്റെ പ്രതിസന്ധിയിൽ നിന്ന് കമ്പനിയെ കരകയറ്റാൻ ഉറച്ച് 2022 ൽ മെറ്റാ ആദ്യമായി 11,000 ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. തുടർന്ന് 2023ൽ സിഇഒ മാർക്ക് സക്കർബർഗിന്റെ കാര്യക്ഷമത വർഷത്തിന്റെ ഭാഗമായി 10,000 പേരെ കൂടി വെട്ടിക്കുറയ്ക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.



# അഭിലാഷം പൂർത്തിയാക്കി ജിമ്മി കാർട്ടർ; കമല ഹാരിസിന് വോട്ട് ചെയ്തു



ജോർജിയ: യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിച്ച് മുൻ പ്രസിഡന്റ് ജിമ്മി കാർട്ടർ. ജോർജിയയിൽ വോട്ടെടുപ്പിന്റെ രണ്ടാം ദിനമാണ് 100 വയസുകാരനായ കാർട്ടർ ഏർലി വോട്ട് ചെയ്തത്.

വൈസ് പ്രസിഡന്റ് കമലാ ഹാരിസിന് വോട്ട് ചെയ്യാൻ കഴിയുന്നത്ര കാലം ജീവിച്ചിരിക്കണമെന്ന് അദ്ദേഹം നേരത്തെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഇത് നിറവേറ്റിക്കൊണ്ടാണ് അദ്ദേഹം മെയിൽ വഴി വോട്ട് ചെയ്തതെന്ന് കാർട്ടർ സെന്റർ അറിയിച്ചു. ഈ മാസം ആദ്യമാണ് ജിമ്മി കാർട്ടർക്ക് 100 വയസ്സ് തികഞ്ഞത്. യുഎസ് ചരിത്രത്തിൽ 100 വയസ് തികയ്ക്കുന്ന ആദ്യത്തെ മുൻ പ്രസിഡന്റാണ് അദ്ദേഹം.

2023 ഫെബ്രുവരി മുതൽ ജോർജിയയിലെ പ്ലെയിൻസിലെ വീട്ടിൽ അദ്ദേഹം ഹോസ്പൈസ് കെയറിലാണ്. 77 വർഷത്തെ ദാമ്പത്യത്തിന് ശേഷം നവംബറിൽ കാർട്ടറിന് ഭാര്യ റോസലിൻ കാർട്ടറെ നഷ്ടപ്പെട്ടിരുന്നു.

# ട്രംപ് കേസിൽ 6 കുറ്റങ്ങൾ പുനസ്ഥാപിക്കണം; അപ്പീൽ കോടതിയോട് ജോർജിയ പ്രോസിക്യൂട്ടർ

വാഷിംഗ്ടൺ: ട്രംപ് കേസിൽ 6 കുറ്റങ്ങൾ പുനസ്ഥാപിക്കണമെന്ന് അപ്പീൽ കോടതിയോട് ജോർജിയ പ്രോസിക്യൂട്ടർ ആവശ്യപ്പെട്ടു. തങ്ങളുടെ സത്യപ്രതിജ്ഞാ ലംഘനവുമായി ബന്ധപ്പെട്ട് കൂട്ട് നിൽക്കാൻ നിയമവിരുദ്ധമായി ജോർജിയ ഉദ്യോഗസ്ഥരെ സമീപിച്ചു എന്നതുമായി ബന്ധപ്പെട്ട് തള്ളിയ ആറ് കുറ്റങ്ങൾ പുനസ്ഥാപിക്കണമെന്നാണ് ജോർജിയ പ്രോസിക്യൂട്ടർമാർ അപ്പീൽ കോടതിയെ അറിയിച്ചിരിക്കുന്നത്.

മാർച്ചിൽ കുറ്റാരോപണം നിരസിച്ചപ്പോൾ ഒരു ജഡ്ജിക്ക് തെറ്റ് സംഭവിച്ചതായി ഫുൾട്ടൺ കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ഫാനി വില്ലിസിന്റെ അഭിഭാഷകർ സംസ്ഥാന അപ്പീൽ കോടതിക്ക് നൽകിയ സംക്ഷിപ്തത്തിൽ പറയുന്നു. 2023ൽ ട്രംപിനും മറ്റ് 18 പേർക്കുമെതിരെ ചുമത്തിയ 41 കുറ്റങ്ങളിൽ ഉൾപ്പെടുന്ന കുറ്റങ്ങൾ, 2020 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ മറികടക്കാൻ സഹായിക്കുന്നതിന് സംസ്ഥാന ഉദ്യോഗസ്ഥരെ നിർബന്ധിക്കാൻ ശ്രമിച്ചതായി പ്രതികളിൽ ആറ് പേർ ആരോപിക്കുന്നു. കുറ്റപത്രത്തിൽ ട്രംപ് തന്നെ 13 കുറ്റങ്ങൾ നേരിടുകയും കുറ്റം സമ്മതിക്കുകയും ചെയ്തു. വില്ലിസ് പുനസ്ഥാപിക്കാൻ ശ്രമിക്കുന്ന ആറ് കുറ്റങ്ങളിൽ മൂന്നെണ്ണത്തിൽ അദ്ദേഹത്തിന്റെ പേരുണ്ട്.

ജഡ്ജ് സ്കോട്ട് മക്കാഫി മാർച്ചിൽ കുറ്റങ്ങൾ തള്ളിക്കളയണമെന്ന് പറഞ്ഞിരുന്നു. വിവരങ്ങൾ നൽകുന്നതിൽ വില്ലിസിന്റെ ഓഫീസ് പരാജയപ്പെട്ടുവെന്ന് അന്ന് അദ്ദേഹം എഴുതി. അതേസമയം വില്ലിസിന്റെ ഓഫീസ് ചൊവ്വാഴ്ച സമർപ്പിച്ച കുറ്റപത്രത്തിൽ എപ്പോൾ അഭ്യർത്ഥനകൾ നടത്തി, ആരോടാണ് അഭ്യർത്ഥനകൾ നൽകിയത്, ഏത് രീതിയിലാണ് ഇത്തരത്തിൽ അഭ്യർത്ഥനകളെക്കുറിച്ചുള്ള ധാരാളം സന്ദർഭങ്ങളും വസ്തുതാപരമായ ആരോപണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ജോർജിയ നിയമപ്രകാരം പിരിച്ചുവിട്ട കണക്കുകളിലെ ആരോപണങ്ങൾ വേണ്ടത്ര വാദിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടു. ട്രയൽ കോടതിയുടെ പിരിച്ചുവിടൽ ഉത്തരവ് ശരിയായ തീരുമാനം ആയിരുന്നുവെന്ന് കേസിൽ ട്രംപിന്റെ പ്രധാന അഭിഭാഷകൻ സ്റ്റീവ് സാഡോ പറഞ്ഞു. 2020 ലെ തിരഞ്ഞെടുപ്പിന് ശേഷം ട്രംപ്, മുൻ വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫ് മാർക്ക് മെഡോസ്, അറ്റോർണിമാരായ റൂഡി ഗ്യൂലിയാനി, ജോൺ ഈസ്റ്റ്മാൻ, റേ സ്മിത്ത്, ബോബ് ചീലി എന്നിവർ നിയമവിരുദ്ധമായി വിവിധ സംസ്ഥാന ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്നാണ് ആരോപണം.

ട്രംപിനെതിരായ രണ്ടെണ്ണം ഉൾപ്പെടെ സെപ്തംബറിൽ തെറ്റായ രേഖകൾ ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട മറ്റ് മൂന്ന് കണക്കുകളും മക്അഫീ തള്ളിക്കളഞ്ഞു. പ്രോസിക്യൂട്ടർമാർ ഈ തീരുമാനത്തിനെതിരെയും അപ്പീൽ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

# 'സ്വകാര്യ ഭാഗങ്ങളിൽ നിന്നുവരെ രക്തം'; റുവാണ്ടയെ ഭീതിയിലാഴ്ത്തി മാർബർഗ് വൈറസ്



ആഫ്രിക്കൻ രാജ്യമായ റുവാണ്ടയിൽ ഭീതിപരത്തി മാർബർഗ് വൈറസ് പടരുകയാണ്. കഴിഞ്ഞ മാസം അവസാനമാണ് ഇവിടെ വൈറസ് വ്യാപനം സ്ഥിരീകരിച്ചത്. ഇതിനോടകം തന്നെ 11 പേർ വൈറസ് ബാധിച്ച് മരിച്ചിരുന്നു. 46 പേർക്ക് രോഗം ബാധിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

രോഗം ബാധിച്ചവരിൽ 80 ശതമാനം പേരും ആരോഗ്യപ്രവർത്തകരാണ്. മാർബർഗ് വൈറസിനെതിരെയുള്ള വാക്സിൻ ട്രയലും ക്ലിനിക്കൽ ടെസ്റ്റുകളും രാജ്യം ഉടൻ ആരംഭിക്കുമെന്ന് റുവാണ്ടയുടെ ആരോഗ്യമന്ത്രി അറിയിച്ചിട്ടുണ്ട്.

### എന്താണ് മാർബർഗ് വൈറസ് ബാധ?

1967 ൽ ജർമ്മനിയിലെ മാർബർഗ്, ഫ്രാങ്ക്ഫർട്ട് നഗരങ്ങളിലാണ് ആദ്യമായി ഈ വൈറസ് ബാധ സ്ഥിരീകരിച്ചത്. ഉഗാണ്ടയിൽ നിന്ന് കൊണ്ടുവന്ന ആഫ്രിക്കൻ കുരങ്ങുകളിൽ നിന്നായിരുന്നു ഈ വൈറസ് മനുഷ്യരിലേക്ക് പടർന്നു പിടിച്ചത്. ലോകാരോഗ്യ സംഘടനയുടെ (WHO) കണക്ക് അനുസരിച്ച് അംഗോള, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, ഘാന, കെനിയ, ദക്ഷിണാഫ്രിക്ക, ഉഗാണ്ട തുടങ്ങി നിരവധി ആഫ്രിക്കൻ രാജ്യങ്ങളിലും വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അതേസമയം എബോള വൈറസിന്റെ കുടുംബത്തിൽപ്പെട്ട മറ്റൊരു വൈറസ് ആണ് മാർബർഗ്. എന്നാൽ മാർബർഗ് വൈറസ് എബോളയേക്കാൾ അപകടകാരി ആണെന്നാണ് ആരോഗ്യവിദഗ്ധർ പറയുന്നത്. ഈ വൈറസ് രക്തക്കുഴലുകളുടെ ഭിത്തികൾക്ക് ക്ഷതം ഏൽപ്പിക്കുകയും ആന്തരിക രക്തസ്രാവത്തിന് കാരണമാവുകയും ചെയ്യുന്ന ഹെമറാജിക് ഫീവറിന് കാരണമാകുന്നു.

മാർബർഗ് വൈറസ് ബാധിക്കപ്പെട്ടവരുടെ മരണനിരക്ക് 88 ശതമാനമാണ്. ഒരാൾക്ക് ഈ വൈറസ് ബാധയുണ്ടായാൽ രണ്ട് മുതൽ 21 ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകും. രോഗം ഗുരുതരമാകുന്നവരിൽ രക്തസ്രാവമുണ്ടാകുമെന്നും വിദഗ്ധർ പറയുന്നു. വൈറസ് ഉള്ളിൽ പ്രവേശിച്ച് അഞ്ച് മുതൽ ഏഴ് ദിവസത്തിനുള്ളിൽ ആണ് ആളുകളിൽ രക്തസ്രാവം ഉണ്ടാകുന്നത്.

### രോഗലക്ഷണങ്ങൾ എന്തൊക്കെ?

പനി, തലവേദന, പേശികളിലും സന്ധികളിലും വേദന, ക്ഷീണം, വിശപ്പില്ലായ്മ, രക്തസ്രാവം, വയറുവേദന എന്നിവയെല്ലാമാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. രോഗം തീവ്രമാകുന്നതിനനുസരിച്ച് പല രോഗികളിലും രക്തസ്രാവം കൂടും. മൂക്ക്, മോണ, സ്വകാര്യഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വരെ രക്തസ്രാവം ഉണ്ടാകും. ഇത് പിന്നീട് രോഗിയുടെ സ്ഥിതി വഷളാക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്യും.

### വൈറസ് പടരുന്നത് എങ്ങനെ?

ഈ വൈറസ് എങ്ങനെയാണ് പടർന്നു പിടിക്കുന്നത് എന്നതിൽ വ്യക്തതയില്ല. ഗുഹകളിലും മറ്റുമായി കണ്ടുവരുന്ന പഴം തീനി വവ്വാലുകളുമായി സമ്പർക്കം പുലർത്തിയ ചില ആളുകൾക്ക് മാർബർഗ് വൈറസ് സ്ഥിരീകരിച്ചിട്ടുണ്ട്. ശരീര സ്രവങ്ങൾ, നേരിട്ടുള്ള സമ്പർക്കം എന്നിവയിലൂടെ ഈ വൈറസ് മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരാം. രോഗി ഉപയോഗിച്ച ബെഡ്ഷീറ്റ്, വസ്ത്രങ്ങൾ എന്നിവ പോലും വൈറസ് വ്യാപനത്തിന് കാരണമാകാം എന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകുന്നു. അതേസമയം ഈ വൈറസ് വായുവിലൂടെ പകരില്ല.

### രോഗം എങ്ങനെ തടയാം

മാർബർഗ് വൈറസ് രോഗത്തിന് വാക്സിനുകളോ ചികിത്സകളോ ലഭ്യമല്ല. മാർബർഗ് വൈറസിന് വാക്സിൻ കണ്ടെത്താനുള്ള ശ്രമത്തിലാണ് ശാസ്ത്രലോകം. കൂടാതെ കനേഡിയൻ സർക്കാരുമായും യൂറോപ്യൻ യൂണിയന്റെ ഹെൽത്ത് എമർജൻസി പ്രിപ്പേഡ്നെസ് ആൻഡ് റെസ്പോൺസ് അതോറിറ്റിയുമായും (HERA) സഹകരിച്ച് വാക്സിൻ ട്രയലുകൾക്കായി ഫണ്ട് അനുവദിച്ചതായി ലോകാരോഗ്യ സംഘടന അറിയിച്ചിട്ടുണ്ട്.

സാബിൻ വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് പരീക്ഷണടിസ്ഥാനത്തിൽ നിർമിച്ച മാർബർഗ് വാക്സിന്റെ 700 ഡോസുകൾ ഇതിനോടകം റുവാണ്ടയ്ക്ക് നൽകിയിട്ടുമുണ്ട്. കൂടാതെ വ്യക്തി ശുചിത്വം പാലിക്കുകയും രോഗികളുമായി സമ്പർക്കം ഒഴിവാക്കുകയും ചെയ്താൽ ഈ രോഗത്തെ ഒരു പരിധിവരെ പ്രതിരോധിക്കാൻ സാധിക്കും.







OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

240 E. LAKE STREET, SUITE 109B, ADDISON, IL 60101

# പ്രചാരണം അവസാന ഘട്ടത്തിലേക്ക്

(ഒന്നാം പേജ് തുടർച്ച)

ഫോക്സ് ന്യൂസിന്റെ ബ്രെറ്റ് ബെയറുമായുള്ള അഭിമുഖത്തിൽ കൂടുതൽ ശ്രദ്ധ നേടുകയാണ്. പ്രസിഡന്റ് ജോ ബൈഡൻ ഭരണകാലത്ത് അതിർത്തി പ്രശ്നങ്ങൾ കൂടിയതിന്റെ കാരണവും, ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ബില്ലിനെ ട്രംപ് എതിർത്തതും ഹാരിസ് പ്രത്യേകമായി ഉയർത്തിക്കാട്ടി. 'ട്രംപ് അസ്ഥിരനാണ്, അദ്ദേഹത്തെക്കുറിച്ച് എല്ലാവരും ആശങ്കപ്പെടണം,' എന്നാണ് ഹാരിസ് അഭിപ്രായപ്പെട്ടത്.

ഫോക്സ് ന്യൂസ് മുൻ പ്രസിഡന്റിന്റെ ചില വിവാദ പ്രസ്താവനകൾ പ്രദർശിപ്പിച്ചപ്പോൾ, ഹാരിസ് അദ്ദേഹത്തെ വിമർശിച്ചു. 'ട്രംപ് സമാധാനപരമായി പ്രതിഷേധിക്കുന്നവരെ ശിക്ഷിക്കാൻ ശ്രമിച്ചതും, സ്വന്തം ജനങ്ങളെ നിരന്തരം ഭീഷണിപ്പെടുത്തിയതും നാം മറക്കരുത്,'എന്നിവർ ഓർമ്മപ്പെടുത്തി. പ്രസിഡന്റ് ജോ ബൈഡന്റെ മാനസിക ആരോഗ്യം, ട്രാൻസ്ജെൻഡർ വിഭാഗത്തിനുള്ള പരിഗണന, മുതലായവ ഇരുവരും തമ്മിലുള്ള അഭിമുഖത്തിൽ നിറഞ്ഞുനിന്നു.

അതേസമയം, യുഎസിലെ ശതകോടീശ്വരന്മാരും നിർണായക സ്ഥാനാർത്ഥികൾക്ക് അവരുടെ പിന്തുണ അറിയിച്ചു. ഫേസ്ബുക്ക് സ്ഥാപകനായ മാർക്ക് സക്കർബർഗ് തന്റെ പിന്തുണയെ കുറിച്ച് മൗനം പാലിച്ചപ്പോൾ, ഇലോൺ മസ്ക് പരസ്യമായി ട്രംപിനെ പിന്തുണച്ച് രംഗത്ത് വന്നു.

പ്രചാരണത്തിന്റെ അവസാനഘട്ടത്തിലും ബില്യണയേഴ്സിന്റെ പിന്തുണ അവശ്യമാണ്. ഫോബ്സ് പുറത്തിറക്കിയ കണക്കുകൾ ഹാരിസിന് 76 ബില്യണയേഴ്സിന്റെ പിന്തുണയുണ്ടെന്നും ട്രംപിന് 49 ബില്യണയേഴ്സിന്റെ പിന്തുണയുണ്ടെന്നും സൂചിപ്പിക്കുന്നു. സിലിക്കൺ വാലിയിലെ നിരവധി ശതകോടീശ്വരന്മാർ കമലയുടെ നയങ്ങളോട് അനുഭാവം പ്രകടിപ്പിച്ചിട്ടുണ്ട്. സാങ്കേതികവിദ്യ, ആരോഗ്യം, സുസ്ഥിരത തുടങ്ങിയ മേഖലകളിൽ കമലയുടെ പരിചയസമ്പത്തും മികവും അവരുടെ പിന്തുണ നേടാൻ കാരണമായി.

മൈക്കൽ ബ്ലൂംബെർഗ്, ആർതർ ബ്ലാങ്ക്, റീഡ് ഹോഫ്മാൻ, ഡസ്റ്റിൻ മോസ്കോവിറ്റ്സ് തുടങ്ങി നിരവധി ബില്യണയേഴ്സും ഹോളിവുഡ് സംവിധായകൻ സ്റ്റീവൻ സ്പിൽബർഗും ഹാരിസിനൊപ്പം നിൽക്കുന്നു. ട്രംപിന്റെ സാമ്പത്തിക നയങ്ങളെ പിന്തുണച്ച് 49 ബില്യണയേഴ്സും ട്രംപിന് പിന്തുണ നൽകി.അവസാനമായുള്ള പല സർവേകളും അനിശ്ചിതമായ ഫലമാണ് നൽകുന്നത്. ഹാർവാർഡ് ക്യാപ്സ്/ഹാരിസ് സർവേയിലും, എബിസി/ഇപ്സോസ് പോളിലും, ഇരു സ്ഥാനാർത്ഥികൾക്കും മുന്നേറ്റം കാണാൻ സാധിച്ചിട്ടുണ്ട്.

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും അമേരിക്കയുടെ തലവരയിൽ അവസാനത്തെ ശക്തമായ നീക്കം നിഷ്പക്ഷ വോട്ടർമാരുടെ കൈകളിലാണ് എന്നതിൽ തർക്കമില്ല. നിഷ്പക്ഷരെ തങ്ങൾക്ക് അനുകൂലമാക്കാനുള്ള ശക്തമായ ശ്രമത്തിലാണ് ഇരുമുന്നണികളും. അവരുടെ പ്രചാരകരും.അതേസമയം സെപ്തംബർ സർവേയിൽ ഇരുവരും സമനിലയിലായതിന് ശേഷം തിങ്കളാഴ്ച പുറത്തിറക്കിയ ഹാർവാർഡ് ക്യാപ്സ്/ഹാരിസ് സർവേയിൽ ട്രംപ് ഹാരിസിനെ 51% മുതൽ 49% വരെ പിന്നിലാക്കിയെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

നേരിയ വ്യത്യാസമാണെങ്കിലും രാഷ്ട്രീയ നിരീക്ഷകർ ഇത് സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. ഞായറാഴ്ച പുറത്തിറക്കിയ പുതിയ എൻബിസി വോട്ടെടുപ്പിൽ ട്രംപും ഹാരിസും 48% നേടി, അതേസമയം ഞായറാഴ്ച പുറത്തിറക്കിയ എബിസി/ഇപ്സോസ് പോൾ, സാധ്യതയുള്ള വോട്ടർമാരിൽ ഹാരിസിന് രണ്ട് പോയിന്റ് (50%48%) നേട്ടമുണ്ടെന്ന് കാണിക്കുന്നു.

ഇതൊക്കെ ആണെങ്കിലും ഇഞ്ചോടിഞ്ച് പോരാട്ടം നടക്കുന്ന അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഫലം തീരുമാനിക്കുക നിഷ്പക്ഷ വോട്ടർമാരുടെ നിലപാടുകൾ തന്നെ ആയിരിക്കും.

അമേരിക്കൻ ജനതയെ ആര് നയിക്കും എന്നതിൽ നിഷ്പക്ഷരുടെ വോട്ടുകൾ വളരെ വിലപ്പെട്ടതാണ്. യുഎസ് തിരഞ്ഞെടുപ്പിൽ ട്രംപോ ഹാരിസോ, ആര് വിജയിക്കുമെന്ന് സ്വതന്ത്ര വോട്ടർമാർ തീരുമാനിക്കും. സ്വതന്ത്ര വോട്ടർമാരെ സ്വാധീനിക്കാൻ, അവർക്കിടയിൽ കമല ഹാരിസും ഡൊണാൾഡ് ട്രംപും ശക്തമായ മതിപ്പ് ഉണ്ടാക്കേണ്ടതുണ്ട്. സ്വഭാവമനുസരിച്ച് സ്വതന്ത്ര വോട്ടർമാരെ തിരിച്ചറിയുന്നത് വെല്ലുവിളിയാകും. റിപ്പബ്ലിക്കൻ അല്ലെങ്കിൽ ഡെമോക്രാറ്റുകൾ എന്ന് ശക്തമായി തിരിച്ചറിയാത്ത എല്ലാ സാമൂഹിക ഗ്രൂപ്പുകളും അവരുടെ സാഹചര്യങ്ങൾ പരിഗണിക്കാതെ ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

സ്വതന്ത്ര വോട്ടർമാരെ രൂപപ്പെടുത്തുന്ന സമാനമായ പ്രാദേശിക സ്വാധീനങ്ങൾ, സംഭാഷണങ്ങൾ, നയപരമായ ആശങ്കകൾ എന്നിവ കാരണം, സ്വതന്ത്രർ എങ്ങനെ വോട്ടുചെയ്യുമെന്ന് പ്രവചിക്കുന്നത് വെല്ലുവിളിയാണ്. അതേസമയം ട്രംപ് 14 പോയിന്റിന് മുന്നിട്ട് നിൽക്കുന്ന അരിസോണ ഒഴികെ, എല്ലാ സ്വിംഗ് സ്റ്റേറ്റുകളിലും സ്വതന്ത്രർക്കിടയിൽ ഹാരിസ് ലീഡ് ചെയ്യുന്നു. സെപ്തംബർ 8 വരെ നടത്തിയ പുതിയ മോണിംഗ് കൺസൾട്ട് സർവേകളുടെ ഒരു പരമ്പരയിൽ നിന്നുള്ള ഡാറ്റ അനുസരിച്ചാണ് പുതിയ വിലയിരുത്തൽ. അടുത്ത പ്രസിഡന്റിനുള്ള സ്വതന്ത്ര വോട്ടർമാരുടെ മുൻഗണനകളിൽ സംസ്ഥാനം സംസ്ഥാന വ്യത്യാസം എന്നിവ പ്രകടമാണ്. സ്വിംഗ് സ്റ്റേറ്റുകളിൽ, ഹാരിസിന്റെ ലീഡ് വിസ്കോൺസിനിൽ 20 പ്ലസും പെൻസിൽവാനിയയിൽ വളരെ കുറവുമാണ്. വോട്ടെടുപ്പ് അനുസരിച്ച്, സ്വതന്ത്രർ എന്നത് സ്വിംഗ് സ്റ്റേറ്റുകൾ മാത്രം ഉൾക്കൊള്ളുന്നതല്ല.

## കാർബൺ ബഹിർഗമനം: തടയുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ബൈഡന് അനുമതി

(ഒന്നാം പേജ് തുടർച്ച)

സ്ഥിതിക ജസ്റ്റിസ് ക്ലാരൻസ് തോമസ് ഈ കേസിൽ അപേക്ഷ നൽകിയിരുന്നുവെന്നും, യാഥാസ്ഥിതിക ജസ്റ്റിസ് സാമുവൽ അലിറ്റോ കേസിൽ പങ്കെടുത്തില്ലെന്നും കോടതിയുടെ ഉത്തരവിൽ പറയുന്നു.

ഈ കേസ് ഇപ്പോൾ ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയ സർക്യൂട്ടിനായുള്ള യുഎസ് അപ്പീൽ കോടതിയിൽ തുടരും.

വെസ്റ്റ് വിർജീനിയ അറ്റോർണി ജനറൽ പാട്രിക് മോറിസെ അറിയിച്ചതനുസരിച്ച് ഈ വിധി ഈ കേസിന്റെ അന്ത്യമല്ല.

## യെമനിൽ ഇറാൻ പിന്തുണയുള്ള ഹൂതികൾക്കെതിരെ ബി2 ബോംബർ ആക്രമണം നടത്തി യുഎസ്

ഇറാൻ പിന്തുണയുള്ള ഹൂതികൾക്കെതിരെ ബുധനാഴ്ച വൈകുന്നേരം യെമനിൽ യുഎസ് ഒരു റൗണ്ട് ആക്രമണം നടത്തിയതായി വ്യക്തമാക്കി മൂന്ന് യുഎസ് പ്രതിരോധ ഉദ്യോഗസ്ഥർ. ഭൂഗർഭ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആയുധ സംഭരണ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ആയിരുന്നു ആക്രമണം നടന്നത് എന്നാണ് ലഭിക്കുന്ന വിവരം.

ചെങ്കടലിലെയും ഏദൻ ഉൾക്കടലിലെയും സൈനിക, സിവിലിയൻ കപ്പലുകളെ ലക്ഷ്യമിടാൻ ഉപയോഗിക്കുന്ന വിപുലമായ പരമ്പരാഗത ആയുധങ്ങൾ ഈ സൗകര്യങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

ബി2 സ്പിരിറ്റ് ബോംബറുകൾ ഉപയോഗിച്ചാണ് ആക്രമണം നടത്തിയതെന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. തുടക്കം മുതൽ യെമനിലെ ഹൂതികളെ ആക്രമിക്കാൻ യുഎസ് ആദ്യമായി സ്ട്രാറ്റജിക് സ്രെൽത്ത് ബോംബർ ഉപയോഗിക്കുന്നുണ്ട്. ഹൂ




ത്തികളുടെ പ്രധാന സ്ഥലങ്ങളും ആയുധങ്ങളും ലക്ഷ്യമിട്ട് ഇതുവരെ ഉപയോഗിച്ചിരുന്ന യുദ്ധവിമാനങ്ങളേക്കാൾ വളരെ വലിയ പ്ലാറ്റ്ഫോമാണ് ആ2, വളരെ ഭാരമുള്ള ബോംബുകൾ വഹിക്കാൻ ശേഷിയുള്ളതാണ്.

അതേസമയം മേഖലയിൽ വലിയ സംഘർഷാവസ്ഥ നിലനിൽക്കുന്ന സമയത്താണ് ഇറാന്റെ പിന്തുണയുള്ള പ്രോക്സി ഗ്രൂപ്പിന് നേരെ ആക്രമണം ഉണ്ടായത്. നവംബർ 5 ലെ യുഎസ് തിരഞ്ഞെടുപ്പിന് മുമ്പ് ഇറാന്റെ സമീപകാല മിസൈൽ ആക്രമണത്തിന് ഇസ്രായേൽ തിരിച്ചടിക്കുമെന്ന് പ്രതീക്ഷിക്കുന്നു, ലെബനനിലെ ഹിസ്ബുള്ളയുമായും ഗാസയിലെ ഹമാസുമായും അതിന്റെ സംഘർഷങ്ങൾ തുടരുകയാണ്.

ഇറാന്റെ മിസൈൽ ആക്രമണത്തെത്തുടർന്ന് ഇസ്രായേലിനെ സംരക്ഷിക്കാൻ സഹായിക്കുന്നതിന് വിപുലമായ മിസൈൽ വിരുദ്ധ സംവിധാനം വിന്യസിക്കുമെന്ന് യുഎസ് പ്രഖ്യാപിച്ചതിന് പിന്നാലെ യുഎസ് സർവീസ് അംഗങ്ങൾ ഇസ്രായേലിൽ എത്തിത്തുടങ്ങിയ സാഹചര്യത്തിലാണ് ഇത് എന്നതും ശ്രദ്ധേയമാണ്.

യുകെയുമായി സഹകരിച്ച് ഹൂതികൾക്കെതിരെ യുഎസ് മുമ്പ് ആക്രമണം നടത്തിയിരുന്നെങ്കിൽ, ബുധനാഴ്ചത്തെ ആക്രമണം നടത്തിയത് യുഎസ് മാത്രമാണ്.



# കുടിയേറ്റക്കാർ പങ്കിട്ട സാമ്പത്തിക നൊബേൽ

2024ലെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരം മൂന്ന് അമേരിക്കൻ കുടിയേറ്റക്കാർക്കാണ്. തുർക്കിയിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറിയ ഡാരൺ അക്മോഗ്ലൂ, യുകെയിൽനിന്നുള്ളവരായ സൈമൺ ജോൺസൺ, ജെയിംസ് എ റോബിൻസൺ എന്നിവരാണ് പുരസ്കാരം പങ്കിട്ടത്. രാഷ്ട്രീയ സ്ഥാപനങ്ങളുടെ രൂപപ്പെടലും അഭിവൃദ്ധിയും സംബന്ധിച്ച പഠനത്തിനാണ് മൂന്ന് പേർക്കും പുരസ്കാരം ലഭിച്ചത്.

ഒരുരാജ്യത്തിന്റെഅഭിവൃദ്ധിക്ക്സാമൂഹികസ്ഥാപനങ്ങളുടെ പ്രാധാന്യം എന്തെന്ന് ഇവരുടെ പഠനത്തിൽ വ്യക്തമാക്കുന്നതായി റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

'മോശമായനിയമവാഴ്ചയുള്ളസമൂഹങ്ങളും ജനസംഖ്യയെ ചൂഷണം ചെയ്യുന്ന സ്ഥാപനങ്ങളും വളർച്ചയോ സമൂഹത്തിൽ മെച്ചപ്പെട്ട മാറ്റമോ സൃഷ്ടിക്കുന്നില്ല. ഇത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ പുരസ്കാര ജേതാക്കളുടെ ഗവേഷണം നമ്മെ സഹായിക്കുന്നു.' പത്രക്കുറിപ്പിൽ വ്യക്തമാക്കുന്നു.

രാഷ്ട്രങ്ങൾക്കിടയിലെ അഭിവൃദ്ധിയിൽ നിലനിൽക്കുന്ന ആഴമേറിയ അസമത്വങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഇവരുടെ ഗവേഷണം. യൂറോപ്പിലെ കോളനിക്കാർ സ്ഥാപിച്ച രാഷ്ട്രീയസാമ്പത്തിക സംവിധാനങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ സ്ഥാപനങ്ങളും അഭിവൃദ്ധിയും തമ്മിലുള്ള ബന്ധം എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് അവർ വിശദീകരിക്കുന്നു. 1969 മുതലാണ് സാമ്പത്തിക ശാസ്ത്രത്തിന് നോബേൽ പുരസ്കാരം നൽകി തുടങ്ങിയത്.

തുർക്കിയിലെ ഇസ്താംബുളിലാണ് ഡാരോൺ അസെമോഗ്ലുവിന്റെ ജനനം. യോർക്ക് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയ ശേഷം ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് എംഎസ്സിയും പിഎച്ച്ഡിയും നേടി. 1993ൽ അമേരിക്കയിലേക്ക് കുടിയേറിയ അദ്ദേഹം എംഐടിയിൽ സാമ്പത്തികശാസ്ത്ര വിഭാഗം പ്രൊഫസറായി. ജെയിംസ് റോബിൻസണുമായി ചേർന്ന് പുസ്തകം രചിച്ചു. 2023ൽ സൈമൺ ജോൺസനുമായി ചേർന്ന് 'Power and Progress: Our Thousand Year Struggle Over Technology and Prospertiy' എന്ന കൃതിയും രചിച്ചു.

യുകെയിലാണ് സൈമൺ ജോൺസണിന്റെ ജനനം. ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിൽനിന്ന്ബിഎപൂർത്തിയാക്കിയ അദ്ദേഹം മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎ നേടി. തുടർന്ന്അമേരിക്കയിലെത്തിയഅദ്ദേഹം എംഐടിയിൽനിന്ന്പിഎച്ച്ഡിയുംസ്വന്തമാക്കി. കൂടാതെ അന്താരാഷ്ട്ര നാണ്യനിധിയിൽ(2007-2008) ചീഫ് ഇക്കണോമിസ്റ്റായി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.

യുകെയിൽ ജനിച്ച റോബിൻസൺ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ സയൻസിൽ നിന്ന് ബിഎസ് സി നേടി. യൂണിവേഴ്സിറ്റി ഓഫ് വാർവിക്കിൽ നിന്ന് എംഎ സ്വന്തമാക്കി. തുടർന്ന് അന്താരാഷ്ട്ര വിദ്യാർഥിയായി അമേരിക്കയിൽ എത്തി.

യേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പിഎച്ച്ഡിയും നേടിയ അദ്ദേഹം യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോയിൽ പ്രൊഫസറായി സേവനം അനുഷ്ഠിച്ചു. ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ എത്തുന്നതിന് മുമ്പ് ഹാർവാഡ്, യുസി ബെർക്കെലി തുടങ്ങിയ സ്ഥാപനങ്ങളിലും അദ്ദേഹം പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഡാരൺ അക്മോഗ്ലുവായി ചേർന്ന് The Narrow Corridor: States, Societies, and the Fate of Libetry എന്ന പുസ്തകം രചിച്ചു. ഈ കൃതിക്ക് നിരവധി പുരസ്കാരങ്ങളും അദ്ദേഹത്തെ തേടി എത്തിയിരുന്നു.

## ചെറുപുഷ്പ മിഷൻ ലീഗ് ഷിക്കാഗോ രൂപത ഓർഗനൈസേഴ്സ് മീറ്റ്

ഷിക്കാഗോ: ചെറുപുഷ്പ (ലിറ്റൽ ഫ്ളവർ) മിഷൻ ലീഗ് ഷിക്കാഗോ രൂപത ഓർഗനൈസേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് ദാനവേലിൽ സ്വാഗതവും രൂപതാ ജനറൽ സെക്രട്ടറി ടിസൻ തോമസ് നന്ദിയും പറഞ്ഞു. രൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്.എം.ഐ, ജോയിന്റ് സെക്രട്ടറി സോഫിയ തോമസ്, എക്സിക്യൂട്ടീവ് അംഗങ്ങളായ സോണിയ ബിനോയ്, ആൻ റ്റോമി എന്നിവർ സംസാരിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള മിഷൻ ലീഗിന്റെ വൈസ് ഡിറക്ടർമാരും ഓർഗനൈസർമാരും ജോയിന്റ് ഓർഗനൈസർമാരും മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.




## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**
**longwood81@yahoo.com**

#100924

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan allianceform Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#100924

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**
**Mail: sibymathayi@icloud.com**

#101624

## BABYSITTER WANTED

**ഷിക്കാഗോയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് ഒന്നര വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**പോൾ വടകര (708–307–1122)**

#100924

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224–382–3669**
ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക


#101624






## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**മറിയാമ്മ തോമസ്**

#101624

### സെന്റ് ആന്റണീസ് നൊവേന



ഓ ധന്യനായ വിശുദ്ധ അന്തോനീസേ നന്മയുടെ നിറകുടവും എളിമയുടെ ദർപ്പണവുമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങേ മദ്ധ്യസ്ഥതയാൽ രോഗവും മരണവും അബദ്ധവും അനർത്ഥങ്ങളും തിന്മകളും നഷ്ടങ്ങളും ഇല്ലാതാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നഷ്ടപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദുഃഖിതർക്ക് ആശ്വാസവും പാപികൾക്ക് അനുതാപവും നൽകുന്നതിനും കഴിവുള്ള അങ്ങേയ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല. ഉണ്ണീശോയുടെ വിശ്വസ്ത സ്നേഹിതനായ വിശുദ്ധ അന്തോനീസേ അങ്ങ് ഞങ്ങൾക്ക് എന്നും തുണയും മദ്ധ്യസ്ഥനും ഉപകാരിയും ആയിരിക്കേണമേ. ഞങ്ങളുടെ ആത്മീകവും ഭൗതീകവുമായ സകല ആവശ്യങ്ങളും പ്രത്യേകിച്ച് ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്ന നന്മകൾ പരമപിതാവായ ദൈവത്തിന്റെ പക്കൽ നിന്നും അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾക്ക് നേടിത്തരണമേ. ശാന്തനും സ്നേഹസമ്പൂർണനുമായ വിശുദ്ധ അന്തോണീസ് അങ്ങയുടെ അനുഗ്രഹങ്ങളെ ഞങ്ങൾ എന്നും കൃതജ്ഞതയോടെ പ്രകീർത്തിക്കും. ഞങ്ങളുടെ ആത്മ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സകലതും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ അന്തോനീസേ എല്ലാവിധ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമേ. ജീവിത ക്ലേശങ്ങളെ പ്രശാന്തതയോടെ നേരിടുവാനും പാപത്തിൽ അകപ്പെടാതെ നല്ല ജീവിതം നയിക്കാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. പ്രലോഭനങ്ങൾ ഞങ്ങളെ ദുർബലരാക്കുന്ന നിമിഷങ്ങളിൽ ഞങ്ങൾക്ക് അങ്ങ് ശക്തമായ തുണയായിരികണം. ഉദാരതയും സ്നേഹവുമുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും പാവങ്ങളുമായ ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞാൻ അപേഷിക്കുന്നു.

ആമേൻ

**വർഗീസ് ചെറിയാൻ**

#101624

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
ബന്ധപ്പെടുക:
773–888–2242,
773–842–9149
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

# ബ്രിട്ടീഷ് ഗായകൻ ലിയാം പെയ്ൻ ബാൽക്കണിയിൽ വീണു മരിച്ചു



ബ്രിട്ടീഷ് ഗായകനും വൺ ഡയറക്ഷൻ ബാൻഡിലെ മുൻ താരമായിരുന്ന ലിയാം പെയ്ൻ മരിച്ചതായി റിപ്പോർട്ട്. ബ്യൂണസ് ഐറിസിലെ ഒരു ഹോട്ടലിന്റെ മൂന്നാം നിലയിൽ നിന്ന് വീണ് ആണ് അദ്ദേഹം മരിച്ചത് എന്നാണ് പുറത്തു വരുന്ന വിവരം. 31 വയസായിരുന്നു.

പലേർമോയിലെയിൽ നിന്നുള്ള ഒരു 911 കോളിനോട് എമർജൻസി ക്രൂ പ്രതികരിച്ചതിന് ശേഷമാണ് പെയിനിന്റെ മൃതദേഹം കണ്ടെത്തിയതെന്നാണ് പോലീസ് പ്രസ്താവനയിൽ പറയുന്നത്.

ബ്യൂണസ് അയേഴ്സിലെ പോലീസ് പറയുന്നതനുസരിച്ച്, സംഭവസ്ഥലത്തു നിന്നും മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സാനിധ്യം കണ്ടെത്തി എന്നും ഇതിന്റെ സ്വാധീനത്തിൽ ആയിരിക്കാം മരണം സംഭവിച്ചത് എന്നുമാണ് പുറത്തു വരുന്ന റിപ്പോർട്ട്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പെയ്നിന് ഗുരുതരമായ പരിക്കുകളേറ്റിട്ടുണ്ടെന്നും പോസ്റ്റ്മോർട്ടം നടത്തുമെന്നും എമർജൻസി മെഡിക്കൽ സർവീസ് ഡയറക്ടർ ആൽബർട്ടോ ക്രെസെന്റി പ്രാദേശിക മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ പെയ്ൻ ബാൽക്കണിയിൽ നിന്ന് വീണതിന്റെ സാഹചര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ക്രെസെന്റി വിസമ്മതിച്ചു.

അതേസമയം ഒരു ബ്രിട്ടീഷുകാരന്റെ മരണത്തിന്റെ റിപ്പോർട്ടർമാരുമായി ബന്ധപ്പെട്ട് അർജന്റീനയിലെ അധികാരികളുമായി ബന്ധപ്പെട്ടതായി യുകെ വിദേശകാര്യ ഓഫീസ് സ്ഥിരീകരിച്ചു. എന്നാൽ കൂടുതൽ വിവരങ്ങൾ നൽകാൻ അവർ തയാറായില്ല.

അദ്ദേഹത്തിന്റെ മരണവാർത്ത പുറത്തുവന്നയുടൻ, മരണം നടന്ന ബ്യൂണസ് ഐറിസ് ഹോട്ടലിന് പുറത്ത് ആരാധകർ ഒത്തുകൂടാൻ തുടങ്ങി. തുടർന്ന് ഗേറ്റിൽ നിയന്ത്രണം ഏർപ്പെടുത്തിയാണ് പോലീസ് ആളുകളെ നിയന്ത്രിച്ചത്.

# 'ഞാൻ റിപ്പോർട്ട് ചെയ്ത കാര്യങ്ങൾ പറയുകയായിരുന്നു'; ഹെയ്തിയൻ കുടിയേറ്റക്കാരെക്കുറിച്ചുള്ള തെറ്റായ വാദം ആവർത്തിച്ചു ട്രംപ്

ഹെയ്തിയൻ കുടിയേറ്റക്കാരെക്കുറിച്ചുള്ള തെറ്റായ അവകാശവാദം ആവർത്തിച്ചു ട്രംപ്. ബുധനാഴ്ചയാണ് ഹെയ്തിയൻ കുടിയേറ്റക്കാർ വളർത്തുമൃഗങ്ങളെ ഭക്ഷിക്കുന്നു എന്ന തെറ്റായ പ്രസ്താവന ട്രംപ് ഉന്നയിച്ചത്. താനും വൈസ് പ്രസിഡന്റ് കമലാ ഹാരിസും കടുത്ത മത്സരത്തിലാണ് എന്നും തൻ അധികാരത്തിലേറിയാൽ ലാറ്റിനോ വോട്ടർമാർക്കായി കുടിയേറ്റം തടയുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു.

റിപ്പബ്ലിക്കൻ പ്രസിഡൻഷ്യൽ നോമിനിയായ ട്രംപ്, യുണിവിഷനോടൊപ്പം മിയാമിഡേഡ് കൗണ്ടിയിലെ ഒരു ടൗൺ ഹാളിൽ പരിപാടിയിൽ പങ്കെടുക്കുകയും ലാറ്റിനോ വോട്ടർമാരിൽ നിന്നും അരിസോണ പോലുള്ള പ്രധാന മത്സര വേദിയിലെ വോട്ടർമാരിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു.



ഒഹായോയിലെ സ്പ്രിംഗ് ഫീൽഡിലെ പൗരന്മാരുടെ വളർത്തുമൃഗങ്ങളെ ഹെയ്തിയൻ കുടിയേറ്റക്കാർ ഭക്ഷിക്കുന്നുവെന്ന് വിശ്വസിക്കുന്നുണ്ടോ എന്ന് അരിസോണയിലെ റിയോ റിക്കോയിൽ നിന്നുള്ള റിപ്പബ്ലിക്കൻ അംഗമായ ജോസ് സരലെഗുയി ട്രംപിനോട് ചോദിച്ചു. ട്രംപും അദ്ദേഹത്തിന്റെ പങ്കാളിയായ ജെഡി വാൻസും ഇത് ശരിവച്ചു.

'ഇത് ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്, റിപ്പോർട്ട് ചെയ്തത് ഞാൻ പറയുകയായിരുന്നു' എന്നാണ് വിഷയത്തിലെ ട്രംപിന്റെ വിശദീകരണം. എന്നാൽ സ്പ്രിംഗ്ഫീൽഡിലെ അധികാരികളും ഉദ്യോഗസ്ഥരും തള്ളിക്കളഞ്ഞ തെറ്റായ അവകാശവാദം, ട്രംപിന്റെ മറുപടിയോടെ കമ്മ്യൂണിറ്റിയിൽ തങ്ങൾ സുരക്ഷിതരല്ലെന്ന് പറഞ്ഞ ഹെയ്തിയൻ കുടിയേറ്റക്കാർക്കിടയിൽ പ്രക്ഷുബ്ധത സൃഷ്ടിച്ചു. ഇത് വലിയപ്രശ്നങ്ങൾക്കാണ് വഴിവച്ചത്. താൻ സ്പ്രിംഗ്ഫീൽഡിലേക്ക് പോകുകയാണെന്നും സ്ഥിതിഗതികളെ കുറിച്ച് ഒരു 'പൂർണ്ണ റിപ്പോർട്ട്' നൽകുമെന്നും ടൗൺ ഹാളിൽ ട്രംപ് പറഞ്ഞു. ബുധനാഴ്ച ടൗൺ ഹാളിൽ, സമ്പദ്വ്യവസ്ഥ മുതൽ കുടിയേറ്റം വരെയുള്ള നിരവധി ചോദ്യങ്ങൾക്ക് ട്രംപ് ഉത്തരം നൽകി.


# ഇന്ത്യക്കെതിരെ കാനഡ പ്രയോഗിച്ച 'ഫൈവ് ഐസ്' എന്താണ്?

പൊതു സുരക്ഷയുടെപേരിൽലോകത്തെ 5 ശക്തമായ രാജ്യങ്ങൾ ഭീഷണിപ്പെടുത്തുന്നതാണ് ഫൈവ് ഐസ് (FVEY). ലോകത്തെ 5 സമ്പന്ന രാജ്യങ്ങൾ തങ്ങളുടെ സുരക്ഷയെ ചൂണ്ടിക്കാട്ടിലോകത്തെവിടെയും ചാരവൃത്തി, ഫോൺചോർത്തൽ, രഹസ്യ പ്രവർത്തനങ്ങൾ, സൈനിക, സിവിൽ ഇന്റലിജൻസ് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. ദേശീയ സുരക്ഷയുടെപേരിൽ രൂപീകരിച്ച ഈ എലൈറ്റ് ക്ലബ്ബിൽ അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, ബ്രിട്ടൻ എന്നിവ ഉൾപ്പെടുന്നു.

ഈ അഞ്ച് രാജ്യങ്ങളുംചേർന്ന് ആഗോള ഇന്റലിജൻസിന്റെ ശൃംഖല സൃഷ്ടിച്ചു. ഈ രാജ്യങ്ങൾ കാലാകാലങ്ങളിൽ ആഗോള നിരീക്ഷണത്തിൽ നിന്ന് ലഭിക്കുന്ന ഇൻപുട്ടുകൾ അവരുടെ താൽപ്പര്യാർത്ഥം ഉപയോഗിക്കുന്നു, ആവശ്യമെങ്കിൽലോകത്തിലെ മറ്റ് രാജ്യങ്ങളെ അടിച്ചമർത്താനും ഇത് ഉപയോഗിക്കുന്നു. ഈ രാജ്യങ്ങൾലോകവേദിയിൽ അധികാരത്തിന്റെയും പ്രതാപത്തിന്റെയുംമേലങ്കി അണിഞ്ഞിരിക്കുന്നതിനാൽ, കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി അവരുടെ പ്രവർത്തനങ്ങളെചോദ്യം ചെയ്യാൻ ആരുമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ആഗോള ക്രമത്തിൽ ഒരു തകർച്ചയുണ്ട്, അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിരന്തരംചോദ്യങ്ങൾ ഉയർന്നുവരുന്നു.

കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഇപ്പോൾ ഇന്ത്യക്കെതിരെയും അതേ തന്ത്രം പ്രയോഗിക്കാൻ ശ്രമിച്ചത്. എന്നാൽ പരാജയപ്പെട്ടു. ഈ ഭീഷണിയെ സഹിക്കാൻ ഇന്ത്യയ്ക്ക് സമയമില്ലെന്നാണ് ഇന്ത്യ കാനഡയോട് തുറന്നടിച്ചത്. ലളിതമായി പറഞ്ഞാൽ, അഞ്ച് രാജ്യങ്ങൾചേർന്ന്ലോകമെമ്പാടും ചാരപ്പണി നടത്തുന്നതിനായി രൂപീകരിച്ച ഗ്രൂപ്പാണ് FIVE EYES. ഈ ചാരവൃത്തിയിൽ നിന്ന് ലഭിച്ച ഇൻപുട്ട് ഈ അഞ്ച് രാജ്യങ്ങളും പരസ്പരം പങ്കിടുന്നു.

കഴിഞ്ഞ വർഷം ഖാലിസ്ഥാൻ ഭീകരൻ നിജ്ജാറിനെ കൊലപ്പെടുത്തിയതിൽ പങ്കുണ്ടെന്ന് കാനഡ വിശ്വസിക്കുന്ന എല്ലാ വിവരങ്ങളും ഇൻപുട്ടുകളും കാനഡ ഫൈവ് ഐസ് രാജ്യങ്ങളുമായി പങ്കുവെച്ചതായി കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ തിങ്കളാഴ്ച തിടുക്കത്തിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ പറഞ്ഞു. യഥാർത്ഥത്തിൽ, ലോകം രണ്ടാംലോകമഹായുദ്ധത്തിന്റെ ഞെട്ടലിലൂടെ കടന്നുപോകുമ്പോഴാണ് അഞ്ച് കണ്ണുകൾ നിലവിൽ വന്നത്.



ബ്രിട്ടീഷ് ആധിപത്യത്തിന്റെ അന്ത്യവും, അമേരിക്ക ഒരു വൻശക്തിയായി ഉയർന്നതും, അമേരിക്കൻ ആധിപത്യത്തിനെതിരായസോവിയറ്റ് റഷ്യയുടെ ഉയർച്ചയും പാശ്ചാത്യലോകത്ത് കോലാഹലങ്ങൾ സൃഷ്ടിച്ചു.

ലോകമെമ്പാടുമുള്ള ശത്രുക്കളെ നിരീക്ഷിക്കാൻ കഴിയുന്ന അത്തരമൊരു സംഘടനയാണ് പാശ്ചാത്യ രാജ്യങ്ങൾക്ക് ഇപ്പോൾ ആവശ്യമായിരുന്നത്. ഇതുകൂടാതെ, നയങ്ങൾക്കും ചട്ടങ്ങൾക്കും അപ്പുറം ലോകമെമ്പാടുമുള്ള ഇന്റലിജൻസ് വിവരങ്ങൾശേഖരിക്കാൻ കഴിയുന്ന ഒരു സംഘടനയുടെ ആവശ്യവും ഉണ്ടായിരുന്നു. അപ്പോൾ ഈ സംഘടനകളിൽ ഉൾപ്പെട്ടിട്ടുള്ള രാജ്യങ്ങൾക്ക് ഈ വിവരങ്ങൾ പരസ്പരം പങ്കുവെക്കാനും അവരുടെദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും കഴിയും.

കഴിഞ്ഞ മൂന്ന്നാലു പതിറ്റാണ്ടുകളിലെ ചൈനയുടെ ഉയർച്ചയും ഈ രാജ്യങ്ങളെ സമനിലയിലാക്കുന്നതിന് അത്തരം രഹസ്യാന്വേഷണങ്ങൾ ശേഖരിക്കുന്നതിന് ഒരുഫോറത്തിൽ ഒത്തുചേരാൻ നിർബന്ധിതരായി.

ഈ ആവശ്യം കണക്കിലെടുത്ത് 1943 ൽ അമേരിക്കയും ബ്രിട്ടനും ആദ്യമായി ഒരു ഉടമ്പടി ഉണ്ടാക്കി. ഈ കരാറിന്ശേഷം അമേരിക്കയും ബ്രിട്ടനും ഔദ്യോഗികമായി സിഗ്നൽ ഇന്റലിജൻസിൽചേർന്നു. ഇതിനെ ബ്രിട്ടീഷ്-യു.എസ് കമ്മ്യൂണിക്കേഷൻസ് ഇന്റലിജൻസ് കരാർ (BRUSA) എന്ന് വിളിക്കുന്നു. 1946 ൽ അമേരിക്കയും ബ്രിട്ടനും തമ്മിലുള്ള ഈ കരാർ UK-USA ആയി രൂപാന്തരപ്പെട്ടു. ഈ കരാറിന്റെ പരിധിയിൽ ആശയവിനിമയ ഇന്റലിജൻസിന്റെ എല്ലാമേഖലകളും ഉൾപ്പെടുന്നു. ഈ ഗ്രൂപ്പിലെ അംഗങ്ങൾ നിരീക്ഷണ, സിഗ്നൽ ഇന്റലിജൻസ് (SIGINT) നടപടികൾ സ്വീകരിക്കുന്നു.

1948 ൽ കാനഡ ഈ ഗ്രൂപ്പിൽചേർന്നു. തുടർന്ന് 1956 ൽ ഓസ്ട്രേലിയയും ന്യൂസിലൻഡും ഈ ക്ലബ്ബിൽ ചേർന്നു. അങ്ങനെയാണ് അഞ്ച് കണ്ണുകൾ നിലവിൽ വന്നത്. കാലക്രമേണ, ഈ പങ്കാളിത്തം അതിന്റെ വ്യാപനം വിപുലീകരിക്കുകയും ആഗോള ഇന്റലിജൻസ്, സുരക്ഷാ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി മാറുകയും ചെയ്തു.

ാളം, ഈ രഹസ്യ നാമം 'കണ്ണുകൾ മാത്രം' എന്ന തലക്കെട്ടുള്ള ഒരു രഹസ്യരേഖയിൽ നിന്നാണ് ലഭിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. ബുദ്ധിയുടെ ലോകത്ത്, 'കണ്ണുകൾ മാത്രം' എന്നത് വളരെ രഹസ്യാത്മകവും കാണാൻ മാത്രം കഴിയുന്നതുമായരേഖകളാണ്, ഈ പ്രമാണങ്ങൾ അച്ചടിക്കാനോ പകർത്താനോ കഴിയില്ല. ഒരു വ്യക്തിക്ക് അവന്റെ കണ്ണുകൊണ്ട് മാത്രമേ വായിക്കാൻ കഴിയൂ. സുരക്ഷാ കാരണങ്ങളാലാണ് ഇത് ചെയ്യുന്നത്.

ഈ രഹസ്യാന്വേഷണ ഏജൻസി ഇത്രയും കാലം നിലവിലുണ്ടായിരുന്നുവെങ്കിലുംലോകം അറിഞ്ഞില്ല എന്നതാണ് അതിശയിപ്പിക്കുന്ന കാര്യം. 1980കൾ വരെ ഈ പ്രവണത തുടർന്നു. അതായത് 1950 മുതൽ അമേരിക്കയും ബ്രിട്ടനും ലോക രാജ്യങ്ങളിൽ ചാരവൃത്തി നടത്തിയിരുന്നു, എന്നാൽ ഇത് പൊതുസഞ്ചയത്തിൽ ഉണ്ടായിരുന്നില്ല. ഒടുവിൽ 2010ൽ യുകെയുഎസ്എ കരാർ ഫയലുകൾ പുറത്തുവന്നപ്പോഴാണ് ഈ സംഘടനയെക്കുറിച്ച് ലോകം അറിയുന്നത്.

ഈ അഞ്ച് കണ്ണുകളുടെ സഹായത്തോടെ ഇന്ത്യയെ സമ്മർദ്ദത്തിലാക്കാനാണ് കാനഡ പ്രധാനമന്ത്രി ശ്രമിക്കുന്നത്. ഈ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഖാലിസ്ഥാനി ഭീകരൻ നിജ്ജാറിന്റെ കൊലപാതകത്തിൽ ഇന്ത്യൻ നയതന്ത്രജ്ഞൻ 'താൽപ്പര്യമുള്ള വ്യക്തി'യാണെന്ന് ട്രൂഡോ അവകാശപ്പെട്ടു. ട്രൂഡോയുടെ ഈ ആരോപണം ഇന്ത്യ ശക്തമായി തള്ളുകയും ഡൽഹിയിൽ സന്നിഹിതരായ ആറ് കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരോട് രാജ്യം വിടാൻ നടപടി സ്വീകരിക്കുകയും ചെയ്തു. കൂടാതെ, കാനഡയിലുള്ള തങ്ങളുടെ ഹൈക്കമ്മീഷണറെയും ഇന്ത്യ തിരിച്ചുവിളിച്ചിട്ടുണ്ട്.

കാനഡയിലെ യുഎസ് അംബാസഡർ ഡേവിഡ് കോഹൻ ഒരു കനേഡിയൻ ടിവി ചാനലിന് നൽകിയ അഭിമുഖത്തിൽ ഫൈവ് ഐസ് അംഗങ്ങളുമായി പങ്കിട്ട രഹസ്യാന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് നിജ്ജാറിന്റെ കൊലപാതകത്തിൽ ഇന്ത്യൻ സർക്കാരിന്റെ ഏജന്റുമാർക്ക് പങ്കുണ്ടെന്ന് അവകാശപ്പെടാൻ സാധിച്ചതെന്ന് കാനഡ പറഞ്ഞിരുന്നു.

ഫൈവ് ഐസിന്റെ സഹായം സ്വീകരിച്ച്, അംഗരാജ്യങ്ങളായ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാൻഡ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയ്ക്കെതിരെ പ്രസ്താവനകൾനേടുന്നതിലൂടെ കാനഡയിലുള്ള തന്റെ ആഭ്യന്തര പ്രേക്ഷകരുടെ അതായത് സിഖ് മതമൗലികവാദികളുടെ വോട്ടുകൾ നേടാൻ തനിക്ക് കഴിയുമെന്ന് ട്രൂഡോ കരുതുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ കാനഡയിൽ തിരഞ്ഞെടുപ്പ് ഉണ്ടെന്ന് ഞങ്ങൾ നിങ്ങളോട് പറയട്ടെ.

കനേഡിയൻ ലിപിക്ക് പിന്നാലെ അമേരിക്കയും നിജ്ജാർ വിഷയത്തിൽ ഇന്ത്യൻ താൽപര്യങ്ങൾക്ക് വിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നുണ്ട്. നിജ്ജാർകേസിന്റെ അന്വേഷണത്തിൽ ഇന്ത്യ കാനഡയുമായി സഹകരിക്കുന്നില്ലെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് മാത്യു മില്ലർ തന്റെ പത്രസമ്മേളനത്തിൽ പറഞ്ഞു. മില്ലർ പറഞ്ഞു, 'കനേഡിയൻകേസിനെ സംബന്ധിച്ചിടത്തോളം, ആരോപണങ്ങൾ അങ്ങേയറ്റം ഗൗരവമുള്ളതാണെന്നും ഗൗരവമായി കാണേണ്ടതാണെന്നും ഞങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

എന്നിരുന്നാലും, ഇന്ത്യകാനഡ ബന്ധത്തിലെ പിരിമുറുക്കത്തെക്കുറിച്ച് പറയാൻ മില്ലർ വിസമ്മതിച്ചു. 'എനിക്ക് ഇതിൽ അഭിപ്രായമൊന്നുമില്ല. എന്നാൽ ഞങ്ങൾ മുമ്പ് പറഞ്ഞതുപോലെ, ഇത് ഗുരുതരമായ ആരോപണങ്ങളാണ്. ഇന്ത്യ ഇത് ഗൗരവമായി കാണുകയും കാനഡയുടെ അന്വേഷണവുമായി സഹകരിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു, പക്ഷേ അവർ തിരഞ്ഞെടുത്തത് മറ്റൊരു വഴിയാണ്.' മില്ലർ പറഞ്ഞു.

ഫൈവ് ഐസിന്റെ മറ്റൊരു പങ്കാളിയായ ന്യൂസിലൻഡും ഇക്കാര്യത്തിൽ മൊഴി നൽകിയിട്ടുണ്ട്. ഇക്കാര്യം കാനഡ തന്നെ അറിയിച്ചിട്ടുണ്ടെന്ന് ന്യൂസിലൻഡ് വിദേശകാര്യ മന്ത്രി വിൻസ്റ്റൺ പീറ്റർ പറഞ്ഞു. 'കനേഡിയൻ നിയമ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ആരോപിക്കപ്പെടുന്ന ക്രിമിനൽ പെരുമാറ്റം, തെളിയിക്കപ്പെട്ടാൽ, അത് ആഴത്തിൽ വിഷമിപ്പിക്കും' എന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ വർഷം ഫൈവ് ഐസിന്റെ മറ്റൊരു പങ്കാളിയായ ഓസ്ട്രേലിയയും ഇക്കാര്യത്തിൽ മൊഴി നൽകിയിരുന്നു. എന്നിരുന്നാലും, ഓസ്ട്രേലിയയുടെ പ്രസ്താവനയും ഉറച്ചതായിരുന്നു. ഓസ്ട്രേലിയയുടെ ഇന്ത്യയിലെ ഹൈക്കമ്മീഷണർ ഫിലിപ്പ് ഗ്രീൻ പറഞ്ഞു, 'ഈ വിഷയത്തിൽ ഓസ്ട്രേലിയ ഇന്ത്യയോട് സംസാരിക്കുന്നത് അഞ്ച് കണ്ണുകളുടെ പങ്കാളി എന്ന നിലയിലാണ്.'

വാസ്തവത്തിൽ, ട്രൂഡോ ഈ വിഷയത്തിൽ ഇന്ത്യയ്ക്കെതിരെ സമ്മർദ്ദ രാഷ്ട്രീയം ഉപയോഗിക്കുകയാണ്, കൂടാതെ അന്താരാഷ്ട്ര നിയമങ്ങളുമായും ഉടമ്പടികളുമായും ബന്ധപ്പെട്ട് അപക്വവും അടിസ്ഥാനരഹിതവുമായ കാര്യങ്ങളാണ് അദ്ദേഹം പറയുന്നത് എന്ന് ചൂണ്ടിക്കാട്ടി കാനഡയുടെ സമ്മർദത്തെ ഇന്ത്യ തള്ളിക്കളഞ്ഞിരിക്കുകയാണ്.






# വോട്ട് ബാങ്ക് ലക്ഷ്യംവച്ചുള്ള നയതന്ത്ര ഇടപെടൽ; ട്രൂഡോ ലക്ഷ്യം കാണുമോ?

ഒരു രാജ്യത്തിന്റെ തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ വിവിധ ആഗോള പ്രശ്നങ്ങളെ രാഷ്ട്രീയവത്കരിക്കുക എന്നത് അസാധാരണ സംഭവമൊന്നുമല്ല. എന്നാൽ കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ കാര്യത്തിൽ അസാധാരണവും ഒരുപക്ഷേ അതുല്യവുമായ കാര്യം വ്യക്തിപരമായ തിരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി 'എത്രത്തോളം പോകാനാകും' എന്നത് തന്നെയാണ്. അദ്ദേഹത്തിന്റെ ശ്രമങ്ങൾ യഥാർത്ഥ നയതന്ത്ര ബന്ധങ്ങൾ 'വോട്ട് ബാങ്ക് രാഷ്ട്രീയ' ത്തിന്റെ പേരിൽ തകരുന്ന തലത്തിൽ എത്തിയിരിക്കുന്നു.



ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും മോശമായ നയതന്ത്ര തർക്കത്തിന്റെ നടുവിലാണ് ഉള്ളത്. നടപടികളുടെ ഭാഗമായി കാനഡയിലെ ഹൈക്കമ്മീഷണറെ ഇന്ത്യ തിരിച്ചുവിളിക്കുകയും ആറ് ഉന്നത നയതന്ത്രജ്ഞരെ കാനഡയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. കാരണം ജസ്റ്റിൻ ട്രൂഡോയുടെ ഖാലിസ്ഥാൻ വിഘടനവാദ പ്രസ്ഥാനത്തോടുള്ള അടുപ്പവും കനേഡിയൻ മണ്ണിൽ വിദ്വേഷവും അക്രമവും തീവ്രവാദവും പ്രചരിപ്പിക്കുന്ന പ്രഖ്യാപിത തീവ്രവാദികളോടും തീവ്രവാദികളോടും ഉള്ള സഹതാപവും ആണ്. ഇതെല്ലാം തന്നെ അദ്ദേഹത്തിന്റെ വോട്ട് ബാങ്ക് ലക്ഷ്യംവച്ചുള്ള കളികളാണ്.

കാനഡയുടെ പ്രധാനമന്ത്രിയായി മറ്റൊരു സാധ്യതകൂടി തേടുന്ന ട്രൂഡോ, തന്റെ രാജ്യത്ത് രാഷ്ട്രീയമായി ഒന്നിന് പുറകെ ഒന്നായി തിരിച്ചടി നേരിടുന്നു. ഖാലിസ്ഥാനി വിഘടനവാദ പ്രസ്ഥാനത്തെ ആവർത്തിച്ച് പിന്തുണയ്ക്കുകയും അവർക്ക് പ്രവർത്തിക്കാൻ ഇടം നൽകുകയും ചെയ്യുന്ന പ്രധാനമന്ത്രിയാണ് അദ്ദേഹം. കാനഡയിലെ ഖാലിസ്ഥാൻ റാലികളിൽ പങ്കെടുത്ത ഭീകരർ, തീവ്രവാദികൾ, വിഘടനവാദികൾ എന്നിവർക്കൊപ്പം തോളോട് തോൾ ചേർന്ന് കാനഡ പ്രധാനമന്ത്രി നിൽക്കുന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ, കാനഡയുടെ പ്രധാനമന്ത്രി നേരിട്ട് ഇന്ത്യയുടെ ദേശീയ സുരക്ഷാ ആശങ്കകൾ ലംഘിച്ചിരിക്കുകയാണ്. അതായത് ഇന്ത്യയുടെ പരമാധികാരവും ദേശിക അഖണ്ഡതയും ലംഘിച്ചുകൊണ്ട് മറ്റൊരു രാഷ്ട്രം ഇന്ത്യയിൽ നിന്ന് വേർപെടുത്തണമെന്ന് ആഗ്രഹിക്കുന്നവരെ പിന്തുണച്ചുകൊണ്ട് നിലകൊള്ളുന്നു. എന്നിട്ട് ഇതിനെയെല്ലാം 'കാനഡയിലെ സംസാര സ്വാതന്ത്ര്യം' എന്ന് വിശേഷിപ്പിക്കുന്നു.

അക്രമത്തെ ആഘോഷിക്കുന്നതും മഹത്വവൽക്കരിക്കുന്നതും ഒരു പരിഷ്കൃത സമൂഹത്തിന്റെയും ഭാഗമാകരുത്. നിയമവാഴ്ചയെ ബഹുമാനിക്കുന്ന ജനാധിപത്യ രാജ്യങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ തീവ്രവാദികളെ ഭീഷണിപ്പെടുത്താൻ അനുവദിക്കരുത്.' ഖാലിസ്ഥാൻ റാലിയിൽ ട്രൂഡോ പങ്കെടുത്തതിനെക്കുറിച്ച് ഇന്ത്യയുടെ പ്രതികരണം ഇങ്ങനെ ആയിരുന്നു. കാനഡയിൽ തീവ്രവാദ ഘടകങ്ങളുടെ വർദ്ധനവ് കാണുമ്പോൾ, ഗുരുതരമായ സാഹചര്യത്തെക്കുറിച്ചും അതിവേഗം വഷളാകുന്ന ബന്ധത്തെക്കുറിച്ചും തന്റെ ആശങ്ക ഉദ്ധരിച്ച് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞത് ശ്രദ്ധേയമാണ്, ഖലിസ്ഥാനി വിഘടനവാദികൾക്ക് രാഷ്ട്രീയ ഇടം അനുവദിച്ചുകൊണ്ട്, കനേഡിയൻ സർക്കാർ അതിന്റെ വോട്ട് ബാങ്ക് രാഷ്ട്രീയം അതിന്റെ നിയമവാഴ്ചയേക്കാൾ ശക്തമാണെന്ന് ആവർത്തിച്ച് കാണിക്കുന്നു. ഇന്ത്യ അഭിപ്രായ സ്വാതന്ത്ര്യത്തെ ബഹുമാനിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു. എന്നാൽ അത് വിദേശ നയതന്ത്രജ്ഞരെ ഭീഷണിപ്പെടുത്തുന്നതിനോ വിഘടനവാദത്തിന് പിന്തുണ നൽകുന്നതിനോ അക്രമവും ഭീകരതയും പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങൾക്ക് രാഷ്ട്രീയ ഇടം അനുവദിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യത്തിനല്ലെന്ന് പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയോട് സംസാരിക്കവെ ജയശങ്കർ വ്യക്തമാക്കുകയുണ്ടായി.

പഞ്ചാബിൽ നിന്നുള്ള സിഖ് കുടിയേറ്റക്കാരിൽ നിന്ന് തിരഞ്ഞെടുത്ത ഖാലിസ്ഥാനി വിഘടനവാദികളെ പരാമർശിച്ച് സംശയാസ്പദമായ പശ്ചാത്തലമുള്ള ആളുകളെ കാനഡയിൽ പ്രവേശിക്കാനും താമസിക്കാനും എങ്ങനെ അനുവദിക്കുന്നുവെന്നതിൽ ജയശങ്കർ ആശ്ചര്യപ്പെട്ടു. നിയമങ്ങൾ അടിസ്ഥാനമാക്കിയുള്ള ഏതൊരു സമൂഹത്തിലും നിങ്ങൾ ആളുകളുടെ പശ്ചാത്തലം, അവർ എങ്ങനെ വന്നു, അവർ എന്ത് പാസ്പോർട്ട് കൊണ്ടുപോയി എന്നൊക്കെ പരിശോധിക്കും. നിങ്ങൾക്ക് സംശയാസ്പദമായ രേഖകളുമായി ആളുകൾ ഉണ്ടെങ്കിൽ, എന്താണ് അഭിപ്രായം? നിങ്ങളുടെ നിയമവാഴ്ചയേക്കാൾ ശക്തമാണ് നിങ്ങളുടെ വോട്ട് ബാങ്ക് എന്ന് അത് നിങ്ങളെ കുറിച്ച് പറയുന്നു എന്നല്ലെ? എസ്. ജയശങ്കർ പറഞ്ഞു.

കാനഡയിൽ ഖലിസ്ഥാൻ ഭീകരൻ ഹർദീപ് സിംഗ് നിജ്ജാറിനെ കൊലപ്പെടുത്തിയതിൽ ഇന്ത്യൻ സർക്കാർ ഏജന്റുമാർക്ക് പങ്കുണ്ടെന്ന് ജസ്റ്റിൻ ട്രൂഡോ ആരോപിച്ചതിനെത്തുടർന്ന് ഇന്ത്യയും കാനഡയും വൻ നയതന്ത്ര പ്രതിസന്ധിയെയാണ് അഭിമുഖീകരിക്കുന്നത്. അതേസമയം കാനഡയുടെ ആരോപണങ്ങൾ ഇന്ത്യ തള്ളിക്കളഞ്ഞു. ഇത് അസംബന്ധം എന്നും രാഷ്ട്രീയ പ്രേരിതം എന്നാണ് വിശേഷിപ്പിച്ചത്.

### ട്രൂഡോയുടെ രാഷ്ട്രീയ തിരിച്ചടികൾ

കഴിഞ്ഞ കുറച്ച് മാസങ്ങളായി ജസ്റ്റിൻ ട്രൂഡോയ്ക്ക് രാഷ്ട്രീയ തിരിച്ചടികൾ നേരിടേണ്ടി വന്നിരുന്നു. അദ്ദേഹത്തിന്റെ പ്രധാന സഖ്യകക്ഷിയായ ജഗ്മീത് സിങ്ങിന്റെ പാർട്ടിയുടെ പിന്തുണ നഷ്ടപ്പെട്ടതാണ് അദ്ദേഹത്തെ ആശങ്കപ്പെടുത്തുന്നത്. സിംഗ് 'ഖാലിസ്ഥാന്' പരസ്യമായി പിന്തുണ നൽകിയിരുന്നു.

കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ നേതൃത്വത്തെക്കുറിച്ചുള്ള സംശയങ്ങൾ അദ്ദേഹത്തിന്റെ ഭരണകക്ഷിയായ ലിബറൽ പാർട്ടിക്ക് ഒരു പ്രത്യേക തിരഞ്ഞെടുപ്പിൽ രണ്ട് തോൽവികൾ ഏറ്റുവാങ്ങിയതിന് ശേഷം ശക്തമായിരുന്നു. എന്നിരുന്നാലും, ജനപ്രീതിയില്ലാത്ത നേതാവായിട്ടും ദേശീയ വോട്ടിങ്ങിന് മുമ്പായി ആ സ്ഥാനത്ത് ഉറച്ചുനിൽക്കാൻ തീരുമാനിക്കുകയായിരുന്നു.

ജൂൺ അവസാനത്തിൽ ടൊറന്റോയിലെ തോൽവിയെ തുടർന്നുള്ള നഷ്ടം, അടുത്ത ദേശീയ തിരഞ്ഞെടുപ്പിൽ ലിബറൽ സാധ്യതകൾ മങ്ങിയതാണെന്ന ധാരണ ശക്തിപ്പെടുത്തി. ട്രൂഡോയുടെ ന്യൂനപക്ഷ ഗവൺമെന്റിന്റെ മാൻഡേറ്റ് 2025 ഒക്ടോബർ അവസാനത്തോടെ അവസാനിക്കും.

പണപ്പെരുപ്പം, ആരോഗ്യപരിപാലനം, പാർപ്പിട പ്രതിസന്ധി എന്നിവയെക്കുറിച്ചുള്ള അതൃപ്തിക്കിടയിലും അടുത്ത തിരഞ്ഞെടുപ്പിൽ ലിബറലുകൾ ഔദ്യോഗിക പ്രതിപക്ഷ വലതുപക്ഷ കൺസർവേറ്റീവുകളോട് മോശമായി തോൽക്കുമെന്ന് സർവേകൾ സൂചിപ്പിക്കുന്നുവെങ്കിലും, ട്രൂഡോയും അദ്ദേഹത്തിന്റെ അടുത്ത സഹായികളും പറയുന്നത് അദ്ദേഹം എവിടേയും പോകുന്നില്ലെന്നും പാർട്ടിയെ സഹായിക്കാൻ ഒപ്പം ഉണ്ടാകുമെന്നും അതിനുള്ള സമയം ഉണ്ടെന്നുമാണ്.

ഗ്ലോബൽ മാർക്കറ്റ് റിസർച്ച് ആൻഡ് പബ്ലിക് ഒപിനിയൻ സ്ഥാപനമായ ഐപിഎസ്ഒഎസ് നടത്തിയ ഒരു സർവേ പ്രകാരം, 26 ശതമാനം ആളുകൾ മാത്രമാണ് ജസ്റ്റിൻ ട്രൂഡോയെ ഒരു നല്ല പ്രധാനമന്ത്രിയായി കാണുന്നത്. കൺസർവേറ്റീവ് പാർട്ടിയുടെ നേതാവായ പിയറി പൊയിലീവ്രെയേക്കാൾ 19 ശതമാനം കുറവാണെന്ന് അദ്ദേഹത്തിന് ലഭിച്ച വോട്ട്. പ്രധാനമന്ത്രി സ്ഥാനത്തുനിന്നും പുറത്താക്കപ്പെടുന്ന സാഹചര്യം നേരിടുന്ന ട്രൂഡോ, വോട്ടർമാരുടെ ധ്രുവീകരണത്തിനായി ഇന്ത്യയ്ക്കെതിരെ നിരവധി ആരോപണങ്ങൾ ഉന്നയിച്ചു. തന്റെ വോട്ട് ബാങ്കിനായി തനിക്ക് പ്രധാനമന്ത്രിയായി തുടരാനുള്ള എല്ലാ പിന്തുണയും നേടാനുള്ള തീവ്രശ്രമത്തിലാണ് അദ്ദേഹം.

### ഇന്ത്യൻ ഡയസ്പോറ

കാനഡയിലെ ഇന്ത്യൻ പ്രവാസികൾ ഏകദേശം 1.8 ദശലക്ഷം ശക്തരാണ്, കൂടാതെ ഒരു ദശലക്ഷം പ്രവാസി ഇന്ത്യക്കാരും രാജ്യത്ത് താമസിക്കുന്നുണ്ട്. കൂടുതലും സിഖ് വംശജരായ ഇന്ത്യൻ പ്രവാസികൾ കാനഡയുടെ രാഷ്ട്രീയത്തിൽ സ്വാധീനമുള്ള ഒരു സംഘമായി കണക്കാക്കപ്പെടുന്നു.

# അക്രമ പ്രവർത്തനങ്ങളെ തടയാനാണ് ഇന്ത്യൻ നയതന്ത്രജ്ഞർക്കെതിരെ കാനഡ പൊലീസ് പരസ്യമായി പ്രതികരിച്ചതെന്ന് ട്രൂഡോ

ഒട്ടാവ: കൊള്ള, കൊലപാതകം, വാഹനമോടിച്ചുള്ള വെടിവെപ്പ് എന്നിവയുൾപ്പെടെയുള്ള അക്രമ പ്രവർത്തനങ്ങളെ തടയേണ്ടതിനാലാണ് കാനഡയിലെ ദേശീയ പോലീസ് സേന ഈ ആഴ്ച ഇന്ത്യൻ നയതന്ത്രജ്ഞർക്കെതിരായ ആരോപണങ്ങളുമായി പരസ്യമായി രംഗത്തിറങ്ങിയെന്ന് പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ. ഒട്ടാവയിലെ വിദേശ ഇടപെടൽ കമ്മീഷനു മുമ്പാകെ ബുധനാഴ്ച മൊഴി നൽകവെയാണ് ട്രൂഡോ ഇപ്രകാരം അഭിപ്രായപ്പെട്ടത്.

2023 ജൂണിൽ ഖാലിസ്ഥാൻ തീവ്രവാദി ഹർദീപ് സിംഗ് നിജ്ജാറിനെ കൊലപ്പെടുത്തിയ സംഭവത്തിൽ ഇന്ത്യയുടെ ഉന്നത നയതന്ത്രജ്ഞർക്കും മറ്റ് അഞ്ച് നയതന്ത്ര ഉദ്യോഗസ്ഥർക്കും ബന്ധമുണ്ടെന്ന് തിരിച്ചറിഞ്ഞതായി റോയൽ കനേഡിയൻ പോലീസ് അറിയിച്ചിരുന്നു. ഇന്ത്യൻ ഗവൺമെന്റിന്റെ ഏജന്റുമാർ കാനഡക്കാർക്കെതിരെ തീവ്രമായ പ്രചാരണം നടത്തുന്നതിന്റെ തെളിവുകൾ തങ്ങൾ കണ്ടെത്തിയതായും പൊലീസ് പറഞ്ഞു.

''ഞങ്ങൾ ഇന്ത്യയെ പ്രകോപിപ്പിക്കാനോ യുദ്ധം സൃഷ്ടിക്കാനോ നോക്കുന്നില്ല. കാനഡയുടെ സുരക്ഷയിലും പരമാധികാരത്തിലും ചെയ്തതുപോലെ ആക്രമണാത്മകമായി ഇടപെടാൻ കഴിയുമെന്ന് കരുതിക്കൊണ്ട് ഇന്ത്യൻ സർക്കാർ ഭയാനകമായ തെറ്റ് ചെയ്തു. കാനഡക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഞങ്ങൾ പ്രതികരിക്കേണ്ടതുണ്ട്,'' ട്രൂഡോ പറഞ്ഞു. നിജാറിന്റെ കൊലപാതകം ഒരു വർഷത്തിലേറെയായി ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തെ വഷളാക്കുകയും ഇരു രാജ്യങ്ങളും പരസ്പരം ഉന്നത നയതന്ത്രജ്ഞരെ പുറത്താക്കുന്നതിലേക്ക് എത്തുകയും ചെയ്തിട്ടുണ്ട്.

ഇന്ത്യയുമായുള്ള ബന്ധം തകരാതിരിക്കാൻ താൻ ശ്രമിച്ചിട്ടുണ്ടെന്നും കനേഡിയൻ ഉദ്യോഗസ്ഥർ തങ്ങളുടെ ഇന്ത്യൻ സഹപ്രവർത്തകർക്ക് സ്വകാര്യമായി തെളിവുകൾ നൽകിയിട്ടുണ്ടെന്നും ട്രൂഡോ പറഞ്ഞു. ഇന്ത്യൻ നയതന്ത്രജ്ഞർ കനേഡിയൻമാരെക്കുറിച്ചുള്ള വിവരങ്ങൾ ഇന്ത്യൻ സർക്കാരിന്റെ ഉന്നത തലങ്ങളിലേക്ക് കൈമാറുന്നുണ്ടെന്ന് ട്രൂഡോ പറഞ്ഞു. അത് കനേഡിയൻമാർക്കെതിരായ അക്രമത്തിന് കാരണമാവുകയും ചെയ്തു. ''ആർസിഎംപിയുടെ ദൃഢനിശ്ചയമാണ് ആ പദ്ധതിയെ തടസ്സപ്പെടുത്തേണ്ടത്,'' അദ്ദേഹം പറഞ്ഞു.



SERVING OUR COMMUNITY FOR OVER 31 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Prudential

# ഉപതിരഞ്ഞെടുപ്പിന് നടുവിൽ സി.പി.എമ്മിന് 'ദിവ്യഷോക്ക്'



തിരുവനന്തപുരം: ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപന ദിവസം യുവ നേതാവ് പി.പി.ദിവ്യ ഏല്പിച്ച കടുത്ത ആഘാതം പ്രചാരണത്തെ തകിടം മറിക്കുമെന്ന അങ്കലാപ്പിൽ സി.പി.എം. യാത്രഅയപ്പ് ചടങ്ങിൽ കടന്നുകയറി ദിവ്യ നടത്തിയ വ്യക്തിഹത്യയിൽ മനമുരുകിയാണ് എ.ഡി.എം നവീൻ ബാബു ജീവനൊടുക്കിയത്. ഇത് മലയാളക്കരയുടെ മനസ്സിനെ ഉലച്ചു. ദിവ്യയെ അറസ്റ്റ് ചെയ്ത് ആത്മഹത്യാ പ്രേരണക്കുറ്റത്തിന് കേസെടുക്കണമെന്ന ആവശ്യവും ശക്തമാകുന്നു.

വോട്ടർമാരെ വിഷയം എങ്ങനെ സ്വാധീനിക്കുമെന്നതാണ് പാർട്ടി നേതൃത്വത്തെ കുഴയ്ക്കുന്നത്. മാത്രമല്ല, നവീനിന്റേത് പാരമ്പര്യമായി സി.പി.എം കുടുംബവും. കുടുംബത്തോടൊപ്പം ഉറച്ചുനിൽക്കുന്ന പാർട്ടി പത്തനംതിട്ട ജില്ലാ നേതൃത്വം കടുത്ത നടപടി ആവശ്യപ്പെട്ടിരിക്കെ, ദിവ്യയെ സംരക്ഷിക്കാനുള്ള കണ്ണൂർ ഘടകത്തിന്റ ശ്രമം കൂടുതൽ ദോഷം വരുത്തുകയേയുള്ളൂ. പ്രത്യേകിച്ച് വോട്ടെടുപ്പിന് നാളുകളേ ബാക്കിയുള്ളൂവെന്നിരിക്കെ.

പാർലമെന്റ് തിരഞ്ഞെടുപ്പിലേറ്റ കനത്ത തിരിച്ചടിയിലും പാഠം പഠിക്കാതെ ഒരു വിഭാഗം തുടരുന്ന ധാർഷ്ട്യത്തിന്റെ ഒടുവിലത്തെ നേർ സാക്ഷ്യമാണ് നവീൻ സംഭവമെന്നാണ് വിലയിരുത്തപ്പെടുന്നത്. പ്രചാരണ രംഗത്തെ പ്രത്യാക്രമണം നേരിടാൻ ഏറെ വിയർപ്പൊഴുക്കേണ്ടിവരും. പാർട്ടിയെ മുൾമുനയിൽ നിറുത്തി കണക്കുപറയിക്കാൻ പ്രതിപക്ഷത്തിന് വജ്രായുധമാണ് കിട്ടിയിരിക്കുന്നത്. ദിവ്യയ്ക്കെതിരെ അടിയന്തര നടപടി എടുത്തില്ലെങ്കിൽ പൊതുസമൂഹത്തിൽ പിടിച്ചുനിൽക്കാനാവാത്ത സ്ഥിതിയുണ്ടാകുമെന്ന അഭിപ്രായം പാർട്ടി നേതാക്കൾക്കിടയിലുണ്ട്.

തെറ്റായ പ്രവണതകൾ തിരുത്തുമെന്നും ജനങ്ങളെ കൂടുതൽ അടുപ്പിച്ച് നിറുത്തണമെന്നുമായിരുന്നു പാർലമെന്റ് തിരഞ്ഞെടുപ്പിലെ തിരിച്ചടിയെ തുടർന്ന് പാർട്ടി കൈക്കൊണ്ട തീരുമാനം. ഒന്നിനു പിറകേ സംഭവിക്കുന്നത് നേരെ മറിച്ചും.

### ഉയരുന്ന ബിനാമി സംശയം

പെട്രോൾ പമ്പിന് എൻ.ഒ.സി നേടിയെടുക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്തിനാണ് ഇത്ര താത്പര്യം കാട്ടിയതെന്ന ചോദ്യവും ഉയരുന്നു. ദിവ്യയുടെ ഭർത്താവിന്റെ ബിനാമിയാണ് പമ്പിന്റെ അപേക്ഷകനെന്ന ആക്ഷേപം കോൺഗ്രസ് ഉയർത്തിക്കഴിഞ്ഞു. ചില സി.പി.എം നേതാക്കൾക്കും പങ്കാളിത്തമുണ്ടെന്നും അന്വേഷിക്കണമെന്നും കണ്ണൂർ ഡി.സി.സി പ്രസിഡന്റ് മാർട്ടിൻ ജോർജ് ആവശ്യപ്പെട്ടു.

### ശബരിമലയിൽ തിരുത്തി, പക്ഷേ...

1. അൻവർ ബോംബ്, ആർ.എസ്.എസ് എ.ഡി.ജി.പി കൂടിക്കാഴ്ച, തൃശൂർ പൂരം കലക്കൽ, ദ ഹിന്ദുവിലെ മുഖ്യമന്ത്രിയുടെ വിവാദ അഭിമുഖം എന്നിവയിലായിരുന്നു സർക്കാരും മുഖ്യമന്ത്രിയും കഴിഞ്ഞ കുറെ നാളായി പ്രതിരോധത്തിലായത്. ഈ അവസരത്തിലെല്ലാം പാർട്ടി സംരക്ഷണം നൽകി.

2. അതിനിടെയാണ്, ശബരിമലയിൽ സ്പോട്ട് ബുക്കിംഗ് നിറുത്തലാക്കിയുള്ള ബുദ്ധിശൂന്യത. പക്ഷേ, അതേനാളിൽ തന്നെയാണ് ദ്യവ്യാദോഷം വന്നുപതിച്ചത്. ഇതു നിസാരമായിക്കണ്ടാൽ തിരഞ്ഞെടുപ്പിൽ വിവരമറിയും.

3. ദിവ്യയടേത് സദുദ്ദേശ്യപരമായ വിമർശനമെന്നാണ് സി.പി.എം കണ്ണൂർ നേതൃത്വം ന്യായീകരിച്ചത്. എന്നാൽ, സമഗ്രാന്വേഷണമാണ് പത്തനംതിട്ട ജില്ലാ സെക്രട്ടറി ആവശ്യപ്പെട്ടത്. പതിവിനു വിപരീതമായി പാർട്ടിയുടെ ശക്തികേന്ദ്രങ്ങളായ രണ്ടു ജില്ലകൾ വ്യത്യസ്ത നിലപാടിൽ നിൽക്കുന്നതും നേതൃത്വത്തെ കുഴയ്ക്കുന്നു.

### നവീൻബാബുവിന്റെ മൃതദേഹം നാട്ടിലെത്തിച്ചു

കണ്ണൂർ ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ അപമാനിച്ചതിൽ മനംനൊന്ത് ജീവനൊടുക്കിയ എ.ഡി.എം നവീൻബാബുവിന്റെ മൃതദേഹം ജന്മനാടായ പത്തനംതിട്ടയിലെത്തിച്ചു.

താങ്ങാനാവാത്ത ഹൃദയനൊമ്പരത്തോടെ സുഹൃത്തുക്കളും പഴയ സഹപ്രവർത്തകരും അന്ത്യാഞ്ജലി അർപ്പിച്ചു. തളർന്ന മനസും കണ്ണീരുമായി ബന്ധുക്കൾ മൃതദേഹത്തിനരികിലിരുന്നു വീർപ്പടക്കി.

ഇന്നു (ഒക്ടോ.17) രാവിലെ 10ന് കളക്ടറേറ്റിൽ പൊതുദർശനം. പതിനൊന്നയോടെ സ്വദേശമായ മലയാലപ്പുഴ പത്തിശേരിൽ കാരുവള്ളിയിൽ വീട്ടിലെത്തിക്കും. 3ന് വീട്ടുവളപ്പിൽ സംസ്കാരം.

ഇന്നലെ പുലർച്ചെ 2 മണിയോടെ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് മൃതദേഹവുമായി പുറപ്പെട്ട ആംബുലൻസ് ഉച്ചയ്ക്ക് 12നാണ് പത്തനംതിട്ട ക്രിസ്ത്യൻ മെഡിക്കൽ സെന്ററിലെത്തിയത്.









# പെട്രോൾ പമ്പുടമ പ്രശാന്തൻ ബിനാമിയെന്ന് ആരോപണം

കണ്ണൂർ: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദിവ്യക്കെതിരെ ഗുരുതര ആരോപണവുമായി പ്രതിപക്ഷ സംഘടനകൾ. പരാതിക്കാരനായ പെട്രോൾ പമ്പുടമ ടി.വി.പ്രശാന്തൻ ദിവ്യയുടെ ഭർത്താവ് വി.പി.അജിത്തിന്റെ ബിനാമിയാണെന്ന് കോൺഗ്രസും ബി.ജെ.പിയും ആരോപിക്കുന്നു. ഇതുകാരണമാണ് ദിവ്യ വിഷയത്തിൽ ഇടപെട്ടതെന്നാണ് ആരോപണം.

സി.പി.എം നേതാക്കൾക്കും പെട്രോൾ പമ്പിൽ പങ്കാളിത്തമുണ്ടെന്ന ആരോപണവും ഇതിനിടെ ഉയർന്നു. ഇക്കാര്യത്തിലടക്കം സമഗ്ര അന്വേഷണം വേണമെന്ന് കണ്ണൂർ ഡി.സി.സി അദ്ധ്യക്ഷൻ മാർട്ടിൻ ജോർജ് ആവശ്യപ്പെട്ടു. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലെ ഇലക്ട്രീഷ്യനായ പ്രശാന്തൻ ദിവ്യയുടെ ഭർത്താവിന്റെ അടുത്ത സുഹൃത്തും സർവീസ് സംഘടനയിൽ സഹപ്രവർത്തകനുമാണ്.

എ.കെ.ജി സെന്റർ ഓഫീസ് സെക്രട്ടറി ബിജു കണ്ടക്കൈയുടെ പിതൃസഹോദര പുത്രനുമാണ് പ്രശാന്തൻ. സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റംഗം പി.വി.ഗോപിനാഥിന്റെ അമ്മാവന്റെ മകനുമാണ്. പ്രശാന്തൻ പരിയാരം മെഡിക്കൽ കോളേജിലെ കരാർ തൊഴിലാളിയായിരുന്നു. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതോടെ അടുത്തിടെ അവിടെ ജീവനക്കാരനായി. ശ്രീകണ്ഠാപുരം ചെങ്ങളായിയിൽ പള്ളി വക സ്ഥലം 20 വർഷത്തേക്ക് പാട്ടത്തിനെടുത്താണ് പ്രശാന്തൻ പെട്രോൾ പമ്പ് തുടങ്ങാനായി അനുമതി തേടിയത്.

**ദിവ്യയുടെ രാജിക്കായി സമ്മർദ്ദം മുറുകുന്നു**

കണ്ണൂർ എ.ഡി.എം നവീൻബാബു ജീവനൊടുക്കിയ സംഭവത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ രാജി വച്ചൊഴിയണമെന്ന പരക്കെയുയരുന്ന ആവശ്യം സി.പി.എം പരിഗണനയിൽ. പാർട്ടിക്കകത്തും രാജി ആവശ്യം ശക്തമായ സാഹചര്യത്തിലാണിത്. പാർട്ടി കേന്ദ്രകമ്മിറ്റിയംഗം പി.കെ.ശ്രീമതി അടക്കം വനിതാ നേതാക്കളും ദിവ്യയെ തള്ളിയിട്ടുണ്ട്.

അധികാരം വ്യക്തിപരമായ പ്രശ്നം തീർക്കാൻ ഉപയോഗിച്ചെന്നാണ് സി.പി.എം. ജില്ലാ നേതൃത്വത്തിന്റെ വിലയിരുത്തൽ. ദിവ്യയുടെ പാർട്ടി ജില്ലാ കമ്മിറ്റി അംഗത്വത്തിന്റെ കാര്യത്തിലും തീരുമാനം വേണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്. സി.പി.എം പത്തനംതിട്ട ജില്ലാ നേതൃത്വം സംസ്ഥാന നേതൃത്വത്തിന് മുന്നിൽ ദിവ്യയ്ക്കെതിരായ നടപടിക്കായി ശക്തമായ നിലപാടെടുത്തിട്ടുണ്ട്. പാർട്ടി കുടുംബാംഗമായ നവീൻ ബാബുവിനെ പരസ്യമായി അവഹേളിക്കുകയും തേജോവധം നടത്തുകയും ചെയ്ത ദിവ്യക്കെതിരെ നടപടി നിർബന്ധമാണെന്നാണ് ആവശ്യം.

ആത്മഹത്യാ പ്രേരണയ്ക്ക് കേസെടുക്കണമെന്ന ആവശ്യവും പല കോണുകളിൽ നിന്ന് ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ട്. കേസെടുക്കേണ്ടിവന്നാൽ ദിവ്യക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം നഷ്ടമാകും. ഇക്കാര്യമുൾപ്പെടെ പാർട്ടി ഉടൻ ചർച്ച ചെയ്യും. പൊതുപ്രവർത്തകയെന്ന നിലയിൽ വലിയ പാളിച്ചയുണ്ടായെന്ന വിലയിരുത്തലിൽ രാജി ചോദിച്ചു വാങ്ങുന്നത് അടക്കമുള്ള നടപടികളിലേക്ക് പാർട്ടി കടന്നേക്കുമെന്നാണ് വിവരം.

# ശബരിമല ഓൺലൈൻ ബുക്കിംഗ് 70000 മാത്രം

പത്തനംതിട്ട/കൊച്ചി: ശബരിമല ദർശനത്തിന് സ്പോട്ട് ബുക്കിംഗ് വീണ്ടും അനുവദിക്കാൻ തീരുമാനിച്ചതോടെ, ഓൺലൈൻ ബുക്കിംഗിന്റെ എണ്ണം എൺപതിനായിരത്തിൽ നിന്ന് എഴുപതിനായിരമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വെട്ടിക്കുറച്ചു. നവംബർ 15 മുതൽ ജനുവരി 19 വരെ നടക്കുന്ന മണ്ഡല, മകരവിളക്ക് കാലത്തേക്കുള്ള ഓൺലൈൻ ബുക്കിംഗ് ഇന്നലെ (ഒക്ടോ.16) വൈകുന്നേരം അഞ്ചു മണിയോടെ ആരംഭിച്ചു.

ആറരയോടെ ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്തും അംഗങ്ങളായ അഡ്വ.എ.അജികുമാറും ജി.സുന്ദരേശനും സന്നിധാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒക്ടോ.അഞ്ചിന് ചേർന്ന അവലോകനയോഗത്തിലാണ് എൺപതിനായിരം പേർക്ക് ദർശനം അനുവദിക്കാൻ തീരുമാനിച്ചിരുന്നത്. അതിലാണ് മാറ്റം വരുത്തിയത്.



കഴിഞ്ഞ സീസണിൽ ഇരുപതിനായിരത്തോളം പേർ പ്രതിദിനം സ്പോട്ട് ബുക്കിംഗിലൂടെ ദർശനം നടത്തിയിരുന്നു. അന്ന് ഓൺലൈൻ ബുക്കിംഗിലൂടെ എൺപതിനായിരം പേർക്കും തിരക്ക് നിയന്ത്രണാതീതമായപ്പോൾ, എഴുപതിനായിരം പേർക്കും ദർശനം അനുവദിച്ചിരുന്നു. ആ എഴുപതിനായിരമായാണ് ഇക്കുറി തുടക്കം മുതൽ പരിമിതപ്പെടുത്തിയിരിക്കുന്നത്. ഫലത്തിൽ ഓരോ ദിവസത്തെയും തീർത്ഥാടകരുടെ മൊത്തം എണ്ണം നിശ്ചിത പരിധി കടന്നു പോകാതിരിക്കാനാണ് ബോർഡ് എണ്ണം വെട്ടിക്കുറച്ചത്. സ്പോട്ട് ബുക്കിംഗ് ഒഴിവാക്കിയാലുണ്ടാകുന്ന ഭവിഷ്യത്തുകൾ ചൂണ്ടിക്കാട്ടിയതിനെ തുടർന്നാണ് വീണ്ടും അത് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചത്.

അതേസമയം സ്പോട്ട് ബുക്കിംഗ് നിറുത്തലാക്കാൻ പാടില്ലെന്ന ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും വിശദീകരണം തേടി. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ അദ്ധ്യക്ഷനായ ദേവസ്വം ബെഞ്ചിന്റേതാണ് നടപടി. ശിവസേന സംസ്ഥാന പ്രസിഡന്റ് പേരൂർക്കട ഹരികുമാറാണ് അഡ്വ. ടി.കെ. അനന്തകൃഷ്ണൻ മുഖേന ഹർജി നൽകിയത്. ഹർജി 24ന് പരിഗണിക്കാൻ മാറ്റി. ഭമണ്ഡലകാലത്തെ തിരക്കിനനുസരിച്ച് എണ്ണം കൂട്ടുന്ന കാര്യം പരിഗണിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത് പറഞ്ഞു.

**സ്പോട്ട് ബുക്കിംഗ് എണ്ണം അപര്യാപ്തം**

ഓൺലൈൻ ബുക്കിംഗ് എഴുപതിനായിരമായി കുറച്ചതോടെ സ്പോട്ട് ബുക്കിംഗ് എണ്ണവും കുറയും. കഴിഞ്ഞ വർഷങ്ങളിൽ സാധാരണ ദിവസങ്ങളിൽ ഇരുപതിനായിരം പേരാണ് സ്പോട്ട് ബുക്കിംഗിലൂടെ ദർശനം നടത്തിയത്. ഇതോടെ നേരിട്ട് ദർശനത്തിന് എത്തുന്ന പതിനായിരത്തോളം പേർക്ക് അവസരം ലഭിക്കില്ല. ഓൺലൈൻ, സ്പോട്ട് ബുക്കിംഗിലൂടെ പ്രതിദിനം ആകെ എൺപതിനായിരം പേർക്കാണ് ദർശനം ലഭിക്കുക. തിരക്ക് നിയന്ത്രിച്ച് ഭക്തരുടെ സുരക്ഷ ഉറപ്പാക്കാനാണ് ഓൺലൈൻ ബുക്കിംഗ് എഴുപതിനായിരമായി നിജപ്പെടുത്തിയതെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് ന്യായീകരിച്ചു.











# പാലക്കാട് ചെറിയൊരു ട്വിസ്റ്റ്! കോൺഗ്രസിൽ നിന്ന് രാജിക്കില്ലെന്ന് സരിൻ



പാലക്കാട്: കെ.പി.സി.സി ഡിജിറ്റൽ സെൽ അദ്ധ്യക്ഷൻ പി.സരിൻ കോൺഗ്രസിൽ നിന്ന് രാജിക്കില്ലെന്ന് റിപ്പോർട്ട്. എന്നാൽ അദ്ദേഹം ഇന്ന് (ഒക്ടോബർ 17) ന് രാവിലെ 11.30ന് വീണ്ടും മാധ്യമങ്ങളെ കാണും.

കോൺഗ്രസിൽ നിന്ന് രാജിക്കില്ലെന്ന നിലപാടാണ് സരിൻ സ്വീകരിക്കുക. പാർട്ടി തീരുമാനങ്ങളെ കുറിച്ച് തനിക്ക് പറയാനുള്ളത് ഇനിയും പറയും എന്ന നിലപാടാണ് സരിനെടുക്കുക. തിരുത്തൽ ശക്തിയായി പൊതുസമൂഹത്തിൽ അടയാളപ്പെടുത്താനാണ് സരിന്റെ ശ്രമം.

ഇതിനിടെ സരിനെതിരെ അച്ചടക്ക നടപടി വേണ്ടെന്ന് കോൺഗ്രസ് നേതൃതലത്തിൽ ധാരണ. സരിൻ പുറത്തു പോകുന്നെങ്കിൽ പോകട്ടെ എന്ന നിലപാടിലാണ് സംസ്ഥാന നേതൃത്വം.

സരിന്റെ നീക്കങ്ങൾ ആസൂത്രിതമാണെന്നും ഒരു മാസത്തിലേറെയായി സരിൻ സി.പി.എം നേതൃത്വവുമായി ചർച്ചയിലായിരുന്നുവെന്നുമാണ് കോൺഗ്രസ് അനുമാനിക്കുന്നത്.

സ്ഥാനാർത്ഥിത്വം നിഷേധിക്കപ്പെട്ടാൽ പാർട്ടിക്കെതിരെ നിലപാട് എടുക്കുമെന്ന് മുതിർന്ന നേതാക്കളിൽ ചിലർക്ക് സരിൻ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ സരിനെ അനുനയിപ്പിക്കാനാകുമെന്ന പ്രതീക്ഷയിലായിരുന്നു നേതൃത്വം. രാഹുൽ മാങ്കൂട്ടത്തിലിന്റെ സ്ഥാനാർത്ഥിത്വം തീരുമാനിച്ച ശേഷം പ്രധാന നേതാക്കൾ സരിനോട് സംസാരിച്ചെങ്കിലും സരിൻ വഴങ്ങിയില്ല.

പാലക്കാട് ഇടത് സ്വാനാത്ഥിയായാണ് സരിൻ മത്സര രംഗത്തെത്തുന്നത്. കോൺഗ്രസ് സ്ഥാനാർത്ഥി പ്രഖ്യാപനത്തിന് ശേഷമാണ് സരിൻ പരസ്യ പ്രതികരണം നടത്തിയത്. ഇത് മുതലെടുത്തുകൊണ്ടായിരുന്നു സി.പി.എം നീക്കം.

# എസ്. അരുൺകുമാർ നമ്പൂതിരി പുതിയ ശബരിമല മേൽശാന്തി



പത്തനംതിട്ട: ശബരിമല ക്ഷേത്രത്തിലെ പുതിയ മേൽശാന്തിയായി എസ്. അരുൺകുമാർ നമ്പൂതിരിയെ തെരഞ്ഞെടുത്തു. കൊല്ലം ശക്തിക്കുളങ്ങര സ്വദേശിയായ എസ്. അരുൺകുമാർ നമ്പൂതിരി തിരുവനന്തപുരം ആറ്റുകാൽ ക്ഷേത്രത്തിലെ മുൻ മേൽശാന്തിയാണ്. മാളികപ്പുറം മേൽശാന്തിയായി കോഴിക്കോട് തിരുമംഗലത്ത് ഇല്ലം ടി വാസുദേവൻ നമ്പൂതിരിയെയും തെരഞ്ഞെടുത്തു. ഉഷപൂജക്ക് ശേഷം രാവിലെ 7.30യോടെയാണ് ശബരിമലയിൽ പുതിയ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നടന്നത്. ശബരിമല ക്ഷേത്രത്തിലേക്കുള്ള മേൽശാന്തി തെരഞ്ഞെടുപ്പിൽ 24 പേരാണ് അന്തിമ പട്ടികയിലുണ്ടായിരുന്നത്. പന്തളം കൊട്ടാരത്തിലെ ഇളമുറക്കാരായ ഋഷികേശ് ആണ് ശബരിമല മേൽശാന്തിയുടെ നറുക്ക് എടുത്തത്. കൊല്ലം ലക്ഷ്മിനട ക്ഷേത്രത്തിലെ മേൽശാന്തിയാണ് നിയുക്ത ശബരിമല മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെട്ട എസ്. അരുൺകുമാർ. ശബരിമല മേൽശാന്തി പട്ടികയിൽ ആറ് തവണ ഉൾപ്പെട്ടിട്ടുണ്ട്. ശബരിമല മേൽശാന്തി നറുക്കെടുപ്പിന ശേഷം പന്തളം കൊട്ടാരത്തിലെ ഇളമുറക്കാരി വൈഷ്ണവി മാളികപ്പുറത്തെ മേൽശാന്തിയുടെ നറുക്ക് എടുത്തു.

15 പേരാണ് മാളികപ്പുറം മേൽശാന്തി നറുക്കെടുപ്പിനുള്ള അന്തിമ പട്ടികയിലുണ്ടായിരുന്നത്. തുലാമാസ പൂജകൾക്കായി ഇന്നലെയാണ് ശബരിമല നട തുറന്നത്. ഒക്ടോബർ 21ന് നട അടയ്ക്കും.












# 'ദിവ്യ'മല്ലാത്ത സ്മാർട്ട്നെസ്; ജീവനെടുത്ത പ്രതികാരം







ബാബു കദളിക്കാട്

സിനിമയിലെ ഭരത്ചന്ദ്രൻ ഐ.പി.എസിനെയും പൂഞ്ഞാറിലെ പി.സി ജോർജിനെയും മനസിൽ പ്രതിഷ്ഠിച്ച് സ്മാർട്ട് ആകാൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ അവതരിപ്പിച്ച അപക്വ നാടകത്തിലൂടെ ഉന്നതോദ്യോഗസ്ഥന്റെ ജീവൻ പൊലിഞ്ഞ ദുരന്തം സി.പി.എമ്മിനെ കൊണ്ടെത്തിച്ചിരിക്കുന്നത് അതിസങ്കീർണ്ണത വിഷമവൃത്തത്തിൽ. അഞ്ചു കൊല്ലം മുമ്പ് ആന്തൂരിൽ പ്രവാസി സംരംഭകൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ ആരോപിതയായിരുന്ന നഗരസഭാധ്യക്ഷ പി.കെ. ശ്യാമളയെ ഉളുപ്പില്ലാതെ ന്യായീകരിക്കാൻ സി.പി.എമ്മിന് കഴിഞ്ഞതു പോലെ ദിവ്യയെ വെള്ളപൂശാനാകില്ല പാർട്ടിക്കെന്നു വ്യക്തം.

സി.പി.എം നേതാവ് കൂടിയായ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഴിമതി ആരോപണമുന്നയിച്ചതിൽ മനംനൊന്ത് കണ്ണൂർ എ.ഡി.എം നവീൻ ബാബു ജീവനൊടുക്കിയത് കേരളത്തെ വല്ലാതെ അമ്പരപ്പിക്കുന്നു; അസ്വാസ്ഥ്യപ്പെടുത്തുന്നു. നവീൻ ബാബുവിന്റെ കുടുംബത്തിന്റെ മാത്രം വേദനയല്ല ഈ ദുരന്തം. സംസ്ഥാനത്തിന്റെ മനസ്സാക്ഷിയാണ് പൊള്ളുന്നത്. പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിലും അഴിമതി സാർവത്രികമാകുന്നതിന്റെ നാണംകെടുത്തുന്ന വർത്തമാനങ്ങളില്ലാതെ ഒരു ദിവസവും കടന്നുപോകുന്നില്ല എന്ന പരമാർഥം നിലനിൽക്കുമ്പോഴും ഒരു രാഷ്ട്രീയ നേതാവിന്റെ അപക്വപെരുമാറ്റം മനുഷ്യജീവൻ പൊലിയാൻ ഇടയാക്കിയെങ്കിൽ, അതീവ ഗൗരവമുള്ളതാണതെന്ന് പൊതുസമൂഹം വിലയിരുത്തുന്നു. ഭരണ ഗർവോടെ വിലസുന്ന സി.പി.എം നേതാക്കളുടെയും ജനപ്രതിനിധികളുടെയും ധാർഷ്ട്യത്തിനും കാടത്തത്തിനും ഒരു ഇര കൂടി ഉണ്ടായിരിക്കുന്നുവെന്ന കുറ്റപ്പെടുത്തലാണ് പ്രതിപക്ഷത്തുനിന്നുയരുന്നത്.

അഴിമതിക്കഥകളും അസംബന്ധകൂടിക്കാഴ്ചകളുമൊക്കെ വാർത്താമാധ്യമങ്ങളെ വിളിച്ചുവരുത്തി പരസ്യമാക്കുന്നത് ഇടതുപക്ഷ ലൈൻ അല്ല എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കിയിരുന്നു. അൻവർ എം.എൽ.എയുടെ ചില വിവാദ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിലാണ് പാർട്ടിയുടെ ഈ പ്രഖ്യാപിത നയം ഒരിക്കൽക്കൂടി അദ്ദേഹം എടുത്തുപറഞ്ഞത്. ഇങ്ങനെയുള്ള കാര്യങ്ങൾ ആദ്യം പാർട്ടിയെ അറിയിക്കണം. പിന്നെ വേണമെങ്കിൽ മുഖ്യമന്ത്രി എന്ന നിലയിൽ തന്നെയും അറിയിക്കാം. അൻവർ എം.എൽ.എ ഇടതുപക്ഷ സ്വതന്ത്രനാണ്. സി.പി.എം അംഗമല്ല. അതിനാൽ ഈ അച്ചടക്കം സാങ്കേതികമായി അൻവറിന് ബാധകമാകില്ല. എന്നാൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യയുടെ കാര്യം അങ്ങനെയല്ല. അവർ അടിയുറച്ച സി.പി.എമ്മുകാരിയാണ്. പാർട്ടിയുടെ അച്ചടക്കവും നയവും പാലിക്കേണ്ടത് അവരുടെ ചുമതലയും കടമയുമാണ്. മുഖ്യമന്ത്രി ചൂണ്ടിക്കാട്ടിയ പാർട്ടി ലൈൻ പരസ്യമായി അവർ ലംഘിക്കുകയാണ് ചെയ്തതെന്ന വിമർശം തള്ളിക്കളയാനാകില്ല.

അഴിമതിമുക്ത ഭരണമാണ് ഏതു സർക്കാരിന്റെയും ഭരണവാഗ്ദാനങ്ങളിലെ ഒന്നാം ഇനം. ഒന്നും രണ്ടും പിണറായി സർക്കാരും ഇതാവർത്തിച്ചു. അഴിമതിയുടെ തോത് കുറയ്ക്കാനായെന്ന് സർക്കാരുകൾ ആണയിടുന്നുണ്ടെങ്കിലും വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് പുറത്തുവരുന്ന നാണംകെട്ട അഴിമതിക്കഥകൾക്ക് കുറവൊന്നുമില്ല. ഓരോ ദിവസവും പല ജില്ലകളിൽ നിന്നായി, പല വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ പുറത്തുവരുന്നു. ചില കേസുകളിലെങ്കിലും പ്രതികൾ ശിക്ഷിക്കപ്പെടുമ്പോഴും അഴിമതിയെന്ന ദുർഭൂതത്തിനു മാത്രം കടിഞ്ഞാണില്ലെന്ന വസ്തുത ഇതിനിടെ വീണ്ടും ചർച്ചാ വിഷയമായി മാറുന്നു.

രാഷ്ട്രീയ അപക്വതയുടെയോ ധാർഷ്ട്യത്തിന്റെയോ പ്രതിരൂപമായി മാത്രമേ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചെയ്തികളെയും വാക്കുകളെയും സാധാരണ ജനങ്ങൾക്ക് കാണാൻ കഴിയൂ. അതിന് കൊടുക്കേണ്ടി വന്ന വിലയാകട്ടെ സർക്കാർ ഉദ്യോഗസ്ഥന്റെ ജീവനും. പൊതുപ്രവർത്തകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥപ്രമുഖർ, നിയമപാലനം ഉറപ്പാക്കേണ്ട പൊലിസ് ഉദ്യോഗസ്ഥർ എന്നുവേണ്ട, സേവനങ്ങൾക്കായി സാധാരണജനങ്ങൾക്ക് സമീപിക്കേണ്ടിവരുന്ന അധികാരസ്ഥാനങ്ങളെല്ലാം കൈക്കൂലിയുടെയും അഴിമതിയുടെയും ദുർഗന്ധം വമിക്കുന്ന മാലിന്യക്കുഴികളായി മാറുന്നത് നാടിന്റെ ശാപംതന്നെ. ഒരു ചെറിയവിഭാഗം ഉദ്യോഗസ്ഥരുടെ വഴിപിഴച്ച പോക്കാണ് ഈ ദുർഗതികൾക്കു കാരണമെന്നതും യാഥാർത്ഥ്യം. എന്നാൽ അഴിമതി തുടച്ചുനീക്കുമെന്ന സദുദ്ദേശ്യത്തോടെ മാത്രമായി പി.വി ദിവ്യ എന്ന സി.പി.എം നേതാവ് ചടങ്ങിൽ എത്തിയെന്ന് വിശ്വസിക്കുന്നവരുണ്ടാകില്ല. പാർട്ടിയുടെ നയവും അച്ചടക്കവും പാലിക്കാതെ ഇതുപോലെ വാവിട്ട് സംസാരിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുത്തില്ലെങ്കിൽ എവിടെയും ഞാഞ്ഞൂലുകൾ തലപൊക്കുമെന്ന് പാർട്ടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. പലപ്പോഴും പാർട്ടിയുടെ കെട്ടുറപ്പിനെ തകർക്കുന്നത് പുറത്തുള്ളവരല്ല. അകത്തുള്ളവരുടെ ഗ്രൂപ്പ് വഴക്കും പടലപ്പിണക്കങ്ങളും അധികാരമോഹവുമാണെന്നത് വ്യക്തം. അതിന്റെ ഏറ്റവും ഒടുവിലത്തെ ഇരയാണ് ഹതഭാഗ്യനായ നവീൻ ബാബു.

കണ്ണൂരിൽനിന്ന് പത്തനംതിട്ടയിലേക്ക് സ്ഥലംമാറ്റം ലഭിച്ച നവീൻ ബാബു, അടുത്ത ദിവസം ജോലിയിൽ പ്രവേശിക്കാനിരിക്കുകയായിരുന്നു. കണ്ണൂർ കലക്ടറേറ്റിൽ അദ്ദേഹത്തിന്റെ യാത്രയയപ്പ് ചടങ്ങിലേക്ക് ക്ഷണിക്കപ്പെടാതെ കടന്നുവന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ഡി.എമ്മിനെ അഴിമതിക്കാരനെന്ന് പരസ്യമായി അധിക്ഷേപിച്ചു. അതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നതും ആസൂത്രിതമായായിരുന്നു. ഈ മനോവിഷമം സഹിക്കവയ്യാതെയാണ് നവീൻ ബാബു സ്വന്തം ക്വാർട്ടേഴ്സിൽ ജീവനൊടുക്കിയതെന്നാണ് ആരോപണം. അഴിമതിക്കാരനെന്ന ട്രാക്ക് റെക്കോഡ് തന്റെ സർവിസ് കാലയളവിൽ എഴുതിച്ചേർത്തയാളല്ല അദ്ദേഹം. റവന്യു മന്ത്രിയും ജില്ലാ കലക്ടറുമൊക്കെ ഇത് സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു.

എത്രയോ വലിയ ആരോപണങ്ങൾ പല പാർട്ടികളുടെയും നേതാക്കൾക്കും ബന്ധുക്കൾക്കും നേരെ ഉയർന്നിട്ടുണ്ട്. പക്ഷേ, ആരും തൂങ്ങിമരിച്ചില്ല.

യാത്രയയപ്പ് യോഗത്തിൽ നവീനെതിരേ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രൂക്ഷ വിമർശനം ഉന്നയിച്ചത് ജില്ലാ കലക്ടറുടെ സാന്നിധ്യത്തിലായിരുന്നു. നവീൻ ബാബുവിന് ഉപഹാരങ്ങൾ നൽകാൻ കാത്തുനിൽക്കുന്നില്ലെന്നു പറഞ്ഞ് പ്രസിഡന്റ് ഇറങ്ങിപ്പോകുകയും ചെയ്തു. പത്തനംതിട്ട ഓഫിസിൽ അടുത്ത ദിവസം ജോയിൻ ചെയ്യേണ്ടതിനാൽ അദ്ദേഹത്തിന്റെ വരവും കാത്ത് കുടുംബം ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയിരുന്നു. എന്നാൽ നവീൻ വരുമെന്ന് അറിയിച്ച ട്രെയിനിൽ കാണാതായതോടെയാണ് അന്വേഷിച്ചത്. അപ്പോഴാണ് കണ്ണൂരിലെ ക്വാർട്ടേഴ്സിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ വിവരം അറിയുന്നത്. സർവീസിൽനിന്ന് വിരമിക്കാൻ ഏഴു മാസം മാത്രം ബാക്കിനിൽക്കെയാണ് നവീൻ ബാബുവിന്റെ മരണം. അഴിമതി ആരോപണം അദ്ദേഹത്തിന്റെ കുടുംബം നിഷേധിച്ചിട്ടുണ്ട്. എക്കലവും സി.പി.എം ബന്ധം പുലർത്തിവന്നിരുന്നവരാണ് നവീൻ ബാബുവും ബന്ധുക്കളും. സി.പി.എം ഉദ്യോഗസ്ഥ സംഘടനയിൽ അംഗമായ നവീൻ ബാബു വിരമിക്കാൻ ഏഴ് മാസം മാത്രം അവശേഷിക്കേയാണ് ഈ അപമാനവും ആത്മഹത്യയും.

യാത്രയയപ്പ് ചടങ്ങിൽ റവന്യു സ്റ്റാഫിനല്ലാതെ മറ്റാർക്കും ക്ഷണമുണ്ടായിരുന്നില്ല. മാധ്യമപ്രവർത്തകരോ പി.ആർ.ഡി ജീവനക്കാരോ ചടങ്ങിലുണ്ടായിരുന്നില്ല. എന്നാൽ ദിവ്യ ചടങ്ങിൽ എത്തുന്നതിന് മുൻപുതന്നെ ഒരു വീഡിയോഗ്രാഫർ സ്ഥലത്തെത്തിയിരുന്നു. ദിവ്യയുടെ ആറ് മിനിട്ട് നീണ്ട പ്രസംഗവും ഇറങ്ങിപ്പോക്കും മുഴുവനായി ചിത്രീകരിക്കുകയും ചെയ്തു. രാത്രിയോടെ ഈ വീഡിയോ മാധ്യമപ്രവർത്തകർക്കും ചാനലുകൾക്കും ലഭിക്കുകയായിരുന്നു. എ.ഡി.എമ്മിനെ പരമാവധി അപമാനിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഇക്കാര്യങ്ങൾ നടന്നതെന്നാണ് ആരോപണം ഉയരുന്നത്. ദിവ്യയുടെ അസാധാരണ പ്രതികാര വഴികൾ സുവ്യക്തം. ആത്മഹത്യക്കുള്ള പ്രേരണക്കുറ്റമാണ് അവരുടെ മേൽ ആരോപിക്കപ്പെടുന്നത്.

പെട്രോൾ പമ്പിന്റെ എൻ.ഒ.സിക്കുവേണ്ടി ഒരു ലക്ഷം രൂപ നവീൻ ബാബു ആവശ്യപ്പെട്ടുവെന്നും ഇതിൽ 98,500 രൂപ നൽകിയെന്നും മുഖ്യമന്ത്രിക്ക് സി.പി.എം സഹയാത്രികനായ സംരംഭകൻ പരാതി നൽകിയിരുന്നു. ഈ പരാതിക്കും പണം കൈമാറലിനും പിന്നിലെല്ലാം ഗൂഢാലോചന നടന്നിട്ടുണ്ടെന്നാണ് പ്രതിപക്ഷം ഉയർത്തുന്ന ആരോപണം. ഇതിന്റെയെല്ലാം വസ്തുത സർക്കാർ പ്രഖ്യാപിച്ച അന്വേഷണത്തിലൂടെ പുറത്തുവരുമെന്ന് പാർട്ടി നേതാക്കൾ പറയുന്നുണ്ടെങ്കിലും വേണ്ടപ്പെട്ടവർ പ്രതിസ്ഥാനത്തു നിൽക്കുമ്പോൾ അതിനുള്ള ആർജവം സർക്കാരിനുണ്ടാകുമോയെന്നാണ് ഇനി അറിയേണ്ടത്. കണ്ണൂരിൽ സംഭവിച്ചത് ഇനി ഒരിടത്തും ആവർത്തിക്കാൻ പാടില്ലാത്തതാണ്. ആര് തെറ്റ് ചെയ്താലും ശിക്ഷിക്കപ്പെടുകതന്നെ വേണം. അത് എത്ര ഉന്നത സ്ഥാനത്തിരിക്കുന്നയാളായാലും. അവർക്ക് കവചമൊരുക്കാൻ ശ്രമിക്കുന്നവർ ആരായാലും അവരെ ഒറ്റപ്പെടുത്തുകയാണ് വേണ്ടത്.

### ഫയലും ജീവിതവും

ഓരോ ഫയലും ഓരോ ജീവിതമാണെന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ ആപ്തവാക്യമായെടുത്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പക്ഷേ, ഒരു പൊതുജന താൽപര്യമുള്ള വിഷയത്തിലുള്ള പ്രതിഷേധമല്ല എ.ഡി.എമ്മിനെതിരേ കാട്ടിയതെന്നതു ശ്രദ്ധേയമാണ്. സി.പി.എം ബന്ധുവായ ഒരാളുടെ വ്യക്തിപരമായ കാര്യത്തിലാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇടപെട്ടതും ഉയർന്ന ഉദ്യോഗസ്ഥനെ സമൂഹമധ്യത്തിൽ അധിക്ഷേപിച്ചതും. തനിക്ക് താൽപര്യമില്ലാത്ത ഉദ്യോഗസ്ഥനെ പരസ്യമായി അധിക്ഷേപിക്കാൻ കിട്ടിയ അവസരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിട്ടുകളഞ്ഞില്ലെന്നു വേണം കരുതാൻ. ജില്ലാ ഭരണകൂടത്തെ നയിക്കുന്നയാളിൽനിന്നുതന്നെയാണ് ഇത്തരം അപക്വ പെരുമാറ്റങ്ങളുണ്ടായത്.

ദിവ്യ പറയുന്നതുപോലെയെങ്കിൽ ഒരു പെട്രോൾ പമ്പിന്റെ എൻ.ഒ.സിയുമായി ബന്ധപ്പെട്ട് ഒരാൾ എന്തിനാണ് ഇത്രയേറെ തവണ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഓഫീസ് കയറി ഇറങ്ങുന്നതെന്ന സംശയം ഉയുന്നുണ്ട്. എ.ഡി.എം അഴിമതിക്കാരനാണെങ്കിൽ നിയമത്തിന്റെയോ അധികാരത്തിന്റെയോ വഴികൾ സ്വീകരിച്ച് നടപടിയെടുക്കുന്നതിന് പകരം എന്തിന് ഉയർന്ന സ്ഥാനത്തിരുന്ന് വ്യക്തിയധിക്ഷേപത്തിലേക്ക് പോയി? പെട്രോൾ പമ്പിന്റെ എൻ.ഒ.സിക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നടത്തിയ ഇടപെടലുകൾ സ്വജനപക്ഷപാതമല്ലാതെ മറ്റെന്ത്?. ഓരോ ജനപ്രതിനിധിയും സ്വന്തം നിലയ്ക്ക് വിചാരണയും ശിക്ഷയും വിധിച്ചാൽ എന്തിനാണ് ഇവിടെ ഒരു സർക്കാർ? നവീൻ ബാബുവിന്റെ മരണം ഇതിനെല്ലാം ഉത്തരം തേടുന്നുണ്ട്.

ജനപ്രതിനിധികളെ ആരെയും ക്ഷണിക്കാത്ത യോഗത്തിലായിരുന്നു എ.ഡി.എമ്മിന് യാത്രഅയപ്പ് നൽകിയത്. അതിലേക്ക് ക്ഷണിക്കപ്പെടാത്ത അതിഥിയായി അവർ കയറിച്ചെന്നു. അതൊരു വലിയ തെറ്റായി കാണേണ്ടതില്ല. യാത്ര അയപ്പ് നൽകുന്ന വ്യക്തിയെക്കുറിച്ച് രണ്ട് നല്ല വാക്കുകൾ പറയുന്നതിനാണെങ്കിൽ രാഷ്ട്രീയ നേതാക്കൾക്ക് ജനങ്ങളോടുള്ള പ്രതിബദ്ധതയുടെ പേരിൽ ക്ഷണിക്കാതെയും ചെല്ലാം. പക്ഷേ ഇവിടെ അതല്ല സംഭവിച്ചത്. പെട്രോൾ പമ്പ് അനുവദിച്ചതിനു പിന്നിൽ അഴിമതിയുണ്ടെന്നും അത് രണ്ടു ദിവസത്തിനുള്ളിൽ വിശദീകരിക്കുമെന്നും പറഞ്ഞ് വേദിയിൽ എ.ഡി.എം നവീൻ ബാബുവിനെ അപഹസിക്കുകയും അവഹേളിക്കുകയുമാണ് പി.പി. ദിവ്യ ചെയ്തത്. ഇതൊരു കമ്മ്യൂണിസ്റ്റ് രീതിയാണെന്ന് ആർക്കും പറയാനാകില്ല. അങ്ങനെയുള്ള അഴിമതിയെക്കുറിച്ച് അവർക്ക് ബോധ്യമുണ്ടായിരുന്നെങ്കിൽ ആദ്യം ജില്ലാ കമ്മിറ്റിയെ അറിയിക്കണമായിരുന്നു. അല്ലെങ്കിൽ പാർട്ടി സെക്രട്ടറിയെയോ മുഖ്യമന്ത്രിയെയോ അറിയിക്കണമായിരുന്നു. ഇതിലൊന്നും നടപടി ഉണ്ടായില്ലെങ്കിൽപ്പോലും പൊതുവേദിയിൽ വന്ന് അച്ചടക്കമുള്ള ഒരു നേതാവ് അത് വിളിച്ചുപറയാൻ പാടില്ല.

അച്ചടക്കം ലംഘിക്കുക മാത്രമല്ല ദിവ്യ ചെയ്തത്. സാമൂഹ്യ ജീവിതത്തിൽ പാലിക്കേണ്ട മിനിമം ഔചിത്യം പോലും കാണിച്ചില്ല. ഒരു യാത്രഅയപ്പ് യോഗത്തിൽ ഇങ്ങനെയൊക്കെ വിളിച്ചുപറയുന്നത് രാഷ്ട്രീയ നേതാവെന്ന നിലയിൽ അവർ പുലർത്തുന്ന അങ്ങേയറ്റത്തെ ധാർഷ്ട്യമാണ് വ്യക്തമാക്കുന്നത്. നവീൻ ബാബു അഴിമതിക്കാരനല്ലെന്നാണ് സഹപ്രവർത്തകരും ബന്ധുക്കളും പറയുന്നത്. ഇനി അഴിമതിക്കാരനാണെന്ന് ആരെയെങ്കിലും കൊണ്ട് പറയിപ്പിക്കുക ദുഷ്കരവുമല്ല.

പാർട്ടി സത്യസന്ധമായി അന്വേഷിച്ചാൽ അദ്ദേഹം അഴിമതിക്കാരനാണോ അല്ലയോ എന്ന് കൃത്യമായി മനസ്സിലാക്കാനാവും. തീർച്ചയായും ദുർബ്ബലനായ ഒരു മനുഷ്യനാണ് നവീൻ ബാബു. അതുകൊണ്ടാണ് വാക്കുകൾ കൊണ്ട് മുറിവേറ്റ ഉടൻ മറ്റൊന്നും ആലോചിക്കാതെ ക്വാർട്ടേഴ്സിൽ പോയി തുങ്ങിമരിച്ചത്. രണ്ട് പെൺകുട്ടികളുടെ പിതാവ്. അവരുടെ അനാഥത്വത്തിന് ആർക്കിനി എന്തു പരിഹാരം ചെയ്യാനാവും?

ഒരാൾ കുറ്റക്കാരനാണെങ്കിൽ ശിക്ഷിക്കപ്പെടണം എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ, അത് നിയമപരമായ മാർഗത്തിലായിരിക്കണം. അതിന് രാജ്യത്ത് സംവിധാനങ്ങളുണ്ട്. സി.പി.എം അല്ല ശിക്ഷ വിധിക്കേണ്ടതും നടപ്പാക്കേണ്ടതും. നേരിട്ട് വിചാരണ നടത്തുകയും ശിക്ഷ നടപ്പാക്കുകയും ചെയ്ത ചരിത്രമുള്ള പാർട്ടിയാണ് സി.പി.എം. പാർട്ടിക്ക് സ്വന്തം പോലീസും കോടതിയും നിയമ സംവിധാനവുമുണ്ടെന്ന് ഉന്നത നേതാക്കൾ സമ്മതിച്ചിട്ടുമുണ്ട്. ഭരണത്തിന്റെ തണലിൽ നിയമ വ്യവസ്ഥ കയ്യാളുന്ന ശൈലി ചെറു നേതാക്കളും അണികളും ഏറ്റെടുക്കാൻ ഒരുങ്ങുന്നതിന്റെ സൂചനയാണ് കണ്ണൂർ സംഭവമെന്ന ആരോപണം തള്ളിക്കളയുന്നില്ല സാധാരണ ജനങ്ങൾ.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായെയും കുറിച്ച് നിലവിട്ട പരാമർശം നടത്തിയ വ്യക്തിയാണ് ഈ സംഭവത്തിലെ പ്രതിനായികയെന്ന് ബി.ജെ.പി പറയുന്നു. അതിനൊക്കെ കയ്യടിക്കാൻ പാർട്ടിക്കാർ ഉണ്ടായേക്കാം. പക്ഷെ, നിയമ സംവിധാനം ന്യായത്തിന്റെയും നീതിയുടെയും സത്യത്തിന്റെയും പക്ഷത്തു തന്നെ നിൽക്കുമെന്ന കാര്യം മറക്കുന്നത് ഗുണകരമാകില്ല.

സി.പി.എം കണ്ണൂർ ജില്ലാ കമ്മറ്റി അംഗം ഗോപിനാഥിന്റെ ബന്ധു ടി.വി. പ്രശാന്തന് ബി.പി.സി.എല്ലിന്റെ ഔട്ട്ലറ്റ് തുടങ്ങാൻ അനുമതി ലഭിച്ചിരുന്നു. എന്നാൽ മാനദണ്ഡങ്ങൾ എല്ലാം പാലിക്കാത്തതിനാൽ എൻ.ഒ.സി നൽകാൻ എ.ഡി.എം നവീൻ ബാബു തയ്യാറായില്ലത്രെ. തുടർന്നാണ് ദിവ്യ വിളിച്ച് പാർട്ടിയുടെ തീരുമാനം ആണെന്ന രീതിയിൽ ഭീഷണി സ്വരത്തിൽ സംസാരിച്ചതെന്നാണ് ആരോപണം. എ.ഡി.എം തെറ്റുകാരനാണെങ്കിൽ നിയമം അതിന്റെ കർത്തവ്യം നിറവേറ്റട്ടെയെന്നു സാധാരണ ജനങ്ങൾ പറയുന്നു.

അല്ലെങ്കിൽ, സത്യസന്ധനായൊരു ഉദ്യോഗസ്ഥനെ മാനസിക പീഡനത്തിലൂടെ മരണത്തിലേക്ക് തള്ളിവിട്ടതിന് ഈ വനിതാ നേതാവ് മറുപടി പറയേണ്ടിവരുമെന്നു ജനങ്ങൾ കരുതുന്നു; പക്ഷേ, പാർട്ടി നിലപാട് എത്രത്തോളം സുതാര്യമാകുമെന്ന കാര്യം ഇനിയും കണ്ടറിയേണ്ടിയിരിക്കുന്നു.

# 15–ാമത് കെ.സി.സി.എൻ.എ സാൻ–ആന്റോണിയോ കൺവൻഷൻ ദൃശ്യങ്ങളിലൂടെ...



# ഉമ്മൻ ചാണ്ടിയുടെ രാജിയും കുഴഞ്ഞുമറിഞ്ഞ കോൺഗ്രസും




ഗുരുവായൂർ ഉപതെരഞ്ഞെടുപ്പിനുശേഷം കേരള രാഷ്ട്രീയത്തിൽ സംഭവബഹുലമായ ഒട്ടേറെ സംഗതികൾ അരങ്ങേറി. ഉടൻ തന്നെ വന്ന രാജ്യസഭാ തെരഞ്ഞെടുപ്പാണ് എല്ലാത്തിന്റെയും തുടക്കം. ഇതിനിടെ ലീഗ് നേതൃത്വവുമായി ഇടഞ്ഞ അഖിലേന്ത്യ പ്രസിഡന്റ് ഇബ്രാഹിം സുലൈമാൻ സേട്ട് പാർട്ടി വിടുകയും ഇന്ത്യൻ നാഷണൽ ലീഗ് എന്ന പുതിയ പാർട്ടി ഉണ്ടാക്കുകയും ചെയ്തു.

ഗുരുവായൂരിൽ നിന്നുള്ള നിയമസഭ അംഗം പി.എം. അബൂബക്കർ ആ പാർട്ടിയുടെ ഭാഗമായി എം.എൽ.എ സ്ഥാനം രാജിവച്ചു. ആ ഒഴിവിലാണ് 1994 മേയ് 26 ഉപതിരഞ്ഞെടുപ്പ് നടന്നത്. വാഗ്മിയും മതപണ്ഡിതനുമായ അബ്ദുസമദ് സമദാനി ആയിരുന്നു യു.ഡി.എഫിന്റെ സ്ഥാനാർത്ഥി. ചലച്ചിത്ര സംവിധായകൻ പി.ടി. കുഞ്ഞുമുഹമ്മദിനെ ഇടതുമുന്നണി രംഗത്തിറക്കി. ഐ.എൻ.എല്ലും പി.ഡി.പിയും വർഗീയ കക്ഷികൾ ആണെന്നും അവരുമായി കൂട്ടുകൂടില്ലെന്നും സി.പി.എം സംസ്ഥാന സമിതി പ്രഖ്യാപിച്ചെങ്കിലും ആ രണ്ടു പാർട്ടികളും സി.പി.എം മുന്നണിയുടെ അനൗദ്യോഗിക അഭിഭാജ്യ ഘടകങ്ങളായി നിലകൊണ്ടു.

ആ തെരഞ്ഞെടുപ്പിലെ ഏറ്റവും മുഖ്യമായ ചർച്ചാവിഷയം അയോധ്യ തന്നെയായിരുന്നു. തിരഞ്ഞെടുപ്പിൽ പി.ടി. കുഞ്ഞുമുഹമ്മദ് ജയിച്ചു. രാജ്യസഭയിൽ ആകട്ടെ അരങ്ങിൽ സുധാകരൻ, എം.എം. ജേക്കബ്, ഇ. ബാലാനന്ദൻ എന്നിവരുടെ കാലാവധി തീർന്ന ഒഴിവുകളിൽ രാജ്യസഭാ തിരഞ്ഞെടുപ്പ് വന്നു. അതാണ് ഈയിടെ ഡൽഹിയിൽ വച്ചുള്ള അനൗദ്യോഗിക ചർച്ചയിൽ ഉയർന്നുവന്നത്. കരുണാകരൻ അറിയാതെ ചർച്ച നടത്തി എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രശ്നം.

മൂന്ന് ഒഴിവിൽ രണ്ട് ഒഴിവ് കോൺഗ്രസിനുള്ളതാണ് അതിൽ ഒരു സീറ്റ് എന്തായാലും ആന്റണി ഗ്രൂപ്പിനെ കിട്ടുമെന്ന് പൂർണ വിശ്വാസം ഉണ്ടായിരുന്നു ഉമ്മൻചാണ്ടിക്ക്. എ.സി. ജോസ്, ഡോ.എം.എ. കുട്ടപ്പൻ, തലൈക്കുന്നിൽ ബഷീർ എന്നിവ അടങ്ങിയ പാനൽ ഉമ്മൻചാണ്ടി സമർപ്പിച്ചു. പാനിൽ കണ്ടു ഊറിച്ചിരിച്ചു, അതിനു ശേഷം കരുണാകരൻ ഉമ്മൻചാണ്ടിയെ വിളിച്ച് നിങ്ങൾ ഒരാളുടെ പേര് മുന്നോട്ടുവയ്ക്കു എന്ന് നിർദ്ദേശിച്ചു. അങ്ങനെ ഉമ്മൻചാണ്ടി സഹപ്രവർത്തകരുമായി ആലോചിച്ച് ഡോ.എം.എ. കുട്ടപ്പന്റെ പേര് നൽകി. വയലാർ രവിയായിരുന്നു കോൺഗ്രസിന്റെ മറ്റൊരു സ്ഥാനാർത്ഥി. എം.എ. കുട്ടപ്പൻ പത്രിക നൽകി. എന്നാൽ വയലാർ രവിക്കും കുട്ടപ്പനും ഒപ്പം മുസ്ലിംലീഗിലെ അബ്ദുസമദ് സമദാനിയും പത്രിക നൽകി. രാവിലെ മന്ത്രിസഭ യോഗം ഉണ്ടായിരുന്നു അതിനുശേഷം കൊരമ്പയിൽ അഹമ്മദ് ഹാജി, സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ, പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവർ മുഖ്യമന്ത്രിയെ കണ്ടു സീറ്റ് ആവശ്യപ്പെട്ടു. രണ്ട് സീറ്റുകളിൽ ഒന്ന് കോൺഗ്രസിന് ആണെന്നും മറ്റൊന്ന് യു.ഡി.എഫ് ആണെന്നും ലീഗ് അവകാശവാദം ഉന്നയിച്ചു.

സത്യത്തിൽ, തന്ത്രപരമായ ഒരു നീക്കം നടത്തുകയായിരുന്നു ലീഗും മുഖ്യമന്ത്രി കരുണാകരനും. അത് ഇങ്ങനെയായിരുന്നു. കരുണാകരൻ പറഞ്ഞു ഒന്ന് കോൺഗ്രസിനുള്ള സീറ്റ്. മറ്റൊന്ന് യു.ഡി.എഫിലുള്ളത്. അത് ആർക്കുമാകാം. അതിൽ മുൻതൂക്കവും പ്രത്യേക സാഹചര്യവും കണക്കിലെടുത്ത് ആർക്ക് കൊടുക്കമമെന്നു കൂട്ടായി തീരുമാനിക്കാം.

അത് തന്നെയല്ല ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അയോധ്യപ്രശനം മുന്നിൽ നിൽക്കുന്നതുകൊണ്ടും ലീഗ് സ്ഥാനാർത്ഥി ഗുരുവായൂരിൽ തോറ്റതുകൊണ്ടും ആ സീറ്റ് മുസ്ലിംലീഗിന് കൊടുക്കുന്നതായിരിക്കും ഉചിതം. അയോധ്യയുടെ മുറിവുണക്കാൻ അത് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു ഹൈക്കമാൻഡ് പറയട്ടെ എന്നായിരുന്നു ഉമ്മൻചാണ്ടിയുടെയും കൂട്ടരുടെ നിലപാട്.

എങ്ങിനെയും കുട്ടപ്പനെ രാജ്യസഭയിൽ എത്തിക്കണമെന്നുള്ള തീവ്രമായ ശ്രമം നടത്തുകയായിരുന്നു ആന്റണി ഗ്രൂപ്പ്. ഡൽഹിയിൽ പലരെയും ഫോണിൽ വിളിച്ചു. ഇതിനിടെ കരുണാകരൻ ഉമ്മൻചാണ്ടിയെ കാണണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ഇരുവരും കൂടിക്കാഴ്ച നടത്തിയെങ്കിലും ഫലമുണ്ടായില്ല. പിറ്റേദിവസം രാവിലെ അഞ്ചുമണിക്ക് ഉമ്മൻചാണ്ടിയുടെ വീട്ടിലെ ഫോൺ ബെൽ അടിച്ചു. ചാടിപ്പിടച്ച് ഉമ്മൻചാണ്ടി ഫോൺ എടുത്തു മറുതലക്കൽ അഹമ്മദ് പട്ടേൽ ആണ്. പരിഭവിക്കരുത്, വയലാർ രവി ആണ് കോൺഗ്രസിന്റെ രാജ്യസഭാ സ്ഥാനാർഥി എന്ന് പട്ടേൽ അറിയിച്ചു. പി.സി.സി പ്രസിഡന്റ് ആയതുകൊണ്ട് അദ്ദേഹത്തെ പിൻവലിക്കാൻ ആവില്ല. രവിയുടെ സ്ഥാനാർത്ഥിത്വം അംഗീകരിക്കണം. കുട്ടപ്പന്റെ പത്രിക പിൻവലിക്കണം. ഹൈക്കമാന്റിന്റെ തീരുമാനം അതാണെങ്കിൽ അക്ഷരം അനുസരിക്കാം എന്ന് ഉമ്മൻചാണ്ടി പറഞ്ഞെങ്കിലും ഒരു വ്യവസ്ഥവച്ചു.

താൻ ധനമന്ത്രി സ്ഥാനം രാജിവെക്കും. അതിനു തടസ്സം പറയരുത്. അത് ഡൽഹിയിൽ ചർച്ച ചെയ്തിട്ട് തീരുമാനിക്കാം എന്ന് അദ്ദേഹം പറഞ്ഞു. ഉമ്മൻചാണ്ടി അതിന് വഴങ്ങിയില്ല. അദ്ദേഹം ഫോൺ താഴെ വച്ചു. ഇതിനിടെ അഹമ്മദ് പട്ടേൽ ഡോ. കുട്ടപ്പനയും വിളിച്ച് പത്രിക പിൻവലിക്കുന്ന കാര്യം സംസാരിച്ചിരുന്നു.

അപ്പോൾ തന്നെ ഉമ്മൻചാണ്ടി എ.കെ. ആന്റണിയെ വിളിച്ച് കാര്യങ്ങൾ ബോധിപ്പിച്ചു. ഇതിനിടെ കെ.പി. വിശ്വനാഥിന്റെ ഔദ്യോഗിക വസതിയിൽ ആന്റണി ഗ്രൂപ്പുകാർ ഒത്തുകൂടിയിരുന്നു. അവിടേക്ക് ഉമ്മൻചാണ്ടിയും എത്തി. വന്നപാടെ ഉമ്മൻചാണ്ടി താൻ രാജിവെക്കുന്നു എന്ന കാര്യം അറിയിച്ചു. ഏറെ ശോകമൂകമായ ഒരു അന്തരീക്ഷം..! രാവിലെ 11 മണിക്ക് മുമ്പായി കുട്ടപ്പൻ പത്രിക പിൻവലിച്ചു. ഉമ്മൻചാണ്ടി അത്യാവശ്യ ഫയലുകൾ എല്ലാം നോക്കിയതിനുശേഷം കൃത്യം 3.30ന് കരുണാകരന്റെ ഓഫീസിലെത്തി രാജിക്കത്ത് നേരിട്ട് നൽകി.

രണ്ടു വാചകത്തിലായിരുന്നു കത്ത്.

പ്രിയപ്പെട്ട മുഖ്യമന്ത്രി.

അങ്ങയുടെ മന്ത്രിസഭയിൽ നിന്ന് ഞാനിതാ രാജിവെക്കുന്നു. മന്ത്രി എന്ന നിലയിൽ എനിക്ക് നൽകിയ എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

ഉമ്മൻചാണ്ടി.

എന്നാൽ ഇതിനിടെ മുസ്ലിം ലീഗ് നേതാക്കൾ ഒത്തുകൂടി ഉമ്മൻചാണ്ടിയോട് ഒരുകാരണവശാലും രാജിവെക്കരുത് എന്ന് അഭ്യർത്ഥിച്ചു. അതിന് ഒന്നു ചിരിച്ചതല്ലാതെ പ്രത്യേകിച്ചൊന്നും പറഞ്ഞില്ല ഉമ്മൻ ചാണ്ടി. എന്തായാലും വലിയൊരു ഭാരം തലയിൽ നിന്നും ഇറക്കി വെച്ച അനുഭവമായിരുന്നു ഉമ്മൻചാണ്ടിക്ക്.

യു.ഡി.എഫിൽ നിന്നും മൂന്നപേർ പത്രിക സമർപ്പിച്ചപ്പോൾ തന്നെ കാര്യങ്ങൾ ഏതാണ്ട് വ്യക്തമായതാണ്. അന്ന് തന്നെ രാജിക്കാര്യവും ഉമ്മൻ ചാണ്ടി ഉറപ്പിച്ചിരുന്നു. എന്നാൽ എല്ലാം രഹസ്യമാക്കി വച്ചു. അടുത്ത സഹപ്രവർത്തകരോട് മാത്രം രാജിക്കാര്യം സൂചിപ്പിച്ചിരുന്നു. തുടർന്ന് തൈക്കാട് ഹൗസിൽ ഒരു യോഗം ചേർന്നു ആന്റണി ഗ്രൂപ്പുകാർ.

ഈ യോഗത്തെ മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. കരുണാകരനിൽ ആന്റണി ഗ്രൂപ്പ് അവിശ്വാസം പ്രകടിപ്പിച്ചു എന്നായിരുന്നു. കെ. കരുണാകരൻ രാജിവെക്കണമെന്ന് വിശ്വനാഥൻ ആവശ്യപ്പെട്ടു എന്നും പോലും പ്രചാരണം ഉണ്ടായി. ഉടൻതന്നെ കരുണാകരൻ വിശ്വനാഥിനെ വിളിച്ച് 'വിശ്വാസമില്ല അല്ലേ' എന്ന് ചോദിച്ചു. എന്നിട്ട് കണ്ണിറുക്കി ഊറിച്ചിരിച്ചു. അങ്ങനെ ഒരു അഭിപ്രായം ഉണ്ടെന്നായിരുന്നു വിശ്വനാഥന്റെ മറുപടി. എങ്കിൽ ഒരു കത്ത് കൂടി തരേണ്ടി വരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

'എന്താ രാജിക്കത്താണോ..?' വിശ്വനാഥൻ തിരിച്ചു ചോദിച്ചു. അതേ, അതുതന്നെ. എന്ന് പറഞ്ഞ് കരുണാകരൻ തലയാട്ടി. അത് എപ്പോഴേ എഴുതി പോക്കറ്റിൽ ഇട്ടു കഴിഞ്ഞു. എപ്പോൾ വേണമെങ്കിലും അത് തരാം. അങ്ങിനെ ആ സംസാരം അവിടെ അവസാനിച്ചു.

രാജ്യസഭാ തീരുമാനവും ഉമ്മൻചാണ്ടിയുടെ രാജിയും ആന്റണി ഗ്രൂപ്പിൽ ഉള്ളവർക്ക് കടുത്ത ഇച്ഛാഭംഗവും മനഃക്ഷോഭവും ഉണ്ടാക്കി. നിയമസഭയിൽ എതിർത്ത് വോട്ട് ചെയ്യണം എന്ന് അഭിപ്രായം വരെ ഉയർന്നു. അവയൊക്കെ പറഞ്ഞു തണുപ്പിച്ചു. ഇതിനെല്ലാം മുൻകൈ എടുത്തത് ഉമ്മൻ ചാണ്ടിയായിരുന്നു. നമ്മൾ ആണ് പ്രശ്നക്കാർ എന്നു വരുത്തുന്നത് ശരിയല്ല. ഇങ്ങനെയാണ് ഉമ്മൻചാണ്ടി അവരോടൊക്കെ പറഞ്ഞത്. കൂട്ടത്തിൽ അദ്ദേഹം പറഞ്ഞു: കോൺഗ്രസ് പാർട്ടിയാണ് വലുത്.

ഈ സമയത്തെല്ലാം എ.കെ. ആന്റണി ഡൽഹിയിൽ ആയിരുന്നു. ഉടൻതന്നെ അദ്ദേഹം കേരളത്തിൽ വന്ന് ഉമ്മൻചാണ്ടിയുമായി സംസാരിച്ചു. രാജി പിൻവലിക്കണമെന്ന അഭ്യർത്ഥനയുമായാണ് ആന്റണി വന്നത്. ഇതിനിടെ ഹൈക്കമാന്റിൽ നിന്നും പലപ്രാവശ്യവും ഫോൺ കോൾ ഉമ്മൻചാണ്ടിയെ തേടിയെത്തി. ആന്റണിയും ഉമ്മൻചാണ്ടിയും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പത്രക്കാർ പുറത്ത് ഒത്തുകൂടി. അവർ ആകാംക്ഷയോടെ ചോദിച്ചു ഓസി രാജി പിൻവലിക്കാനുള്ള വല്ല പരിപാടിയും ഉണ്ടോ?

ഒരിക്കലുമില്ല എന്നായിരുന്നു ഉമ്മൻചാണ്ടിയുടെ മറുപടി.

ഉമ്മൻ ചാണ്ടി ജൂൺ 16ന് നൽകിയ രാജി 22 നാണ് കരുണാകരൻ സ്വീകരിച്ചു.

അതിനിടെ മുഖ്യമന്ത്രി കരുണാകരൻ ഡൽഹിയിലെത്തി. പ്രധാനമന്ത്രി നരസിംഹറാവുവിനെയും അഹമ്മദ് പട്ടേലിനെയും കണ്ടു സംസാരിച്ചു. അതിനശേഷം ആയിരുന്നു ഉമ്മൻചാണ്ടിയുടെ രാജി സ്വീകരിച്ചത്. മറ്റൊരു സംഭവം കൂടി ഉണ്ടായി. അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ആയി ടി. കരുണാകരൻ നമ്പ്യാരെ നിയമിച്ചതിന്റെ പേരിൽ മുസ്ലിം ലീഗ് ഇടഞ്ഞു.


ലീഗിന് രാജ്യസഭ സീറ്റുകൊടുത്തതിനാൽ അവർ എതിർപ്പിന് വരില്ലെന്നായിരുന്നു കരുണാകരൻ കരുതിയത്. മന്ത്രിസഭയിൽ ചർച്ച ചെയ്യാതെയാണ് ഇങ്ങനെ ഒരു നിയമം നടത്തിയത്. അതോട്ടും ശരിയായില്ല. കൊരമ്പയിൽ അഹമ്മദ് ഹാജിയും സയ്യിദ് ഉമ്മർ ബഫാക്കി തങ്ങളും കുഞ്ഞാലിക്കുട്ടിയും കരുണാകരനെ കണ്ടു അവരുടെ ശക്തമായ പ്രതിഷേധം അറിയിച്ചു. മുഖ്യമന്ത്രിയുടെ പ്രവർത്തന ശൈലി മാറ്റേണ്ടതുണ്ടെന്നും അവർ കരുണാകരനോട് പറഞ്ഞു. 1994 ജൂൺ 27 കോൺഗ്രസ് നിയമസഭാ കക്ഷി യോഗം ചേർന്നു. നിയമസഭാ സമ്മേളനം തുടങ്ങിയതുമായി ബന്ധപ്പെട്ടാണ്.

അതോടെ, ഉമ്മൻചാണ്ടി രാജിയുടെ കാരണങ്ങൾ വിശദീകരിക്കാൻ അത് ഒരു അവസരമാക്കി. സ്വന്തം പാർട്ടിയിൽ നിന്ന് അഴിമതി ആരോപണങ്ങൾ ഉണ്ടായത് ഉമ്മൻചാണ്ടിയെ വല്ലാതെ തളർത്തിയിരുന്നു. അത് ശക്തമായ ഭാഷയിൽ ഉമ്മൻചാണ്ടി യോഗത്തിൽ അവതരിപ്പിച്ചു. മൂന്നുവർഷത്തിലേറെയായി തുടരുന്ന സംഘർഷഭരിതമായ സാഹചര്യങ്ങൾ... ഇതിങ്ങനെ പോയാൽ ശരിയാകില്ല. അതുകൊണ്ടാണ് താൻ രാജിവച്ചത് ആത്മാഭിമാനം പോലും നഷ്ടപ്പെടുത്തികൊണ്ടായിരുന്നു അനുജനെ ചർച്ചകൾ. എല്ലാം സഹിക്കുന്നതിന് ഒരു പരിധി ഇല്ലേ..? പൊതുവായി ചർച്ച ചെയ്ത് ഒരു ധാരണയിൽ എത്തിയ സംഗതികൾ പോലും കെ.പി.സി.സി സ്വയം ഇഷ്ടത്തിനനുസരിച്ച് നടപ്പാക്കിയത് ഒട്ടും ശരിയായില്ല. രാജ്യസഭ തെരഞ്ഞെടുപ്പിൽ കടുത്ത വഞ്ചനയാണ് ഉണ്ടായത്. ചർച്ചയിലൂടെ ഒഴിവാക്കാവുന്ന പ്രശ്നങ്ങൾ വഷളാക്കി. മുഖ്യമന്ത്രിയുടെ ഈ ശൈലി മാറ്റാതെ ഇനി മന്നോട്ടപോകാൻ ആകുമെന്ന് കരുതുന്നില്ല. ഒട്ടും മയമില്ലാതെ തന്നെയാണ് ഉമ്മൻചാണ്ടി അത് പറഞ്ഞത്. കരുണാകരന്റെ ആമുഖപ്രസംഗത്തിനശേഷം ആണ് ഉമ്മൻചാണ്ടി സംസാരിച്ചത്. എല്ലാവരും ശ്രദ്ധയോടെ കേട്ടിരുന്നതല്ലാതെ ആരും ഒരക്ഷരം മിണ്ടിയില്ല. എന്നാൽ ഇതിനിടെ പി.പി. ജോർജ് പിന്നീട് പൊട്ടിച്ച ബോംബ് നിയന്ത്രണത്തിന്റെ എല്ലാ ചരടുകളും തകർത്തു. കേന്ദ്രത്തിൽ നടന്ന പഞ്ചസാര കുംഭകോണം അതാണ് സംഘർഷത്തിന് വഴി വച്ചത്. ആന്റണിയുടെ ഇടപെടലിന് കുറിച്ച് അന്വേഷിക്കേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. ഇത് ആന്റണി ഗ്രൂപ്പിലുള്ള എല്ലാവരെയും ഒരു പോലെ ക്ഷുഭിതരാക്കി. കൃത്യമായി എഴുതി തയ്യാറാക്കിയ കടലാസിൽ നോക്കിയാണ് ജോർജ് ഇതു പറഞ്ഞത്.

തികച്ചും ആസൂത്രിതമായി ചെയ്തതാണ് ഇതെന്ന് വ്യക്തം..! ഇതോടെ ബഹളം നിയന്ത്രിക്കാനാവാത്ത വിധത്തിൽ എത്തി. ഏതാണ്ട് 20 മിനിറ്റോളം നീണ്ടുനിന്നു ഒച്ചപ്പാടും ബഹളവും. അന്തരീക്ഷം തെല്ലൊന്ന് ശാന്തമായപ്പോൾ കരുണാകരൻ ആക്രോശിക്കുന്ന സ്വരത്തിൽ 'ആന്റണിയെ കുറിച്ച് ഒരക്ഷരം മിണ്ടിപ്പോകരുത്' അതൊരു ഉഗ്രശാസന പോലെ പ്രതിധ്വനിച്ചു. ജോർജ് താൻ പറഞ്ഞത് ഒടുവിൽ പിൻവലിക്കുകയുംചെയ്തു. എങ്കിലുംഅതൊരു തീരാ മുറിവായി വിള്ളലായി നിലനിന്നു. പിന്നീട് മുഖ്യമന്ത്രി കരുണാകരൻ പറഞ്ഞത് ജോർജ് ആന്റണിക്കെതിരെ ഒന്നും പറഞ്ഞില്ല എന്നാണ്. ഇതുകൊണ്ടൊന്നും പ്രശ്നം അവസാനിച്ചില്ല. തുടർന്ന് കെ.പി.സി.സി യോഗത്തിലും ഉമ്മൻചാണ്ടി ആഞ്ഞടിച്ചു. ഏതാണ്ട് അഞ്ചുമണിക്കൂർ നീണ്ട യോഗം ആയിരുന്നു അത്. എന്തും സഹിച്ച സ്ഥാനത്ത് കടിച്ചു കിടക്കുന്ന ആളുകൾ അല്ല ആന്റണി ഗ്രൂപ്പിൽ ഉള്ളതെന്നും ആത്മാഭിമാനം ഉള്ളവരാണ് തങ്ങളുടെ കൂടെയുള്ളവരെന്നും കൂടി ഉമ്മൻചാണ്ടിക്ക് പറയേണ്ടി വന്നു.

(തുടരും)


ജോഷി ജോർജ്



# കാശ്മീരിൽ ഒമർ അബ്ദുള്ള സർക്കാർ അധികാരമേറ്റു



ന്യൂഡൽഹി: ജമ്മു കാശ്മീരിൽ മുഖ്യമന്ത്രിയായി നാഷണൽ കോൺഫറൻസിലെ ഒമർ അബ്ദുള്ള സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ജമ്മു മേഖലയുടെ പ്രതിനിധിയായ നൗഷേരയിൽ നിന്നുള്ള സുരേന്ദർ ചൗധരിയാണ് ഉപമുഖ്യമന്ത്രി. നാഷണൽ കോൺഫറൻസിലെ ജാവേദ് റാണ, സകീന ഇൽതു, ജാവേദ് ദർ, സ്വതന്ത്രനായ സതീഷ് ശർമ്മ എന്നിവർ മന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു.

അതേസമയം, കോൺഗ്രസ്, സി.പി.എം പ്രതിനിധികൾ മന്ത്രിസഭയിൽ ഇല്ല. മന്ത്രിസഭയിൽ തത്കാലം ചേരേണ്ടെന്നാണ് കോൺഗ്രസ് തീരുമാനം. സി.പി.എം എം.എൽ.എ യൂസഫ് തരിഗാമിയെ പിന്നീട് ഉൾപ്പെടുത്തിയേക്കും. ശ്രീനഗറിൽ മുത്തച്ഛൻ ഷെയ്ഖ് അബ്ദുള്ളയുടെ കബറിടത്തിൽ ആദരാഞ്ജലി അർപ്പിച്ച ശേഷമാണ് ഒമർ സത്യപ്രതിജ്ഞയ്ക്ക് എത്തിയത്. ശ്രീനഗറിലെ ഷേർഇകാശ്മീർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ലെഫ്. ഗവർണർ മനോജ് സിൻഹ സത്യവാചകം ചൊല്ലിക്കൊടുത്തു.

രാഹുൽ ഗാന്ധി, കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെ, പ്രിയങ്ക ഗാന്ധി, സമാജ് വാദി പാർട്ടി അദ്ധ്യക്ഷൻ അഖിലേഷ് യാദവ്, പി.ഡി.പി നേതാവ് മെഹബൂബ മുഫ്തി, ആം ആദ്മി എം.പി സഞ്ജയ് സിംഗ്, ഒമറിന്റെ പിതാവും എൻ.സി നേതാവുമായ ഫറൂഖ് അബ്ദുള്ള, സി.പി.എം നേതാവ് പ്രകാശ് കാരാട്ട്, സി.പി.ഐ ജനറൽ സെക്രട്ടറി ഡി.രാജ, എൻ.സി.പി ശരദ് പവാർ വിഭാഗം നേതാവ് സുപ്രിയ സുലേ, ഡി.എം.കെ നേതാവ് കനിമൊഴി തുടങ്ങിയവർ പങ്കെടുത്തു.

തനിക്കും മന്ത്രിമാർക്കുമായി റോഡ് ഗതാഗതം തടസപ്പെടുത്തി ജനത്തെ ബുദ്ധിമുട്ടിക്കരുതെന്ന് മുഖ്യമന്ത്രിയായി ചുമതലയേറ്റശേഷം ഒമർ പൊലീസിന് നിർദ്ദേശം നൽകി. ഒമറിന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ നേർന്നു. ജമ്മുകാശ്മീരിന്റെ വികസനത്തിനായി സംസ്ഥാന സർക്കാരുമായി ചേർന്നു പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

കോൺഗ്രസിന് ലഭിക്കാനിടയുള്ള മൂന്ന് മന്ത്രിപദത്തെച്ചൊല്ലി ആറ് എം.എൽ.എമാർക്കിടയിൽ തർക്കമുണ്ടായതാണ് മന്ത്രിസഭയിൽ തത്കാലം ചേരേണ്ടതില്ലെന്ന തീരുമാനത്തിൽ പാർട്ടി എത്തിയതെന്ന് സൂചനയുണ്ട്. എന്നാൽ, സംസ്ഥാന പദവി പുനഃസ്ഥാപിച്ചശേഷം ചേരുന്ന കാര്യം ആലോചിക്കുമെന്നാണ് പി.സി.സി അദ്ധ്യക്ഷൻ താരിഖ് ഹമീദ് കർറ പ്രതികരിച്ചത്. മന്ത്രിസഭാ രൂപീകരണത്തിൽ കോൺഗ്രസുമായി ഭിന്നതയില്ലെന്ന് മുഖ്യമന്ത്രി ഒമർ അബ്ദുള്ള പറഞ്ഞു. കോൺഗ്രസിന് എപ്പോൾ വേണമെങ്കിലും സർക്കാരിൽ ചേരാമെന്നും സീറ്റുകൾ ഒഴിച്ചിടുമെന്നും വ്യക്തമാക്കി.

# ജസ്റ്റിസ് സഞ്ജീവ് ഖന്ന അടുത്ത ചീഫ് ജസ്റ്റിസ്




ന്യൂഡൽഹി: സുപ്രീംകോടതിയിലെ രണ്ടാമത്തെ മുതിർന്ന ജഡ്ജിയായ സഞ്ജീവ് ഖന്ന അടുത്ത ചീഫ് ജസ്റ്റിസാകും. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡാണ് കേന്ദ്രസർക്കാരിന് ശുപാർശ നൽകിയത്. ചന്ദ്രചൂഡ് അടുത്ത മാസം 10ന് വിരമിക്കും. അടുത്ത ചീഫ് ജസ്റ്റിസിന്റെ പേര് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രം ചന്ദ്രചൂഡിന് കത്തയച്ചിരുന്നു.

ശുപാർശ അംഗീകരിച്ച് കേന്ദ്ര വിജ്ഞാപനമിറക്കുന്നതോടെ ജസ്റ്റിസ് സഞ്ജീവ് ഖന്ന രാജ്യത്തിന്റെ 51-ാമത് ചീഫ് ജസ്റ്റിസാകും. 2019 ജനുവരിയിലാണ് സഞ്ജീവ് ഖന്ന സുപ്രീംകോടതി ജഡ്ജിയാകുന്നത്. 2025 മേയ് 13 വരെയാണ് കാലാവധി.












# എനിക്ക് ബിക്കിനി വാങ്ങാൻ കൂടെവരുന്നത് അച്ഛൻ; രാകുൽ പ്രീത്

രാകുൽ പ്രീത് സിംഗ് തന്റെ കരിയർ ആരംഭിച്ചത് കന്നഡയിലാണ്. 2009ൽ പുറത്തിറങ്ങിയ ഗില്ലിയാണ് ആദ്യ ചിത്രം.ചിത്രം വൻ വിജയമായിരുന്നു. പിന്നീട് രാകുൽ പഠനത്തിലേക്ക് മടങ്ങി, ബിരുദം നേടി. ഇക്കാലത്ത് മോഡലിംഗിലും താരം സജീവമായിരുന്നു. ആ തീരുമാനമാണ് രാകുലിനെ മിസ് ഇന്ത്യ മത്സരത്തിലെത്തിച്ചത്. മത്സരത്തിൽ നിരവധി പുരസ്കാരങ്ങളും നേടി. 2015ൽ യാരിയാൻ എന്ന ചിത്രത്തിലൂടെയാണ് രാകുലിന്റെ ബോളിവുഡ് അരങ്ങേറ്റം. പിന്നീട് തെന്നിന്ത്യൻ സിനിമയിലും രാകുൽ സജീവമായി.2011ലെ മിസ് ഇന്ത്യ മത്സരത്തിൽ രാകുൽ അഞ്ച് അവാർഡുകൾ നേടിയിരുന്നു. അതിൽ മിസ് ഇന്ത്യ പീപ്പിൾസ് ചോയിസും ഉണ്ടായിരുന്നു. രാകുലിന്റെ മോഡലിംഗ് യാത്രയ്ക്ക് പിന്തുണയുമായി മാതാപിതാക്കളും ഉണ്ടായിരുന്നു. ഇപ്പോഴിതാ ഫിലിംഫെയറിന് നൽകിയ അഭിമുഖത്തിൽ മിസ് ഇന്ത്യ മത്സരത്തിന്റെ രസകരമായ ഓർമ്മകൾ പങ്കുവെക്കുകയാണ് രാകുൽ പ്രീത് സിംഗ്.മത്സരത്തിന്റെ ബിക്കിനി റൗണ്ടിൽ തനിക്ക് ധരിക്കാൻ ബിക്കിനി വാങ്ങാൻ അച്ഛൻ വന്നതിനെക്കുറിച്ചും രാകുൽ പറയുന്നു. അദ്ദേഹം എന്നോട് ബ്രൈറ്റ് നിറത്തിലുള്ളത് വാങ്ങാനാണ് പറഞ്ഞത്. നിങ്ങൾക്ക് എന്നോട് സ്നേഹമുണ്ടെന്ന് എനിക്കറിയാം. പക്ഷെ ഞാൻ അമ്മയെ കൂട്ടിക്കോളാം എന്ന് ഞാൻ പറഞ്ഞു. ഇത്രയും പിന്തുണ നൽകുന്ന മാതാപിതാക്കൾ എന്റെ ഭാഗ്യമാണ്'' എന്നാണ് രാകുൽ പ്രീത് പറയുന്നത്.''ഞാനൊരു ഡ്രാമ ക്യൂൻ ആണെന്നും അതിനാൽ വിനോദരംഗം തിരഞ്ഞെടുക്കണമെന്നും അമ്മയാണ് നിർദ്ദേശിച്ചത്. അവരാണ് എന്നെ മോഡലിംഗിനും മിസ് ഇന്ത്യയ്ക്കുമൊക്കെ പ്രചോദിപ്പിച്ചത്. അച്ഛനും എല്ലായിപ്പോഴും പിന്തുണ നൽകിയിരുന്നു''' എന്നാണ് താരം പറയുന്നത്.

## 'തന്റെ ഏതെങ്കിലുമൊരു സിനിമയിൽ പാടാമെന്ന് അദ്ദേഹം സമ്മതിച്ചിരുന്നു'; മൈക്കൽ ജാക്സണുമായുള്ള സൗഹൃദത്തെക്കുറിച്ച് മനസുതുറന്ന് എ.ആർ. റഹ്മാൻ



പോപ് ഇതിഹാസം മൈക്കൽ ജാക്സണുമായുള്ള സൗഹൃദത്തെക്കുറിച്ച് മനസുതുറന്നിരിക്കുകയാണ് ഇപ്പോൾ സംഗീതത്തിന്റെ രാജകുമാരൻ എ.ആർ. റഹ്മാൻ. സ്ലം ഡോഗ് മില്യണയറിന് ഓസ്കർ ലഭിച്ച ശേഷം മൈക്കൽ ജാക്സനെക്കണ്ട് സംസാരിച്ചെന്നും ജയ് ഹോ എന്ന പാട്ട് അദ്ദേഹത്തിന് ഇഷ്ടമായെന്നും ആണ് റഹ്മാൻ പറഞ്ഞത്. മൈക്കൽ ജാക്സന്റെ ബാൻഡും തന്റെ ബാൻഡും ഒന്നിച്ച് പ്രോഗ്രാം നടത്തണമെന്നുള്ള ആഗ്രഹം അദ്ദേഹം പങ്കുവെച്ചിരുന്നതായും റഹ്മാൻ പറയുന്നു.അതുപോലെ തന്നെ തന്റെ ഏതെങ്കിലുമൊരു സിനിമയിൽ അദ്ദേഹം പാടാമെന്ന് സമ്മതിച്ചിരുന്നെന്നും റഹ്മാൻ ഓർക്കുന്നു. സംവിധായകൻ ഷങ്കറിനോട് ഇക്കാര്യം താൻ പറഞ്ഞിരുന്നെന്നും ആ സമയം എന്തിരന്റെ ഡിസ്കഷൻ നടന്നുകൊണ്ടിരിക്കുകയായിരുന്നുവെന്നും റഹ്മാൻ കൂട്ടിച്ചേർത്തു.

## 'പറഞ്ഞാൽ പിന്നെ അപ്പീലില്ല, പണ്ടത്തെ ഡബ്ല്യുസിസി ആയിരുന്നു കെപിഎസി ലളിത': ലാൽ ജോസ്



കെപിഎസി ലളിതയെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെച്ച് സംവിധായകൻ ലാൽ ജോസ്. പണ്ട് ഷൂട്ടിംഗ് സെറ്റുകളിൽ ഡബ്ല്യുസിസി (വിമൻ ഇൻ സിനിമാ കളക്ടീവ്) ആയി പ്രവർത്തിച്ചിരുന്ന ആളായിരുന്നു കെപിഎസി ലളിതയെന്ന് ലാൽ ജോസ് പറയുന്നു. സെറ്റുകളിൽ അമ്മയുടെയോ മൂത്ത ചേച്ചിയുടെയോ സ്ഥാനമായിരുന്നു കെപിഎസി ലളിതയ്ക്കുണ്ടായിരുന്നതെന്നും എല്ലാവരുടെയും കാര്യങ്ങൾ അന്വേഷിക്കുമായിരുന്നെന്നും ലാൽ ജോസ് ഓർത്തെടുത്തു. സെറ്റിൽ എന്തെങ്കിലും അനാവശ്യ കാര്യങ്ങൾ ഉണ്ടായാൽ അന്ന് ഡബ്ല്യു.സി.സി ഒന്നുമില്ലല്ലോ, ലളിത ചേച്ചി ആയിരുന്നു അന്നത്തെ ഡബ്ല്യു.സി.സി. ലളിത ചേച്ചിയോട് പരാതി പറഞ്ഞാൽ അതുമായി ബന്ധപ്പെട്ട ആൾക്കാരെ വഴക്ക് പറയും. അതിനൊക്കെയുള്ള സ്വാതന്ത്ര്യം ലളിത ചേച്ചിക്കുണ്ടായിരുന്നു. ചേച്ചി പറഞ്ഞാൽ പിന്നെ അപ്പീലില്ലെന്നും ലാൽ ജോസ് പറഞ്ഞു. സ്വന്തം യൂട്യൂബ് ചാനലിലൂടെയാണ് അദ്ദേഹം നടിയെ കുറിച്ച് സംസാരിച്ചത്.

## '100 ശതമാനം അർപ്പണബോധം, അസാധ്യമായ ഏകാഗ്രത'; കിംഗ് ഖാനെക്കുറിച്ച് തപ്സി




ഷാരൂഖ് ഖാന്റെ അർപ്പണബോധത്തെയും ശ്രദ്ധയെയും അഭിനന്ദിച്ച് നടി തപ്സി പന്നു. എന്ത് ചെയ്താലും 100 ശതമാനം നൽകണമെന്ന പാഠമാണ് ഷാരൂഖ് ഖാനിൽ നിന്ന് പഠിച്ചതെന്ന് തപ്സി പറഞ്ഞു. ന്യൂസ് എക്സിന് നൽകിയ അഭിമുഖത്തിലാണ് തപ്സി ഇക്കാര്യം പറഞ്ഞത്. രാജ്കുമാർ ഹിരാനിയുടെ ഡങ്കി എന്ന ചിത്രത്തിലാണ് ഇരുവരും ഒരുമിച്ച് അഭിനയിച്ചത്.വേറെ 50 കാര്യങ്ങൾ ഉണ്ടെങ്കിലും റിഹേഴ്സലിലായിരിക്കുമ്പോൾ ഷാരൂഖ് 100 ശതമാനവും അവിടെയുണ്ടാകും. ഷൂട്ടിംഗ് സമയമത്രയും അദ്ദേഹം സെറ്റിൽ തന്നെയുണ്ടാകും, എവിടെയും പോകില്ല. നിങ്ങൾ എവിടെയായിരുന്നാലും, ജോലിസ്ഥലത്തോ വീട്ടിലോ, നിങ്ങൾ എന്ത് ചെയ്താലും 100 ശതമാനം നൽകുക. ആ അർപ്പണബോധം ഞാൻ പഠിച്ചത് ഷാരൂഖിൽ നിന്നാണ്. നിങ്ങൾ എന്ത് ചെയ്താലും ശ്രദ്ധ മാറാതെ 100 ശതമാനം നൽകുമെന്ന് ഉറപ്പ് വരുത്തണം', തപ്സി പറഞ്ഞു.

# ടെയ്‌ലർ സ്വിഫ്റ്റിന്റെ 'ഇറാസ് ടൂർ' പുസ്തക രൂപത്തിൽ



നാലാം ക്ലാസിൽ പഠിക്കുമ്പോൾ 'മോൺസ്റ്റർ ഇൻ മൈ ക്ലോസറ്റ്' എന്ന കവിതയ്ക്ക് ദേശീയ കവിതാ പുരസ്കാരം ലഭിക്കുന്നിടത്ത് നിന്നാണ് ടെയിലർ സ്വിഫ്റ്റ് എന്ന ഗായിക തന്റെ സംഗീത യാത്ര ആരംഭിക്കുന്നത്. അന്നത്തെ നാലാം ക്ലാസ്സുകാരി ഇന്ന് ലോകമെങ്ങും കോടിക്കണക്കിന് ആരാധകരുള്ള സംഗീതജ്ഞയാണ്. ടെയ്‌ലർ സ്വിഫ്റ്റിന്റെ 'ഇറാസ് ടൂറിന്' ഭാഷകളുടെ അതിർ വരമ്പില്ലാതെ ആരാധകർ ഏറെയാണ്.ഇപ്പോഴിതാ എല്ലാ ഇറാസ് ടൂർ പുസ്തകരൂപത്തിൽ എത്തുകയാണ്. കഴിഞ്ഞ ദിവസമാണ് ടെയ്‌ലർ സ്വിഫ്റ്റ് തന്റെ സംഗീത പര്യടനത്തെ അടിസ്ഥാനമാക്കി ഒരു പുസ്തകം പുറത്തിറക്കുകയാണെന്ന് പ്രഖ്യാപിച്ചത്.ടെയ്‌ലറിന്റെ പുസ്തകം 'ദി ഇറാസ് ടൂർ ബുക്ക്' സംഗീത പര്യടനത്തിൽ നിന്നുള്ള 500-ലധികം ഫോട്ടോകൾ അവതരിപ്പിക്കും. മിയാമി, ന്യൂ ഓർലിയൻസ്, ടൊറന്റോ തുടങ്ങിയ നഗരങ്ങളിലും ഷോകൾ വരാനിരിക്കുന്നുണ്ട്. ഇതുവരെ കാണാത്ത, തിരശ്ശീലയ്ക്ക് പിന്നിലെ ഫോട്ടോകൾ, ഓരോ രാത്രിയും നിങ്ങൾ കൊണ്ടുവന്ന എല്ലാ മാന്ത്രിക ഓർമ്മകളും നിറഞ്ഞ എന്റെ സ്വന്തം പ്രതിഫലനങ്ങൾ നിറഞ്ഞ ഔദ്യോഗിക ഇറാസ് ടൂർ ബുക്ക് ആവേശത്തോടെ പ്രഖ്യാപിക്കുന്നുവെന്ന് ടെയ്‌ലർ സ്വിഫ്റ്റ് അടുത്തിടെ പ്രഖ്യാപിച്ചിരുന്നു.പുസ്തകം നവംബർ 29 ന് പുറത്തിറങ്ങും

## ഇനി ഇടവേള;'ബോഗയ്ൻവില്ല' ഈ വർഷത്തെ അവസാന ചിത്രമെന്ന് സുഷിൻ ശ്യാം



സിനിമ സംഗീത സംവിധാനത്തിൽ നിന്ന് ചെറിയൊരു ഇടവേളക്കൊരുങ്ങി സുഷിൻ ശ്യാം. സമീപകാല മലയാള സിനിമയിലെ ഏറ്റവും ഹിറ്റുകൾ സമ്മാനിച്ച മ്യൂസിക് ഡയറക്ടറായാണ് സുഷിൻ. അമൽ നീരദ് ചിത്രം ബോഗയ്ൻവില്ലയാകും തൻറെ ഈ വർഷത്തെ അവസാന ചിത്രമെന്ന് സുഷിൻ ശ്യാം പറഞ്ഞു. കൊച്ചിയിൽ നടന്ന ബോഗയ്ൻവില്ല സിനിമയുടെ പ്രൊമോഷൻ പരിപാടിക്ക് കുസാറ്റിലെത്തിയപ്പോഴായിരുന്നു ബ്രേക്ക് എടുക്കുന്ന വിവരം സുഷിൻ പങ്കുവെച്ചത്.'ഈ വർഷത്തെ എന്റെ അവസാന ചിത്രമായിരിക്കും ബോ?ഗയ്ൻവില്ല. ഒരു ചെറിയ ഇടവേള എടുക്കുന്നു. അടുത്ത വർഷമായിരിക്കും ഞാൻ ഇനി പണി തുടങ്ങുക. ഇത് ഏറ്റവും അടിപൊളിയായി വരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്'- സുഷിൻ പറഞ്ഞു.ബോഗയ്ൻവില്ലയിലെ സുഷിൻ ഈണമിട്ട് ആലപിച്ച 'സ്തുതി' എന്ന ഗാനം ഇതിനോടകം ഹിറ്റായി കഴിഞ്ഞു. മഞ്ഞുമ്മൽ ബോയ്സ്, ആവേശം, ഉള്ളൊഴുക്ക് തുടങ്ങിയ സിനിമകളിലെ പാട്ടുകൾ ഏറെ ചർച്ചയായിരുന്നു.

# 'ഭാവി സ്ത്രീകളുടേതാണെന്ന് കേൾക്കാൻ രസമുണ്ട്, എനിക്ക് തുല്യമായൊരിടമാണ് വേണ്ടത്'



സിനിമയിൽ തുല്യമായൊരിടമാണ് വേണ്ടതെന്ന് തെന്നിന്ത്യൻ നടി സാമന്ത. തന്റെ ഏറ്റവും പുതിയ സീരീസായ സിറ്റാഡേൽ : ഹണി ബണ്ണിയുടെ ട്രെയ്‌ലർ ലോഞ്ചിനിടെയാണ് നടിയുടെ പ്രതികരണം.'ഭാവി സ്ത്രീകളുടേതാണെന്ന് കേൾക്കാൻ നല്ല രസമുണ്ട്. പക്ഷെ എനിക്ക് തുല്യമായൊരിടമാണ് വേണ്ടത്. മത്സരിക്കാൻ തുല്യമായൊരിടം. അവിടെ കഴിവിന്റെയും ശക്തിയുടെയും അടിസ്ഥാനത്തിലായിരിക്കണം വിധി തീരുമാനിക്കേണ്ടത്. അല്ലാതെ ജൻഡറിന്റെ അടിസ്ഥാനത്തിൽ അല്ല. എനിക്ക് തോന്നുന്നു അങ്ങനെയൊരു സ്ഥലം വളരെ മികച്ചതായിരിക്കുമെന്ന്. ഈ ലോകത്തിന്റെയും ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കാരണം ഈ ലോകവും അതുപോലെ ആകാൻ തുടങ്ങി കഴിഞ്ഞു. ലോകമെമ്പാടുമുള്ള പ്രതിഭകൾക്കൊപ്പം പ്രവർത്തിക്കാനുള്ള അവസരം ലഭിക്കുന്നു. ഈ പ്ലാറ്റ്ഫോം വളരെ വലുതാണ്. അവസരങ്ങളും. എല്ലാവർക്കും മിച്ചൊരു ഭാവിയുണ്ടാകുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്',- സമാന്ത പറഞ്ഞു.റൂസോ ബ്രദേഴ്സിന്റെ സ്പൈ യൂണിവേഴ്സിന്റെ ഭാഗമാണ് സിറ്റഡേൽ ഹണി ബണ്ണി. ആമസോൺ സീരീസിൽ നായകനായി എത്തുന്നത് വരുൺ ധവാനാണ്.നവംബർ 7ന് സീരീസ് ആമസോണിൽ സ്ട്രീമിംഗ് ആരംഭിക്കും. സാമന്തയുടെ ആദ്യ മുഴുനീള ആക്ഷൻ വേഷമാണിത്. വമ്പൻ ആക്ഷൻ രംഗങ്ങളാണ് സീരിസിൽ സാമന്ത ചെയ്തിരിക്കുന്നതെന്നാണ് ട്രെയിലർ നൽകുന്ന സൂചന. ഫാമിലി മാൻ സീസൺ 2 വിന് ശേഷം സാമന്തയും രാജ് ആൻഡ് ഡികെയും വീണ്ടും ഒന്നിക്കുന്ന സീരീസാണിത്.

## നെറ്റിയിലേക്ക് ചുവപ്പ് ലേസർ പതിച്ചു; ഇറങ്ങിയോടി നിക്ക് ജൊനാസ്



ഗായകൻ എന്ന നിലയിൽ മാത്രമല്ല പ്രിയങ്ക ചോപ്രയുടെ ഭർത്താവ് എന്ന നിലയിലും നമുക്ക് ഏറെ പരിചിതനാണ് നിക്ക് ജോനാസ്. ഇപ്പോൾ ഒരു സംഗീത നിശയ്ക്കിടെ നെറ്റിയിലേക്ക് ലേസർ പതിച്ചതിനെത്തുടർന്ന് വേദി വിട്ട് ഓടുന്ന താരത്തിന്റെ ദൃശ്യങ്ങൾ ആണ് ചർച്ചയാവുന്നത്.സഹോദരങ്ങളായ കെവിനും ജോയ്ക്കുമൊപ്പം നടത്തുന്ന വേൾഡ് ടൂറിൻറെ ഭാഗമായി ചെക്ക് റിപബ്ലിക് തലസ്ഥാനമായ പ്രാഗിൽ നടത്തിയ പരിപാടിക്കിടെയാണ് സംഭവം ഉണ്ടായത്. വേദിയിൽ നിന്ന് പൊടുന്നനെ ഇറങ്ങിയോടുന്ന നിക്ക് ജൊനാസിൻറെ വീഡിയോ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഇതിനകം വൈറൽ ആയിട്ടുണ്ട്.നെറ്റിയിൽ ലേസർ രശ്മികൾ പതിച്ചതിനെത്തുടർന്ന് വേദിയിലെ കാണികൾക്കിടയിലേക്ക് നോക്കുന്ന ജൊനാസിനെയും പൊടുന്നതെ അദ്ദേഹം ഇറങ്ങി ഓടുന്നതും വീഡിയോയിൽ കാണാം. അടുത്ത് നിൽക്കുകയായിരുന്ന സുരക്ഷാ ഉദ്യേഗസ്ഥനോട് ആംഗ്യഭാഷയിൽ എന്തോ കാണിച്ചാണ് നിക്ക് വേദി വിടുന്നത്. സുരക്ഷാ ഉദ്യോഗസ്ഥനും അദ്ദേഹത്തിനൊപ്പം പോകുന്നുണ്ട്. നിക്ക് ജൊനാസിൻറെ മുഖത്തേക്ക് ലേസർ അടിച്ച കാണിയെ പുറത്താക്കിയതിന് ശേഷമാണ് പരിപാടി പുനരാരംഭിച്ചത്.

## എഡിഎച്ച്ഡിയുടെ ബുദ്ധിമുട്ടുകളെകുറിച്ച് ആലിയ ഭട്ട്




എഡിഎച്ച്ഡിയുടെ ബുദ്ധിമുട്ടുകളെ കുറിച്ച് തുറന്ന് പറഞ്ഞ് ബോളിവുഡ് നടി ആലിയ ഭട്ട്. ക്യാമറയ്ക്ക് മുന്നിൽ മാത്രമാണ് പൂർണ്ണ ശ്രദ്ധയോടെ ഇരിക്കാൻ കഴിയുന്നത്. കുട്ടിക്കാലം മുതലേ എപ്പോഴും സംസാരിച്ചുകൊണ്ടേ ഇരിക്കുമായിരുന്നു. പലപ്പോഴും ക്ലാസിൽ നിന്ന് സംസാരിച്ചതിന്റെ പേരിൽ തന്നെ പുറത്താക്കിയിരുന്നെന്നും എന്നാൽ അന്നൊന്നും എഡിഎച്ച്ഡി ഉണ്ടെന്ന് തിരിച്ചറിഞ്ഞിരുന്നില്ലെന്നും ആലിയ പറഞ്ഞു.തനിക്ക് എപ്പോഴും എല്ലാ കാര്യങ്ങളും വളരെ വേഗത്തിൽ ചെയ്തുതീർക്കണമെന്ന ചിന്തയായിരുന്നുവെന്നും ഇതു കാരണം 45 മിനിറ്റിൽ കൂടുതൽ മേക്കപ്പിനു പോലും ചിലവഴിക്കാൻ കഴിയാറില്ലെന്നും നടി ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. മകൾക്കൊപ്പവും ക്യാമറയ്ക്ക് മുന്നിൽ അഭിനയിക്കുമ്ബോഴും മാത്രമാണ് ശ്രദ്ധയോടെ ഇരിക്കാൻ സാധിക്കുന്നത്. ഒരു സൈക്കോളജിക്കൽ ടെസ്റ്റിലൂടെയാണ് എഡിഎച്ച്ഡി ഉള്ള കാര്യം അറിയുന്നതെന്നും അടുത്തകാലത്താണ് ഇത് തിരിച്ചറിഞ്ഞതെന്നും നടി പറഞ്ഞു.നേരത്തെ നടൻ ഫഹദ് ഫാസിലും തനിക്ക് എഡിഎച്ച്ഡി അവസ്ഥയുള്ള കാര്യം തുറന്നുപറഞ്ഞിരുന്നു.

## സെക്സ് ടേപ് വിവാദത്തെക്കുറിച്ച് നടി രഞ്ജിത



ഒരു കാലത്ത് മലയാളികളുടെ പ്രിയ താരമായിരുന്നെങ്കിലും കന്നഡ നടിയാണ് രഞ്ജിത. 2010ൽ നിത്യാനന്ദയുടെ കൂടെയുള്ള നടിയുടെ കിടപ്പറ ദൃശ്യങ്ങൾ പുറത്ത് വന്നത് വലിയ വാർത്തയായിരുന്നു. അതേസമയം ദൃശ്യത്തിലുള്ളത് താനല്ലെന്നാണ് നടി അന്ന് വാദിച്ചത്. ചാനലിനെതിരെ കർണാടക ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു. എന്നാൽ ദൃശ്യങ്ങളിലുള്ളത് രഞ്ജിതയും നിത്യാനന്ദയും തന്നെയാണെന്ന് പിന്നീട് വ്യക്തമായിരുന്നു. പിന്നീട് നടി നിത്യാനന്ദയുടെ കീഴിൽ സന്ന്യാസം സ്വീകരിക്കുകയും ഇരുവരും ഒരുമിച്ച് പങ്കാളികളായി താമസിക്കുകയുമാണ്. അന്ന് ഉണ്ടായ സംഭവങ്ങളെക്കുറിച്ച് പിന്നീട് ഒരു മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിൽ നടി മനസ്സ് തുറന്നിരിക്കുകയാണ് ഇപ്പോൾ. സെക്സ് ടേപ്പ് ഉപയോഗിച്ച് മാദ്ധ്യമങ്ങൾ തന്റെ മാനത്തെ പോലും പരിഹസിക്കുകയായിരുന്നുവെന്നാണ് നടി പറഞ്ഞത്. അന്നത്തെ സംഭവങ്ങളിൽ നിന്ന് പുറത്ത് വരാൻ തനിക്ക് കഴിഞ്ഞിരുന്നില്ലെന്നും നടി വെളിപ്പെടുത്തി. ആത്മഹത്യ ചെയ്യാൻ തയ്യാറായിരുന്നുവെന്നും എന്നാൽ കുടുംബത്തിലെ പ്രായമായവരെ ഉൾപ്പെടെ സംരക്ഷിക്കാൻ താനല്ലാതെ മറ്റാരുമില്ലാത്തതിനാൽ പിടിച്ചുനിൽക്കുകയായിരുന്നുവെന്നും രഞ്ജിത വ്യക്തമാക്കി.അതേസമയം ആ സംഭവം ജീവിതത്തിൽ ഉണ്ടാക്കിയ വേദന അസഹനീയമാണ്. അതിന്റെ പേരിൽ ഭർത്താവും എന്നിൽ നിന്ന് പിരിഞ്ഞു. എനിക്ക് സംഭവിച്ചത് അദ്ദേഹത്തിന് ഒട്ടും സഹിക്കാനായില്ല. ഇനിയുള്ള കാലം നിത്യാനന്ദയുടെ ശിഷ്യയായി തുടരുമെന്നും നടി വ്യക്തമാക്കിയിരുന്നു.

# 'തെറ്റുകൾ സംഭവിച്ചത് എന്റെ ഭാഗത്താണ്' വിവാഹമോചനത്തെക്കുറിച്ച് വിജയ് യേശുദാസ്



വിവാഹ മോചനത്തെക്കുറിച്ച് തുറന്നു പറഞ്ഞ് ഗായകനും നടനുമായ വിജയ് യേശുദാസ് രംഗത്ത്. റിലേഷൻഷിപ്പിൽ പ്രതീക്ഷകളാണ് പലപ്പോഴും പ്രശ്നമാകുന്നതെന്നാണ് വിജയ് പറയുന്നത്. ഒരു അഭിമുഖത്തിൽ സംസാരിക്കവെയായിരുന്നു വിജയ് യേശുദാസ് തന്റെ വിവാഹ മോചനത്തെ കുറിച്ച് തുറന്ന് പറഞ്ഞത്.'എന്നെയും ദർശനയേയും സംബന്ധിച്ച് നല്ല സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ മാതാപിതാക്കൾ ഇക്കാര്യം മനസിലാക്കുമെന്നും അംഗീകരിക്കുമെന്നും പ്രതീക്ഷയില്ല. അവർക്ക് ഇത് വേദനാജനകമായ അവസ്ഥയാണ്. ലൈംലൈറ്റിൽ നിൽക്കുമ്പോൾ ഇക്കാര്യങ്ങൾ മൂടിവയ്ക്കാൻ പറ്റില്ല. ഇക്കാര്യം പറഞ്ഞ് മാതാപിതാക്കളെ വേദനിപ്പിക്കേണ്ട എന്നതാണ് എന്റെ തീരുമാനം.അതേസമയം മക്കൾക്ക് പ്രത്യേകിച്ച് മകൾക്ക് ഞങ്ങളുടെ അവസ്ഥയെക്കുറിച്ച് മനസിലാക്കാനുള്ള പ്രായമായി. അവൾക്ക് പക്വതയുണ്ട്. അവൾ എന്നെയും ദർശനയേയും പിന്തുണയ്ക്കുന്നുണ്ട്. മൂത്ത മകൾക്ക് ഇപ്പോൾ പതിനഞ്ചും മകന് ഒൻപതും വയസാണ്. മകന് കാര്യങ്ങൾ മനസിലായി വരുന്നതേയുള്ളൂ എന്നും വിജയ് പറയുന്നു.അതേസമയം തന്റെ ഭാഗത്താണ് തെറ്റുകൾ സംഭവിച്ചത് എന്നും വിജയ് തുറന്ന് പറയുന്നുണ്ട്. നമ്മളാണ് തെറ്റ് ചെയ്തതെന്ന് പറഞ്ഞുകൊണ്ട് നടക്കേണ്ടെന്ന് പറയുന്നവരുണ്ടാകും. പക്ഷേ ആ ഉത്തരവാദിത്തം നിങ്ങൾ ഏറ്റെടുത്തില്ലെങ്കിൽ അതിലൊരു അർത്ഥവുമില്ല എന്നാണ് വിജയ് യേശുദാസ് വ്യക്തമാക്കുന്നത്.2007ലാണ് വിജയ് യേശുദാസും ദർശനയും വിവാഹിതരായത്. ഇരുവരുടെയും പ്രണയവിവാഹമായിരുന്നു. നടി ദിവ്യ പിള്ളയുമായി വിജയ് യേശുദാസ് പ്രണയത്തിലാണെന്ന തരത്തിലുള്ള റിപ്പോർട്ടുകളും പുറത്തുവന്നിരുന്നു.



# പാർട്ടിവക അഴിമതികളുടെ തീ തെയ്യങ്ങൾക്ക് പിന്നിലാര്?

കേരളാ വിൻഡോ



ആന്റണി ചടയംമുറി



കണ്ണൂരിലെ പാർട്ടിയിൽ അരങ്ങേറുന്ന കുടുംബവാഴ്ചകളുടെ കളരിപ്പയറ്റിൽ ആടിയുലുകയാണ് സി.പി.എം. ഇപ്പോൾ. ബോംബുണ്ടാക്കി പരിശീലിപ്പിച്ച അണികളുടെ വക ബോംബുകൾ കഴിഞ്ഞ ലോക സഭാ തെരഞ്ഞെടുപ്പിൽ പാർട്ടി നേതാക്കളുടെ നെഞ്ചിൽ തന്നെ പൊട്ടിച്ചിട്ടും ഭരണത്തിലിരുന്ന് കോടികൾ എണ്ണിക്കളിക്കുന്ന നേതാക്കൾ ഒന്നുമറിഞ്ഞ മട്ടിലല്ല. നവീൻ ബാബു ദിവ്യ സംഭവത്തിൽ, പലരും കാണാതെ പോകുന്നത് പാർട്ടിയിൽ പലരും പരസ്പരം എറിഞ്ഞു കളിക്കുന്ന ഗുണ്ടകൾ തന്നെയല്ലേ? നവീൻ അഴിമതിക്കാരനാണെന്ന് 'ദിവ്യ' ഗ്രൂപ്പായ എം.വി. ജയരാജനും കൂട്ടരും പറയുമ്പോൾ പാർട്ടിയുടെ പത്തനംതിട്ട ജില്ലാ സെക്രട്ടറി പറയുന്നത് നവീൻ ബാബു പിണറായിയുടെ സങ്കല്പമായ ഹരിശ്ചന്ദ്രനെന്നാണ്. പോരാളികൾ, ഞാൻപിഴയാളിച്ചമയം പരസ്പരം അണിയിക്കുകയാണിവിടെ.

കണ്ണൂരിലെ 'കൊടികെട്ടിയ' നേതാക്കന്മാരാണ് പി.ജയരാജനും എം.വി. ജയരാജനും ഈ.പി. ജയരാജനും പി.ശശിയുമാണ്. പിണറായിയുടെ പിന്തുടർച്ചാവകാശം ആർക്കെന്ന ചർച്ചയാണ് ഇന്ന് കണ്ണൂരിലെ പാർട്ടികളരികളുള്ളത്. ഇവരിൽ ഈ.പി. വർക്ക്ഷോപ്പിലായിക്കഴിഞ്ഞു. ആത്മകഥയെഴുതി വിരട്ടുമെന്ന പ്രഖ്യാപനമെല്ലാം ചുരുട്ടിവച്ച് കേരളാഹൗസിൽ പോയി മുഖ്യനെ വണങ്ങിയ ഈ.പി. ഇൻഡിഗോ വിമാനക്കമ്പനിയുമായുള്ള ഉടക്ക് പോലും 'കോംപ്ലിമെന്റ്സാ'ക്കിയെങ്കിലും എം.വി. ഗോവിന്ദനും പി.ശശിയും ഇപ്പോഴും ഈ.പി.യുടെ ഗുഡ്ബുക്ക്സിലില്ല. പരിയാരം മെഡിക്കൽ കോളേജിലെ വെറുമൊരു ടെക്നീഷ്യനു പോലും 'പെട്രോൾ പമ്പ്' തുടങ്ങാൻ പരുവത്തിൽ പട്ടിണിപ്പാവങ്ങളെ കോടീശ്വരന്മാരാക്കുന്ന വേറേതു പാർട്ടിയുണ്ട് കേരളത്തിൽ? 'മുള്ളിത്തെറിച്ച ബന്ധങ്ങൾ പോലും കണ്ണൂരിലെ സഖാക്കൾ ചങ്ങാത്ത മുതലാളിത്തത്തിന്റെ പങ്ക് നേടിയെടുക്കാൻ പ്രയോജനപ്പെടുത്തുകയാണ്.

പിണറായിപക്ഷത്തിന്റെ 'രക്ഷകനായി' പി.ശശിയെ കണ്ണൂരിലെ ചില സഖാക്കൾ കണ്ടു കഴിഞ്ഞു. അങ്ങനെ വന്നാൽ കണ്ണൂരിലെ സി.പി.എമ്മിന്റെ കാര്യം ബാക്കിയെല്ലാം 'പുലി ചെയ്തോളു' മെന്ന ബിജു മേനോന്റെ സിനിമാ ഡയലോഗിന് സമാനമായി മാറുമെന്ന് അവർ ഭയപ്പെടുന്നു. പിണറായി എന്ന സ്ഥലത്ത് 17 കോടി മുടക്കി നിർമ്മിച്ച ഹൈസ്കൂൾ പോലും ജനങ്ങൾക്ക് ദഹിക്കാത്ത നിലയിലുണ്ടെങ്കിലും അതൊന്നും മുഖ്യധാരാമാധ്യമങ്ങൾ വാർത്തയാക്കുന്നതേയില്ല. പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദൻ വാർത്തലേഖകർ ഈ സാധ്യതയെപ്പറ്റി ചോദിച്ചപ്പോൾ "വരട്ടെ നോക്കാം" എന്നാണ് മറുപടി പറഞ്ഞതും അൻവർ പാലക്കാട് ബി.ജെ.പിക്ക് വിറ്റു കഴിഞ്ഞുവെന്ന ആരോപണത്തെ ചെറുക്കാൻ പാർട്ടി ഏത് ചെകുത്താനെയും കൂട്ടുപിടിച്ചേക്കും. ഗോവിന്ദന്റെ മറുപടിയിൽ ഇതെല്ലാം ഉള്ളടങ്ങിയിട്ടുണ്ട്.

## 'ദിവ്യ'മായ ഒരു അഴിമതിക്കഥയും എ.ഡി.എമ്മിന്റെ മരണവും

ധാർഷ്ട്യം എന്ന വാക്കെഴുതുമ്പോൾ, ചിലപ്പോൾ അക്ഷരത്തെറ്റ് കടന്നുവരാം. പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലെ സി.പി.എംകാർക്ക് മണ്ണ് നിറഞ്ഞിരിക്കുന്ന ചെടിച്ചെട്ടി കൊണ്ട് യൂത്തു കോൺഗ്രസുകാരുടെ തലയ്ക്കടിക്കുന്നത് 'രക്ഷാപ്രവർത്തന' മെന്ന പദമുപയോഗിച്ച് പ്രതിപക്ഷത്തെ തേച്ചൊട്ടിച്ച മുഖ്യന്റെ നാട്ടിൽ ധാർഷ്ട്യമെന്ന പദത്തിന്റെ ആദ്യാക്ഷരമെഴുതുമ്പോൾ അത് ദിവ്യയുടെ ആദ്യ അക്ഷരമായ 'ദ' ആണോയെന്നും 'ന' മറിച്ചിട്ട 'ധ' ആണോ എന്നും സംശയമുണരുന്നത് സ്വാഭാവികം.

ഏതായാലും ഒരു സർക്കാർ ഉദ്യോഗസ്ഥനെ അകാലത്തിൽ കാലപുരിക്ക് അയച്ചത് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സി.പി.എം. സംസ്ഥാന കമ്മിറ്റിയംഗവുമായ പി.പി.ദിവ്യയുടെ അനവസരത്തിലുള്ള വാക്കുകളാണെന്ന് ജില്ലാ സെക്രട്ടറി എം.വി.ജയരാജൻ മാധ്യമ പ്രവർത്തകരോടു പറഞ്ഞുവെങ്കിലും തന്റെ ജില്ലയിലെ 'കാന്താരി' പോലുള്ള വനിതാ നേതാവായ ദിവ്യയെ തള്ളിപ്പറയാൻ അദ്ദേഹം മുതിർന്നതേയില്ല. അതുകൊണ്ട് ചാനൽ ചർച്ചകളിൽ പങ്കെടുത്ത പലരും തന്നെ എം.വി. ജയരാജനെ അലക്കി ഒരു പരുവത്തിലാക്കുന്നതിന് കേരളം ചൊവ്വാഴ്ച (ഒക്. 15) സാക്ഷ്യം വഹിക്കുകയുണ്ടായി.

## പാർട്ടിയിൽ നടക്കുന്നത് ഒളിപ്പോരോ?

പി.വി. അൻവറിന്റെ ചില ആരോപണങ്ങൾ ശരിവയ്ക്കുന്ന വിധത്തിലാണ് ഇപ്പോൾ പല സംഭവങ്ങളും അരങ്ങേറുന്നതെന്ന് പറയാതെ വയ്യ. കണ്ണൂരിലെ പാർട്ടിയിലെ പടല പിണക്കം അതിഭീകരമാംവിധം സി.പി.എമ്മിന്റെ കെട്ടുറപ്പിനെ ബാധിച്ചതായി രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. ഭരണത്തിന്റെ തണൽക്കുളിർമയിൽ പരസ്പരം കാലുവാരുന്നവരുടെ കരുനീക്കങ്ങൾ പാർട്ടിയിലെ സാധാരണക്കാരായ പ്രവർത്തകരുടെ ഉള്ള് പൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 'മൗനമായി' പാർട്ടി പ്രവർത്തകർ ബി.ജെ.പിക്ക് വോട്ട് മറിച്ചുവെന്നത് രഹസ്യമേയല്ല. നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച ഇടതുപക്ഷത്തിനു ലഭിച്ച വോട്ടുകളിൽ നിന്ന് 2.12 ലക്ഷം വോട്ടുകളാണ് ഇങ്ങനെ 'അരിവാൾ ചുറ്റിക' ചിഹ്നത്തിൽ നിന്നകന്നത്. പാർട്ടിയുടെ തെരഞ്ഞെടുപ്പ് അവലോകനത്തിന്റെ 26-ാം പേജിൽ ഈ വോട്ട് ചോർച്ചയുടെ വിശദാംശങ്ങളുണ്ട്. ഇരിങ്ങാലക്കുട, പുതുക്കാട് നിയമസഭാ മണ്ഡലങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പിൽ സി.പി.എമ്മിന് ലഭിക്കേണ്ട വോട്ടുകൾ താമരച്ചന്തത്തിനു പിന്നാലെ പോയതായി ഇതേ റിപ്പോർട്ടിലുണ്ട്. തൃശ്ശൂർ നിയമസഭാ മണ്ഡലത്തിൽ ബി.ജെ.പിക്ക് കൂടിയത് 209982 വോട്ടുകളാണ്. സി.പി.എം. തങ്ങൾക്ക് ലഭിക്കുമെന്ന് കരുതിയ വോട്ടുകളിലുള്ള വ്യത്യാസം പോലും 1,05965 വരെയെത്തി. മലപ്പുറം, പൊന്നാനി, ചാലക്കുടി, പത്തനംതിട്ട ഒഴിച്ചുള്ള 16 ലോക്സഭാ മണ്ഡലങ്ങളിലും ബി.ജെ.പിക്ക് വോട്ടുകൾ കൂടിയത് ഇടതുപാർട്ടികളുടെ ചെലവിലായിരുന്നു. 18 നിയമസഭാ മണ്ഡലങ്ങളിലാണ് ബി.ജെ.പിക്ക് വോട്ട് വർധിച്ചത്. മുഖ്യമന്ത്രി പിണറായി വിജയന്റെയും പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദന്റെയും മണ്ഡലങ്ങളിൽ പോലും ബി.ജെ.പിക്ക് കൂടുതൽ വോട്ട് ലഭിച്ചത് വേണ്ടത്ര ഗൗരവത്തോടെ പാർട്ടി ചർച്ച ചെയ്തില്ലെന്ന പരാതി ഇപ്പോഴും നിലനിലക്കുന്നുണ്ട്. കണ്ണൂരിൽ നിന്നുള്ള നേതാക്കൾ ഭരണത്തിലും പാർട്ടി നേതൃത്വത്തിലുമുണ്ടെങ്കിലും അവർ തമ്മിലുള്ള ഉൾപ്പോര് ഒളിപ്പോരായി ഇന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്.

## പണമില്ല: പ്രതിപക്ഷം പണമുണ്ട്: ധനമന്ത്രി

നിയമസഭയുടെ എട്ട് ദിവസം നീണ്ടു നിന്ന സമ്മേളനത്തിൽ എ.ഡി.ജി.പിയുടെ ആർ.എസ്.എസ് നേതാക്കളെ സന്ദർശിച്ചതായിരുന്നു സഭയിൽ അവതരിപ്പിച്ച ആദ്യത്തെ അടിയന്തര പ്രമേയം. തൃശ്ശൂർ പൂരം കലക്കൽ, വയനാട് പുനരധിവാസം, സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി എന്നീ പ്രശ്നങ്ങളും അടിയന്തര ചർച്ചയ്ക്ക് വിഷയമായെങ്കിലും ഒന്നിലും 'കൃത്യമായ' മറുപടി നൽകാൻ ഭരണപക്ഷത്തിനു കഴിഞ്ഞതേയില്ല. എ.ഡി.ജി.പിയെപ്പറ്റി കുറ്റാരോപണം നടത്താതെയുള്ള റിപ്പോർട്ടിൽ 'ഇനിയെന്ത്' എന്ന ചോദ്യം മുഖ്യമന്ത്രി വെളിപ്പെടുത്തിയില്ല. 'പനിയും തൊണ്ടവേദനയും' മൂലം നിയമസഭയിൽ എത്താൻ മുഖ്യമന്ത്രിക്ക് കഴിയാതെ പോയതും ഭരണപക്ഷത്തിന് ഉപകാരമായി. മുഖ്യമന്ത്രിക്കു വേണ്ടി മറുപടി പറഞ്ഞ മന്ത്രിമാരായ എം.ബി. രാജേഷും വാസവനും ഒരു മാതിരി 'ആർട്ട് സിനിമ'യിലെ ഡയലോഗുകളടിച്ച് സ്പീക്കറുടെ കണ്ണിൽ പൊടിയിടുകയും ചെയ്തു.

വയനാട് പുനരധിവാസ പ്രശ്നം സംബന്ധിച്ച മന്ത്രി കെ.രാജന്റെ മറുപടി എല്ലാ ഇടതുപക്ഷ എം.എൽ.ഏ.മാർക്കും വല്ലാതെ ബോധിച്ചു. എല്ലാവരെയും പുനരധിവസിപ്പിച്ചേ സർക്കാർ ചുരമിറങ്ങൂ എന്നായിരുന്നു രാജന്റെ മമ്മൂട്ടിയുടെ രാജമാണിക്യം ശൈലിയിലുള്ള വാഗ്ദാനം! പുനരധിവസിച്ചവർക്കുള്ള ധനസഹായവും വീട്ടുവാടകയുമെല്ലാം വയനാട്ടിൽ കുടിശ്ശികയാണിപ്പോൾ. സർക്കാർ വക കെട്ടിടങ്ങളിൽ താൽക്കാലികമായി പാർപ്പിച്ചവരുടെ കറന്റ് ബില്ലടയ്ക്കാത്തതിന്റെ പേരിൽ കൃഷ്ണൻകുട്ടിയുടെ കണ്ണിൽ ചോരയില്ലാത്ത ഇലക്ട്രിസിറ്റി ബോർഡ് കട്ട് ചെയ്തതു പോലും നിയമസഭയിൽ ചർച്ച ചെയ്യാൻ പ്രതിപക്ഷത്തെ സ്പീക്കർ അനുവദിച്ചില്ല.

കേരളം ഗുരുതരമായ സാമ്പത്തിക പ്രശ്നത്തിലാണെന്നുള്ള പ്രതിപക്ഷത്തിന്റെ വാദം ധനമന്ത്രി തള്ളിക്കളയുകയായിരുന്നു. എന്നാൽ 9 കോടി രൂപ ഹെലികോപ്ടർ വാടക കൃത്യമായി നൽകുന്ന സർക്കാർ തന്റെ നിയോജക മണ്ഡലത്തിലെ അഞ്ച് സ്കൂളുകൾക്കായി വാങ്ങിയ ബസ്സുകളുടെ വിലയായ 90 ലക്ഷം കൊടുക്കാത്തത് കോൺഗ്രസ് അംഗം ഏ.പി. അനിൽകുമാർ വിളിച്ചു പറഞ്ഞത് ഭരണപക്ഷം കേട്ടില്ലെന്ന് നടിക്കുകയായിരുന്നു.

പദ്ധതികൾക്കായി പണം ചെലവഴിക്കുന്നതിലെ പാപ്പരത്തം പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിട്ടും എന്തൊക്കെയോ കണക്കുകൾ പറഞ്ഞ് ധനമന്ത്രി തടിതപ്പുന്നതും നിയമസഭ കണ്ടു. സ്പീക്കർ ഇത്തവണ പിണറായിയുടെ 'ഹിസ് മാസ്റ്റേഴ്സ് വോയ്സാ'യി മാറിയത് ജനാധിപത്യ കേരളത്തിന് കളങ്കമായി മാറുകയും ചെയ്തു.

'ആകാം', 'ആയിരിക്കാം' 'അങ്ങനെയുമാവാം' തുടങ്ങിയ പദങ്ങൾ ആവോളം പ്രയോജനപ്പെടുത്തിയാണ് ഭരണപക്ഷം ഇത്തവണ നിയമസഭയിൽ നിന്ന് തടിതപ്പിയത്. ഇതെല്ലാം ഉപതെരഞ്ഞെടുപ്പാകുന്ന 'ജനസഭ' എങ്ങനെ വിലയിരുത്തുമെന്നായിരിക്കും ഇനിയുള്ള രാഷ്ട്രീയ കേരളത്തിന്റെ ചർച്ച.

◗ ആന്റണിചടയംമുറി







# മാർവൽ സിനിമാറ്റിക് യൂണിവേഴ്സിലിന്റെ ഭാഗമാകാൻ ഹാരിസൺ ഫോർഡ്



നടൻ ഹാരിസൺ ഫോർഡിന് ബ്ലോക്ക്ബസ്റ്റർ ഹോളിവുഡ് ഫ്രാഞ്ചൈസികൾ പുത്തരിയല്ല. ഹാൻ സോളോയെയും ഇന്ത്യാന ജോൺസിനെയും അവതരിപ്പിച്ച് കയ്യടി നേടിയ നടനാണ് അദ്ദേഹം.ഇപ്പോഴിതാ 82 കാരനായ നടൻ മാർവൽ സിനിമാറ്റിക് യൂണിവേഴ്സിലിന്റെ ഭാഗമാകാൻ ഒരുങ്ങുകയാണ്. 'ക്യാപ്റ്റൻ അമേരിക്ക: ബ്രേവ് ന്യൂ വേൾഡ്' എന്ന സിനിമയിൽ അദ്ദേഹം മുഖ്യ വേഷത്തിലെത്തും. ജി ക്യൂ മാസികയോട് സംസാരിച്ച ഫോർഡ് മാർവൽ ചിത്രം ഒഴിവാക്കുന്നത് വിഡ്ഢിത്തം ആണെന്നും പറഞ്ഞു.''ഞാൻ ഉദ്ദേശിച്ചത്, ഇതാണ് മാർവൽ പ്രപഞ്ചം, ഈ നഗരത്തിൽ പുതിയ ഒരു നാവികനാണ്'' ഫോർഡ് തന്റെ എംസിയു അരങ്ങേറ്റത്തെക്കുറിച്ച് പറഞ്ഞു. 80കളിലും 90കളിലും ഞങ്ങൾ നിർമ്മിച്ച സിനിമകൾ കൂടാതെ മറ്റ് തരത്തിലുള്ള സിനിമകളുടെ ആകർഷണം ഞാൻ മനസ്സിലാക്കുന്നു.എനിക്ക് അതിനെ കുറിച്ച് പൊതുവായി ഒന്നും പറയാനില്ല. കാര്യങ്ങൾ മാറുകയും രൂപപ്പെടുകയും ചെയ്യുന്നു. മാറ്റത്തിൽ പശ്ചാത്തപിക്കുകയും പങ്കെടുക്കാതിരിക്കുകയും ചെയ്താൽ നമ്മൾ മണ്ടന്മാരാണ്. ബിസിനസ്സിന്റെ ഒരു പുതിയ ഭാഗത്താണ് ഞാൻ പങ്കെടുക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം, പ്രേക്ഷകർക്ക് ചില നല്ല അനുഭവങ്ങൾ നൽകുന്നുവെന്ന് ഞാൻ കരുതുന്നു. ഞാൻ അത് ആസ്വദിക്കുന്നു ' അദ്ദേഹം പറഞ്ഞു.

## എമ്പുരാനിലെ 'സയിദ് മസൂദ്'; പൃഥ്വിരാജിന്റെ ക്യാരക്ടർ പോസ്റ്റർ



എമ്പുരാനിലെ പൃഥ്വിരാജന്റെ ക്യാരക്ടർ പോസ്റ്റർ പുറത്തുവിട്ട് മോഹൻലാൽ. പൃഥ്വിരാജിന്റെ പിറന്നാളിനോട് അനുബന്ധിച്ചാണ് പോസ്റ്റർ റിലീസ് ചെയ്തത്. ഹാപ്പി ബർത്ത്ഡേ ജനറൽ എന്ന ടാഗ് ലൈനോടുകൂടിയാണ് പോസ്റ്റർ പങ്കുവെച്ചിരിക്കുന്നത്. സയീദ് മസൂദ് എന്നാണ് പൃഥ്വിരാജിന്റെ കഥാപാത്രത്തിന്റെ പേര്. താങ്ക്യൂ ഭായ്ജാൻ എന്ന ക്യാപ്ക്ഷനോടു കൂടി പൃഥ്വിരാജും പോസ്റ്റർ പങ്കുവെച്ചിട്ടുണ്ട്.ലൈക്കാ പ്രൊഡക്ഷൻസ്-ആശിർവാദ് സിനിമാസ് എന്നീ പ്രൊഡക്ഷൻ ഹൗസുകൾ ചേർന്നാണ് എമ്പുരാൻ നിർമിക്കുന്നത്. മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിൽ ഒരുങ്ങുന്ന പാൻ ഇന്ത്യൻ ചിത്രമാണ് എമ്പുരാൻ.മുരളി ഗോപിയാണ് തിരക്കഥ രചിച്ചിരിക്കുന്നത്. ഛായാഗ്രഹണം സുജിത്ത് വാസുദേവ്.



# സഹപ്രവർത്തക്കൊപ്പം വേട്ടയന്റെ വിജയം ആഘോഷിച്ച് രജനികാന്ത്



സൂപ്പർസ്റ്റാർ രജനികാന്ത് നായകനായ പുതിയ ചിത്രമാണ് വേട്ടയൻ. ചിത്രം തീയേറ്ററുകളിൽ വിജയകരമായി പ്രദർശനം തുടരുകയാണ്.സഹപ്രവർത്തകർക്കൊപ്പം വേട്ടയന്റെ വിജയം ആഘോഷിക്കുകയാണ് സൂപ്പർസ്റ്റാർ രജനികാന്ത്. സംഗീത സംവിധായകൻ അനിരുദ്ധ്, സംവിധായകൻ ടിജെ ജ്ഞാനവേൽ, ചിത്രത്തിന്റ നിർമാതാക്കൾ എന്നിവർക്കൊപ്പമാണ് രജനികാന്ത് വിജയം ആഘോഷിച്ചത്.ചെറിയൊരു ഇടവേളയ്ക്ക് ശേഷമാണ് രജനികാന്ത് പൊതുയിടത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഹൃദയസംബന്ധമായ ചികിത്സയ്ക്കായി ചെന്നൈയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച രജനികാന്തിനെ കുറച്ചുദിവസങ്ങൾ മുൻപാണ് ആശുപത്രി വിട്ടത്.അഞ്ചുദിവസം കൊണ്ട് 240 കോടി രൂപയ്ക്ക് മുകളിലാണ് ചിത്രത്തിൻറെ ആഗോളതല കളക്ഷൻ. കേരളത്തിലും മികച്ച ബോക്സ് ഓഫീസ് കളക്ഷനാണ് ചിത്രം നേടിയിരിക്കുന്നത്.13 കോടിക്കും മുകളിലാണ് ചിത്രമിതുവരെ കേരളത്തിൽ നിന്ന് നേടിയത്. ഇതോടെ വിജയ് ചിത്രമായ ദി ഗോട്ട് നേടിയ കേരള കളക്ഷനെ വേട്ടയ്യൻ മറികടന്നു.

## ഹിറ്റ് സംവിധായകനൊപ്പം ബാലയ്യ വീണ്ടുമെത്തുന്നു

അടുത്തിടെ തന്നെ തുടർച്ചയായ മൂന്ന് ചിത്രങ്ങളാണ് ബാലയ്യ എന്ന നന്ദമൂരി ബാലകൃഷ്ണയുടേതായി 100 കോടി ക്ലബ്ബിൽ ഇടംപിടിച്ചത്. സീക്വൽ എന്നത് ട്രെൻഡ് ആയിരിക്കുന്ന കാലത്ത് ബാലയ്യയും ഒരു രണ്ടാം ഭാഗവുമായി എത്താൻ ഒരുങ്ങുകയാണ്. കരിയറിലെ ആദ്യ 100 കോടി ക്ലബ്ബ് ചിത്രമായ അഖണ്ഡയുടെ സീക്വൽ ആണ് അത്. ബോയപതി ശ്രീനു സംവിധാനം ചെയ്തിരിക്കുന്ന ചിത്രത്തിൻറെ പേര് അഖണ്ഡ 2 എന്ന് തന്നെയാണ്. സിംഹ, ലെജൻഡ്, അഖണ്ഡ എന്നീ ഹാട്രിക് ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങൾക്ക് ശേഷം നന്ദമൂരി ബാലകൃഷ്ണയും സംവിധായകൻ ബോയപതി ശ്രീനുവും ഒന്നിക്കുന്ന ചിത്രമാണിത്. നിർമ്മാണം 14 റീൽസ് പ്ലസ് ബാനറിൽ രാം അചന്തയും ഗോപിചന്ദ് അചന്തയും ചേർന്നാണ്. എം തേജസ്വിനി നന്ദമൂരിയാണ് ചിത്രം അവതരിപ്പിക്കുന്നത്.

# എന്റെ ബോളിവുഡ് സ്വപ്നം സാക്ഷാത്കരിച്ചെന്ന് പ്രിയങ്ക



തന്റെ ബോളിവുഡ് സ്വപ്നം സാക്ഷാത്കരിച്ചെന്ന് നടി പ്രിയങ്ക ചോപ്ര. മഞ്ഞുമൂടിയ ആൽപ്സ് പർവതനിരയിൽ വച്ചാണ് താരത്തിന്റെ ബോളിവുഡ് സ്വപ്നം സാക്ഷാത്കരിച്ചത്. പ്രിയങ്ക ചോപ്ര അടുത്തിടെ സ്വിറ്റ്സർലൻഡിലെ ക്രാൻസ് മൊണ്ടാനയിലെ മഞ്ഞുമലകളിൽ ഷൂട്ട് ചെയ്തിരുന്നു. അവിടെ വെച്ച് മഞ്ഞിൽ നിന്ന് സന്തോഷത്തോടെ കറങ്ങുന്ന ഒരു വീഡിയോ താരം ഇൻസ്റ്റഗ്രാം സ്റ്റോറിയിൽ പങ്കുവെച്ചിരുന്നു. അതിന് ക്യാപ്ക്ഷൻ കൊടുത്തത്, 'എന്റെ ബോളിവുഡ് സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നു' എന്നായിരുന്നു. ബോളിവുഡ് സംവിധായകൻ യാഷ് ചോപ്രയുടെ ചാന്ദ്നി എന്ന സിനിമയിലെ ഗാനമാണ് പ്രിയങ്ക സ്റ്റോറിയിൽ ചേർത്തിരിക്കുന്നത്. നീല നിറത്തിലുള്ള ജംസ്യൂട്ടും ജാക്കറ്റുമാണ് പ്രിയങ്ക ചോപ്ര ധരിച്ചിരിക്കുന്നത്.ഷൂട്ടിന്റെ ബിടിഎസ് ചിത്രങ്ങളും പ്രിയങ്ക ചോപ്ര ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചു. ജോണിവാക്കർ ക്യാപെയിൻ ഷൂട്ടിന്റെ ഭാഗമായാണ് പ്രിയങ്ക ചോപ്ര സ്വിറ്റ്സർലാൻഡിൽ പോയത്. ബിടിഎസ് ചിത്രങ്ങൾക്കൊപ്പം തന്റെ സോളോ ചിത്രങ്ങളും പ്രിയങ്ക പങ്കുവെച്ചിട്ടുണ്ട്.പ്രിയങ്ക ചോപ്ര നിലവിൽ റൂസോ ബ്രദേഴ്സിന്റെ സിറ്റാഡേൽ സീസൺ 2ന്റെ ചിത്രീകരണത്തിലാണ്. ഫ്രാങ്ക് ഇ ഫ്ലവേഴ്സ് സംവിധാനം ചെയ്ത ദി ബ്ലഫാണ് റിലീസ് ചെയ്യാനിരിക്കുന്ന പ്രിയങ്കയുടെ സിനിമ. 19ാം നൂറ്റാണ്ടിൽ നടക്കുന്ന കഥയാണ് ബ്ലഫ്. ചിത്രത്തിൽ കടൽകൊള്ളക്കാരിയായാണ് പ്രിയങ്ക ചോപ്ര എത്തുന്നത്. ബ്ലഫിന് പുറമെ ഹെഡ്സ് ഓഫ് സ്റ്റേറ്റിലും താരം അഭിനയിക്കുന്നുണ്ട്.

## മമ്മൂട്ടി ചിത്രത്തിൽ നിന്ന് ഫഹദ് ഫാസിൽ പിന്മാറി

മമ്മൂട്ടിയെ നായകനാക്കി മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന ബിഗ് ബജറ്റ് ചിത്രത്തിൽ നിന്ന് ഫഹദ് ഫാസിൽ പിന്മാറിയതായി സൂചന. മറ്റു പ്രൊജക്ടുകളുടെ തിരക്ക് കാരണമാണ് മഹേഷ് നാരായണൻ ചിത്രം ഫഹദ് ഉപേക്ഷിച്ചതെന്നാണ് വിവരം. മമ്മൂട്ടിക്കൊപ്പം മോഹൻലാൽ, കുഞ്ചാക്കോ ബോബൻ, ഫഹദ് ഫാസിൽ എന്നിവരും മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന സിനിമയിൽ ശ്രദ്ധേയമായ കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നതായി നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. ഫഹദിനു പകരം ആസിഫ് അലിയായിരിക്കും മഹേഷ് നാരായണൻ ചിത്രത്തിൽ അഭിനയിക്കുക. അടുത്ത വർഷം ആദ്യത്തോടെ ഷൂട്ടിങ് ആരംഭിക്കുന്ന ചിത്രത്തിൽ സുപ്രധാന കാമിയോ റോളിൽ ആയിരിക്കും മോഹൻലാൽ എത്തുക. ശ്രീലങ്കയിൽ ആയിരിക്കും പ്രധാന ഭാഗങ്ങളുടെ ചിത്രീകരണം.



# കലാം സ്റ്റാൻഡേർഡ് 5B

ഉത്തരേന്ത്യൻ ജീവിത പശ്ചാത്തലത്തിൽ മനുഷ്യ ജീവിതങ്ങളെ അടയാളപ്പെടുത്തുകയാണ് കലാം സ്റ്റാൻഡേർഡ് 5ആ എന്ന ചിത്രത്തിലൂടെ. മലയാളിയായ ഒരാൾ നന്നേ ചെറുപ്പത്തിൽ ഉത്തരേന്ത്യയിൽ എത്തപ്പെടുകയും അയാളുടെ ജീവിതം പല രീതിയിൽ വഴിമാറുന്നുണ്ടെങ്കിലും മലയാളനാടിന്റെ സംസ്കാരവും രീതികളും തന്റെ മക്കളിലൂടെയും അതേപോലെതന്നെ പിന്തുടരാൻ ശ്രമിക്കുന്ന നിഷ്കളങ്കനായ ഒരു മനുഷ്യൻ ഇഅഅയുടെ വരവോടുകൂടി പൗരത്വം നഷ്ടപ്പെടുന്നത് തടയാൻ ശ്രമിക്കുന്നതും, അതിനൊപ്പം നിൽക്കുന്ന മകന്റെയും പരിശ്രമങ്ങളാണ് ഈ ചിത്രം.നിയമം മനുഷ്യർക്ക് വേണ്ടി ഉള്ളതാണ്, മനുഷ്യർ നിയമത്തിനു വേണ്ടിയല്ല. മാറി മാറി വരുന്ന സർക്കാരുകൾ നിർമ്മിക്കുന്ന നിയമങ്ങളും അത് ജനങ്ങളിൽ എത്തിക്കുന്ന മീഡിയകളും എത്രത്തോളം സാധാരണ മനുഷ്യരുടെ ചിന്തകളെ സ്വാധീനിക്കുകയും അവന്റെ സ്വസ്ഥത ജീവിതത്തെ തകിടം മറിച്ച് അവരിൽ എങ്ങനെ ഭയം നിറയ്ക്കുന്നെന്നും പറയാൻ ശ്രമിച്ചിരിക്കുന്നു.ഭിന്നതയും, മത വൈരങ്ങളും തുടരുന്ന വർത്തമാന കാലത്തിന്റെ നേർ ചിത്രം കൂടിയാണ് ഈ സിനിമ. ആൻമരിയ പ്രസന്റേഷൻസും ലാൽജി ക്രിയേഷൻസും ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം, ക്യാമറ, എഡിറ്റിങ്ങ്, സംവിധാനം - ലിജു മിത്രൻ മാത്യു.കോ-പ്രൊഡ്യൂസേഴ്സ് അജിത്ത് എബ്രഹാം, ലിജു ജോയ്, മ്യൂസിക്ക് പി.ജെ, ആർട്ട്. മെബിൻ മോൻസി, ലിന്റോ തോമസ് ലൈവ് സൗണ്ട് അബിഹേൽ, മേക്കപ്പ് മനീഷ് ബാബു, കളറിസ്റ്റ് ജിതിൻ കുമ്പുക്കാട്ട്,




അസോസിയേറ്റ് ഡയറക്ടർ ശിവക്ക് നടവരമ്പ്, അസിസ്റ്റന്റ് ഡയറക്ടർ നിവിൻ ബാബു,വസ്ത്രാലങ്കാരം സത്യനാഥ്, മാനേജർ ജീതേന്ദ്ര പവാർ, ഫൈനാൻസ് കൺട്രോളർ ടെസ്സി തോമസ്. മധ്യപ്രദേശിലെ ദേവാസിലും പരിസരപ്രദേശങ്ങളിലുമായി ചിത്രീകരിച്ച ഈ ചിത്രത്തിൽ ടോം ജേക്കബ്, ഏഞ്ചലോ ക്രിസ്റ്റ്യാനോ, നിമിഷ നായർ, മെലീസ, ജോൺസൻ, ജോബി കോന്നി, ശ്രീകുമാർ, സത്യനാഥ്, ജിത്തു, എന്നിവരോടൊപ്പം നിരവധി കലാകാരന്മാരും അഭിനയിച്ചിരിക്കുന്നു. പി.ആർ.ഒ. സിക്സ്റ്റസ് പോൾസൺ

# സൂര്യയുടെ 45–ാമത് ചിത്രം വരുന്നു

സൂര്യയുടെ നാൽപ്പത്തി അഞ്ചാമത് ചിത്രം പ്രഖ്യാപിച്ചു. എൽ.കെ.ജി., മൂക്കുത്തി അമ്മൻ തുടങ്ങിയ ചിത്രങ്ങൾ സംവിധാനം ചെയ്ത എൽ.കെ.ബാലാജിയാണ് ചിത്രത്തിന്റെ സംവിധാനം.കലാമൂല്യമുള്ള ചിത്രങ്ങളുടെ നിമ്മാണവും വിതരണവും നിർവഹിച്ച ഡ്രീം വാരിയർ പിക്ചേഴ്സ് ആണ് സൂര്യ 45ന്റെ നിർമ്മാണം നിർവഹിക്കുന്നത്.ജോക്കർ, അരുവി, തീരൻ അധികാരം ഒൻട്ര്, കൈതി, സുൽത്താൻ, ഒകെ ഒകാ ജീവിതം, ഫർഹാന തുടങ്ങിയ ചിത്രങ്ങൾ നിർമ്മിച്ച പ്രൊഡക്ഷൻ ഹൗസായ ഡ്രീം വാരിയർ പിക്ചേഴ്സ് തങ്ങളുടെ ഏറ്റവും വലിയ ചിത്രമായ 'സൂര്യ 45' പൂജാ ചടങ്ങോടെ ആരംഭിച്ചു.ഇതുവരെ പേരിട്ടിട്ടില്ലാത്ത ഈ ചിത്രം പ്രൊഡക്ഷൻ ഹൗസിന്റെ ബിഗ് ബഡ്ജറ്റ് ചിത്രമാണ്.ആർ.ജെ. ബാലാജി ഇപ്പോൾ സൂര്യ 45 ന്റെ പ്രീ-പ്രൊഡക്ഷൻ തിരക്കിലാണ്. ഒരു വർഷത്തിലേറെയായി ഈ തിരക്കഥയുടെ നിർമ്മാണത്തിലും പക്കാ എന്റെർറ്റൈനെർ ആയ സൂര്യ 45ന്റെ ലൊക്കേഷനുകൾ നിശ്ചയിക്കാനുമുള്ള യാത്രയിലായിരുന്നു അവർ. സംഗീതസംവിധായകൻ എ.ആർ. റഹ്മാനാണ്.



# വിവാദങ്ങൾക്ക് വിട ! സിനിമയിൽ സജീവമായി ബെൻ അഫ്‌ലെക്ക്

ജെന്നിഫർ ലോപ്പസുമായുള്ള വിവാഹമോചന നടപടികൾക്ക് പിന്നാലെ സിനിമയിൽ സജീവമായി ബെൻ അഫ്‌ലെക്ക്. ദീർഘകാല സുഹൃത്തും സഹപ്രവർത്തകയുമായ മാറ്റ് ഡാമണുമായി നിർമ്മാണ കമ്പനിയായ ആർട്ടിസ്റ്റ് ഇക്വിറ്റിയിലൂടെ നിരവധി പ്രോജക്ടുകളിൽ അഫ്‌ലെക്ക് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഒക്ടോബർ 9-നാണു ഒരു സിനിമയുടെ സെറ്റിൽ അദ്ദേഹത്തെ അവസാനമായി കാണപ്പെട്ടത്. 2016-ൽ പുറത്തിറങ്ങിയ തന്റെ ആക്ഷൻ ചിത്രമായ ദി അക്കൗണ്ടന്റിന്റെ അടുത്ത ഭാഗത്തിന്റെ ചിത്രീകരണം ഈ വർഷം ആദ്യം പൂർത്തിയാക്കിയിരുന്നു. അതോടൊപ്പം നടനെന്ന നിലയിൽ ഞകജ ഉൾപ്പെടെ വരാനിരിക്കുന്ന രണ്ട് സിനിമകളിൽ അദ്ദേഹം അഭിനയിക്കുന്നുണ്ട്. 2023-ൽ പുറത്തിറങ്ങിയ എയർ എന്ന ചിത്രമാണ് അഫ്‌ലെക്ക് അവസാനമായി സംവിധാനം ചെയ്തത്. ജെന്നിഫർ ലോപ്പസ് ബെൻ അഫ്‌ലെക്കിൽ നിന്ന് അഗസ്തിലാണ് വിവാഹമോചനം ഫയൽ ചെയ്തത്. പോപ്പ് ഗായികയും അഭിനേത്രിയുമായ ലോപ്പസിന്റെ (55) നാല് ഒസ്കാർ അവർഡുകൾ നേടിയ ചലച്ചിത്രതാരവും സംവിധായകനുമായ അഫ്‌ലെക്കിന്റെയും (52) രണ്ടാമത്തെ വിവാഹവുമായിരുന്നു ഇത്. 2002-ൽ ഗിഗ്ലി എന്ന ചലച്ചിത്രത്തിന്റെ സെറ്റിൽ വെച്ചാണ് ഇരുവരും ആദ്യമായി കണ്ടുമുട്ടുന്നത്. ഡേറ്റിംഗ് ആരംഭിക്കുകയും വിവാഹനിശ്ചയം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.2022 ജൂലൈയിൽ ലാസ് വെഗാസിൽ വെച്ച് ഇരുവരും വിവാഹിതരായി. അഫ്‌ലെക്കിൻറെ ജോർജിയയിലെ ആഡംബര വസതിയിൽ വെച്ചായിരുന്നു ആഘോഷം. കഴിഞ്ഞ വർഷം ലോസ് ഏഞ്ചൽസിൽ ഇരുവരും ചേർന്ന് 60 മില്യൺ ഡോളറിന്റെ വീട് വാങ്ങിയെന്നും റിപോർട്ടുകൾ വന്നിരുന്നു. എന്നാൽ കഴിഞ്ഞമാസം ലോപ്പസ് തൻറെ 55-ാം ജന്മദിനം ഭർത്താവില്ലാതെ ആഘോഷിച്ചത് ആരാധകർക്കിടയിൽ സംശയങ്ങൾ സൃഷ്ടിച്ചു. ഇതിനിടയിൽ അഫ്‌ലെക്ക് ഒരു ആഡംബര ബാച്ചിലർ പാഡിലേക്ക് മാറിയതും അഭ്യൂഹങ്ങൾക്ക് വഴിവെച്ചു. ഇതിനിടയിലാണ് ഇരുവരും വേർപിരിഞ്ഞെന്ന റിപോർട്ടുകൾ പുറത്ത് വന്നത്.



## ഡികാപ്രിയോയുടെ അടുത്ത ചിത്രം പ്രഖ്യാപിച്ചു

ലിയോനാർഡോ ഡികാപ്രിയോ ആരാധകർക്ക് ഇതാ ഒരു സന്തോഷ വാർത്ത. ലിയനാർഡോ ഡികാപ്രിയോയുടെ അടുത്ത വേഷം പ്രഖ്യാപിച്ചിരിക്കുകയാണ്. ചിത്രത്തിന്റെ തലക്കെട്ട് ദി ബാറ്റിൽ ഓഫ് ബക്തൻ ക്രോസ് എന്നാണ്. ഈ സിനിമ ഇതിനകം തന്നെ തരംഗമായിക്കൊണ്ടിരിക്കുകയാണ്.ബൂഗി നൈറ്റ്സ് പോലുള്ള മാസ്റ്റർപീസുകൾക്ക് പേരുകേട്ട പോൾ തോമസ് ആൻഡേഴ്സൺ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. കൗതുകമുണർത്തുന്ന ഒരു കഥയുടെ മനോഹരമായ ഒരു യാത്ര ആയിരിക്കും ചിത്രം എന്നാണ് പുറത്തു വരുന്ന വിവരം.ഡികാപ്രിയോ സോയ്ഡ് വീലർ എന്ന മുൻ ഹിപ്പിയുടെ വേഷത്തിലേക്ക് ആണ് ചുവടുവയ്ക്കുന്നത്. 2024 ജനുവരിയിൽ ആണ് ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചത്. കാലിഫോർണിയയിലെ ഹംബോൾട്ട് കൗണ്ടിയുടെ, പ്രത്യേകിച്ച് അർക്കാറ്റ, കട്ടൻ, യുറീക്ക എന്നിവയുടെ ദൃശ്യ ഭംഗി പകർത്തുന്ന രീതിയിൽ ആണ് ലൊക്കേഷനുകൾ തിരഞ്ഞെടുത്തിരിക്കുന്നത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

135



Movie Sudhikalasam (1979)
Director P Chandrakumar
Lyrics Sreekumaran Thampi
Music Shyam
Singers S Janaki

മൗനരാഗപ്പൈങ്കിളീ നിൻ ചിറകു വിടർന്നെങ്കിൽ
മനസ്സാകും കൂടുവിട്ടെൻ ചുണ്ടിൽ പറന്നെങ്കിൽ
മൗനരാഗ....

കവിതയായ് നീ ഉണർന്നു മധുപദ
മധുരത്തൂവലിനാൽ
കദനത്തീയിൽ പിടയും
പ്രിയനെ തഴുകിയുറക്കാമോ?
കാറ്റുപാടീ താലോലം.. കൈകളാടീ ആലോലം
മുകിലും മുകിലും പുണരുമീ
മുഗ്ദ്ധരാവിന്റെ നിർവൃതീ...
പകർന്നു നൽകാമോ പ്രിയനെയുറക്കാമോ?
മൗനരാഗ......

കഥകളായ് നീ വളർന്നു
സാന്ത്വന വചനമാലികയാൽ
വ്യഥയിൽ മുങ്ങും പ്രിയന്റെ
നിദ്രയെ അലങ്കരിക്കാമോ?
കടലുമൂളീ താലോലം..
കരയുറങ്ങീ ആമന്ദം
നിഴലും നിഴലും പിണയുമീ
പ്രണയയാമത്തിൻ മാധുരീ
പകർന്നുനൽകാമോ
പ്രിയനെയുറക്കാമോ?
മൗനരാഗ....



# തമിഴ്നാട് രാഷ്ട്രീയത്തിലും കുടുംബവാഴ്ച മുൻനിരയിലേക്ക്

**തമിഴ്നാട് രാഷ്ട്രീയ ചരിത്രത്തിൽ സൂപ്പർതാര പദവി രാഷ്ട്രീയ ശക്തിയാക്കി മാറ്റാൻ എം.ജി.ആറിനല്ലാതെ ഇതുവരെ മറ്റൊരു ചലച്ചിത്ര താരത്തിനും സാധിച്ചിട്ടില്ല. ജയലളിതക്ക് ആദ്യകാലങ്ങളിൽ ലഭിച്ച പിന്തുണ എം.ജി.ആറിന്റെ ജനകീയതയുടെ പ്രതിഫലനം മാത്രമായിരുന്നു. സിനിമ വിട്ടതിന് ശേഷം സമാന്തരമായ പ്രവർത്തനങ്ങളിലൂടെ നിർമ്മിച്ചെടുത്ത ജനകീയതയായിരുന്നു ജയലളിതയുടെ രാഷ്ട്രീയ അടിത്തറ. ഇനി വിജയ് ആ സ്ഥാനം കരസ്ഥമാക്കുമോ..? അതോ, ഉദയനിധി സ്റ്റാലിൻ വിജയിയെ തറപറ്റിച്ച് തമിഴ്നാട് കീഴടക്കുമോ..? ഈ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരത്തിനായി നമുക്ക് കാത്തിരിക്കാം..!**

## ഡൽഹി ഡെർബാർ



മുത്തുവേൽ കരുണാനിധി എന്ന രാഷ്ട്രീയ വടവൃക്ഷത്തിന്റെ മൂന്നാം തലമുറയിലെ ശിഖിരമാണ് ഉദയനിധി സ്റ്റാലിൻ. വയസ്സ് 46. ഇപ്പോൾ തത്രപ്പെട്ട് ഉദയനിധി സ്റ്റാലിനെ മുന്നിലേക്ക് കൊണ്ടുവന്നതിൽ ഒരു പ്രധാന ലക്ഷ്യം നടൻ വിജയ് രാഷ്ട്രീയ ഗോദയിലേക്കിറങ്ങുന്നതു തന്നെയാണ്. വിജയ് പുതുതലമുറയെ കൈയ്യിലെടുത്താൽ ഡിഎംകെയുടെ കാര്യം പരിങ്ങലിലാകും എന്ന വലിയ ആശങ്ക..! ഏതുവിധേനയും അതിന് തടയിടുക എന്ന തന്ത്രത്തിന്റെ ഭാഗമായാണ് പെട്ടെന്നുള്ള ഈ നീക്കം.

കരുണാനിധി അധികാരത്തിന്റെ തലപ്പത്തിരുന്നപ്പോഴൊന്നും ഇത്തരത്തിൽ മുൻനിരയിലേക്ക് തന്റെ മക്കളെയൊന്നും കൊണ്ടുവന്നിരുന്നില്ല. എന്നാൽ കേവലം അഞ്ചു സംവത്സരത്തിനിടയിലെ രാഷ്ട്രീയ പരിചയം മാത്രമുള്ള ഉദയനിധി സ്റ്റാലിനെ ഉപമുഖ്യമന്ത്രിക്കസേരയിൽ ഉപവിഷ്ടനാക്കിയതിലൂടെ അല്പം ചീത്തപ്പേര് കേട്ടാലും വേണ്ടില്ല, അധികാരത്തിലിരിക്കുമ്പോഴേ ഇതൊക്കെ നടക്കുകയുള്ളൂ എന്ന മനോഭാവത്തിലാണ് സാക്ഷാൽ സ്റ്റാലിൻ. തമിഴ്നാട്ടിൽ അണ്ണാദുരൈ തുടങ്ങിവെച്ച ചലച്ചിത്ര, രാഷ്ട്രീയ ബന്ധം ഊട്ടിയുറപ്പിച്ച് മുത്തുവേൽ കരുണാനിധിയും എം.ജി. രാമചന്ദ്രനും അധികാരത്തിലെത്തി. തമിഴ്നാടിന്റെ നവോത്ഥാന മുന്നേറ്റം വ്യക്തികേന്ദ്രീകൃതമായ തലത്തിലേക്കു ചുരുങ്ങിത്തുടങ്ങിയത് അക്കാലത്താണ്.

തന്റെ ഇമേജിനെ വോട്ടാക്കി മാറ്റുകയായിരുന്നു എം.ജി.ആർ ചെയ്തത്. താഴ്ന്ന ജാതിക്കാരുടെയും പട്ടിണിപ്പാവങ്ങളുടേയും വികാരങ്ങൾ, പ്രതിഷേധങ്ങൾ എന്നിവയൊക്കെയായിരുന്നു എം.ജി ആർ സിനിമകളിൽ നിഴലിച്ചു നിന്നത്. അവരുടെ ബലഹീനതകളെ മുതലെടുത്തുകൊണ്ടുള്ള ഇമേജ് നിലനിർത്തിയുള്ള രാഷ്ട്രീയപ്രവർത്തനം ഫലപ്രദമായി കൊണ്ടുപോയത് എം.ജി.ആറാണെന്നതിൽ സംശയമില്ല. ദ്രാവിഡ പ്രസ്ഥാനത്തിന്റെ ഗുണപരമായ ആശയങ്ങളൊന്നും പിൻതലമുറക്കാർ ഉൾക്കൊണ്ടില്ല എന്നതാണ് ഏറെ രസകരമായ സംഗതി.

1944ലിൽ പെരിയോർ മുന്നോട്ടുവച്ച ആശയത്തിന്റെ അടിസ്ഥാനത്തിൽ ദ്രാവിഡ മുന്നേറ്റം സംഘടനാരൂപം കൊണ്ടത്. എന്നാൽ ഈ പ്രസ്ഥാനത്തിനു തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ വിശ്വാസമുണ്ടായിരുന്നില്ല. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തേയും ജനകീയ രാഷ്ട്രീയത്തേയും അത് വേറിട്ടുതന്നെ കണ്ടിരുന്നു. യഥാർത്ഥ രാഷ്ട്രീയ മാറ്റങ്ങൾക്കു പലപ്പോഴും തടസ്സമാകുന്നത് തെരഞ്ഞെടുപ്പ് രാഷ്ട്രീയമാണെന്നായിരുന്നു ആ സംഘടനയുടെ ഉറച്ച വിശ്വാസം.

എന്നാൽ കാലക്രമേണ, പ്രസ്ഥാനത്തിനകത്തു നിന്നുതന്നെ ഒരു വിഭാഗത്തിനു തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പങ്കെടുക്കണമെന്ന ആഗ്രഹം ശക്തമായി. അഞ്ച് വർഷത്തിനുശേഷം, അവർ 1949ൽ ഡി.എം.കെ രൂപീകരിച്ചു.

സിനിമയിലെ ജനസമ്മിതി രാഷ്ട്രീയാധികാരം നേടാനുള്ള എളുപ്പവഴിയാണെന്നു ആദ്യം തിരിച്ചറിഞ്ഞത് സി.എൻ. അണ്ണാദുരൈയാണ്. ദ്രാവിഡ ആശയങ്ങളിൽനിന്നു വ്യതിചലിച്ച് ഒത്തുതീർപ്പുകളിലൂടെ ഡി.എം.കെ അധികാരത്തിലുമെത്തി. കെ.ആർ. രാമസ്വാമിക്കൊപ്പം അവതരിപ്പിച്ച നാടകങ്ങളിലൂടെയാണ് ഡി.എം.കെ. പാർട്ടി ആസ്ഥാനത്തിനാവശ്യമായ പണം അണ്ണാദുരൈ സമാഹരിച്ചത്. പത്തോളം സിനിമകൾക്ക് അദ്ദേഹം കഥയും തിരക്കഥയുമെഴുതി. രാഷ്ട്രീയം കൃത്യമായി എത്തിക്കാനുള്ള വിനിമയ മാർഗ്ഗം സിനിമയാണെന്നു തിരിച്ചറിഞ്ഞതും അദ്ദേഹമാണ്.

ദ്രാവിഡ രാഷ്ട്രീയത്തിലെ സിനിമാചരിത്രം തുടങ്ങുന്നത് അണ്ണാദുരൈയിൽ നിന്നാണ്. സ്റ്റാലിനടക്കം തമിഴകത്തിന്റെ മുഖ്യമന്ത്രിയായവർക്കെല്ലാം സിനിമാബന്ധമുണ്ട്. സ്ക്രീനിൽ മാത്രമല്ല, രാഷ്ട്രീയത്തിലും അവർ തിളങ്ങി. കാലിടറി വീണവരുമുണ്ട്. എല്ലാ ജാതിവിഭാഗങ്ങൾക്കും സ്വീകാര്യനായ, പൊതുസ്വീകാര്യതയുള്ള വ്യക്തികൾ സിനിമാക്കാരാകുന്നത് സ്വാഭാവികം! രാഷ്ട്രീയസാധ്യതകൾ തേടി കമൽഹാസനും രജനീകാന്തുമിറങ്ങി. ഇപ്പോൾ വിജയ് കുടി വരുകയാണ്.

തമിഴക വെട്രി കഴകം എന്നാണ് പാർട്ടിയുടെ പേര്. ദ്രാവിഡം പേരിലില്ല. രാഷ്ട്രീയത്തിലെത്തുന്ന താരങ്ങളുടെ പതിവ് പ്രഖ്യാപനം പോലെ അഴിമതിക്കെതിരായ പോരാട്ടമാണ് ഇളയദളപതിയും ലക്ഷ്യമിടുന്നത്. ദ്രാവിഡ രാഷ്ട്രീയത്തിന്റെ നാട്ടിൽ വിഭജന രാഷ്ട്രീയത്തിനെതിരേയും ജാതിരഹിത ഭരണസംവിധാനത്തിനുവേണ്ടിയും പ്രവർത്തിക്കുമെന്നാണ് പ്രഖ്യാപനം.

അണ്ണാദുരൈയുടെ പാതയാണ് ഏറെക്കുറെ കരുണാനിധിയും സ്വീകരിച്ചത്. ബ്രാഹ്മണ്യത്തിൽ അധിഷ്ഠിതമായ സാമൂഹിക ഘടനയെ വെല്ലുവിളിക്കുന്ന സിനിമകളായിരുന്നു അദ്ദേഹത്തിന്റേത്. ഓരോ സിനിമയിലൂടെയും അദ്ദേഹം ഒരു രാഷ്ട്രീയസന്ദേശം കൊടുത്തിരുന്നു. എഴുപതോളം തിരക്കഥകൾ അദ്ദേഹമൊരുക്കി. ദ്രാവിഡപ്രസ്ഥാനം ഉയർത്തിപ്പിടിച്ചിരുന്ന ആശയങ്ങളെ ഉൾക്കൊണ്ട് രാഷ്ട്രീയജീവിതം നയിച്ച ചുരുക്കം ചില നേതാവ് കൂടിയാണ് അദ്ദേഹം. അവസാനം വരെ അത്തരം അടയാളങ്ങൾ അദ്ദേഹം ഉപേക്ഷിച്ചതുമില്ല. എന്നാൽ, സിനിമ ഉപയോഗിച്ച് അധികാരം നേടി വിജയിച്ചയാൾ എം.ജി.ആറാണ്. താത്വികാടിത്തറയോ സംഘടനാബലമോ ഇല്ലാതെ എം.ജി.ആറിന്റെ പാർട്ടിക്കു നിലനിൽക്കാനാകില്ലെന്നാണ് കരുണാനിധിയും കരുതിയത്. എന്നാൽ, പാർട്ടി കരുണാനിധിക്കൊപ്പവും പ്രവർത്തകർ എം.ജി.ആറിനൊപ്പവും നീങ്ങി. പാർട്ടിയുടെ താത്വിക നിലപാട് ചോദിച്ചവരോട് അത് അണ്ണായിസമാണെന്ന് എം.ജി.ആർ പറഞ്ഞു. ഗാന്ധിസം, കമ്യൂണിസം, ക്യാപിറ്റലിസം ഈ മൂന്ന് ഇസങ്ങളുടേയും നല്ലവശം ചേർന്നാൽ അണ്ണായിസമായി എന്നതായിരുന്നു എം.ജി.ആറിന്റെ മറുപടി. ഹിന്ദുവിരുദ്ധ സമരങ്ങളോടും ദൈവനിഷേധത്തോടും എം.ജി.ആർ വലിയ താല്പര്യം കാണിച്ചില്ല. എ.ഡി.എം.കെയെ പിന്നീട് എ.ഐ ചേർത്ത് എ.ഐ.എ.ഡി.എം.കെ എന്നു പേരുമാറ്റിയത് പാർട്ടിയുടെ ദേശീയ പ്രതിച്ഛായ ലക്ഷ്യമിട്ടായിരുന്നു.

ഡി.എം.കെ, എ.ഐ.ഡി.എം.കെ എന്നീ രണ്ട് പാർട്ടികൾക്കു മേധാവിത്വമുള്ള നാടാണ് തമിഴ്നാട് രാഷ്ട്രീയത്തിലേക്കാണ് നടൻ വിജയിയുടെ വരവ്. 2024ൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഡി.എം.കെ കോൺഗ്രസ് സഖ്യത്തിനാണ് മേൽക്കൈ. എൻ.ഡി.എ മുന്നണി ഉപേക്ഷിച്ച എ.ഐ.ഡി.എം.കെ പുതിയ മുന്നണി രൂപീകരിച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ബി.ജെ.പിയുടെ കെ. അണ്ണാമലയാണ് ശ്രദ്ധേയമായ മറ്റൊരു രാഷ്ട്രീയ മുഖം. തമിഴ്നാട് രാഷ്ട്രീയത്തിൽ വേരുറപ്പിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി, ജയലളിതയുടെ മരണത്തോടെ പിളർപ്പിലൂടെ ശക്തിക്ഷയിച്ച എ.ഐ.എ.ഡി.എം.കെ, കാര്യമായ എതിരാളികളില്ലാത്ത ഡി.എം.കെ, വേരുറപ്പിക്കാൻ കഴിയാത്ത കമൽഹാസൻ, ഡി.എം.കെക്കൊപ്പം ചേർന്ന് അസ്തിത്വം വീണ്ടെടുക്കാൻ ശ്രമിക്കുന്ന കോൺഗ്രസ്സും ഇടതുപാർട്ടികളും. ഇതാണ് മൊത്തതിലുള്ള രാഷ്ട്രീയചിത്രം. രാഷ്ട്രീയത്തിലിറങ്ങാൻ വിജയ്യ്ക്ക് ഇതിലും മികച്ച അവസരമില്ല. ബി.ജെ.പി ശത്രുവായി പ്രഖ്യാപിച്ചിരിക്കുന്ന വിജയിയുടെ രാഷ്ട്രീയശക്തി തെളിയിക്കേണ്ടിയിരിക്കുന്നു. ഡി.എം.കെയാണ് വിജയിയുട മുഖ്യഎതിരാളി. അങ്ങനെ വരുമ്പോൾ ഉദയനിധി സ്റ്റാലിനും വിജയിയും തമ്മിലുള്ള പോരാട്ടമാകും 2026ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നടക്കുക. അഴിമതിയുടെ ഉന്മൂലനവും ജനസേവനവുമെന്ന പ്രഖ്യാപനത്തിൽ മാത്രമൊതുങ്ങി ഇളയ ദളപതി വരുമ്പോൾ ദ്രാവിഡ രാഷ്ട്രീയാശയങ്ങളുടെ നേരിയ ശേഷിപ്പ് പോലും അവശേഷിക്കുന്നില്ല. പെരിയോർ, കാമരാജ്, അംബേദ്കർ, എ.പി.ജെ അബ്ദുൾകലാം എന്നിവരെ രാഷ്ട്രീയ ഐക്കണുകളായി ഉയർത്തിക്കാട്ടുന്ന വിജയിയോട് ഏറ്റുമുട്ടേണ്ടത് ഉദയനിധിയാണ്. അതിനുള്ള കോപ്പുകൂട്ടുകയാണ് ഇരു പാർട്ടികളും.

◗ *എമ എൽസ എൽവിൻ*

# അജയ് ജഡേജ ഇനി രാജാവ്!





ഗുജറാത്തിലെ ജാംനഗർ രാജകുടുംബത്തിന്റെ പുതിയ കിരീടവകാശിയെ പ്രഖ്യാപിച്ചതോടെ മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവും പാതി മലയാളിയുമായ അജയ് ജഡേജ വീണ്ടും വാർത്തകളിൽ ഇടം നേടിയിരിക്കുകയാണ്. കാരണം സിംഹാസനത്തിന്റെ പുതിയ അവകാശിയായി ഔദ്യോഗികമായി പ്രഖ്യാപിച്ചത് മറ്റാരെയുമല്ല മുൻ ക്രിക്കറ്റ് താരം അജയ് ജഡേജയെയാണ്. നവനഗർ എന്നറിയപ്പെടുന്ന ജാംനഗറിന്റെ നിലവിലെ മഹാരാജാവായ ശത്രുശല്യസിൻഹജി ദിഗ്വിജയ്സിൻഹജിയാണ് ജഡേജയെ അടുത്ത 'ജാം സാഹിബ്' ആയി പ്രഖ്യാപിച്ചത്.

ശത്രുസല്യസിംഹ്ജിദിഗ്വിജയ്സിൻഹ്ജി ജഡേജയ്ക്ക് ശേഷം അജയ് ജഡേജയാകും രാജകുടുംബത്തിന്റെ തലവൻ. ഗുജറാത്തിലെ ഗൾഫ് ഓഫ് കച്ചിന്റെ തെക്കൻ തീരത്ത് സ്ഥിതി ചെയ്യുന്ന നാട്ടുരാജ്യമായ നവനഗറിന്റെ (ഇന്ന് ജാംനഗർ) മഹാരാജ ജംസാഹിബ് ആണ് ഇതുസംബന്ധിച്ച പ്രസ്താവന പുറത്തിറക്കിയത്.

''14 വർഷത്തെ ജീവിതം വിജയകരമായി പൂർത്തിയാക്കിയ പാണ്ഡവർ വിജയിച്ചതായി തോന്നിയ ദിവസമാണ് ദസറ. എന്റെ പിൻഗാമിയും നവനഗറിലെ അടുത്ത ജംസാഹേബുമായി അജയ് ജഡേജയെ സ്നേഹപൂർവം അംഗീകരിക്കുന്നതിൽ ഇന്ന് എനിക്കും വിജയം തോന്നുന്നു, ഇത് ജാംനഗറിലെ ജനങ്ങൾക്ക് വലിയ അനുഗ്രഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു,'' മഹാരാജ ജംസാഹിബ് തന്റെ പ്രസ്താവനയിൽ പറഞ്ഞു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പ് ഗുജറാത്തിലെ ഒരു പ്രമുഖ നാട്ടുരാജ്യമായിരുന്നു നവനഗർ. ഇന്ന് ജാംനഗർ എന്നാണ് ഇവിടെ അറിയപ്പെടുന്നത്. ജഡേജയുടെ അച്ഛപിതാവിന്റെ അർധസഹോദരനാണ് നിലവിലെ മഹാരാജാവായ ശത്രുശല്യസിൻഹജി ദിഗ്വിജയ്സിൻഹജി. അജയ് ജഡേജയുടെ അമ്മ ആലപ്പുഴ മുഹമ്മ പുത്തനങ്ങാടി സ്വദേശിനിയാണ്. അവർ ജൂണിൽ അന്തരിച്ചിരുന്നു. അച്ഛൻ നേരത്തെ തന്നെ മരണപ്പെട്ടിരുന്നു.

ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ മുൻനിര കളിക്കാരിൽ ഒരാളായിരുന്നു അജയ് ജഡേജ. ഒരുകാലത്ത് ഇന്ത്യയുടെ ഏറ്റവും വിശ്വസ്തനായ ബാറ്റ്സ്മാനായി അറിയപ്പെട്ടിരുന്ന ജഡേജക്ക് പറക്കും ഫീൽഡർ എന്നൊരു വിശേഷണവും ആരാധകർ നൽകിയിരുന്നു. ഫീൽഡിംഗിലെ മികവായിരുന്നു ഇതിന് കാരണം. ക്രിക്കറ്റ് രംഗത്ത് വലിയ പാരമ്പര്യമുള്ള കുടുംബമാണ് ജഡേജയുടേത്. പ്രശസ്തമായ രഞ്ജി ട്രോഫിയും ദുലീപ് ട്രോഫിയും ജഡേജയുടെ ബന്ധുക്കളായ കെ എസ് രഞ്ജിത് സിംഗ്ജിയുടെയും കെ എസ് ദുലീപ് സിംഗ്ജിയുടെയും പേരിലാണ് അറിയപ്പെടുന്നതെന്നാണ് മറ്റൊരു യാഥാർത്ഥ്യം.

1971 ഫെബ്രുവരി 1 ന് ജനിച്ച അജയ് ജഡേജ 1992 മുതൽ 2000 വരെ ടെസ്റ്റ്, ഏകദിന ഫോർമാറ്റുകളിൽ ഇന്ത്യക്കായി കളിച്ചിട്ടുണ്ട്. ഇന്ത്യക്കായി 15 ടെസ്റ്റ് മത്സരങ്ങളും 196 ഏകദിനങ്ങളും കളിച്ച ജഡേജയെ വാതുവെയ്പ്പ് സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന സംശയത്തിൽ 2000ൽ ബിസിസിഐ. ജഡേജയെ 5 വർഷത്തേക്ക് ക്രിക്കറ്റിൽ നിന്ന് വിലക്കിയിരുന്നു.

രണ്ടാം ലോകയുദ്ധകാലത്ത് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് ജാംസാഹിബ് ദിഹിവിജയ്സിങ്ജി രഞ്ജിത്സിങ്ജിക്ക് പോളണ്ടിലെ വാഴ്സോയിൽ സ്മാരകം പണിതിട്ടുണ്ട്. ഗുഡ് മഹാരാജാ എന്നാണ് അന്നത്തെ യൂറോപ്യൻ നേതാക്കൾ ഇദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. അടുത്തിടെ നടത്തിയ പോളണ്ട് സന്ദർശനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ സ്മാരകത്തിലും പോയിരുന്നു.

1992 മുതൽ 2000 വരെ നീണ്ട അന്താരാഷ്ട്ര ക്രിക്കറ്റ് കരിയറിൽ അജയ് ജഡേജ 15 ടെസ്റ്റ് മത്സരങ്ങളാണ് ഇന്ത്യക്കായി കളിച്ചത്. മികച്ച ഫീൽഡറും മികച്ച ഫിനിഷറുമായിരുന്ന ജഡേജ 196 ഏകദിന മത്സരങ്ങളും കളിച്ചു. ബോളിവുഡ് നടനായും കമന്റേറ്ററായും അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ടീമിന്റെ മെന്ററായും പ്രവർത്തിച്ചിട്ടുണ്ട്.

മുഹമ്മദ് അസറുദ്ദീൻ അടക്കമുള്ളവർ ഉൾപ്പെട്ട ക്രിക്കറ്റ് ഒത്തുകളി കോഴി വിവാദത്തിൽപ്പെട്ട് വിലക്ക് നേരിട്ട ജഡേജ, അത് പിൻവലിക്കപ്പെട്ട ശേഷം തിരിച്ചുവന്ന് ആഭ്യന്തര ക്രിക്കറ്റ് കളിച്ചിരുന്നു.

# റൊണാൾഡോയുടെ ആ റെക്കോർഡ് നേട്ടത്തിനൊപ്പം ഇനി മെസ്സിയും

ലോകകപ്പ് യോഗ്യതാ റൗണ്ടിൽ ബൊളീവിയയ്ക്കെതിരെ ഹാട്രിക് നേടിയതിന് ശേഷം, ഏറ്റവും കൂടുതൽ ഹാട്രിക് നേടിയ കളിക്കാരനെന്ന റെക്കോർഡ് ക്രിസ്റ്റ്യാനോ റൊണാൾഡോയ്ക്കൊപ്പം ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി പങ്കിട്ടു.ബൊളീവിയയക്കെതിരായ മത്സരത്തിന്റെ 19, 84, 86 മിനിറ്റുകളിലായിരുന്നു മെസ്സിയുടെ ഗോളുകൾ. ജൂലിയൻ അൽവാരസ്, മാർട്ടിനെസ്, തിയാഗോ അൽമേഡ എന്നിവരാണ് അർജന്റീനയുടെ മറ്റ് ഗോളുകൾ നേടിയത്. എതിരില്ലാത്ത ആറ് ഗോളുകൾക്ക് ബൊളീവിയയെ പരാജയപ്പെടുത്തി.അന്താരാഷ്ട്ര ഫുട്ബോളിൽ മെസിക്കും റൊണാൾഡോയ്ക്കും പത്ത് വീതം ഹാട്രിക്കുകൾ ഉണ്ട്. ദേശീയ ടീമിനായി ഈ നേട്ടം കൈവരിച്ച രണ്ടേ രണ്ടുതാരങ്ങളും ഇവരാണ്. 'ഇവിടെ വന്ന് കളിക്കുമ്ബോൾ ജനങ്ങളുടെ സ്നേഹം അനുഭവിക്കുന്നു. അവർ എന്റെ പേര് ഉച്ചത്തിൽ വിളിക്കുമ്ബോൾ ഞാൻ ആവേശഭരിതാനാണ്. അർജന്റീനയിൽ കളിക്കാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നു' മെസി എക്സിൽ കുറിച്ചു. 2012 ഫെബ്രുവരി 29ന് സ്വിറ്റ്സർലൻഡിനെതിരായ സൗഹൃദ മത്സരത്തിലാണ് മെസി തന്റെ ആദ്യ അന്താരാഷ്ട്ര ഹാട്രിക് നേടിയത്.





# ഹർമൻ പ്രീതിന്റെ ക്യാപ്റ്റൻ സ്ഥാനം തെറിച്ചേക്കും

ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻസിയിൽ നിന്നും ഹർമൻ പ്രീത് കൗറിനെ മാറ്റിയേക്കും. ഐ.സി.സി വനിതാ ട്വൻറി-20 ലോകകപ്പിൽ ഇന്ത്യ, ഗ്രൂപ്പ് സ്റ്റേജിൽ തന്നെ പുറത്തായതിന് പിന്നാലെയാണ് ഇത്തരത്തിലുള്ള നടപടി എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഒരുപാട് പ്രതീക്ഷകളുമായി ലോകകപ്പിന് എത്തിയ ഇന്ത്യൻ ടീമിന് പക്ഷെ നിരാശയായിരുന്നു ഫലം. ഗ്രൂപ്പ് എയിൽ മൂന്നാം സ്ഥാനക്കാരായാണ് ഇന്ത്യ ഫിനിഷ് ചെയ്തത്. ന്യൂസിലാൻഡനെതിരെയും ആസ്ട്രേലിയക്കെതിരെയും തോറ്റ ഇന്ത്യൻ പെൺപ്പട പാകിസ്താനെയും ശ്രീലങ്കയെയുമാണ് തോൽപിച്ചത്. നിർണായക മത്സരത്തിൽ ആസ്ട്രേലിയക്കെതിരെ ഇന്ത്യ തോറ്റതാണ് ഇന്ത്യക്ക് തിരിച്ചടിയായത്. ന്യൂസിലാൻഡും ആസ്ട്രേലിയയുമാണ് ഗ്രൂപ്പ് എയിൽ നിന്നും സെമി പ്രവേശനം നടത്തിയത്.സെമി കാണാതെ ഇന്ത്യ പുറത്തായതിന് പിന്നാലെ ഇന്ത്യൻ വനിതാ ടീമിനും ഹർമൻപ്രീത് കൗറിനുമെതിരെ നിരവധി വിമർശനങ്ങൾ ഉയർന്നിരുന്നു. നിർണായക മത്സരങ്ങളിൽ ഇന്ത്യയ്ക്ക് മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിയാതെ പോയത് ഹർമൻപ്രീതിന്റെ ക്യാപ്റ്റൻസിയും അപകടത്തിലാക്കി. ടീമിന്റെ ഹെഡ് കോച്ച് അമോൽ മുജുംദാറും ബി.സി.സി.ഐ സെലക്ഷൻ കമ്മിറ്റിയും ഇക്കാര്യത്തിൽ ചർച്ച ചെയ്യുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

# സഞ്ജു ഇന്ത്യയുടെ ടെസ്റ്റ് ടീമിലേക്ക്



കൂടുതൽ രഞ്ജി ട്രോഫി മത്സരങ്ങൾ കളിക്കാൻ ഇന്ത്യൻ ടീം ലീഡർഷിപ്പ് ഗ്രൂപ്പ് തന്നോട് ആവശ്യപ്പെട്ടതായി മലയാളി താരം സഞ്ജു സാംസൺ. തന്നെ ഇന്ത്യയുടെ ടെസ്റ്റ് ടീമിലേക്ക് പരിഗണിക്കുന്നുണ്ടെന്നും അതിനാൽ കൂടുതൽ രഞ്ജി ട്രോഫി മത്സരങ്ങൾ കളിക്കണമെന്നും ഇന്ത്യൻ പരിശീലകർ തന്നോട് പറഞ്ഞതായി സഞ്ജു സാംസൺ വെളിപ്പെടുത്തി. 2015ലാണ് സഞ്ജു സാംസൺ ഇന്ത്യക്കായി അരങ്ങേറ്റം കുറിച്ചത്. എന്നാൽ സഞ്ജു ഇതുവരെ ഒരു ടെസ്റ്റ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടില്ല. ഇതുവരെ 64 ഫസ്റ്റ് ക്ലാസ് മത്സരങ്ങൾ കളിച്ചിട്ടുള്ള സഞ്ജു സാംസൺ 38.96 ശരാശരിയിൽ 3819 റൺസ് നേടിയിട്ടുണ്ട്. ബംഗ്ലാദേശിനെതിരായ മത്സരത്തിൽ തകർപ്പൻ സെഞ്ചുറി നേടിയതിന് പിന്നാലെയാണ് സഞ്ജുവിനെ ടെസ്റ്റിലേക്ക് പരിഗണിക്കാൻ ഇന്ത്യ തയ്യാറായത്.ടെസ്റ്റ് ക്രിക്കറ്റ് കളിക്കുക എന്നത് തന്റെ ഏറ്റവും വലിയ ആഗ്രഹമാണെന്ന് സഞ്ജു സാംസൺ പറഞ്ഞു. ദുലീപ് ട്രോഫിയ്ക്ക് മുൻപ് തന്നെ, കൂടുതൽ രഞ്ജി മത്സരങ്ങൾ കളിക്കണമെന്ന് ടീമിന്റെ ലീഡർഷിപ്പ് ഗ്രൂപ്പുകൾ ആവശ്യപ്പെട്ടതായാണ് സഞ്ജു സാംസൺ വെളിപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യക്കായി ടെസ്റ്റ് മത്സരങ്ങളിൽ അണിനിരക്കുക എന്നതാണ് എന്റെ ലക്ഷ്യം.'- സഞ്ജു സാംസൺ പറയുന്നു.

# സിഎസ്കെയിലേക്കോ ഇനി റിഷഭ് പന്ത് ?



ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 2025 സീസണിന് മുന്നോടിയായി മെഗാ താരലേലം നടക്കാനിരിക്കുകയാണ്. ഈ വർഷത്തെ എല്ലാ ലേല നിയമങ്ങളും ബിസിസിഐ ഇതിനകം പുറത്തുവിട്ടു. പല ടീമുകളും തങ്ങൾ നിലനിർത്തുന്ന താരങ്ങളെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ ഇതിനോടകം പുറത്തുവിട്ടിട്ടുണ്ട്.അടുത്ത സീസണിലും ഋഷഭ് പന്തിനെ ഡൽഹി ക്യാപിറ്റൽസ് നിലനിർത്തുമെന്നാണ് റിപ്പോർട്ട്. ഋഷഭ് പന്തിനെ ക്യാപ്റ്റനായി നിലനിർത്തുമെന്ന് ഡൽഹി നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ ഡൽഹി മാനേജ്മെന്റ് ഇപ്പോൾ ഋഷഭ് പന്തുമായി ഉടക്കിയെന്നാണ് റിപ്പോർട്ടുകൾ പുറത്തുവരുന്നത്. കഴിഞ്ഞ ദിവസം എക്സിൽ ഋഷഭ് പന്ത് പങ്കുവെച്ച കുറിപ്പാണ് അഭിപ്രായ വ്യത്യാസത്തിന് കാരണം. ഋഷഭിനെ ഒഴിവാക്കുന്നതിനെക്കുറിച്ച് ഡൽഹിയും ആലോചിക്കുന്നതായി സൂചനയുണ്ട്. 'ഞാൻ ലേലത്തിലേക്കെത്തിയാൽ ഞാൻ വിറ്റുപോവുമോ ഇല്ലയോ, എത്ര പണം കിട്ടും' എന്നായിരുന്നു റിഷഭ് ആരാധകരോട് ചോദിച്ചത്. റിഷഭിന്റെ ഈ പോസ്റ്റിൽ ടീം മാനേജ്മെന്റിന് അതൃപ്തിയുണ്ട്. റിഷഭിനെ നിലനിർത്തുമെന്ന് അറിയിച്ച ശേഷവും എന്തിനായിരുന്നു ഈ പോസ്റ്റ് എന്നാണ് ഡൽഹി വൃത്തങ്ങളിലൊരാൾ ക്രിക്ക് ബസിനോട് പ്രതികരിച്ചത്.

# ഇംഗ്ലീഷ് ഫുട്ബോളിൽ പുതുയുഗം; തോമസ് ടുഹേൽ പരിശീലകൻ



ലണ്ടൻ: ഇംഗ്ലീഷ് ഫുട്ബോൾ ടീമിന്റെ പരിശീലകനായി തോമസ് ടുഹേലിനെ നിയമിച്ചു. യൂറോകപ്പിന് പിന്നാലെ ഗാരെത് സൗത്ത് ഗേറ്റ് രാജിവെച്ച ഒഴിവിലേക്കാണ് ടുഹേലിന്റെ നിയമനം. ''ഇംഗ്ലണ്ട് ടീമിന് ദിശാബോധം നൽകാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഈ രാജ്യത്തെ കളിയുമായി എനിക്ക് ദീർഘകാലത്തെ വ്യക്തിബന്ധമുണ്ട്. ഒരുപാട് മികച്ച നിമിഷങ്ങൾ ഈ ടീമിനൊപ്പം എനിക്കുണ്ട്. പ്രതിഭകളായ ഒരുപറ്റം താരങ്ങളോടൊപ്പം വർക്ക് ചെയ്യുന്നതിൽ സന്തോഷമുണ്ട്. 2026 ഫുട്ബോൾ ലോകകപ്പാണ് പ്രധാനലക്ഷ്യം'' -ടുഹേൽ പ്രതികരിച്ചു. 2025 മുതലാകും ടുഹേൽ ചുമതല ഏറ്റെടുക്കുക.ജർമനിക്കാരനായ ടുഹേൽ ബൊറൂഷ്യ ഡോർട്ട്മുണ്ട്, പി.എസ്.ജി, ചെൽസി, ബയേൺ മ്യൂണിക് അടക്കമുള്ള വമ്ബൻ ക്ലബുകളുടെ പരിശീലകനായിരുന്നു. 2020-21 സീസണിൽ ചെൽസിയെ ചാമ്ബ്യൻസ് ലീഗ് കിരീടം നേടി.



# മെസ്സിയുടെ ആറാട്ട് തുടരും; 2026 ലോകകപ്പ് കളിക്കുമെന്ന് താരം

37ാം വയസ്സിലും ക്യാപ്റ്റൻ ലയണൽ മെസ്സി ഇപ്പോഴും അർജന്റീനയ്ക്കായി ഗ്രണ്ടിൽ ആറാടുകയാണ്. കഴിഞ്ഞ ദിവസം നടന്ന ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ബൊളീവിയക്കെതിരെ ഹാട്രിക് ഗോളും രണ്ട് അസിസ്റ്റുമായി മെസ്സി കളം നിറഞ്ഞു. ഇതോടെ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ റെക്കോർഡിനൊപ്പമെത്താനും മെസ്സിക്കായി. രാജ്യാന്തര ജഴ്സിയിൽ ഏറ്റവും കൂടുതൽ ഹാട്രിക്കുകൾ നേടിയ താരമെന്ന പോർച്ചുഗീസ് താരത്തിന്റെ റെക്കോർഡ് മെസ്സി പങ്കിട്ടു. ഇരുവർക്കും 10 ഹാട്രിക്കുകളാണുള്ളത്.അതോടൊപ്പം 2026 ലോകകപ്പ് കളിക്കാനുണ്ടാവുമെന്ന ഉറപ്പും മെസി നൽകുന്നുണ്ട്. മത്സരശേഷം മെസി പറഞ്ഞതിങ്ങനെ... ''കുറച്ച് മാസങ്ങൾക്ക് ശേഷം ദേശീയ ജേഴ്സിയിൽ തിരിച്ചെത്താനായതിൽ സന്തോഷമുണ്ട്. എനിക്ക് സഹായം ചെയ്യാൻ കഴിയുന്നിടത്തോളം കാലം ഞാൻ ഈ ജേഴ്സിയിലുണ്ടാവും. ഈ ടീം വെല്ലുവിളികൾ ഇഷ്ടപ്പെടുന്നു, ആത്മാർത്ഥതയോടെ താരങ്ങൾ കളിക്കുന്നത്. 2026 ലോകകപ്പിലായിരിക്കും ഞാൻ അർജന്റീനയ്ക്ക് വേണ്ടി അവസാനം കളിക്കുക. ഞാൻ ഈ ടീമിനൊപ്പം കളിക്കാൻ ഇഷ്ടപ്പെടുന്നു. അർജന്റീന ജേഴ്സിയിൽ ആളുകൾ എന്നെ സ്നേഹിക്കുകയും എന്റെ പേര് ഉച്ചത്തിൽ വിളിച്ചുപറയുകയും ചെയ്യുന്നുണ്ടെന്ന് എനിക്കറിയാം.'' 2026 ലോകകപ്പ് വരെ തുടർന്നുകൂടെ എന്ന മാധ്യമ പ്രവർത്തകന്റെ ചോദ്യത്തിനാണ് മെസി മറുപടി പറഞ്ഞത്.എതിരില്ലാത്ത ആറ് ഗോളുകൾക്കായിരുന്നു അർജന്റീനയുടെ ജയം. മെസിക്ക് പുറമെ ലാതുറോ മാർട്ടിനെസ്, ജൂലിയൻ അൽവാരസ്, തിയാഗോ അൽമാഡ എന്നിവരാണ് മറ്റുഗോൾ നേടിയത്.

## 1450 കോടി! സമ്പത്തിൽ കോലിയെ പിന്നിലാക്കി അജയ് ജഡേജ



അടുത്തിടെയാണ് മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം അജയ് ജഡേജയെ ജാംനഗറിലെ രാജകീയ സിംഹാസനത്തിന്റെ അവകാശിയായി പ്രഖ്യാപിച്ചത്. ഗുജറാത്തിലെ ജാംനഗറിലെ രാജകുടുംബത്തിൽ പെട്ട ജഡേജയെ 'ജാം സാഹിബ്' ആയി പ്രഖ്യാപിച്ചത് നവനഗർ എന്നറിയപ്പെടുന്ന ജാംനഗറിലെ ഇപ്പോഴത്തെ മഹാരാജാവായ ശത്രുസല്യസിംഹാജി ദിഗ്വിജയ്സിംഹാജിയാണ്. ദസറയുടെ പ്രത്യേക നിമിഷത്തിലായിരുന്നു ജഡേജയുടെ പ്രഖ്യാപനം. അജയ് ജഡേജയുടെ അച്ഛന്റെ അർധ സഹോദരൻ ആണ് നിലവിലെ മഹാരാജാവായ ശത്രുശല്യസിൻഹജി ദിഗ്വിജയ്സിൻഹജി. അജയ് ജഡേജയുടെ അമ്മ മലയാളിയാണ്, അവർ ജൂണിൽ അന്തരിച്ചു. അച്ഛൻ നേരത്തെ മരിച്ചിരുന്നു. ദൗലത് സിംഗ് ജാംനഗറിൽ നിന്നുള്ള കോൺഗ്രസ് എംപിയായിരുന്നു ജഡേജയുടെ അച്ഛൻ. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പ് ഗുജറാത്തിലെ ഒരു പ്രമുഖ നാട്ടുരാജ്യമായിരുന്നു നവനഗർ. ഇന്ന് ജാംനഗർ എന്നാണ് ഇവിടെ അറിയപ്പെടുന്നത്. കിരീടവാകാശി ആയതോടെ ജഡേജയുടെ ആസ്തിയാണ് ഇപ്പോൾ ചർച്ചയായിരിക്കുന്നത്.പുതിയ സിംഹാസന അവകാശിയായി പ്രഖ്യാപിച്ചതോടെ, 1450 കോടി രൂപയിലധികം വരുന്ന സമ്പത്ത് ആണ് ജഡേജയിൽ വന്നുചേരുക. ഈ അമ്പരപ്പിക്കുന്ന തുക അദ്ദേഹത്തെ ഇന്ത്യയിലെ ഏറ്റവും സമ്പന്നനായ കായിക താരമാക്കി മാറ്റും. ക്രിക്കറ്റ് താരം വിരാട് കോഹ്ലിക്ക് ഏകദേശം 1,000 കോടിയുടെ ആസ്തിയാണ് ഉള്ളത്. ക്രിക്കറ്റിൽ വലിയ പാരമ്പര്യം അവകാശപ്പെടാവുന്ന കുടുംബം കൂടിയാണ് ജഡേജയുടേത്. പ്രസിദ്ധമായ രഞ്ജി ട്രോഫി, ദുലീപ് ട്രോഫി പോരാട്ടങ്ങൾ ജഡേജയുടെ ബന്ധുക്കളായ രഞ്ജിത് സിങ്ജി, ദുലീപ് സിങ്ജി എന്നിവരുടെ സ്മരണാർഥമാണ് നടത്തുന്നത്. ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ മുൻനിര കളിക്കാരിൽ ഒരാളായിരുന്നു അജയ് ജഡേജ. ഒരുകാലത്ത് ഇന്ത്യയുടെ ഏറ്റവും വിശ്വസ്തനായ ബാറ്റ്സ്മാനായി അറിയപ്പെട്ടിരുന്ന ജഡേജക്ക് പറക്കും ഫീൽഡർ എന്നൊരു വിശേഷണവും ആരാധകർ നൽകിയിരുന്നു

## ആ ഇന്ത്യൻ താരത്തെ മാത്രമാണ് ഓസീസിന് ഭയം! പാറ്റ് കമ്മിൻസ്





ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് പരമ്പര അടുത്ത മാസം അവസാനം ആരംഭിക്കും. 2025 ജനുവരി വരെ നീളുന്ന ഓസ്ട്രേലിയൻ പര്യടനത്തിൽ ഇന്ത്യൻ ടീം അഞ്ച് ടെസ്റ്റുകളുടെ പരമ്പര കളിക്കും. ഓസ്ട്രേലിയയും ഇംഗ്ലണ്ടും തമ്മിലുള്ള ചരിത്രപരമായ ആഷസ് ടെസ്റ്റ് പരമ്പര പോലെ തന്നെ ലോകം ഉറ്റുനോക്കുന്ന പരമ്പരയാണിത്.രോഹിത് ശർമ്മയുടെ നേതൃത്വത്തിലുള്ള ടീം ഇന്ത്യ ഇത്തവണ ഓസ്ട്രേലിയയിലേക്ക് പറക്കുന്നത് തികഞ്ഞ ആത്മവിശ്വാസത്തോടെയാണ്. കാരണം 2014-15ന് ശേഷം ബോർഡർ-ഗവാസ്കർ ട്രോഫിയിൽ ഇന്ത്യ ഓസീസിനോട് തോറ്റിട്ടില്ല. അവസാനം കളിച്ച നാല് ടെസ്റ്റ് പരമ്പരകളും ഇന്ത്യ സ്വന്തമാക്കി.ഈ പരമ്പരയിൽ ഓസ്ട്രേലിയ ഏറ്റവും ഭയപ്പെടുന്ന ഇന്ത്യൻ താരം ആരാണെന്ന് വെളിപ്പെടുത്തി ഓസീസ് ക്യാപ്റ്റനും സ്റ്റാർ പേസറുമായ പാറ്റ് കമ്മിൻസ്. സ്റ്റാർ സ്പോർട്സിനോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഇന്ത്യൻ പേസ് ബൗളിങിന്റെ കുന്തമുനയായ ജസ്പ്രീത് ബുംറയെയാണ് തങ്ങൾ ഏറ്റവുമധികം ഭയപ്പെടുന്നതെന്നാണ് പാറ്റ് കമ്മിൻസ് തുറന്നു പറഞ്ഞിരിക്കുന്നത്. ഇന്ത്യയുടെ കഴിഞ്ഞ പരമ്ബര വിജയങ്ങളുടെയെല്ലാം പിന്നിൽ പേസർമാർക്കു നിർണായക റോളുണ്ടായിരുന്നു. ഞാൻ ജസ്പ്രീത് ബുംറയുടെ വലിയൊരു ഫാനാണ്. അദ്ദേഹം ഒരു അതിശയിപ്പിക്കുന്ന ബൗളറാണെന്നു ഞാൻ കരുതുന്നു. വരാനിരിക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയിൽ ബുംറയെ നിശബ്ദനാക്കി നിർത്താൻ സാധിക്കുകയാണെങ്കിൽ ഞങ്ങൾക്കു പരമ്ബര ജയിക്കാൻ സാധിക്കുമെന്നും കമ്മിൻസ് ചൂണ്ടിക്കാട്ടി.

## പരാസ് മാംബ്രെ മുംബൈ ഇന്ത്യൻസിന്റെ പുതിയ കോച്ച്



ഇന്ത്യയുടെ മുൻ ബൗളിംഗ് കോച്ച് പരാസ് മാംബ്രെയെ മുംബൈ ഇന്ത്യൻസിന്റെ പുതിയ ബൗളിംഗ് പരിശീലകനായി നിയമിച്ചു. ഫ്രാഞ്ചൈസിയുടെ നിലവിലെ ബൗളിംഗ് കോച്ചായ ലസിത് മലിംഗയ്ക്കൊപ്പം മാംബ്രെ പ്രവർത്തിക്കും. ഇന്ത്യൻ ദേശീയ ടീമിനും മറ്റ് ആഭ്യന്തര ടീമുകൾക്കുമൊപ്പം വർഷങ്ങളായി പ്രവർത്തിച്ചതിലെ വൈദഗ്ധ്യം മുംബൈ ഇന്ത്യൻസിന്റെ കോച്ചിംഗ് ടീമിന്റെ കരുത്ത് കൂട്ടും. ഐപിഎല്ലിന്റെ പുതിയ പതിപ്പിന് മുമ്പായി ബാക്ക്റൂം സ്റ്റാഫിലേക്കുള്ള അവരുടെ രണ്ടാമത്തെ വലിയ മാറ്റമാണ് മാംബ്രെയുടെ നിയമനം.

# ആമാശയ കാൻസർ: ഈ ലക്ഷണങ്ങൾ അവഗണിക്കരുത്

ലോകത്തിലെ ഏറ്റവും സാധാരണമായ അഞ്ചാമത്തെ ക്യാൻസറാണ് ആമാശയ ക്യാൻസർ. വയറ്റിലെ ക്യാൻസർ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുക എന്നത് വലിയ വെല്ലുവിളിയാണ്. ഗ്യാസ്ട്രിക് ക്യാൻസർ എന്നറിയപ്പെടുന്ന ആമാശയ അർബുദം ആദ്യഘട്ടത്തിൽ കണ്ടുപിടിക്കാൻ പ്രയാസമാണ്. രോഗം വികസിക്കാൻ സമയമെടുക്കുന്നതുകൊണ്ട് തന്നെ, ഇത് ആമാശയത്തിന് പുറത്തേക്ക് വ്യാപിച്ചതിന് ശേഷം മാത്രമേ കണ്ടെത്താനാകൂവെന്ന് cancer.org പറയുന്നു. ഇതാണ് രോഗത്തെ ഏറ്റവും അപകടകരമാക്കുന്നത്. വയറ്റിലെ ക്യാൻസർ സാധ്യത വർദ്ധിപ്പിക്കുന്ന ചില ശീലങ്ങൾ എന്തൊക്കെയെന്ന് നോക്കാം.



### ഭക്ഷണക്രമം

അനാരോഗ്യകരമായ ഭക്ഷണമാണ് വയറ്റിലെ ക്യാൻസർ സാധ്യത വർദ്ധിപ്പിക്കുന്ന മറ്റൊരു ഘടകം. സംസ്കരിച്ച ഭക്ഷണങ്ങൾ, ചുവന്ന മാംസം മുതലായവ പതിവായി കഴിക്കുന്നത് അപകടകരമാണ്. പകരം, പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ എന്നിവയാൽ സമ്പന്നമായ പോഷകസമൃദ്ധവും സമീകൃതവുമായ ഭക്ഷണത്തിന് ഊന്നൽ നൽകുന്നത് കാൻസർ സാധ്യത കുറയ്ക്കും.

### ഉപ്പ്

ഉപ്പ് അമിതമായി കഴിക്കുന്നത് രക്തത്തിലെ സോഡിയത്തിന്റെ അളവ് വർദ്ധിപ്പിക്കും. ഇത് കോശജ്വലനത്തിനും അതുവഴി കോശനാശത്തിനും ഇടയാക്കും. ഇത് ക്യാൻസർ സാധ്യത വർദ്ധിപ്പിക്കുന്നു. സംസ്കരിച്ച ഭക്ഷണങ്ങൾ, അച്ചാറുകൾ, ഉണക്കമീൻ തുടങ്ങിയവയിൽ ഉപ്പ് കൂടുതലാണ്.

### പുകവലി, മദ്യപാനം

വിട്ടുമാറാത്ത സമ്മർദ്ദം വീക്കം ഉണ്ടാക്കുന്നു. ഇത് വയറ്റിലെ ക്യാൻസർ സാധ്യത വർദ്ധിപ്പിക്കുന്നു.

സമ്മർദ്ദം പുകവലി, മദ്യപാനം, അമിത ഭക്ഷണം എന്നിവയിലേക്ക് നയിക്കുന്നു.

മൂന്ന് ഘടകങ്ങളും വയറ്റിലെ ക്യാൻസറിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. വ്യായാമം, ധ്യാനം, യോഗ മുതലായവയിലൂടെ സമ്മർദ്ദം നിയന്ത്രിക്കുന്നത് ക്യാൻസർ സാധ്യത കുറയ്ക്കുന്നു.

### ജനിതക കാരണങ്ങൾ

പാരമ്പര്യമായി ചില ജനിതക രോഗങ്ങളുണ്ടെങ്കിൽ ആളുകൾക്ക് ആമാശയ ക്യാൻസർ വരാനുള്ള സാധ്യത കൂടുതലാണ്.

### ലക്ഷണങ്ങൾ

ഭക്ഷണത്തിന് ശേഷമുള്ള നെഞ്ചെരിച്ചിൽ

1. ദഹനക്കേട്, വായുകയറ്റം
2. വിശപ്പില്ലായ്മ, തലകറക്കം, ക്ഷീണം
3. വിട്ടുമാറാത്ത വയറവേദന
4. ഭക്ഷണം വിഴുങ്ങാനുള്ള ബുദ്ധിമുട്ട്
5. ഓക്കാനം, ഛർദ്ദി
6. മലത്തിലെ രക്തം കറുപ്പ്, ടാറി മലം (മെലീന) ആയി കാണപ്പെടുന്നു



# മരണസാധ്യത 40 % വരെ കുറയ്ക്കും; സെർവിക്കൽ കാൻസർ ചികിത്സയിൽ വഴിത്തിരിവുമായി ഗവേഷകർ

സെർവിക്കൽ ക്യാൻസർ ചികിത്സയിൽ വഴിത്തിരിവുമായി ഗവേഷകർ. മരണസാധ്യത 40 ശതമാനംവരെ കുറയ്ക്കുന്ന ചികിത്സാരീതിയാണ് ഗവേഷകർ വികസിപ്പിച്ചിരിക്കുന്നത്.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ഓരോ വർഷവും ആഗോളതലത്തിൽ 660,000 പുതിയ കേസുകളും 350,000 മരണങ്ങളും സെർവിക്കൽ ക്യാൻസർ മൂലം റിപ്പോർട്ട് ചെയ്യപ്പെടുന്നു.

സ്ത്രീകളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന നാലാമത്തെ ക്യാൻസറാണ് സെർവിക്കൽ ക്യാൻസർ. രോഗികളിൽ ഭൂരിഭാഗവും 30 വയസ്സിനു മുകളിലുള്ളവരാണ്. മതിയായ ചികിൽസ ലഭിച്ച പലരിലും രോഗം മാറിയതായും റിപ്പോർട്ടുകളുണ്ട്.

യുകെ, മെക്സിക്കോ, ഇന്ത്യ, ഇറ്റലി, ബ്രസീൽ എന്നിവിടങ്ങളിൽ നിന്നുള്ള പത്ത് വർഷത്തിലേറെയായി ചികിത്സ തുടരുന്ന രോഗികളിലാണ് പുതിയ ചികിത്സാപദ്ധതി പരീക്ഷിച്ചത്. കീമോതെറാപ്പിയും റേഡിയോ തെറാപ്പിയും ചേർന്നുള്ള സെർവിക്കൽ കാൻസറിനുള്ള സാധാരണ ചികിത്സാരീതിയായ കീമോറേഡിയേഷന് വിധേയമാക്കും മുൻപ് ഇവർക്ക് കീമോതെറാപ്പിയുടെ ചെറിയ കോഴ്സ് നൽകിയിരുന്നു.

ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണത്തിൽ, മൂന്നാം ഘട്ട ക്ലിനിക്കൽ ട്രയലിന് ശേഷം അഞ്ച് വർഷത്തിനുള്ളിൽ രോഗം മൂലമുണ്ടാകുന്ന മരണ സാധ്യതയിൽ 40 ശതമാനം കുറവും രോഗം ആവർത്തിക്കാനുള്ള സാധ്യത 35 ശതമാനവും കുറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട ഒരു പഠനം ലാൻസെറ്റ് ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1999ൽ കീമോറേഡിയേഷൻ സ്വീകരിച്ചതിനുശേഷമുള്ള അതിജീവനത്തിലെ ഏറ്റവും വലിയ നേട്ടമാണിതെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഡോ.മേരി മക്കോമാക് ദ ഗാർഡിയനോട് പറഞ്ഞു.

# ഇന്ത്യയ്ക്ക് കൈയടി: ഭൂമിക്ക് അനുയോജ്യം ഇന്ത്യൻ ഭക്ഷണ രീതികളെന്ന് ഡബ്ല്യുഡബ്ല്യുഎഫ്



ഇന്ത്യൻ ആഹാര രീതികൾ ലോകത്തിലെ ഏറ്റവും മികച്ചതാണെന്നും ഭൂമിക്ക് ഏറ്റവും അനുയോജ്യവുമാണെന്ന് റിപ്പോർട്ട്. ഇന്ത്യയുടെ മില്ലറ്റ് മിഷന് പ്രത്യേകം പരാമർശവും ലഭിച്ചിട്ടുണ്ട്. വളരുന്ന സമ്പദ്‌വ്യവസ്ഥകളായ ജി20 രാജ്യങ്ങളിൽ മികച്ച ഭക്ഷണരീതികൾ പിന്തുടരുന്നത് ഇന്ത്യയാണെന്നും ലോകം ഈ മാതൃക പിന്തുടർന്നാൽ 2050ഓടെ ഭൂമിക്ക് ഗുണം ചെയ്യുമെന്നും റിപ്പോർട്ടിൽ പറയുന്നു. വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് (ഡബ്ല്യുഡബ്ല്യുഎഫ്) ലിവിംഗ് പ്ലാനറ്റിന്റേതാണ് റിപ്പോർട്ട്.

ഇത് കാലാവസ്ഥ വ്യതിയാനത്തെ പിടിച്ചുനിർത്തുന്നതിൽ നിർണായകമാകും. ഇത്തരം രീതികൾ പിന്തുടർന്നാൽ 2050 ഓടെ ആഗോള താപന തോത് 1.5 ഡിഗ്രി സെൽഷ്യസായി കുറയ്ക്കകയെന്ന ലക്ഷ്യത്തെ 263 ശതമാനം വരെ പിന്തുണയ്ക്കാൻ ഈ ഭക്ഷണ രീതികൾക്ക് കഴിയും. സുസ്ഥിരമായ ഭക്ഷണ രീതികൾ പിന്തുടരണം. 2050 ഓടെ ലോകത്തിലെ പ്രധാന സമ്പദ് വ്യവസ്ഥകളുടെ നിലവിലെ ഭക്ഷ്യ ഉപഭോഗ രീതികൾ ലോകത്തിലെ എല്ലാവരും സ്വീകരിച്ചാൽ ഇത് സാധ്യമാകുമെന്നും റിപ്പോർട്ടിൽ പറയുന്നു.

മില്ലറ്റിന്റെ ഉൽപാദനവും കൃഷിയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന കേന്ദ്രത്തിന്റെ സംരംഭമായ മില്ലറ്റ് മിഷനെയും റിപ്പോർട്ട് പ്രശംസിച്ചു. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാനും മനുഷ്യന് പ്രതിരോധശേഷി വർദ്ധിപ്പിക്കാനും സഹായിക്കുന്നവയാണിതെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. സുസ്ഥിരമായ ഭക്ഷണരീതികൾ പിന്തുടരുന്നത് വഴി ഉത്പാദനം കുറയ്ക്കാൻ സാധിക്കും. അങ്ങനെ വരുമ്പോൾ ഈ സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നും പഠനത്തിൽ പറയുന്നു.

ഇന്ത്യക്ക് പുറമേ ഇന്തോനേഷ്യ, ചൈന, ജപ്പാൻ, സൗദി അറേബ്യ എന്നീ രാജ്യങ്ങളും ഭൂമിക്ക് ഇണങ്ങും വിധത്തിലുള്ള ഭക്ഷ്യരീതികളാണ് പിന്തുടരുന്നതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. അർജന്റീന, ഓസ്ട്രേലിയ, യു.എസ്, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാജ്യങ്ങളുടെ ഭക്ഷ്യ ഉപഭോഗ രീതികളെ ഏറ്റവും മോശം വിഭാഗത്തിലാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ രാജ്യങ്ങളിലെ ഭക്ഷണരീതികൾ ആഗോള താപന പരിധി കവിയാൻ ഇടയാക്കുന്നുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# ആർത്തവവിരാമം അടുക്കാറായോ? ശരീരം മുൻകൂട്ടി കാണിക്കുന്ന ലക്ഷണങ്ങൾ

ഇന്ന് പല സ്ത്രീകളിലും ആർത്തവവിരാമത്തിന്റെ ലക്ഷണങ്ങൾ 45 വയസ്സിനു ശേഷം കണ്ടുതുടങ്ങുന്നുണ്ട്. ഒരു സ്ത്രീയുടെ ആർത്തവചക്രം അവസാനിക്കുന്ന പ്രക്രിയയെയാണ് ആർത്തവ വിരാമം എന്നു പറയുന്നത്. ഇത്തരം ഒരു പരിവർത്തനം ശരീരത്തിൽ നടക്കുമ്പോൾ സ്വാഭാവികമായും ഹോർമോൺ മാറ്റങ്ങൾ ഉണ്ടാവും. ആർത്തവവിരാമം അടുക്കുമ്പോൾ, സ്ത്രീകളുടെ മാനസികാവസ്ഥയിലും ആരോഗ്യത്തിലും നിരവധി മാറ്റങ്ങൾ സംഭവിക്കുന്നു. അവ ഏതൊക്കെയാണെന്ന് നോക്കാം.




### ആർത്തവത്തിലെ വ്യതിയാനം

ആർത്തവവിരാമം അടുക്കുമ്പോൾ സ്ത്രീകൾ അനുഭവിക്കുന്ന പ്രധാന ലക്ഷണങ്ങളിൽ ഒന്നാണ് ആർത്തവവിരാമം. ചിലപ്പോൾ ദിവസങ്ങൾ തെറ്റും. അതുപോലെ, രക്തസ്രാവം ഉണ്ടായാലും, രക്തസ്രാവം കനത്തതായിരിക്കില്ല, ചിലപ്പോൾ അമിത രക്തസ്രാവം ഉണ്ടാകാം. ചിലപ്പോൾ, ആർത്തവ ദിവസങ്ങളിൽ അമിതമായ വേദന ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

### ഉറക്കക്കുറവ്

ചില സ്ത്രീകൾക്ക് രാത്രിയിൽ ഒട്ടും ഉറങ്ങാൻ സാധിക്കാത്ത അവസ്ഥ ഉണ്ടായേക്കാം. ചിലർക്ക് ദീർഘനേരം ഉറങ്ങാൻ സാധിക്കുകയില്ല. ഇത്തരത്തിൽ ഉറക്കം തകൃത്യമായി ലഭിക്കാത്തത് പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളിലേയ്ക്കും നയിക്കും.

### യോനീ ഭാഗത്തെ പ്രശ്നങ്ങൾ

യോനീ ഭാഗത്ത് അമിതമായി വരൾച്ച ഉണ്ടാകുന്നതിനും അതുപോലെ, അണുബാധകൾ ഉണ്ടാകുന്നതിനും കാരണമാകും. അതുപോലെ, ശാരീരിക ബന്ധത്തിലെ തൃപ്തിക്കുറവുകളും ലക്ഷണങ്ങളായി കണ്ടുവരുന്നു.

### മാനസിക ആരോഗ്യം

പ്രത്യേകിച്ചും, നിങ്ങൾക്ക് പെട്ടെന്നുള്ള കോപം, ചെറിയ കാര്യങ്ങളിൽ സങ്കടം, അമിതമായ ഉത്കണ്ഠ പ്രശ്നങ്ങൾ എന്നിവ അനുഭവപ്പെടാം.

### ചൂട്

ചിലസ്ത്രീകൾക്ക് ശരീരത്തിൽ അമിതമായി ചൂട് അുഭവപ്പെടാം.

നല്ലപോലെ വിയർക്കുക, ശരീരതാപം ഉയരുന്നത് കാരണം, ഉറക്കത്തിലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, അതുപോലെ, അമിതമായി വിയർക്കുകയും ഒപ്പം ക്ഷീണിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായേക്കാം.

## ടെക് ലോകം ഞെട്ടും!

# അത്യുഗ്രൻ ഫീച്ചറുകളുമായി ഐ.ഒ.എസ് 18.1 എത്തുന്നു




ഐഫോൺ 16 സീരീസ് ലോഞ്ചിന് പിന്നാലെ ടെക്ക് ലോകത്തിന്റെ എല്ലാ കണ്ണുകളും ആപ്പിളിന്റെ ഇന്റലിജൻസ് ഫീച്ചറുകളുടെ റിലീസിലാണ്. ഒക്ടോബർ 28ന് ഐ.ഒ.എസ് 18.1 പുറത്തിറക്കാനാണ് പദ്ധതിയിടുന്നത്.

ആപ്പിൾ ഇന്റലിജൻസിന് ഭാവിയിൽ കൂടുതൽ അപ്ഡേറ്റുകൾ ഉണ്ടാകുമെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആപ്പിൾ ഇപ്പോൾ ബീറ്റ ഘട്ടത്തിൽ ഐ.ഒ.എസ് 18.1 പരീക്ഷിച്ചുവരികയാണ്. എന്നാൽ ഈ പുതിയ ഫീച്ചറുകൾ ഉപയോക്താക്കൾക്കായി അവതരിപ്പിക്കാൻ ആപ്പിൾ ഒരുങ്ങിക്കഴിഞ്ഞുവെന്നാണ് റിപ്പോർട്ടുകൾ.

ഒക്ടോബർ 28ന് പുറത്തിറങ്ങുന്ന ഐഒഎസ് 18.1ൽ പുതിയ ചില ഫീച്ചറുകൾ ഉൾപ്പെടുത്തുമെന്നാണ് റിപ്പോർട്ട്. ആപ്പിൾ ഇന്റലിജൻസിന് ഒരു എഴുത്ത് ഉപകരണം ഉണ്ടെന്ന് ഉറപ്പാണ്. വാക്കുകളുടെ തിരഞ്ഞെടുപ്പ് മുതൽ വാക്യഘടന, അക്ഷരപ്പിശകുകൾ, വ്യാകരണ പിശകുകൾ ഉൾപ്പെടെയുള്ള പ്രൂഫ് റീഡിങ് ഈ ടൂളുകൾ നിർവ്വഹിക്കും. കൂടുതൽ ഭംഗിയാക്കാനും ഉള്ളടക്കത്തെ ബാധിക്കാതെ ടോൺ മാറ്റാനും നിങ്ങൾ എഴുതിയത് വീണ്ടും എഴുതാനും റൈറ്റിങ് ടൂൾ സഹായിക്കും.


നിങ്ങൾ നൽകുന്ന വിവരങ്ങൾ ഉപയോഗിച്ച് ഒരു മെമ്മറി മൂവി നിർമ്മിക്കാൻ കഴിയുമെന്നതാണ് ഫോട്ടോ ആപ്പുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കപ്പെടുന്ന ഏറ്റവും വലിയ ഹൈലൈറ്റ്. ഈ ഫീച്ചർ ഓട്ടോമാറ്റിക്കായി നിങ്ങളുടെ വിവരണങ്ങൾക്ക് അനുസരിച്ച് മെമ്മറി മൂവി നിർമ്മിക്കാനുള്ള ഫോട്ടോകളും പാട്ടുകളും തിരഞ്ഞെടുക്കും.

മുമ്പ്, ആപ്പിൾ അക്കൗണ്ടുമായി ബന്ധപ്പെട്ട ഇമെയിൽ പരിഷ്ക്കരിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ഉപയോക്താക്കൾക്ക് അവരുടെ നിലവിലെ ഇമെയിൽ വിലാസം ഇല്ലാതാക്കുകയും പുതിയൊരെണ്ണം തിരഞ്ഞെടുക്കുകയും ഒരു സ്ഥിരീകരണ പ്രക്രിയയിലൂടെ നാവിഗേറ്റ് ചെയ്യുകയും വേണം. ഇപ്പോൾ, ഐഒഎസ് 18.1 ഉപയോഗിച്ച്, ലോഗിൻ ആവശ്യങ്ങൾക്കായി പഴയത് നിലനിർത്തിക്കൊണ്ട് ഉപയോക്താക്കൾക്ക് അവരുടെ പ്രാഥമിക ഇമെയിൽ പരിധിയില്ലാതെ മാറ്റാനാകും.

ഒരു ചിത്രത്തിലെ അനാവശ്യ ഘടകങ്ങൾ തിരഞ്ഞെടുക്കാനും ചിത്രത്തിന്റെ ഫോക്കസിനെ ബാധിക്കാതെ അവ നീക്കം ചെയ്യുന്നതിനായി എഐ ഉപയോഗിക്കാനും ഒരു പുതിയ ക്ലീൻ അപ്പ് ടൂൾ സഹായകമാകും. മാജിക് ഇറേസർ എതിന് സമാനമാണ് ഈ ടൂൾ. ആപ്പിൾ ഇന്റലിജൻസിന് നിങ്ങളുടെ ഐഫോൺ അറിയിപ്പുകൾ വിശകലനം ചെയ്യാനും ഏറ്റവും പ്രധാനപ്പെട്ടവയ്ക്ക് മുൻഗണന നൽകാനും കഴിയും. നിർണായകവും പ്രസക്തവുമായ അറിയിപ്പുകൾ മാത്രമേ ഡെലിവറി ചെയ്യപ്പെടുന്നുള്ളൂ എന്ന് ഈ ഫീച്ചർ ഉറപ്പാക്കും. അതോടൊപ്പം വ്യക്തികൾക്ക് അവരുടെ ഓൺലൈൻ ഐഡന്റിറ്റിയിൽ കൂടുതൽ നിയന്ത്രണം നൽകിക്കൊണ്ട്, ആകർഷകമല്ലാത്ത ഐ ക്ലൗഡ് ഇമെയിൽ പുതിയൊരെണ്ണം ഉപയോഗിച്ച് മാറ്റിസ്ഥാപിക്കാൻ അനുവദിക്കുന്നു.

ആപ്പിളിന്റെ വോയിസ് കൺട്രോൾ സംവിധാനമായ സിരി പുത്തൻ ലുക്കിൽ ആപ്പിൾ ഇന്റലിജൻസിൽ എത്തും. പുതിയ അപ്ഡേറ്റ് സിരിയെ കൂടുതൽ കാര്യക്ഷമമാക്കും എന്നാണ് പ്രതീക്ഷ. തേഡ്പാർട്ടി ആപ്പുകളിൽ നിന്നുൾപ്പടെയുള്ള നോട്ടിഫിക്കേഷനുകളുടെ ചുരുക്കവും അലർട്ടും ലഭ്യമാക്കുന്ന നോട്ടിഫിക്കേഷൻ സമ്മറി ഫീച്ചറും ആപ്പിൾ ഇന്റലിജൻസിന്റെ ആദ്യഘട്ട ഫീച്ചറുകളിലുണ്ടാകും.

ആപ്പിളിന്റെ സ്വന്തം വെബ്ബ്രൗസറായ സഫാരിയിൽ വെബ്പേജുകളുടെ സമ്മറി ലഭ്യമാക്കുന്ന വെബ്പേജ് സമ്മറി ഓപ്ഷനും വരാനിരിക്കുന്ന ആപ്പിൾ ഇന്റലിജൻസ് ഫീച്ചറുകളിലുണ്ട്.



# ഗൂഗിൾ ഫോട്ടോസിൽ നിന്ന് ഐക്ലൗഡിലേക്ക് ഡാറ്റകൾ എങ്ങനെ കൈമാറാം?

ആൻഡ്രോയിഡ് നിന്ന് ഐഫോണിലേക്ക് മാറുമ്പോൾ ഉപയോക്താക്കൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് ഡാറ്റ ട്രാൻസ്ഫർ ആണ്. എന്നാൽ ഇനി വിഷമിക്കേണ്ട, ആപ്പിളും ഗൂഗിളും ഇനി ഇത് എളുപ്പമാക്കും. അതായത് എല്ലാ ഡാറ്റകളും ഗൂഗിളിൽ നിന്ന് ഐ ക്ളൗഡിലേക്ക് കൈമാറാൻ ഉപയോക്താക്കളെ പ്രാപ്തമാക്കുന്ന ഒരു ഫീച്ചർ വന്നിരിക്കുകയാണ്.

ഈ ഫീച്ചർ പ്രവർത്തിക്കാൻ എല്ലാ ഉപയോക്താക്കൾക്കും വേണ്ടത് ഐക്ലൗഡ് സ്റ്റോറേജ് സ്പെയ്സും ഐഫോണിലെ ഐക്ലൗഡ് ഫോട്ടോസ് ഫീച്ചറും ആണ്. ഈ ഫീച്ചർ ഓണാക്കാൻ, ഉപയോക്താക്കൾ ആദ്യം ഐഫോണിൽ സെറ്റിങ്സ് ആപ്പ് തുറക്കണം, തുടർന്ന് ഐക്ലൗഡ് ഓപ്ഷന് കീഴിലുള്ള ഫോട്ടോകൾ ആക്സസ് ചെയ്യാൻ പ്രൊഫൈൽ നെയിം ടാപ്പുചെയ്യുക, തുടർന്ന് ഡിവൈസ് സിങ്ക് ചെയ്യുക.

**ഗൂഗിൾ ഫോട്ടോകൾ ഐക്ലൗഡിലേക്ക് എങ്ങനെ കൈമാറാം?**

1. കമ്പ്യൂട്ടറിലോ ലാപ്ടോപ്പിലോ 'ഗൂഗിൾ ടേക്ക്ഔട്ട്' തുറക്കുക. ഉപയോക്താക്കൾക്ക് ഇഷ്ടമുള്ള ഏത് ബ്രൗസറും തിരഞ്ഞെടുക്കാം.
2. അടുത്തതായി, ഗൂഗിൾ ടേക്ക് ഔട്ട് സ്ക്രീനിലെ "Choose the data you want to copy' വിഭാഗത്തിന് കീഴിലുള്ള Google ഫോട്ടോസ് തിരഞ്ഞെടുക്കുക, തുടർന്ന് Continue ബട്ടൺ ക്ലിക്കുചെയ്യുക.
3. ഫോട്ടോകളും വീഡിയോകളും കൈമാറാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ ഗൂഗിൾ അക്കൗണ്ടിന്റെ പാസ്വേഡ് നൽകുക.
4. ഇനി ഫോട്ടോകൾ തിരഞ്ഞെടുത്ത് തുടരുക ബട്ടണിൽ ക്ലിക്കു ചെയ്യുക.
5. കണക്റ്റുചെയ്ത ഇമെയിൽ ഐഡിയും പാസ്വേഡും ടൈപ്പ് ചെയ്ത് നിങ്ങളുടെ ആപ്പിൾ അക്കൗണ്ടിലേക്ക് സൈൻ ഇൻ ചെയ്യുക.
6. അങ്ങനെ ചെയ്യുമ്പോൾ, ആറക്ക കോഡ് നൽകി ആപ്പിൾ ഡിവൈസ് വെരിഫൈ ചെയ്യും. സ്ക്രീനിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഈ വെരിഫിക്കേഷൻ കോഡ് നൽകുക.
7. അടുത്തതായി, ഗൂഗിൾ ഫോട്ടോകളിൽ നിന്ന് ഐക്ലൗഡ് ഫോട്ടോസിലേക്ക് എല്ലാ ചിത്രങ്ങളും വീഡിയോകളും കൈമാറാൻ ഗൂഗിൾ ടേക്ക് ഔട്ടിന് അനുമതി നൽകാൻ അനുവദിക്കുക ബട്ടണിൽ ക്ലിക്കുചെയ്യുക.
8. ഗൂഗിൾ ഫോട്ടോസിൽ നിന്ന് ഐക്ലൗഡ് ഫോട്ടോസിലേക്ക് ഫോട്ടോകളും വീഡിയോകളും കൈമാറുന്ന പ്രക്രിയ ആരംഭിക്കുമ്പോൾ ആപ്പിൾ ഉപയോക്താക്കൾക്ക് ഒരു അറിയിപ്പ് അയയ്ക്കുമെന്നത് ശ്രദ്ധിക്കേണ്ടതാണ്. പ്രക്രിയ അവസാനിക്കുമ്പോഴും സമാനമായ ഒരു അറിയിപ്പ് കാണിക്കും.

# വ്യക്തിഗത ചാറ്റുകൾക്കായി ഇനി തീം കസ്റ്റമൈസേഷനും; വാട്ട്സ്ആപ്പിൽ പുത്തൻ ഫീച്ചർ

കിടിലം ഫീച്ചറുകൾ അവതരിപ്പിച്ച് ജനശ്രദ്ധ നേടുകയാണ് വാട്സ്ആപ്പ്. ഇപ്പോഴിതാ വാട്സ് ആപ്പ് പുത്തൻ ഫീച്ചറാണ് അവതരിപ്പിക്കാനൊരുങ്ങുന്നത്. വാട്സ് ആപ്പിൽ ചാറ്റ് തീം കസ്റ്റമൈസേഷൻ ഫീച്ചർ വരുന്നുവെന്ന റിപ്പോർട്ട് ആണ് പുറത്ത് വരുന്നത്.

പുതിയ ഫീച്ചറിലൂടെ ഉപയോക്താക്കൾക്ക് കൂടുതൽ വ്യക്തിഗത സേവനം കൊണ്ടുവരാനാണ് വാട്ട്സ്ആപ്പ് ലക്ഷ്യമിടുന്നത്. വരാനിരിക്കുന്ന പുതിയ ഫീച്ചർ ഉപയോഗിച്ച് നിങ്ങൾക്ക് വ്യക്തിഗത ചാറ്റുകൾക്കായി തീമുകൾ മാറ്റാനാകും.

നിലവിൽ, തിരഞ്ഞെടുത്ത ഉപയോക്താക്കൾക്കായി ഈ ഫീച്ചർ ബീറ്റ ടെസ്റ്റിംഗ് ഘട്ടത്തിലാണ്. എല്ലാവർക്കുമായി കമ്പനി ഉടൻ തന്നെ ഫീച്ചർ പുറത്തിറക്കും. എല്ലാവർക്കുമായി പുതിയ വ്യക്തിഗത ഓപ്ഷനുകൾ കൊണ്ടുവരാൻ പുതിയ ഫീച്ചർ ലക്ഷ്യമിടുന്നു.

ഫീച്ചറിലൂടെ ഇപ്പോൾ 22ലധികം വ്യത്യസ്ത തീമുകൾ ലഭ്യമാകും. ഇത് കൂടാതെ നിങ്ങൾക്ക് 20 വ്യത്യസ്ത നിറത്തിലുള്ള ഓപ്ഷനുകളും



ലഭിക്കും. ഇത് വഴി നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ സന്ദേശത്തിന്റെ നിറവും വാൾപേപ്പറും മാറ്റാൻ കഴിയുമെന്നാണ് വിവരം.

**ഫീച്ചർ സജ്ജീകരിക്കാൻ**

ചാറ്റിൽ ലഭ്യമായ 'തീം' ഓപ്ഷനിലേക്ക് പോകുക. ആദ്യം ഒരു ചാറ്റ് തുറക്കുക. തുറന്ന ശേഷം സ്ക്രീനിന്റെ സൈഡിലെ മൂന്ന് ഡോട്ടുകൾ കാണാം. അതിൽ ക്ലിക്ക് ചെയ്യുക, നിങ്ങൾക്ക് ഒരു 'തീം മാറ്റുക' ഓപ്ഷൻ ലഭിക്കും.' നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് അതിൽ നിന്ന് തീം തിരഞ്ഞെടുക്കുക.

# ഫേസ് ഐഡി മതി, ഇനി ഏത് ആപ്പും ലോക്ക് ചെയ്യാം; ഐഫോൺ ഉപയോക്താക്കൾക്ക് കിടിലൻ ഫീച്ചർ



ഇന്ത്യയിലെ സ്മാർട്ട് ഫോൺ പ്രേമികളുടെ ഇഷ്ട ഫോണുകളിൽ ആപ്പിൾ ഐഫോൺ മുൻപന്തിയിൽ തന്നെയാണ്. കൂടുതൽ പുതുമകളോടെയാണ് ആപ്പിളിന്റെ ഏറ്റവും പുതിയ ഓപ്പറേറ്റിങ് സിസ്റ്റം ഐ.ഒ.എസ് 18 അവതരിപ്പിച്ചത്. അതിൽ പ്രധാനപ്പെട്ടതായിരുന്നു ഫേസ് ഐഡി.

ബയോമെട്രിക് ലോക്ക് ഫീച്ചർ പുതിയതല്ല. പഴയ ഐഫോൺ മോഡലുകളിലും ഫേസ് ഐഡിയും ടച്ച് ഐഡിയും ഉണ്ടായിരുന്നു. എന്നിരുന്നാലും ഫോട്ടോസ് ആപ്പ് ഉൾപ്പെടെയുള്ള ബാക്കിയുള്ള ആപ്പുകൾ മുമ്പ് ലോക്ക് ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

**എങ്ങനെ ഫേസ് ഐഡി സജ്ജീകരിക്കാം**

1. മെനു തുറക്കാൻ ഒരു ആപ്പ് ഐക്കൺ ദീർഘനേരം പ്രെസ്സ് ചെയ്യുക
2. ഫേസ് ഐഡി ഉപയോഗിച്ച് ആപ്പ് ലോക്ക് ചെയ്യാൻ 'ആവശ്യം ഫേസ് ഐഡി' (Require Face ID') ഓപ്ഷൻ ടാപ്പ് ചെയ്യുക
3. മുന്നോട്ട് പോകാൻ നിർദ്ദേശത്തിനുള്ളിൽ 'ഫേസ് ഐഡി' ടാപ്പ് ചെയ്യുക
4. ഇപ്പോൾ ആപ്പ് ലോക്ക് ചെയ്യപ്പെടും. ഉള്ളടക്കം വെളിപ്പെടുത്താൻ ഓരോ തവണയും ഫേസ് ഐഡി ആവശ്യമാണ്.
5. ആപ്പ് മറയ്ക്കാൻ, 'ഹൈഡ് ആൻഡ് റിക്വയർ ഫേസ് ഐഡി' ഓപ്ഷൻ തിരഞ്ഞെടുക്കുക.

## ദക്ഷിണാഫ്രിക്കയിൽ കൊടും വരൾച്ചയും ഭക്ഷ്യക്ഷാമവും;
# കുട്ടികൾക്ക് പോഷകാഹാരക്കുറവ്



നമീബിയ: ദക്ഷിണാഫ്രിക്കയിൽ കൊടും വരൾച്ചയും ഭക്ഷ്യക്ഷാമവും. ദശലക്ഷക്കണക്കിന് ആളുകൾ പട്ടിണിയിൽ. ഇത് ഒരു സമ്പൂർണ്ണ മാനുഷിക ദുരന്തത്തിന് കാരണമാകുമെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകി. ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വരൾച്ചയെ നേരിട്ട നമീബിയ, സാംബിയ, സിംബാബ്‌വെ, ലെസോത്തോ, മലാവി എന്നീ രാജ്യങ്ങൾക്ക് പുറമെ, ദക്ഷിണമേഖലയിലെ അംഗോള, മൊസാംബിക്ക് എന്നിങ്ങനെ ഏഴ് രാജ്യങ്ങളിലായി 65 ലക്ഷത്തോളം പേർക്ക് നേരിട്ട് ഭക്ഷണമെത്തിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നാണ് വേൾഡ് ഫുഡ് പ്രോഗ്രാം കണക്കാക്കുന്നത്.പട്ടിണിയും വരൾച്ചയും രൂക്ഷമായതോടെ വടക്കുകിഴക്കൻ നൈജീരിയയിലേക്കടക്കം കുഞ്ഞുങ്ങളുമായി പാലായനം ചെയ്യുകയാണ് മാതാപിതാക്കൾ. ഇന്റർനാഷണൽ കമ്മിറ്റി ഓഫ് റെഡ് ക്രോസിന്റെ പിന്തുണയുള്ള താത്കാലിക ക്യാംപുകളിൽ കടുത്ത പോഷകാഹാരക്കുറവ് റിപ്പോർട്ടു ചെയ്ത കുട്ടികളുടെ എണ്ണം 2023ലെ അവസാന മാസങ്ങളിൽ നിന്ന് 2024ലേക്ക് എത്തുമ്പോൾ 24 % വർദ്ധിച്ചതായാണ് കണക്കുകൾ പറയുന്നത്.എൽ നിനോ കാലാവസ്ഥാ പ്രതിഭാസം മേഖലയിലുടനീളം ശരാശരിയിലും താഴെയുള്ള മഴയ്ക്ക് കാരണമായതിനാൽ കഴിഞ്ഞ വർഷം അവസാനം ഭക്ഷ്യക്ഷാമമുണ്ടാകുമെന്ന് എയ്ഡ് ഏജൻസികൾ മുന്നറിയിപ്പ് നൽകിയിരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട താപനില ഉയരുന്നത് അതിന്റെ ഫലങ്ങൾ തീവ്രമാക്കിയിരിക്കുന്നു. ഒരു നൂറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വരൾച്ചയാണിതെന്ന് ഒരു യുഎൻ ഉദ്യോഗസ്ഥൻ പറഞ്ഞു. ഇത് സാംബിയയിലെ വിളവെടുപ്പിന്റെ 70 ശതമാനവും സിംബാബ്‌വെയിൽ 80 ശതമാനവും നശിപ്പിച്ചതായി ഡബ്ല്യുഎഫ്പിയുടെ ദക്ഷിണാഫ്രിക്കൻ റീജിയണൽ ഡയറക്ടർ ലോല കാസ്ട്രോ പറഞ്ഞു. മഴയുടെ അഭാവം ഈ മേഖലയിലെ ജലവൈദ്യുത ശേഷി കുറയ്ക്കുകയും, നീണ്ട വൈദ്യുതി മുടക്കത്തിന് കാരണമാവുകയും ചെയ്തു.

## ലക്ഷ്യം ഗോൾഡൻ വിസ; ഹാരി രാജകുമാരനും മേഗൻ മാർക്കിളും
# യൂറോപ്പിൽ ഒരു അവധിക്കാല വീട് വാങ്ങി





ഹാരി രാജകുമാരനും മേഗൻ മാർക്കിളും യൂറോപ്പിൽ ഒരു അവധിക്കാല വീട് വാങ്ങിയതായി റിപ്പോർട്ട്. യൂറോപ്യൻ കാലുറപ്പിച്ചു നിൽക്കുന്നതിന്റെ ഭാഗമാണ് ഇതെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.ഡെയ്‌ലി മെയിലിന്റെ സമീപകാല റിപ്പോർട്ട് അനുസരിച്ച്, ചാൾസ് രാജാവ് ഫ്രോഗ്മോർ കോട്ടേജ് ഒഴിയാൻ ആവശ്യപ്പെട്ടതിന് തൊട്ടുപിന്നാലെ ആണ് പോർച്ചുഗലിൽ ഇവർ വീട് വാങ്ങിയത്. അത് അവരുടെ രാജകീയ വിവാഹ സമയത്ത് അവർക്ക് സമ്മാനമായി ലഭിച്ചതാണെന്നും റിപ്പോർട്ടുകൾ ഉണ്ട്. രാജകീയ ചുമതലകളിൽ നിന്ന് മാറി യുഎസിലെ കാലിഫോർണിയയിൽ ജീവിതം ആരംഭിക്കാൻ തീരുമാനിച്ചതിന് ശേഷം ആണ് ഈ തീരുമാനം ഉണ്ടായതെ എന്നാണ് ലഭിക്കുന്ന റിപ്പോർട്ട്.നിലവിൽ കാലിഫോർണിയയിലെ മോണ്ടെസിറ്റോ മാൻഷനിൽ താമസിക്കുകയാണ് ഹാരിയും മേഗനും. ഹാരിയുടെ കസിൻ രാജകുമാരി യൂജെനിയും അവരുടെ ഭർത്താവ് ജാക്ക് ബ്രൂക്ക്സ്ബാങ്കും ഹാരിയുടെയും മേഗന്റെയും യൂറോപ്യൻ ഹോളിഡേ ഹോം സ്വന്തമാക്കി രാജകുടുംബത്തിന്റെ പട്ടികയിൽ ചേർന്നതായി ഒക്ടോബർ 16 ന് യുകെ ആസ്ഥാനമായുള്ള ഒരു ഔട്ട്ലെറ്റ് വെളിപ്പെടുത്തി. അതേസമയം ഈ വീട് വാങ്ങൽ, പോർച്ചുഗലിന്റെ 'ഗോൾഡൻ വിസ' പ്രോഗ്രാം വഴി വിസ രഹിത പ്രവേശനത്തിന്റെ അധിക ആനുകൂല്യത്തോടെ യൂറോപ്പിൽ സാന്നിധ്യം നിലനിർത്താൻ ഹാരിയെയും മേഗനെയും അനുവദിക്കുന്നു. ഇത് തന്നെയാണ് ദമ്പതികൾ ഇത് വാങ്ങാൻ കാരണം എന്നാണ് പൊതുവേയുള്ള വിലയിരുത്തൽ.അതേസമയം ചാൾസ് രാജാവ് വിൻഡ്സറിലെ അവരുടെ കോട്ടേജിൽ നിന്ന് ദമ്പതികളെ പുറത്താക്കിയതെങ്ങനെയെന്ന് നേരത്തെ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. അവർക്ക് ഈ രാജ്യത്ത് വീടില്ല. 2017ൽ ഹാരി രാജകുമാരനുമായി വിവാഹനിശ്ചയം കഴിഞ്ഞ മാർക്കിൾ ബ്രിട്ടീഷ് പൗരത്വത്തിന് അപേക്ഷിക്കാൻ പദ്ധതിയിട്ടിരുന്നു. യുകെ പൗരത്വം നേടുന്നതിനുള്ള സ്റ്റാൻഡേർഡ് പ്രക്രിയയിലൂടെ അവൾ കടന്നുപോകുമെന്ന് കെൻസിംഗ്ടൺ കൊട്ടാരം സ്ഥിരീകരിച്ചിരുന്നു, സാധാരണയായി ഇതിന് വർഷങ്ങളെടുക്കും.



# ഇസ്രയേൽ കുടിയേറ്റം പിന്തുണയ്ക്കുന്ന ഏഴ് സംഘടനകൾക്ക് യുകെയിൽ ഉപരോധം

ലണ്ടൻ : വെസ്റ്റ് ബാങ്കിലെ അനധികൃത ഇസ്രയേലി കുടിയേറ്റങ്ങളെ പിന്തുണയ്ക്കുന്ന ഏഴ് സംഘടനകൾക്ക് യുകെ ഉപരോധം ഏർപ്പെടുത്തി. മൂന്ന് അനധികൃത കുടിയേറ്റ ഔട്ട് പോസ്റ്റുകൾക്കും നാല് സംഘടനകൾക്കുമാണ് യുകെ ഉപരോധം ഏർപ്പെടുത്തിയിരുക്കുന്നത്. തിർസ വാലി ഫാം, മൈതാരിം, ഷുവി എറെറ്റ്സ് എന്നിവയാണ് ഉപരോധിക്കപ്പെട്ടിരിക്കുന്ന ഔട്ട് പോസ്റ്റുകൾ. ഓഡ് യോസെഫ് ചായ് യെശിവ, ഹാഷോമർ യോഷ്, ടോററ്റ് ലെച്ചിമ, അമാന എന്നീ ഇസ്രയേൽ സംഘടനകളാണ് ഉപരോധിക്കപ്പെട്ടിരിക്കുന്നത്.ഇതിൽ അമാന എന്ന സംഘടന ഇസ്രായേലിന്റെ അനധികൃത കുടിയേറ്റത്തിന്റെ ഒരു പ്രധാന ഭാഗമാണ്. കാനഡയും ഇവരെ ഉപരോധിച്ചിരുന്നു. വെസ്റ്റ് ബാങ്കിൽ ഒരു മില്യൺ കുടിയേറ്റങ്ങൾ സാധ്യമാക്കുക എന്നതാണ് അമാനയുടെ പ്രഖ്യാപിത ലക്ഷ്യം.അതേസമയം, ഇസ്രായേൽ ധനമന്ത്രി ബെസാലെൽ സ്മോട്രിച്ചിനും ദേശീയ സുരക്ഷാ മന്ത്രി ഇറ്റാമർ ബെൻ-ഗ്വിറിനും എതിരെ ഉപരോധം പരിഗണിക്കുന്നതായി ഡേവിഡ് കാമറൂൺ ചൊവ്വാഴ്ച ബിബിസിക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. ലേബർ സർക്കാർ തന്റെ നിർദ്ദേശം അവഗണിച്ചതിൽ മുൻ വിദേശകാര്യ സെക്രട്ടറിയും ആശങ്ക പ്രകടിപ്പിച്ചു. പൊതുതിരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയ പ്രാധാന്യമുള്ള ഇത്തരം നീക്കങ്ങൾ നടത്തരുതെന്ന് തന്നോട് നിർദേശിച്ചിട്ടുണ്ടെന്നും കാമറൂൺ കൂട്ടിച്ചേർത്തു. എന്നാൽ ഉപരോധം ഏർപ്പെടുത്താൻ ആഴ്ചകളായി ചർച്ചകൾ നടക്കുന്നുണ്ടെന്നും ഡേവിഡ് കാമറൂണിന്റെ വെളിപ്പെടുത്തലുകളെ തുടർന്ന് പെട്ടെന്നുണ്ടായ തീരുമാനമല്ലെന്നും യുകെ വിദേശകാര്യ ഓഫീസ് അറിയിച്ചു.

## സ്വീഡിഷ് ബലാത്സംഗ അന്വേഷണത്തിൽ ഞെട്ടി എംബാപ്പെ;
# വാർത്ത മാധ്യമ ഭ്രാന്തെന്ന് അഭിഭാഷക



പാരീസ്: ഫ്രാൻസ് ഫുട്ബോൾ ക്യാപ്റ്റൻ കൈലിയൻ എംബാപ്പെ സ്വീഡനിലെ ഒരു ബലാത്സംഗ അന്വേഷണവുമായി മാധ്യമ റിപ്പോർട്ടുകളിൽ തന്റെ പേര് ചേർത്തിരിക്കുന്നത് കണ്ട് ഞെട്ടിയിരിക്കുകയാണ്. എന്നാൽ ഖേദിക്കേണ്ട കാര്യമൊന്നുമില്ലാത്തതിനാൽ താരം ശാന്തനാണെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ പറയുന്നു.സ്റ്റോക്ക്ഹോമിൽ ബലാത്സംഗം നടന്നതായി സംശയിക്കുന്ന റിപ്പോർട്ടിൽ സീനിയർ പ്രോസിക്യൂട്ടർ അന്വേഷണം നടത്തുന്നുണ്ടെന്ന് സ്വീഡിഷ് അധികൃതർ സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ കേസുമായി ബന്ധപ്പെട്ട് ആരെയും പേരെടുത്തു പറഞ്ഞിട്ടില്ല. എന്നിരുന്നാലും, കഴിഞ്ഞ വ്യാഴാഴ്ച സെൻട്രൽ സ്റ്റോക്ക്ഹോമിലെ ഒരു ഹോട്ടലിൽ നടന്ന സംഭവത്തിൽ ഉൾപ്പെട്ട ആരോപണങ്ങളുമായി ഫ്രഞ്ച് ഫുട്ബോൾ താരത്തിന് ബന്ധമുണ്ടെന്ന് സ്വീഡിഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.എക്സിൽ തന്റെ 14 മില്യൺ ഫോളോവേഴ്സിന് ലഭിച്ച റിപ്പോർട്ടുകൾ 'ഫേക്ക് ന്യൂസ്' എന്ന് സംഗ്രഹിച്ച് കൈലിയൻ എംബാപ്പെയും പ്രതികരിച്ചിട്ടുണ്ട്. താരം കഴിഞ്ഞ ആഴ്ച രണ്ട് ദിവസം സ്റ്റോക്ക്ഹോമിൽ താമസിച്ചിരുന്നു. വ്യാഴാഴ്ച വൈകുന്നേരം ഒരു റസ്റ്റോറന്റ് സന്ദർശിച്ച് ഒരു നൈറ്റ്ക്ലബിലേക്ക് പോകുകയായിരുന്നുവെന്ന് സ്വീഡിഷ് മാധ്യമങ്ങൾ പറയുന്നു. മറ്റ് മൂന്ന് പേരോടൊപ്പം തലസ്ഥാനത്തിന്റെ മധ്യഭാഗത്ത് അദ്ദേഹം നടക്കുന്നതായുള്ള ചിത്രവും പങ്കുവച്ചിട്ടുണ്ട്.പൊലീസ് സമർപ്പിച്ച ക്രിമിനൽ റിപ്പോർട്ട് അനുസരിച്ച്, സംഭവം ഒക്ടോബർ 10 ന് ഒരു ഹോട്ടലിൽ നടന്നതായി സ്വീഡിഷ് പ്രോസിക്യൂട്ടർമാർ തിങ്കളാഴ്ച വ്യക്തമാക്കി. തിങ്കളാഴ്ച അദ്ദേഹം താമസിച്ചിരുന്ന ഹോട്ടൽ സന്ദർശിച്ച പൊലീസ് ഉദ്യോഗസ്ഥർ ബാഗുകളുമായി പോകുന്നത് കണ്ടു. തെളിവായി അവർ ഹോട്ടലിൽ നിന്ന് വസ്ത്രങ്ങൾ എടുത്തതായാണ് മറ്റൊരു റിപ്പോർട്ടിൽ പറയുന്നത്.സീനിയർ പ്രോസിക്യൂട്ടർ മറീന ചിറക്കോവയുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. ഇപ്പോൾ കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയില്ലെന്ന് സ്വീഡിഷ് പ്രോസിക്യൂഷൻ അതോറിറ്റി അറിയിച്ചു. കഴിഞ്ഞ ആഴ്ചയിൽ ഫ്രാൻസിന്റെ യുവേഫ നേഷൻസ് ലീഗ് മത്സരങ്ങൾക്കായി എംബാപ്പെയെ വിളിച്ചിരുന്നില്ല. കൂടാതെ തന്റെ ടീമായ റയൽ മാഡ്രിഡിനൊപ്പം പരിശീലനത്തിനായി മടങ്ങുകയും ചെയ്തു.നിയമപരമായ പരിമിതികൾ ഉള്ളതിനാൽ ഇപ്പോൾ കേസിനെക്കുറിച്ച് പ്രതികരിക്കാൻ കഴിയില്ലെന്ന് കേസിലെ പരാതിക്കാരിക്ക് വേണ്ടി പ്രവർത്തിക്കുന്ന അഭിഭാഷക പെട്ര എക്ലുണ്ട് പറഞ്ഞു. എന്നിരുന്നാലും, സ്വീഡനിലെ എസ്വിടിയും മറ്റ് മാധ്യമങ്ങളും ഈ ആരോപണം റിപ്പോർട്ട് ചെയ്തത് ബലാത്സംഗത്തിനുള്ള സാധ്യത സംശയിക്കുന്നുവെന്ന് റിപ്പോർട്ടുകൾ പറയുന്നു.

# നാറ്റോ അംഗത്വവും, പ്രത്യേക ആയുധങ്ങളും വേണം; വിക്ടറി പ്ലാൻ അവതരിപ്പിച്ച് സെലെൻസ്കി



കീവ് : റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കാനുള്ള തന്റെ കർമ്മ പദ്ധതിയിൽ പ്രത്യേക ആയുധങ്ങൾക്കായുള്ള അഭ്യർത്ഥനകളും നാറ്റോ പ്രവേശനവും ഉൾപ്പെടുന്നുവെന്ന് ഉക്രേനിയൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി.''ഞങ്ങൾ ഇപ്പോൾ ഈ വിജയ പദ്ധതിയനുസരിച്ച് നീങ്ങാൻ തുടങ്ങിയാൽ, അടുത്ത വർഷത്തിനുള്ളിൽ യുദ്ധം അവസാനിപ്പിക്കാൻ കഴിഞ്ഞേക്കുമെന്ന് ഉക്രെയ്ൻ പാർലമെന്റായ വെർഖോവ്ന റാഡയിൽ ബുധനാഴ്ച നടത്തിയ പ്രസംഗത്തിൽ സെലെൻസ്കി പറഞ്ഞു.പുടിൻ എന്താണ് ആഗ്രഹിക്കുന്നത് എന്നത് പരിഗണിക്കാതെ തന്നെ, റഷ്യയെ സമാധാനത്തിലേക്ക് നയിക്കുന്നതിന് നാമെല്ലാവരും സാഹചര്യങ്ങൾ മാറ്റണം. സൈനിക, രാഷ്ട്രീയ, സാമ്പത്തിക ഘടകങ്ങൾ ഉൾപ്പെടുന്ന നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹം പാർലമെന്റിൽ പറഞ്ഞു.റഷ്യൻ മിസൈൽ, ഡ്രോൺ ആക്രമണങ്ങളിൽ നിന്ന് ഉക്രെയ്നിന്റെ പ്രതിരോധ സേനയെയും ആയുധങ്ങളും ശക്തിപ്പെടുത്തണം. റഷ്യൻ പ്രദേശങ്ങളിൽ ഉക്രെയ്ൻ ദീർഘദൂര ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ നീക്കാനും സഖ്യകക്ഷികളോട് സെലൻസ്കി ആവർത്തിച്ചു.

## നൈജീരിയയിൽ ഇന്ധന ടാങ്കർ പൊട്ടിത്തെറിച്ച് 94 മരണം; 50ഓളം പേർക്ക് പരിക്ക്



ജിഗാവ : വടക്കുപടിഞ്ഞാറൻ നൈജീരിയയിൽ ഇന്ധന ടാങ്കർ പൊട്ടിത്തെറിച്ച് 94 പേർ മരിച്ചു. 50 ഓളം പേർക്ക് പരിക്കേറ്റു. നൈജീരിയയിലെ ജിഗാവ സംസ്ഥാനത്തെ മജിയ നഗരത്തിലെ എക്സ്പ്രസ് വേയിൽ ഇന്ധനവുമായി വന്ന ടാങ്കർ ലോറി മറിയുകയായിരുന്നു. ഇതിനുശേഷം ലോറിയിൽ നിന്ന് ഇന്ധനം ശേഖരിക്കാൻ ആളുകൾ കൂട്ടത്തോടെ എത്തിയപ്പോഴാണ് പൊട്ടിത്തെറിയുണ്ടായത്. ഇത് മരിച്ചവരുടെയും പരിക്കേറ്റവരുടെയും എണ്ണത്തിൽ വർദ്ധനവിന് കാരണമായി.എതിരെ വന്ന ട്രക്കിൽ ഇടിക്കാതിരിക്കാൻ ടാങ്കർ വെട്ടിച്ചതാണ് ടാങ്കർ മറിയാൻ കാരണമെന്നും അദ്ദേഹം പറഞ്ഞു.മരിച്ചവരിൽ ഭൂരിഭാഗവും മജിയ സ്വദേശികളാണ്.

## ലെബനനിലെ ഇസ്രയേൽ വ്യോമാക്രമണം: മേയറടക്കം 5 പേർ കൊല്ലപ്പെട്ടു

ബെയ്റൂട്ട്: തെക്കൻ ലെബനൻ പട്ടണമായ നബാത്തിയയിലെ മുനിസിപ്പൽ കെട്ടിടത്തിന് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ അഞ്ച് പേർ കൊല്ലപ്പെട്ടതായി ലെബനൻ



ആരോഗ്യ മന്ത്രാലയം ബുധനാഴ്ച അറിയിച്ചു. നഗരത്തിന്റെ മേയറും ആക്രമണത്തിൽ കൊല്ലപ്പെട്ടു. നബാത്തിയയിലും പരിസര പ്രദേശങ്ങളിലും ഇസ്രായേൽ 11 വ്യോമാക്രമണങ്ങൾ നടത്തിയതായി ലെബനീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. അവശിഷ്ടങ്ങൾക്കടിയിൽ കുടുങ്ങിപ്പോയവർക്കായി തിരച്ചിൽ നടത്തി വരുന്നു.

## ഡീപ്ഫേക്ക് റൊമാൻസ്: ഏഷ്യയിൽ നിന്നുള്ള പുരുഷന്മാർക്ക് നഷ്ടമായത് 46 മില്യൺ ഡോളർ



ഹോങ്കോംഗ്: ഏഷ്യയിലുടനീളമുള്ള പുരുഷന്മാരുടെ മനസ്സിൽ, അവൾ ഒരു സുന്ദരിയായ സ്ത്രീയായി പ്രത്യക്ഷപ്പെട്ടു. അവർ സംസാരിച്ച വീഡിയോ കോളുകൾ അവരുടെ പുതിയ പ്രണയം യഥാർത്ഥമാണെന്ന് സ്ഥിരീകരിച്ചു. എന്നാൽ ഡീപ്ഫേക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള തട്ടിപ്പാണെന്ന് മനസിലാക്കിയപ്പോൾ മില്യൺ കണക്കിന് ഡോളറാണ് നഷ്ടമായത്. ഇരകളെ വശീകരിച്ച് 46 മില്യണിലധികം ഡോളറുകൾ തട്ടിപ്പ് സംഘം കൈക്കലാക്കിയെന്ന് ഹോങ്കോംഗ് പൊലീസ് വ്യക്തമാക്കുന്നു. ഇരകളിൽ ഭൂരിഭാഗവും ഏഷ്യയിലുടനീളമുള്ള പുരുഷന്മാരാണ്.തട്ടിപ്പിന് തായ്വാൻ മുതൽ സിംഗപ്പൂർ വരെയും ഇന്ത്യയിൽ ഉള്ളവരെയും ലക്ഷ്യമിട്ടിരുന്നതായി ആരോപിക്കപ്പെടുന്ന ഈ സംഘത്തിലെ രണ്ട് ഡസനിലധികം അംഗങ്ങളെ അറസ്റ്റ് ചെയ്തതായി തിങ്കളാഴ്ച ഒരു വാർത്താ സമ്മേളനത്തിൽ, ഏഷ്യൻ ഫിനാൻഷ്യൽ ഹബ്ബിലെ പൊലീസ് അറിയിച്ചു. നഗരത്തിലെ ഹുങ് ഹോം ജില്ലയിലെ 4,000 ചതുരശ്ര അടി വ്യാവസായിക യൂണിറ്റിലെ സംഘത്തിന്റെ ഓപ്പറേറ്റിംഗ് സെന്ററിൽ നടത്തിയ റെയ്ഡിനെ തുടർന്ന് 21 പുരുഷന്മാരെയും ആറ് സ്ത്രീകളെയും കബളിപ്പിക്കാനുള്ള ഗൂഢാലോചന ഉൾപ്പെടെയുള്ള കുറ്റങ്ങൾ ചുമത്തി അറസ്റ്റ് ചെയ്തതായി പൊലീസ് വെളിപ്പെടുത്തി.21 നും 34 നും ഇടയിൽ പ്രായമുള്ള പ്രതികൾ ഭൂരിഭാഗവും നല്ല വിദ്യാഭ്യാസമുള്ളവരായിരുന്നു. അവരിൽ പലരും ഡിജിറ്റൽ മീഡിയ, ടെക്നോളജി ബിരുദധാരികളായ പ്രാദേശിക സർവകലാശാലകളിൽ പഠിച്ച ശേഷം സംഘം റിക്രൂട്ട് ചെയ്ത് എടുത്തവരാണെന്ന് പൊലീസ് പറഞ്ഞു. വ്യാജ ക്രിപ്റ്റോ കറൻസി പ്ലാറ്റ്ഫോം നിർമ്മിക്കാൻ വിദേശത്തുള്ള ഐടി സ്പെഷ്യലിസ്റ്റുകളുമായി ചേർന്ന് പ്രതികൾ പ്രവർത്തിച്ചതായും അവിടെ നിക്ഷേപം നടത്താൻ ഇരകളെ നിർബന്ധിച്ചതായും പൊലീസ് കൂട്ടിച്ചേർത്തു.എഐയുടെ സഹായത്തോടെ സൃഷ്ടിച്ച റിയലിസ്റ്റിക് വ്യാജ വീഡിയോ, ഓഡിയോ, മറ്റ് ഉള്ളടക്കങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഡീപ്ഫേക്കുകൾ. ബോധ്യപ്പെടുത്തുന്ന തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്ന ആളുകൾ മുതൽ ഓൺലൈൻ തട്ടിപ്പുകാർ വരെ ഈ സാങ്കേതികവിദ്യ കൂടുതലായി സ്വീകരിക്കുന്നു.








Ashyana
BANQUETS
Small or Big Gatherings & Special Occasions
Call : 630-964-7090
SHIKARA
RESTAURANT
Authentic Indian Cuisine
Call: 630-964-1720
1620 75TH STREET
DOWNERS GROVE
ILLINOIS 60516
PICK-UP
DELIVERY
ORDER
ONLINE
Shikara
Restaurant
Your Destination In
Downers Grove
1620 75th Street
Downers Grove
ILLINOIS 60516
Telephone
630 964 1720